

എയർ ടൈറ്റ് പെറ്റ് ബോട്ടിലിൽ ഒരു ലിറ്റർ സോഡയോ, ശീതളപാനീയമോ ഒറ്റയടിയ്ക്ക് ഉണ്ടാക്കി ഫ്രിഡ്ജിൽ സൂക്ഷിക്കാം

ഒരു ലിറ്റർ സോഡ വെറും ഒരു രൂപയ്ക്കും ഒരു ഗ്ലാസ്സ് സോഡ കലർന്ന ശീതളപാനീയം രണ്ട് രൂപയ്ക്കും ഉണ്ടാക്കാം

IDEA INSTITUTE ITALY

ലോകപ്രസിദ്ധമായ കാറുകൾ, വ്യാവസായിക ഉൽപ്പന്നങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവ രൂപകൽപ്പന ചെയ്യുന്ന ഇറ്റലിയിലെ IDEA Institute-ൽ നിന്നുള്ള ആകർഷകമായ ഡിസൈൻ

സ്പെയർ ബോട്ടിലുകൾ യഥേഷ്ടം ലഭിക്കുന്നതിനാൽ സോഡയോ ശീതളപാനീയമോ ആവശ്യം പോലെ ഉണ്ടാക്കിവയ്ക്കാം

GERMS

വീട്ടിൽത്തന്നെ ഉണ്ടാക്കുന്നതിനാൽ കൂടുതൽ ശുചിത്വം

പ്ലാസ്റ്റിക് വേസ്റ്റ് ഉണ്ടാകുന്നില്ല

Mr. LIZZ

സോഫ്റ്റ് ഡ്രിങ്കുകൾക്ക് ഹൃദ്യമായ രുചി ലഭിക്കാൻ മിസ്. ലിസ്സ് കോൺസൻട്രേറ്റുകൾ ഉപയോഗിക്കു.

For trade enquiries:
Mr. Butler's, HB-85, Panampilly Nagar,
Cochin - 682 036 Mobile: 98460-61556
E-mail: sales@mrbutlers.com

Mr. BUTLER'S Italia
SOFT DRINK 'N' SODAMAKER

Team One/CHN-1084

റിപ്പോർട്ട്

ആകാശം പ്രസന്നം; ഇടിമിന്നൽ ഉണ്ടാകുമോ?
8

ഇന്ത്യയെ ഒരു വൻകിട യുദ്ധത്തിലേയ്ക്കാണ് പാകിസ്ഥാൻ വലിച്ചിഴയ്ക്കുന്നതെന്ന് ഡൽഹിയിൽനിന്ന് ജോണി എം.എൽ. റിപ്പോർട്ടുചെയ്യുന്നു.

യുദ്ധം, നയതന്ത്രം, സമാധാനം
12

കെ.പി.എസ്. മേനോൻ, എസ്.കെ.പിള്ള എന്നിവരുമായുള്ള സംഭാഷണത്തിന്റെ വെളിച്ചത്തിൽ ഇന്ത്യൻ നയതന്ത്രത്തെയും സൈനികതന്ത്രങ്ങളെയുംകുറിച്ച് എം. ശങ്കറിന്റെ റിപ്പോർട്ട്

ആന്റണിമുഖ്യമന്ത്രിസഭയുടെ ഒരുവർഷം
17

ഐക്യജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയെ മുൻനിർത്തി ആന്റണിസർക്കാരിന്റെ ഭരണം വിലയിരുത്തുകയാണ് ടി.എൻ. ജയചന്ദ്രൻ

ലോകകപ്പ് 2002 തിരശ്ശീല ഉയരുന്നു



65

കിടയറ മിഡ്ഫീൽഡർമാരുടെ ആധിപത്യമാണ് ഈ ലോകകപ്പിന്റെ സവിശേഷതയെന്ന് രവിമേനോൻ

എഴുത്തിന്റെ കാണാപ്പുറങ്ങൾ

56 സാഹിത്യവാരഫലം — എം.കൃഷ്ണൻ നായർ

പുസ്തകം: വാക്കുകൾ: ജീവിതത്തിന്റെ ആട്ടപ്രകാരം — വി.എം.വിനയകുമാർ — 60
പുസ്തകം: ഇരുട്ടിന്റെ മറനീക്കുന്ന നോവൽ — എം.കെ.സാനു — 62
പുസ്തകക്കുറിപ്പ് — 64

പംക്തികൾ

ഓർമ്മ: പി.കുഞ്ഞിരാമൻനായർ — അങ്ങു
ദൂരദർശനം — ജ്ഞാനകി — 70
ജീവിതരേഖ: ശോഭീന്ദ്രൻമാഷിന്റെ ജീവിതത്തെക്കുറിച്ച് — ഡോ. രാജൻ ചുങ്കത്ത് — 72
ജീവിതം എന്നെ എന്തുപഠിപ്പിച്ചു: ഏഴംകുളം മോഹൻകുമാർ — സമ്പാദകൻ: ടി.എൻ.ജയചന്ദ്രൻ — 74

സമകാലികം

റിപ്പോർട്ട്: മദിരോത്സവത്തിൽ മുങ്ങുന്ന ഫ്രാൻസ് — ഉണ്ണിനാരായണൻ നമ്പൂതിരി, ലണ്ടൻ — 23
റിപ്പോർട്ട്: നഗരക്കാഴ്ചകൾ — ജോണി.എം.എൽ — 26
ലേഖനം: നെല്ലിന്റെ ജീനോംമാപ്പും ഒരു ചൈനീസ് വിജയകഥയും — ഡോ. എ.എൻ.നമ്പൂതിരി — 28
ആത്മകഥ: അപ്പൂവുമൊത്തുള്ള എന്റെ വർഷങ്ങൾ — സത്യജിത് റേ — പരിഭാഷ: ഗോപാൽ — 31
അനുഭവം: പ്രകാശം പരത്തുന്ന പെൺകുട്ടികൾ — ഒ.വി. ഉഷ — 35
ഓർമ്മ: പേനയാൽ തുഴഞ്ഞ ദൂരങ്ങൾ — സുലോചന — 37
യാത്ര: മുഖച്ചരായ മാറുന്ന കേരളം — കാട്ടാക്കട ദിവാകരൻ — 40
ലേഖനം: ആധുനികത-ഭൂതവും ഭാവിയും — കെ.എം.നരേന്ദ്രൻ — 44

സാഹിത്യം

കവിത: നഗ്നസത്യം — ബാലചന്ദ്രൻ ചുള്ളിക്കാട് — 47

കഥ: ഗുണാഢ്യൻ അഗ്നിയിൽ ഹോമിച്ച ഒരു കഥ — കെ.ദിലീപ്കുമാർ — 48
നോവൽ: ആളകമ്പടി — ബി.മുരളി — 52
നുറുങ്ങുകഥ: കേവലമായ യുക്തി — ടി.ഗോപിനാഥ് — 54
കവിത: ദൈവവും ഞാനും — ബാബു കോടംവേലിൽ — 54

...ന്നു.

ലേഖനം ഇവിടുത്തെ ചില പ്രാദേശിക പത്രത്തിൽ വന്നതിന്റെ തനിപ്പകർപ്പായിപ്പോയി. ലേഖകൻ കയ്യൂരിൽപോയി കിണാവൂരിലെ സംഭവമെഴുതിയതുകൊണ്ടാണ് ഇങ്ങനെ പറ്റിയത്. 'മലയാള'ം വാരിക പോലുള്ള വാരികയിൽ അർദ്ധസത്യങ്ങൾ നിരത്തി സംഭവങ്ങളെ പൈങ്കിളിവൽക്കരിക്കാതിരിക്കാമായിരുന്നു. കോയിത്താറ്റിൽ പാറുവിനെ വധിക്കാൻ ശ്രമിച്ച പ്രതിയിലെ ഒരു 'പ്രതി' എന്ന നിലയിൽ മലയാളം വാരികയിലെ ഫീച്ചറിന് പ്രതികരിക്കേണ്ടത് ഒരു ബാദ്ധ്യതയായതുകൊണ്ട് എഴുതുകയാണ്.

1. പാറു (ഞങ്ങൾക്ക് പാറുവേട്ടത്തി) ആശുപത്രിയിൽ പോയത് കേസ്സുണ്ടാക്കാൻ വേണ്ടി മാത്രമാണ്. എന്തെന്നാൽ പരാമർശവിഷയമായ 60 സെന്റ് സ്ഥലം പാറു വിറ്റയാളിൽനിന്നും വാങ്ങിയവരിൽ എന്റെ അനുജനും ഉൾപ്പെടും. സർക്കാർ ജീവനക്കാരനായ എന്നെ കേസിൽ കുടുക്കിയാൽ അനുജനെ പ്രസ്റ്റ് ചെയ്യിക്കാൻ പറ്റും എന്നതാണ് പാറുവിന്റെ സിൽബന്ധികളുടെ കുബുദ്ധി.

2. പാറു ഇതിനുമുൻപ് സുമാർ എട്ടുലക്ഷത്തോളം രൂപയുടെ സ്വത്തുക്കൾ വിറ്റിട്ടുണ്ട്. ദാരിദ്ര്യമോ രോഗമോ വന്നതുകൊണ്ടല്ല എന്ന് ലേഖകനുതന്നെ സൂചന കിട്ടിക്കാണും. ഈ വില്പനയിൽ പാറുവിന്റെ ഒരു ഭർത്താവായ അമ്പാടികുഞ്ഞിയുടെ മയിച്ചയ്യിലുള്ള കല്യാണി എന്ന സഹോദരിയുടെ അംശവും അവരിയാതെ വിറ്റു. അവർക്ക് ആൺമക്കളില്ല. ഭർത്താവും മരിച്ചു. മാർക്സിസ്റ്റ് പാർട്ടി അറിയാതെ പാർട്ടി അക്കൗണ്ടിൽ കളിച്ച കളികൾക്ക് കല്യാണിക്ക് നഷ്ടപ്പെട്ടത് സ്വന്തം അവകാശം. ഇതൊന്നും പത്രക്കാരെ അറിയിച്ചില്ലല്ലോ.

3. ഇപ്പോൾ വിറ്റ സ്വത്തിൽ ഒരു പ്രത്യേക സമുദായത്തിന് ചില തട്ടിപ്പുകൾ നടത്താൻ പറ്റിയ വിഷയമുണ്ടാക്കാൻ താല്പര്യമുണ്ട്. അവർ പാറുവിന്റെ മകനും കൂട്ടുകാരനും വിസ വാഗ്ദാനം ചെയ്തിട്ടുണ്ട്. ന്യായമായ വീഴികളിൽകൂടി സംഗതി നടക്കാതെ വരുമ്പോൾ പാറുവിനെ ഇരയാക്കി ബ്ലേഡ് നാടകം കളിക്കുകയാണ്. അതിനുള്ള എല്ലാ കാർഡും പാറുവിന്റെ പക്കലുണ്ട്. സ്വാതന്ത്ര്യസമരസേനാനിയുടെ വിധവ, (ഇതിലുള്ള തട്ടിപ്പും ലേഖകൻതന്നെ പറഞ്ഞിട്ടുണ്ട്) 85 വയസ്സുകാരി, രക്തസാക്ഷിയുടെ സഹോദരി, മാർക്സിസ്റ്റ് സഹയാത്രിക, അങ്ങനെയങ്ങനെ എല്ലാ തുരുപ്പും കൊണ്ട് സ്ഥലത്തെ ഒരു ഭരണക്കാരനും പാറുവിന്റെ മകന്റെ കൂട്ടുകാരനും നേരത്തെ പറഞ്ഞ തട്ടിപ്പ് പാർട്ടിക്കുവേണ്ടി കളിക്കുകയാണെന്ന് ഈ ചെറുഗ്രാമത്തിലെ എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ടല്ലേ വധശ്രമത്തെത്തുടർന്ന് ആശുപത്രിയിലായ പാറുവിനെ നോക്കാൻ അയൽവാസികൾ പോയിട്ട് സ്വന്തം അനുജത്തിയും മക്കളുംവരെ പോകാതിരുന്നത്. ഭർത്താവിന്റെ സഹോദരന്റെ വിധവയെങ്കിൽ പാർട്ടി കുടുംബത്തിന്റെ കയ്യൂരിലെ അമ്മയായ മഠത്തിൽ മാണിക്കം പോകാതിരുന്നതെന്തുകൊണ്ട്? ഇവിടെ ലേഖകൻ മറ്റെല്ലാവരെയും ഇന്റർവ്യൂ ചെയ്തപ്പോൾ രക്തസാക്ഷി ചിരുകണ്ടന്റെ സൽപേര് അതേപോലെ കാത്തുസൂക്ഷിക്കുന്ന പാറുവിന്റെ നേർ സഹോദരി കുഞ്ഞാണ്ടിയമ്മയും മക്കളെയും എന്തേ കണ്ടുചോദിച്ചില്ല. ലേഖകനെ എസ്കോർട്ട് ചെയ്തവർ കയ്യൂരിൽകൂടി യാണല്ലോ പോയത്. കയ്യൂരിൽനിന്നും 15 മിനിട്ട് നടക്കുമ്പോൾ പ്രത്തിപുരുഷന്മാരെ അയച്ചു വശ... അവസാനനാളുകളിൽ ആർ.എസ്.എസ് ... മാർക്സിസ്റ്റ് വിരുദ്ധത കുത്തിവച്ചും ഉടണ്ടാക്കിയും അധികാരം കരസ്ഥമാക്കിയ ആ ...കണ്ണടച്ചു പാലുകുടിക്കുന്നു എന്നൊരു വ്യത്യാ...ാത്തം.

എല്ലാവിധ വർഗ്ഗീയ കോമരങ്ങളുടെയും വോട്ടുകൾ വിലപറഞ്ഞുവാങ്ങിയ ആന്റണിക്ക് ആരെയും ആകർഷിക്കാൻ ആവില്ലാത്ത അവസ്ഥയിലേയ്ക്കു കാര്യങ്ങൾ എത്തപ്പെട്ടതിന് ഉത്തമ ഉദാഹരണമാണ് വിദ്യാഭ്യാസരേഖ ചർച്ചാവേളയിൽ ചരിത്രത്തിലാദ്യമായി (കരുണാകരഭാഷ്യം) മന്ത്രിസ്ഭാഗങ്ങൾ മതാദ്ധ്യക്ഷന്മാരുടെ കാൽക്കീഴിൽ ചെന്നെത്തിയത്.

ഒരു ശക്തിക്കും വിധേയനാകാതെ ഇക്കാര്യം തുറന്നുപറഞ്ഞ പിണറായിയുടെ പ്രസ്താവനയിൽ എന്താണ് തെറ്റ്? മോഡി സംഘപരിവാറിന്റെ മാത്രം വോട്ടുകൾ വാങ്ങി അധികാരത്തിൽ വിലസുന്നെങ്കിൽ ആന്റണിയാകട്ടെ കേരള മതേതരപ്രതിച്ഛായയ്ക്കു മേൽ വോട്ടിനുവേണ്ടി മാറാടുകൾ സൃഷ്ടിച്ചുമുന്നേറുന്നു.

മാറാടിന്റെ ബാക്കിപത്രമായി വന്ന ആന്റണിയുടെ പ്രസ്താവന 'കലാപത്തിൽ മാർക്സിസ്റ്റുകാരും ഉൾപ്പെട്ടിരിക്കുന്നു' എന്ന പ്രസ്താവനയിൽ വലിയ കാര്യം കണ്ടെത്തുന്ന 'മലയാള'. ലക്കം 38-ലെ 'പ്രതീക്ഷയാകുന്ന പ്രകാശഗോപുരം' എന്ന തലക്കെട്ടിൽ വന്ന മാർക്സിസ്റ്റ് പ്രാദേശിക നേതാവ് ബാലരാമേട്ടനെപ്പോലുള്ളവരുടെ നിസ്വാർത്ഥസേവനത്തെ മറക്കരുതേ. ആന്റണി കേരള മുഖ്യൻ മാത്രമല്ല. മാർക്സിസ്റ്റ് വിരുദ്ധത മനസ്സിൽ കുത്തിനിറച്ച കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം കൂടിയാണെന്നെങ്കിലും ഓർക്കേണ്ടതായിരുന്നു.

ആന്റണിയുടെ ഇത്തരം വിലകുറഞ്ഞ പ്രസ്താവനകൾ. മാറാടുകളിൽ കലാപത്തിച്ചുയിലും, സംരക്ഷണവലയം തീർക്കുന്ന ബാലരാമേട്ടന്മാരുടെ പ്രകാശഗോപുരത്തെ തകർക്കാൻ സാധിക്കില്ല എന്നു മനസ്സിലാക്കിയാൽ നന്നായിരുന്നു.

സാബു തങ്കപ്പൻ കർണ്ണാടക

കള്ളം പ്രചരിപ്പിക്കുന്നു

സമകാലിക മലയാളത്തിന്റെ മേയ് 17 ലക്കത്തിൽ 'സ്കൂൾ അടച്ചുപൂട്ടുന്നതിനുപിന്നിൽ', 'സത്യവും മിഥ്യയും' എന്ന രണ്ടു ലേഖനങ്ങളിൽ ഞാൻ അദ്ധ്യക്ഷനായി സംസ്ഥാന ആസൂത്രണ ബോർഡ് നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിനെക്കുറിച്ചുള്ള പരാമർശം കണ്ടു. ആ പരാമർശങ്ങൾ അടിസ്ഥാനരഹിതമായതുകൊണ്ടാണ് ഈ വിശദീകരണക്കുറിപ്പ്.

പൊതു-ഉന്നത വിദ്യാഭ്യാസതലങ്ങളിലെ സാമ്പത്തിക-മാനവവിഭവങ്ങളെക്കുറിച്ച് പഠിക്കുന്നതിനാണ് സമിതി നിയോഗിക്കപ്പെട്ടിരുന്നത്.

സമിതി ഒരു സ്കൂളും അടച്ചുപൂട്ടാൻ ശുപാർശ ചെയ്തിട്ടില്ല. 1731 സ്കൂളുകൾ അൺ ഇക്കണോമിക് ആണെന്ന് കണ്ടെത്തിയിട്ടുമില്ല. റിപ്പോർട്ടിന്റെ ടൈപ്പ് ചെയ്ത കോപ്പിയാണ് എന്റെ പക്കലുള്ളത്. അതിലെ ഒന്നാം അദ്ധ്യായത്തിലെ 1.9 ഖണ്ഡിക (പേജ് 16)യിൽ പറയുന്നത് ഇതാണ്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ (കെ.ഇ.ആർ) 22(4) ചട്ടത്തിലെ ഒന്നാം ഖണ്ഡിക അൺ ഇക്കണോമിക് സ്കൂൾ എന്തെന്നു നിർവചിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്ത് 1731 അൺ ഇക്കണോമിക് സ്കൂളുകളാണ് പഠനകാലയളവിലുള്ളത്.

ഈ വിവരം സമിതിക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയതാണ്. മുൻപത്തെ യു.ഡി.എഫ് ഭരണത്തിന്റെ കാലയളവിലും അൺ ഇക്കണോമിക് സ്കൂളുകൾ കേരളത്തിൽ ഉണ്ടായിരുന്നു എന്നതാറല്ലേ മിക് റിവ്യൂ അടക്കമുള്ള സർക്കാരിന്റെ സ്ഥ... രേഖകൾ നോക്കിയാൽ കാണാം. ഏതായാലു... അദ്ധ്യക്ഷനായ സമിതിയല്ല. അൺ ഇക്കണേ... സ്കൂളുകളുടെ ഉപജ്ഞാതാക്കളും, അവ പൂട്ടണമെന്നു നിർദ്ദേശിച്ചതും.

ഇവയെ സംബന്ധിച്ച സമിതിയുടെ അഭിപ്രായവ... നിർദ്ദേശവും രേഖപ്പെടുത്തിയിട്ടുള്ളത് റിപ്പോർട്ടിന്റെ ഏഴാം അദ്ധ്യായത്തിൽ 76, 77 പേജുകളിലുള്ള 7.5 ഖണ്ഡികയിലാണ്. അൺ ഇക്കണോമിക് (അനാദായകരം) എന്ന വിശേഷണത്തോടുതന്നെ സമിതി വിയോജിക്കുന്നു. നിലനിർത്താൻ കഴിയാത്തത് (അൺ സസ്റ്റയിനബിൾ) എന്നതായിരിക്കും കൂടുതൽ യോജിക്കുന്ന പദം എന്നും സമിതി നിർദ്ദേശിച്ചു.

വിദ്യാലയങ്ങളുടെ വിതരണം, പ്രദേശത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ, പിന്നാക്ക വിഭാഗങ്ങൾ പാർക്കുന്ന പ്രദേശമാണോ എന്ന കാര്യം എന്നിവ നോക്കിവേണം കുട്ടികൾ കുറഞ്ഞുപോയ സ്കൂളുകൾ അടച്ചുപൂട്ടണോ വേണ്ടയോ എന്നു തീരുമാനിക്കാൻ എന്നു സമിതി നിർദ്ദേശിച്ചു. ഇതുസംബന്ധമായി തദ്ദേശ ഭരണസ്ഥാപനങ്ങളും വിദ്യാഭ്യാസവകുപ്പും ...ക്കമുള്ള ... കമ്മിറ്റി നി... ...ട്ടിരുന്നു. അതിന്റെ ...മുസംബന്ധമായ നി... ...ങ്ങളും കണക്കിലെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ച ഈ കമ്മിറ്റിയാണ് ആയിരത്തി എഴുന്നൂറോളം സ്കൂളുകൾ ആദായകരമല്ലാത്ത സ്കൂളുകളായി ചുണ്ടിക്കാണിച്ചിട്ടുള്ളത് എന്ന് വ്യാഖ്യാനിക്കുന്ന കേരള സർവ്വകലാശാലയിലെ ഡീനും പ്രൊഫസറും ഒക്കെയായ ഡോ. ഉണ്ണികൃഷ്ണൻനായർ ഒന്നുകിൽ ആ റിപ്പോർട്ട് കണ്ടിട്ടില്ല. അല്ലെങ്കിൽ ലേഖനത്തിൽ പച്ചക്കള്ളം എഴുതിപിടിപ്പിച്ചിരിക്കുന്നു എന്നുപറയാതെ വയ്യ. അദ്ദേഹത്തിന് ഇംഗ്ലീഷ് വായിച്ചാൽ മനസ്സിലാവില്ല എന്നു പറയുന്നത് കടന്ന കൈയാകുമല്ലോ.

നുണ നൂറ്റൊന്ന് ആവർത്തിച്ചാൽ സത്യമായി അംഗീകരിക്കപ്പെടും എന്ന് ഗീബൽസിന്റെ സിദ്ധാന്തം അനുസരിച്ചായിരിക്കണം കെ.എസ്.യു നേതാവ് പി.ഡി. വിഷ്ണുനാഥും ഇതേ വാദം ആവർത്തിച്ചിരിക്കുന്നത്.

തിരുത്ത്

'സമയതീരങ്ങളിലെ സൗമ്യസംഗീതം' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച എന്റെ ലേഖനത്തിന് (മലയാളം വാരിക- മേയ് 17) ആസ്പദമായ മാർസൽ പ്രൂസ്റ്റിന്റെ നോവലിന്റെ ശരിയായ പേര് 'ഷാൻസാൻ ടയ്യിൽ' എന്നാണ്. അച്ചടിയിൽവന്ന പിശക് തിരുത്തിവായിക്കണം.

വി.എം.വിനയകുമാർ

പൂരത്തിന്റെ വെടിക്കെട്ട്

'പൂരത്തിലെ ശബ്ദവും നിറവും' എന്ന ടി. ഗോപിനാഥിന്റെ ലേഖനം (മലയാളം വാരിക, മേയ് 24, 2002) തൃശൂരിലെ പൂരാഘോഷസ്നേഹികളായ ജനങ്ങൾക്കുമാത്രമല്ല, കേരളത്തിലെ വെടിക്കെട്ടു ഭ്രാന്തന്മാർക്കെല്ലാം ശ്രദ്ധേയമായൊരു സന്ദേശം നൽകുന്നു. 'ശബ്ദത്തിന്റെ കാഠിന്യം കുറച്ച് പൂരത്തെ വർണ്ണപ്പൊലിമയുള്ളതാക്കണം'- ഇതാണ് ആ സന്ദേശം. ഇതുപോലൊരു സന്ദേശവും. നിർദ്ദേശവും നൽകാൻ ലേഖനകർത്താവിനെ പ്രേരിപ്പിച്ച വസ്തുത കാര്യവിവരമുള്ളവരായും തള്ളിക്കളയുമെന്നു തോന്നുന്നില്ല. രണ്ടു സഹസ്രാബ്ദങ്ങൾ പഴക്കമുള്ള വടക്കുന്നാഥ ക്ഷേത്രസങ്കേതത്തിന് സാമൂഹ്യമായ കേടുപാടുകളും, നാശനഷ്ടങ്ങളുമുണ്ടാക്കാൻ ഈ വർഷത്തെ കരിമരുന്നു പ്രയോഗം ഇടയാക്കി എന്നതുതന്നെയാണ് ഈ വസ്തുത. ലേഖനത്തോടൊപ്പം ചേർത്തിട്ടുള്ള മൂന്നു ചിത്രങ്ങൾ കാണുന്നവർക്കെല്ലാം ഇത് വ്യക്തമാവുകയും ചെയ്യും. ക്ഷേത്രസങ്കേതത്തിനു മാത്രമല്ല, നാശനഷ്ടങ്ങളുടെ ആഘാതം ഏൽക്കേണ്ടിവന്നിട്ടുള്ളത് പൂരപ്പറമ്പിനുചുറ്റുമുള്ള ബഹുനില കെട്ടിടങ്ങൾക്കും ഫ്ലാറ്റുകൾക്കും വ്യാപാരകെട്ടിട സമുച്ചയങ്ങൾക്കും വെടിക്കെട്ട് ഉയർത്തുന്ന ഭീഷണി നിസ്സാരമല്ലതന്നെ.

ആഘോഷമായാൽ കരിമരുന്നു പ്രയോഗം അനിവാര്യഘടകമായിരിക്കുന്നു ഇന്ന്. മതപരമായ ആഘോഷങ്ങളായാൽപിന്നെ പറയാനുമില്ല. വിഷുവിന്, ദീപാവലിക്ക്, പള്ളി പെരുന്നാളിന്, പൂരങ്ങൾക്ക് എല്ലാംതന്നെ ഇത് ഒഴിവാക്കാനാവില്ല. തൃശൂർ ജില്ലയിൽതന്നെ തൃശൂർപൂരത്തിനു പുറമെ, ചേലക്കര പൂരത്തിനും നെന്മാറ-വല്ലങ്ങി എന്ന ചടങ്ങിനും. പാവറട്ടി പള്ളി പെരുന്നാളിനും, തിരുവില്വാമല ക്ഷേത്ര ഉത്സവത്തിനും വെടിക്കെട്ടില്ലാതെ ആഘോഷം പൂർത്തിയാവില്ല. അതുപോലെതന്നെ തലശ്ശേരിയിലെ ജഗന്നാഥ ക്ഷേത്രത്തിൽ, എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയ്ക്കു സമീപമുള്ള മരട് താലപ്പൊലി, പുതിയ കാവിലേയും നടക്കാവിലേയും ഉത്സവാഘോഷങ്ങളിൽ- എല്ലാം കരിമരുന്നുപ്രയോഗം അവശ്യഘടകംതന്നെ.

വെടിക്കെട്ട് വർണ്ണപ്പൊലിമയിലും നിറങ്ങളുടെ വൈവിധ്യത്തിലും ആയിരുന്നു ആദ്യകാലത്തൊക്കെ മുന്തിയ പ്രാധാന്യം നൽകപ്പെട്ടിരുന്നതത്രെ. പിന്നീടതു മാറി. ശബ്ദത്തിന്റെ കാഠിന്യത്തിനായി ഏറിയ സ്ഥാനവും. തൃശൂർ പൂരത്തിന്റെ കാര്യത്തിലും സംഭവിച്ചത് ഇതുതന്നെ. തിരുവമ്പാടി- പാറമേക്കാവ് ദേവസങ്കേതങ്ങൾ തമ്മിലുള്ള കിടമത്സരം മൂർച്ചരിച്ചതോടെ, നിറത്തിന്റെയും തിളക്കത്തിന്റെയും സ്ഥാനം വെടിക്കെട്ടിന്റെ ശബ്ദകാഠിന്യം കവർന്നെടുക്കുകയാണുണ്ടായത്. അതുപോലെതന്നെ ആനച്ചമയങ്ങളുടെ അഴകും. ആനകളുടെ വലുപ്പവും ചന്തവും തലയെടുപ്പും വാദ്യകലാകാരന്മാരുടെ വൈദഗ്ധ്യവും എല്ലാം ക്രമേണ പിൻതള്ളപ്പെട്ടു.

ഞങ്ങളുടെയെല്ലാം ചെറുപ്രായത്തിൽ, തൃശൂർ പൂരത്തിന്റെ ആകർഷണീയതയായി കരുതപ്പെട്ടിരുന്നത്, പൂരദിന സായാഹ്നത്തിൽ നടന്നുവരുന്ന തെക്കോട്ടുള്ള ഇറക്കവും കുടമാറ്റവും ഇലഞ്ഞിത്തറമേളവും മറ്റുമായിരുന്നു. ഇന്ന് കരിമരുന്ന് പ്രയോഗം കാണുന്നതിനാണ് കൂടുതൽ തിക്കും തിരക്കും.

എന്താണിതിന്റെയെല്ലാം ഫലമെന്നോ? മാരകവും വിഷമയവുമായ വെടിക്കെട്ടുമരുന്നുകളുടെ വ്യാപകമായ വിനിയോഗത്തിന്റെ ഫലമായി, അന്തരീക്ഷ- ശബ്ദമലിനീകരണം മനുഷ്യന്റെ ആരോഗ്യത്തിന് ഭീഷണിയായി മാറിയിരിക്കുന്നു. ശബ്ദകോലാഹലങ്ങളോടാണ് ജനത്തിന് കൂടുതൽ പ്രിയവും താല്പര്യവുമെന്ന ധാരണ തെറ്റാണെന്ന നിഗമനത്തിൽ ലേഖകൻ എത്തിച്ചേർന്നിട്ടുള്ളത് വസ്തുതാപരമാണെന്ന് പറയാതെ വയ്യ. വിശ്വാസികൾ ഇനിയെങ്കിലും അംഗീകരിക്കേണ്ടൊരു യാഥാർത്ഥ്യമുണ്ട്. വെടിക്കെട്ടിന്റെ ഫലമായി ദുരിതം അനുഭവിക്കുന്നവരുടെ കൂട്ടത്തിൽ വൃദ്ധന്മാർക്കും ഗർഭിണികൾക്കും പിഞ്ചുകുഞ്ഞുങ്ങൾക്കുപുറമെ, വടക്കുന്നാഥനുമുണ്ട് എന്നതാണിത്.

കരിമരുന്നുപ്രയോഗം തൃശൂർ നഗരവാസികൾക്ക് പണ്ടൊക്കെ ഇത്ര ദുരിതപൂർണ്ണമായി തോന്നാതിരുന്നതിന് മുഖ്യകാരണം തേക്കിൻകാട് മൈതാനത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തൃതിയും വലിയ കെട്ടിടങ്ങളുടെ അഭാവവുമായിരുന്നു. പാവറട്ടി പള്ളി പെരുന്നാളിനും നെന്മാറ വേലയ്ക്കും മാത്രമല്ല, തൃപ്പൂണിത്തുറയ്ക്കടുത്തുള്ള പുതിയ കാവിലും നടക്കാവിലും വർഷംതോറും നടന്നുവരുന്ന ഉത്സവാഘോഷങ്ങളോടനുബന്ധിച്ചുള്ള കരിമരുന്നു പ്രയോഗങ്ങളും മാരകമായ ഫലങ്ങളുണ്ടാക്കാത്തതിന് വ്യക്തമായ അടിസ്ഥാനമുണ്ട്. ഇവിടങ്ങളിലെല്ലാം വിസ്തൃതമായ ഭൂപ്രദേശങ്ങളിലോ ജനവാസമില്ലാത്ത തുറസ്സായ വൻപാടങ്ങളിലോ ആണ് കരിമരുന്ന് പ്രയോഗം നടക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ ഇതെല്ലാം സാദ്ധ്യമാണ്. എന്നാൽ, ഒരു കോർപ്പറേഷന്റെ പദവി ലഭിച്ച തൃശൂർ നഗരത്തിന്. പൂരം വെടിക്കെട്ടു നടത്താൻ വേറെ സ്ഥലം കണ്ടെത്തുന്നതല്ലേ കരണീയം? അതിനു കഴിയില്ലെങ്കിൽ, ശബ്ദമലിനീകരണം തടയാനും ക്ഷേത്രസമുച്ചയമുൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് നാശനഷ്ടം ഒഴിവാക്കാനും കരിമരുന്നുപ്രയോഗങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താൻ ക്ഷേത്രമുടമയായ ദേവസ്വം ബോർഡും ക്ഷേത്രകെട്ടിടങ്ങളുടെ ഉടമാവകാശമുള്ള പുരാവസ്തുവകുപ്പും സംയുക്തമായൊരു തീരുമാനം എടുക്കാൻ തയ്യാറാകണം. ഇന്നത്തെ നിലയിൽ, നാമുണ്ടായിട്ടുള്ള ഒരവസ്ഥ തുടരാൻ അനുവദിച്ചുകൂടാ. പൂരബഞ്ചറ്റിലെ വൻതുക പാഴാക്കാതെ നോക്കാനും, ഈ തുക മേളക്കൊഴുപ്പുകൾക്കായി വിനിയോഗിക്കാനും ശ്രമം നടക്കണം.

തൃശൂർ പൂരത്തിന്റെ ഭാഗമായി തുടങ്ങിയ വെടിക്കെട്ടും കരിമരുന്നുപ്രയോഗവും മറ്റു പ്രദേശങ്ങളിലെ ക്ഷേത്ര ആഘോഷങ്ങൾക്കും പള്ളി പെരുനാളുകൾക്കും മാതൃകയായിത്തീർന്നതുപോലെ, ഇത്തരത്തിലൊരു തീരുമാനവും മറ്റു ക്ഷേത്രങ്ങൾക്കും പള്ളികൾക്കും അനുകരിക്കാവുന്ന മാതൃകയായിത്തീരുകയും ചെയ്താൽ നന്നായിരിക്കും.

വടക്കുന്നാഥനേയും പാർത്ഥസാരഥി ഭഗവതിയെയും തിരുവമ്പാടി കൃഷ്ണനെയും മറയാക്കിയുള്ള ഈ പ്രകടനവും കിടമത്സരവും അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പരിസ്ഥിതിപ്രവർത്തകരും സംഘടനകളും സാമൂഹ്യസംഘടനകളും ഇത്തരത്തിലൊരു മാറ്റത്തിന് ഇടുങ്ങിയ താല്പര്യങ്ങൾക്കതീതമായി കർമ്മരംഗത്തു വരണം.

പ്രൊഫ. കെ. അരവിന്ദാക്ഷൻ കൊച്ചി

പി.കുഞ്ഞിരാമൻനായർ, ജീവിതംകൊ ... കവിതകൊണ്ടും. കവിത തുളുമ്പുന്ന ഗദ്യം ...ണ്ടും മലയാളിയെ വിസ്മയിപ്പിച്ച കവിയാ ... ജീവിച്ചിരുന്ന കാലത്തേക്കാളുപരി മരണാ നന്തരവും വളരുന്ന പി.യുടെ കാവ്യവ്യക്തിത്വം എല്ലാ കാവ്യാസ്വാദകരേയും കവികളെയും ഒരു കാര്യം ഓർമ്മിപ്പിക്കുന്നു. കവിത സ്വയംസംരക്ഷ ണക്ഷമമാണെന്ന സത്യം.

പുരസ്കാരങ്ങൾക്കും സ്ഥാനമാനങ്ങൾക്കും പിന്നാലെയായിരുന്നില്ല വിശ്രമമില്ലാതെ കവി കു ഞ്ഞിരാമൻനായർ സഞ്ചരിച്ചുകൊണ്ടിരുന്നത്. കവിയുടെ എല്ലാ യാത്രകളും തന്റെ ആദർശ ലോകത്തേയ്ക്കായിരുന്നു. അദ്ദേഹത്തിന്റെ റി പ്പബ്ലിക്കിലേയ്ക്ക്. തൃക്കാക്കരയ്ക്ക്.

കൊളോണിയൽ അധികാരഘടനയ്ക്കുകീ ഴിൽ ഞെരിഞ്ഞമരുന്ന മലയാളിജീവിതങ്ങൾക്കു മുന്നിൽ മഹാകവി തന്റെ ആദർശരാഷ്ട്രമായി തൃക്കാക്കരയെ അവതരിപ്പിച്ചു. അപകർഷതാ ബോധംകൊണ്ട് അധോമുഖരായ കേരളീയർക്കു മുന്നിൽ കേരള പ്രകൃതിയുടെ അനുപമമായ സൗന്ദര്യലോകം അദ്ദേഹം ആവിഷ്കരിച്ചു. സൂ ക്ഷ്മനേത്രങ്ങൾക്കുമാത്രം മനസ്സിലാകുംവിധ ത്തിൽ കവിതകൊണ്ട് സ്വന്തം നാടിന്റെ സംസ്കാ രത്തെ പ്രതിരോധിക്കുകയായിരുന്നു അദ്ദേഹം.

1906 ജനുവരി നാലിന് കാഞ്ഞങ്ങാട് ജനിച്ച കുഞ്ഞിരാമൻനായർക്ക് പുന്നശ്ശേരി നീലകണ്ഠ ശർമ്മയുടെ ശിഷ്യനാകാൻ ഭാഗ്യമുണ്ടായി. നീ ലേശ്വരം, പട്ടാമ്പി, തഞ്ചാവൂർ എന്നിവിടങ്ങളിൽ നിന്ന് സംസ്കൃത വിദ്യാഭ്യാസം നേടിയ അദ്ദേഹം ശബരി ആശ്രമം സ്കൂൾ, കൂടാളി ഹൈസ്കൂൾ, കൊല്ലങ്കോട് രാജാസ് ഹൈസ്കൂൾ എന്നിവിട ങ്ങളിൽ അദ്ധ്യാപകനായി ജോലി ചെയ്തു.

കവിതയുടെ നിത്യകനൃകയെത്തേടി നിത്യ സഞ്ചാരിയായിത്തീർന്ന കവിക്ക് ഒരിടത്തും സ്ഥി രതാവളമുണ്ടായിരുന്നില്ല. പക്ഷേ, ആ യാത്രകൾ ക്കിടയിലാണ് കവിതയുടെ നറുനിലാവുകൊണ്ട് അദ്ദേഹം നമ്മുടെ സംസ്കാരത്തെ പരിപോഷി പ്പിച്ചത്. കളിയച്ഛൻ, താമരത്തോണി, നീരാ ഞ്ജനം തുടങ്ങി നിരവധി കവിതകളിലായി അദ്ദേഹം നമ്മുടെ കാവ്യഭാഷയെ പുതുക്കിപ്പ ണിതു. കവിയുടെ കാല്പാടുകൾ, എന്നെ തിര യുന്ന ഞാൻ, നിത്യകനൃകയെ തേടി എന്നീ ആ ത്മകഥാപരമായ കൃതികളിലൂടെ അദ്ദേഹം ഗദ്യ ത്തെ കവിതയാക്കി പരിവർത്തനം ചെയ്യിക്കുക യും ചെയ്തു.

കാസർഗോഡ് ജില്ലയിൽ ജനിച്ച മഹാകവി യുടെ മരണം 1987 മേയ് 27ന് തിരുവനന്തപുര ത്തുവച്ചായിരുന്നു. കാസർഗോഡ് ജില്ല മുതൽ തിരുവനന്തപുരം ജില്ലവരെ നീണ്ട ആ ജനിമൃ തിക്കിടയിൽ അദ്ദേഹം നമ്മുടെ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞിരുന്നു. മറ്റൊ രർത്ഥത്തിൽ കാസർഗോഡു മുതൽ തിരുവന ന്തപുരംവരെ മലയാളിക്കുമേൽ വിരിഞ്ഞ മഴ വില്ലായിരുന്നു മഹാകവി പി. കുഞ്ഞിരാമൻ നായർ.■

അഞ്ജു

മലയാളം
വാരിക
പുന്നകം ആറ്; ലക്കം. നാല്
2002 മെയ് 31 : 1177 ഇടവം 17

പത്രാധിപർ
എസ്. ജയചന്ദ്രൻ നായർ
ചിത്രമെഴുത്ത്: **നമ്പൂതിരി**
സ്ഥിരം പംക്തികൾ
സാഹിത്യം : **എം. കൃഷ്ണൻനായർ**
സംസ്കാരം : **ഒ.വി. വിജയൻ**
പത്രാധിപ സമിതി
എം.വി. ബെന്നി, എൻ.ജെ. ഗിരീഷ്
ബിന്ദു കെ. പ്രസാദ് (ഗവേഷണം)
സജി ജെയിംസ്
സ്വന്തം ലേഖകന്മാർ
എം. ശങ്കർ (തിരുവനന്തപുരം)
ജോണി എം.എൽ. (ന്യൂഡെൽഹി)
അക്കിത്തം നാരായണൻ (പാരിസ്)
ഉണ്ണി നാരായണൻ നമ്പൂതിരി (ലണ്ടൻ)
കെ. മോഹനചന്ദ്രൻ (ഡെക്സാസ്)
മുസാഫിർ (ഗൾഫ്)
രൂപകല്പന
നാരായണ ഭട്ടതിരി,
ഷാജൻ സി. കുമാർ, കെ. ഗോപകുമാർ
റീജണൽ മാനേജർ : **എച്ച്.വി.ഡി. പ്രസാദ്**
സീനിയർ സെയിൽസ് മാനേജർ :
ബി. കൃഷ്ണകുമാർ
സീനിയർ ബിസിനസ് മാനേജർ :
സുനിൽ നമ്പ്യാർ
അസി. പ്രൊഡക്ഷൻ മാനേജർ:
കുര്യാസ് എൻ. ചാക്കോ
ന്യൂ ഇന്ത്യൻ എക്സ്പ്രസ് ഗ്രൂപ്പ് പ്രസിദ്ധീകരണം.
A New Indian Express Group Publication
Express House, Kaloor, Kochi - 682 017
Phone : 402220, 400667. Fax : 0484-401799
Web Site: http://www.malayalamvarikha.com
Chairman of the Board
Manoj Kumar Sonthalia
Editorial Advisor: **T.J.S George**
Director (Finance): **R. Srinivasan**
Vice President (Mktg): **Vinod Kumar**
Vice President (Sales): **V.K. Bansal**
General Manager (PAP): **M.G. Balakrishnan**
General Manager (Technical): **K. Nanda Kumar**

Space Marketing Offices:
Bangalore: **R. Sureshkumar**
Phone : 2860959. Fax : 080-2866617
Bhubaneswar: **Prasanna Panda**
Phone : 535274. Fax : 0674-535634
Calcutta: **Aloka Kapur**
Phone : 2430857. Fax : 033-2205814
Chennai: **Lakshmi Menon**
Phone : 8461262. Fax : 044-8461829/30
Delhi: **Avnish Singh**
Phone : 4317917. Fax : 011-4317907
Hyderabad: **A.N. Chatterjee**
Phone : 3413910/3413912. Fax. 040-3413909
Kochi: **Sunil Nambiar**
Phone : 400218. Fax. 0484-401799
Mumbai: **M.S. Akthar**
Phone : 2882996. Fax. 022-2886954

Samakalika Malayalam Vaarika
Printed and published by H.V.D. Prasad,
on behalf of Express Publications (Madurai) Ltd.,
at Express Press, Kaloor, Kochi - 17, Kerala
Editor : **S. Jayachandran Nair**
55, Vrindavan Colony,
Pattom, Trivandrum - 4

മലയാള ചലച്ചിത്രം നേരിടുന്ന വെല്ലുവിളി

ആയിരത്തിനാനൂറു തിയേറ്ററുകളിൽ അറുനൂറെണ്ണം വിവാഹമണ്ഡപങ്ങളായി മാറുകയും പ്രതിവർഷം പ്രദർശനത്തിനെത്തിയിരുന്ന നൂറ്റിയിരുപതു ചലച്ചിത്രങ്ങളുടെ എണ്ണം അറുപതായി ചുരുങ്ങുകയും ചെയ്തത്, തീർച്ചയായും മലയാളസിനിമയുടെ തകർച്ചയെയാണ് കാണിക്കുന്നത്. സാധാരണഗതിയിൽ തിയേറ്ററിലെത്തി ചലച്ചിത്രം കാണുന്നവർക്ക് അതിനുള്ള സൗകര്യം ചാനലുകൾ വീടുകൾക്കകത്ത് ഒരുക്കിക്കൊടുക്കുമ്പോൾ, ചലച്ചിത്രം കാണാനായി തിയേറ്ററിലെത്തുന്നവരുടെ സംഖ്യ കുറയുന്നതും സ്വാഭാവികമാണ്. ഇതൊന്നും ചലച്ചിത്രങ്ങളുടെ നേർക്ക് ജനങ്ങൾ മുഖംതിരിച്ചു നിൽക്കുകയാണെന്നല്ല കാണിക്കുന്നത്. നല്ല ചിത്രങ്ങൾ കാണാൻ, ഇപ്പോഴും കേരളത്തിൽ നല്ലൊരു ആസ്വാദകവൃന്ദമുണ്ട്. അവരുടെ ആസ്വാദനത്തെ തൃപ്തിപ്പെടുത്തുന്ന ചലച്ചിത്രങ്ങൾ നിർമ്മിക്കപ്പെടുന്നുണ്ടോയെന്നതാണ് ചോദ്യം.

എന്നാൽ മലയാള ചലച്ചിത്രം തകരുന്നതിനും നല്ല ചിത്രങ്ങൾ നിർമ്മിക്കപ്പെടാതിരിക്കുന്നതിനും കാരണം പ്രമുഖ താരങ്ങൾ സീരിയലുകളിലേയ്ക്ക് തിരിഞ്ഞതുകൊണ്ടാണെന്നാണ് കേരള ഫിലിം ചേംബർ കണ്ടെത്തിയിരിക്കുന്നത്. അതിനൊരു പരിഹാരമായി അവർ ആവശ്യപ്പെട്ടിരിക്കുന്നത്, സീരിയലുകളിൽനിന്നും താരങ്ങൾ പിന്മാറണമെന്നതാണ്. ചേംബറിന്റെ 'ഇണ്ടാസു' കൈപ്പറ്റി, അതുപോലെ പ്രവർത്തിക്കാൻ അവർ തയ്യാറായാൽ മലയാള ചലച്ചിത്രം വീണ്ടും താരും തളിരും അണിയുമോ? പൂട്ടിയ തിയേറ്ററുകൾ തുറക്കുമോ? ചലച്ചിത്രപ്രേക്ഷകരുടെ എണ്ണം കൂടുമോ? സംശയമാണ്. കാരണം, രോഗം അതൊന്നുമല്ല. ചലച്ചിത്രരംഗത്ത് ഉണ്ടായിരിക്കുന്നത് പ്രതിഭാദാരിദ്ര്യമാണ്. അറുപതുകളിലും എഴുപതുകളിലും മലയാള ചലച്ചിത്രരംഗം ഉയരങ്ങൾ തേടിയിരുന്നത് ഓർമ്മിക്കുന്നവരുണ്ടാകും. ദേശീയവും അന്തർദേശീയവുമായ അംഗീകാരങ്ങൾ മലയാള ചലച്ചിത്ര പ്രവർത്തകരെ തേടിവന്നതായിരുന്നു ആ കാലം. നല്ല ചിത്രങ്ങളുടെ പര്യായമായി മാറിയിരുന്നു, മലയാള ചലച്ചിത്രങ്ങൾ. അതെല്ലാം എന്നോ പോയ്മറഞ്ഞിരിക്കുന്നു. ചലച്ചിത്രത്തിന്റെ വ്യാകരണവും അതിൽ അന്തർഹിതമായ താളവും അറിയാവുന്നവരല്ല, ഇന്ന് മലയാള ചലച്ചിത്രരംഗത്ത് വ്യവഹരിക്കുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ചലച്ചിത്ര നിരക്ഷരതയാണ് മഹാരോഗമായിത്തീർന്നിരിക്കുന്നത്. അത് പരിഹരിക്കാൻ ഫിലിം ചേംബർ പ്രമേയം പാസാക്കിയതുകൊണ്ടോ പ്രമുഖ താരങ്ങളെ സീരിയൽ നിർമ്മാണത്തിൽനിന്നും വിലക്കിയതുകൊണ്ടോ യാതൊരു ഗുണവും ഉണ്ടാവില്ല. മറിച്ച്, അവർ ചെയ്യേണ്ടത്, കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയാണ്. അല്ലാതെ സീരിയൽ നിർമ്മിക്കുന്ന താരങ്ങളുടെ പിന്നിൽ വടിയുമായി ഓടുകയല്ല.

ചേംബറിനു മാത്രമല്ല, ഈ രംഗത്ത് ഉത്തരവാദിത്വമുള്ളത്. വിനോദ നികുതിയിനത്തിൽ കോടികൾ പിരിക്കുന്ന ഗവൺമെന്റിന് ഇക്കാര്യത്തിൽ രചനാത്മകമായി ഇടപെടാവുന്നതാണ്. വർഷാവർഷം അവാർഡ് പ്രഹസനത്തിൽ മാത്രമൊതുങ്ങിനിൽക്കാതെ, വിനോദ നികുതിയിൽനിന്നും ഒരോഹരി നല്ല ചിത്രങ്ങൾ ഉണ്ടാക്കുന്നതിനായി വിനിയോഗിക്കാവുന്നതേയുള്ളൂ. ഗുണനിലവാരത്തിൽ കർക്കശമായ മാനദണ്ഡം ഈ വകക്കാര്യങ്ങളിൽ പുലർത്തണമെന്നേയുള്ളൂ. ചേംബറിനും, ചലച്ചിത്ര അക്കാദമിക്കും ചലച്ചിത്ര വികസന കോർപ്പറേഷനും അമ്മയ്ക്കും മാക്ടയ്ക്കുമെല്ലാം ഇതിൽ കൈകോർക്കാവുന്നതേയുള്ളൂ. പക്ഷേ, അതിന് ആവശ്യം, നല്ല ചിത്രങ്ങളോടുള്ള അഗാധമായ അനുരാഗമാണ്.. അതല്ലാതെ, മലയാള ചലച്ചിത്രം തകർന്നുവെന്നു പറഞ്ഞ് വിലപിച്ചിട്ട് എന്തുകാര്യം?■

ഇന്ത്യയെ ഒരു വൻകിട യുദ്ധത്തിലേയ്ക്കാണ് പാകിസ്ഥാൻ വലിച്ചിഴയ്ക്കുന്നത്

ആകാശം പ്രസന്നം; ഇടിമിന്നൽ ഉണ്ടാകുമോ?

ജോണി എം.എൽ

മെയ് പതിനാലാം തിയതി ജമ്മുവിലെ കാലുചക് എന്ന സ്ഥലത്തെ സൈനിക ക്യാമ്പിനു നേർക്കും ഒരു ബസ്സിനു നേർക്കും പാകിസ്ഥാൻ പ്രേരിത തീവ്രവാദികൾ നടത്തിയ ആക്രമണം മുപ്പതോളം പേരുടെ ജീവനപഹരിച്ച സംഭവത്തെക്കുറിച്ച് മാദ്ധ്യമങ്ങളിലൂടെ ലോകം അറിഞ്ഞപ്പോൾ കൂടുതൽ പേരും അതിനോട് പ്രതികരിച്ചത് വളരെ വിചിത്രമായ രീതിയിലായിരുന്നു. എങ്ങനെയെങ്കിലും പത്രങ്ങളുടെ മുൻപേജിൽ നിന്ന് ഗുജറാത്ത് ഒന്ന് ഒഴിഞ്ഞുകിട്ടി. എന്നാൽ ഒരു വാർത്തയുടെ പ്രാധാന്യത്തെ ഇല്ലാതാക്കുന്ന മറ്റൊരു വാർത്തയുടെ വലിപ്പം മാത്രമല്ല ഈ സംഭവത്തിനുള്ളത് എന്ന് ഇപ്പോൾ ഇന്ത്യയ്ക്കും പാകിസ്ഥാനുമിടയിൽ വളർന്നുവരുന്ന സംഘർഷം സൂചിപ്പിക്കുന്നു. ഇന്ത്യയെ ഒരു വൻകിട യുദ്ധത്തിലേക്ക് പാകിസ്ഥാൻ വലിച്ചിഴച്ചു കൊണ്ടുപോവുകയാണ്. അതിർത്തിയിൽ പടനിക്കവും രാജ്യമൊട്ടാകെ യുദ്ധസന്നദ്ധവും ആയിട്ടുണ്ട്. കാലുചക്ക് സംഭവത്തിന് ഇത്രയും തീവ്രമായ ഒരു പ്രതിരോധം ഇന്ത്യയിൽ നിന്നുണ്ടാകാൻ കാരണമെന്തെന്ന് പലരും തലപുകഞ്ഞ് ആലോചിക്കുന്നു. സാധാരണ ജമ്മുകാശ്മീരിൽ എപ്പോഴും യുദ്ധസമാനമായ സ്ഥിതി വിശേഷമാണുള്ളത്. കൂട്ടക്കൊലകൾ മിക്കവാറും സാധാരണസംഭവം എന്നപോലെ നടക്കുന്നു. അതിർത്തിയിൽ വെടിവയ്പ് നടക്കുമ്പോൾ അതിനനുസരിച്ച് ഇന്ത്യ പ്രതികരിക്കുന്നു. പക്ഷേ. ഒന്നിനുപുറകെ ഒന്നായുള്ള ആക്രമണങ്ങളും, ഒടുവിൽ ആൾ പാർട്ടി ഹുറിയാത്ത് കോൺഫറൻസ് നേതാവായ അബ്ദുൾ ഗനി ലോണിന്റെ കൊലപാതകവും കൂടിയായപ്പോൾ പാകിസ്ഥാന്റെ തീവ്രവാദത്തെ ഇനി വച്ചുപൊറുപ്പിക്കാൻ കഴിയില്ല എന്ന നിലപാട് ഇന്ത്യയ്ക്ക് എടുക്കേണ്ടി വന്നിരിക്കുന്നു.

ഇരുണ്ട പ്രതിച്ഛാ[illegible]

കാലുചക് സംഭവം ഇന്ത്യയെ ഇത്രയേറെ പ്രകോപിപ്പിക്കാനുള്ള കാരണങ്ങളെക്കുറിച്ച് അല്പം ചുഴിഞ്ഞ് ആലോചിക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി ഇന്ത്യയുടെ ആഭ്യന്തരസുരക്ഷയ്ക്ക് ഏറ്റവുമധികം ചോദ്യം ചെയ്യപ്പെട്ട ഒരു സംഭവമായിരുന്നു കഴിഞ്ഞ ഡിസംബറിൽ ഇന്ത്യയുടെ ഭരണകേന്ദ്രമായ പാർലമെന്റിൽ പാകിസ്ഥാൻ തീവ്രവാദികൾ നുഴഞ്ഞു കയറിയത്. അന്താരാഷ്ട്ര ഭീകരവാദത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കും എന്നു വീമ്പ് പറയുന്ന ഇന്ത്യയുടെ മൂക്കിനു താഴെത്തന്നെ തീവ്രവാദം നടത്താൻ പാകിസ്ഥാന് കഴിയും എന്ന് ലോകം മനസ്സിലാക്കിയതോടെ ഇന്ത്യൻ ഭരണനേതൃത്വത്തിന് അതൊരു തീരാക്കളങ്കമായി മാറി. ആ കളങ്കം മായ്ച്ചു കളയുന്നതിനു മുമ്പാണ് അയോദ്ധ്യാസംഭവവും ഗുജറാത്ത്സംഭവവും അരങ്ങേറുന്നത്. അന്താരാഷ്ട്രരംഗത്ത് ഇന്ത്യയുടെ പ്രതിച്ഛായയ്ക്ക് ഏറ്റവുമധികം തകർത്ത ഒരു സംഭവം എന്ന് പ്രധാനമന്ത്രി തന്നെ വിശേഷിപ്പിച്ച തരത്തിലുള്ള വർഗ്ഗീയകലാപമായിരുന്നു ഗോദ്ര സംഭവത്തെത്തുടർന്ന് ഗുജറാത്തിൽ ഉണ്ടായത്. അതിനെ തുടർന്ന് ഹൈന്ദവികത ഇന്ത്യയിൽ വളർന്നുവരുന്നുവെന്നും അത് ഒരു തീവ്രവാദമായി പരിണമിക്കുകയാണെന്നുമുള്ള അന്താരാഷ്ട്രതലത്തിലുള്ള ശക്തിയേകുന്ന ഒരു സംഭവമായിരുന്നു ഗുജറാത്തിലുണ്ടായത്. തൊട്ടുപിന്നാലെ പാലസ്റ്റീനെ ഇസ്രയേൽ ആക്രമിക്കുകയും യാസർ അരാഫത്തിനെ തടവിൽ വയ്ക്കുകയും പാലസ്റ്റീൻ സ്വാതന്ത്ര്യപ്പോരാളികളെ നിഷ്കരുണം കൊലപ്പെടുത്തുകയും ചെയ്തപ്പോൾ ഇന്ത്യൻ നേതൃത്വത്തിന് ആ സംഭവത്തെ അപലപിക്കാൻ കഴിയാതെ പോയി. കഴിഞ്ഞ ദശകങ്ങളിൽ ഇന്ത്യ എടുത്ത നിലപാടിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു ഈ നിലപാട്. ഇസ്രായേലിന് അനുകൂലമായി ഇന്ത്യ പാലിച്ച മൗനം അമേരിക്കയുടെ നേതൃത്വത്തിലുള്ള ചില പാശ്ചാത്യലോബികൾ എടുത്തിരിക്കുന്ന ഭൂരിപക്ഷ വർഗ്ഗീയത എന്ന നയത്തിന് ഇന്ത്യയുടെ പാലം വലിച്ചു. പക്ഷേ മുഷ്റഫ് വെടിൽ വീണത് സെപ്റ്റംബർ പതിനൊന്നിന് ലോകവ്യാപാര കേന്ദ്രത്തിനു നേർക്ക് ഇസ്ലാമിക തീവ്രവാദികൾ വിമാനാക്രമണം നടത്തിയതോടെയാണ്. അഫ്ഘാനിസ്ഥാൻ കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒസാമാ ബിൻലാദനും അൽ കൊയ്ദയും അമേരിക്കയുടെ ടാർഗെറ്റുകൾ ആയപ്പോൾ പിന്നെ പാകിസ്ഥാന് അഫ്ഘാനിസ്ഥാനിലെ താലിബൻ ഭരണകൂടത്തെ സഹായിക്കുന്നതുവഴി തീവ്രവാദം വളർത്താൻ കഴിയില്ല എന്ന സ്ഥിതി വന്നു. അങ്ങിനെ ഇന്ത്യയും പാകിസ്ഥാനും യുദ്ധസന്നദ്ധരായി നിൽക്കുമ്പോഴും പേ[illegible]സ് അഥവാ അമേരിക്ക വന്നാൽ രണ്ടുപേർക്കും പിന്തിരിഞ്ഞോടാം എന്നൊരു ആശ്വാസവും അവർക്കുള്ളിൽ വളരുന്നുണ്ട്. പക്ഷേ ഗ്രൗണ്ട് റിയാലിറ്റി അഥവാ അടിത്തറ യാഥാർത്ഥ്യത്തെ നേരിടണമെങ്കിൽ ഇരുരാജ്യങ്ങൾക്കും അവരുടെ സ്വന്തം പൗരന്മാരെ സംരക്ഷിക്കാൻ കഴിയുമെന്ന് തെളിയിച്ചേ പറ്റൂ. അങ്ങനെ വരുമ്പോൾ ലോകപോലീസിനെ തങ്ങളുടെ പ്രശ്നങ്ങൾ പിന്നാമ്പുറത്തിലൂടെ അറിയിച്ച് തൽകാലം രംഗത്തു വരാതിരിക്കുന്നതിനു വേണ്ട ശ്രമങ്ങൾ നടത്താനേ കഴിയൂ. അതു തന്നെയാണ് ഇപ്പോൾ കാണുന്ന ഇന്തോ-പാക് സംഘർഷത്തിലും സംഭവിക്കുന്നത്. പാകിസ്ഥാനിൽ ജനാധിപത്യവ്യവസ്ഥിതിയെ മാനിക്കുന്ന ഒരു തെരഞ്ഞെടുക്കപ്പെട്ട ഭരണകൂടം സ്ഥാപിക്കാൻ വേണ്ട നടപടികൾ എത്രയും വേഗം നടത്തും എന്നു പറഞ്ഞുകൊണ്ടാണ് നവാസ് ഷെരീഫ് ഭരണകൂടത്തെ വിമാനത്തിലിരുന്നുകൊണ്ട് അട്ടിമറിച്ചിട്ട് ജനറൽ പർവേഷ് മുഷ്റഫ് ഭരണം പിടിച്ചെടുത്തത്. തുടർന്ന് നന്മനിറഞ്ഞ ഏകാധിപതി എന്ന പ്രതിച്ഛായ വളർത്താനായിരുന്നു മുഷ്റഫ് ശ്രമിച്ചത്. ഇന്ത്യയുമായി നല്ല ബന്ധം ഉണ്ടാക്കും എന്നുപറഞ്ഞ മുഷ്റഫ് ഒടുവിൽ ആഗ്രാ സന്ദർശനസമയത്ത് ഇന്ത്യയുടെ പാലം വലിച്ചു. പക്ഷേ മുഷ്റഫ് വെടിൽ വീണത് സെപ്റ്റംബർ പതിനൊന്നിന് ലോകവ്യാപാര കേന്ദ്രത്തിനു നേർക്ക് ഇസ്ലാമിക തീവ്രവാദികൾ വിമാനാക്രമണം നടത്തിയതോടെയാണ്. അഫ്ഘാനിസ്ഥാൻ കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒസാമാ ബിൻലാദനും അൽ കൊയ്ദയും അമേരിക്കയുടെ ടാർഗെറ്റുകൾ ആയപ്പോൾ പിന്നെ പാകിസ്ഥാന് അഫ്ഘാനിസ്ഥാനിലെ താലിബൻ ഭരണകൂടത്തെ സഹായിക്കുന്നതുവഴി തീവ്രവാദം വളർത്താൻ കഴിയില്ല എന്ന സ്ഥിതി വന്നു. അങ്ങിനെ ഇന്ത്യയും പാകിസ്ഥാനും യുദ്ധസന്നദ്ധരായി നിൽക്കുമ്പോഴും പേ[illegible]സ് അഥവാ അമേരിക്ക വന്നാൽ രണ്ടുപേർക്കും പിന്തിരിഞ്ഞോടാം എന്നൊരു ആശ്വാസവും അവർക്കുള്ളിൽ വളരുന്നുണ്ട്. പക്ഷേ ഗ്രൗണ്ട് റിയാലിറ്റി അഥവാ അടിത്തറ യാഥാർത്ഥ്യത്തെ നേരിടണമെങ്കിൽ ഇരുരാജ്യങ്ങൾക്കും അവരുടെ സ്വന്തം പൗരന്മാരെ സംരക്ഷിക്കാൻ കഴിയുമെന്ന് തെളിയിച്ചേ പറ്റൂ. അങ്ങനെ വരുമ്പോൾ ലോകപോലീസിനെ തങ്ങളുടെ പ്രശ്നങ്ങൾ പിന്നാമ്പുറത്തിലൂടെ അറിയിച്ച് തൽകാലം രംഗത്തു വരാതിരിക്കുന്നതിനു വേണ്ട ശ്രമങ്ങൾ നടത്താനേ കഴിയൂ. അതു തന്നെയാണ് ഇപ്പോൾ കാണുന്ന ഇന്തോ-പാക് സംഘർഷത്തിലും സംഭവിക്കുന്നത്. പാകിസ്ഥാനിൽ ജനാധിപത്യവ്യവസ്ഥിതിയെ മാനിക്കുന്ന ഒരു തെരഞ്ഞെടുക്കപ്പെട്ട ഭരണകൂടം സ്ഥാപിക്കാൻ വേണ്ട നടപടികൾ എത്രയും വേഗം നടത്തും എന്നു പറഞ്ഞുകൊണ്ടാണ് നവാസ് ഷെരീഫ് ഭരണകൂടത്തെ വിമാനത്തിലിരുന്നുകൊണ്ട് അട്ടിമറിച്ചിട്ട് ജനറൽ പർവേഷ് മുഷ്റഫ് ഭരണം പിടിച്ചെടുത്തത്. തുടർന്ന് നന്മനിറഞ്ഞ ഏകാധിപതി എന്ന പ്രതിച്ഛായ വളർത്താനായിരുന്നു മുഷ്റഫ് ശ്രമിച്ചത്. ഇന്ത്യയുമായി നല്ല ബന്ധം ഉണ്ടാക്കും എന്നുപറഞ്ഞ മുഷ്റഫ് ഒടുവിൽ ആഗ്രാ സന്ദർശനസമയത്ത് [illegible] എന്ന ലക്ഷ്യത്തോടെ ഒരു[illegible] നുള്ള തീരുമാനം പാക് പ്രസിഡന്റ് [illegible] യും വീണ്ടും വമ്പിച്ചൊരു അട്ടിമറിയിലൂടെ [illegible] റഫറണ്ടം തനിയ്ക്ക് അനുകൂലമാക്കുകയും ചെയ്തു. മുഷ്റഫ് ഇതുവഴി ഒന്നിലധികം ലക്ഷ്യങ്ങളാണ് ഒറ്റയടിയ്ക്ക് നേടിയത്. പാകിസ്ഥാൻ ജനതയ്ക്ക് തന്റെ ഭരണം മതി എന്ന പ്രതിച്ഛായ പാശ്ചാത്യശക്തികളുടെ മുന്നിൽ സൃഷ്ടിക്കാൻ കഴിഞ്ഞു. അന്താരാഷ്ട്ര തീവ്രവാദത്തിനെതിരെയുള്ള കൂട്ടായ്മയിൽ പാകിസ്ഥാൻ വളരെയധികം സഹകരിക്കും എന്ന ഉറപ്പും മുഷ്റഫ് മുന്നോട്ട് വച്ചു. പാകിസ്ഥാന് മേലുള്ള ഉപരോധങ്ങൾ ക്രമേണ മാറിവരികയും യൂറോപ്യൻ യൂണിയൻ പ്രതിനിധികളും അമേരിക്കൻ പ്രതിനിധികളും പാകിസ്ഥാനുമായി കൂടുതൽ സഹകരണം ആരംഭിക്കുകയും ചെയ്തുവരികയായിരുന്നു. ഇത് പാകിസ്ഥാന്റെ ആത്മവിശ്വാസം വളരെയധികം വർദ്ധിപ്പിച്ചിരുന്നു.

ഇന്ത്യയുടെ അവസ്ഥ നേരേ മറിച്ചായിരുന്നു. രാഷ്ട്രീയവും സാമൂഹികവുമായ അസ്ഥിരത വളരെയധികം പ്രകടമാവുകയായിരുന്നു കഴിഞ്ഞ ഏതാനും മാസങ്ങളിൽ. ഗുജറാത്ത് സംഭവത്തെത്തുടർന്ന് അരിഹൈന്ദവശക്തികൾക്ക് ബി.ജെ.പിയുടെ മേലുണ്ടായ വമ്പിച്ച സ്വാധീനം ഇന്ത്യയെ ഒരു അതിഹൈന്ദവശക്തിയായി മാറ്റും എന്ന ധാരണ പരന്നതോടെ ദേശീയ ജനാധിപത്യ സഖ്യത്തിലെ ഘടകകക്ഷികൾ പാർട്ടിയ്ക്കെതിരെ വിമർശനവുമായി രംഗത്ത് എത്തിയിരുന്നു. പ്രതിപക്ഷത്തിന്റെ തന്ത്രപൂർവ്വമായ നീക്കങ്ങൾ കേന്ദ്രസർക്കാരിന്റെ പ്രവർത്തനങ്ങളെ പൊളിച്ചുകാട്ടിക്കൊണ്ടിരുന്നു. ബജറ്റിൽ ഇത്തവണ കാണപ്പെട്ട അസ്ഥിരതയും ഹൈന്ദവനേതാക്കന്മാരുടെ അഭിപ്രായത്തെത്തുടർന്നുള്ള നികുതി പിൻവലിക്കലുകളും ബിസിനസ് നേതാക്കൾ മുതലിറക്ക് നടത്താൻ വേണ്ട സാഹചര്യം ഇന്ത്യയിൽ ഇല്ല എന്ന് പ്രസ്താവിച്ച



അതിർത്തിയിലെ സൈനികസന്നാഹങ്ങൾക്കിടയിൽനിന്ന്

...ന് ഉടമ്പടിയുടെ ഭാഗമായി ഒരു രാഷ്ട്രീയ ഉടമ്പടിയും ...ഭരണത്തിൽ കഴിയില്ല എന്ന ഉറപ്പും എല്ലാം. ഇന്ത്യൻ രാഷ്ട്രീയാസ്ഥിരതയെ വിളിച്ചു പറയുന്ന സൂചനകളായി. ഈ അവസരത്തിലാണ് ജമ്മു-കാശ്മീരിൽ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നടപടികൾ ആരംഭിച്ചത്. കാശ്മീരിൽ വളരെ നീതിയുക്തമായ ഒരു ഭരണം ജനാധിപത്യമര്യാദകളിലൂടെ കൊണ്ടുവരും എന്നുള്ള കേന്ദ്രസർക്കാരിന്റെ ആവർത്തിച്ചുള്ള ഉറപ്പ്, കേന്ദ്ര ഭരണത്തിലെ ഘടകകക്ഷിയും, കാശ്മീരിലെ ഭരണകക്ഷിയുമായ നാഷണൽ കോൺഫറൻസിനെ വീണ്ടും അധികാരത്തിൽ എത്തിക്കുന്നതിനുള്ള തന്ത്രമാണെന്ന് പൊതുവെ കാശ്മീരിലെ വിഘടനവാദികൾ വിശ്വസിച്ചുവരുന്നുണ്ട്. ഇന്ത്യൻ സർക്കാർ റിമോട്ട് കൺട്രോൾ ചെയ്യുന്ന ഒരു പാവഭരണകൂടമായിരിക്കും അതെന്നുള്ള മുറവിളിയും തെരഞ്ഞെടുപ്പ് പട്ടാളത്തിന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്ന വെറും നാടകമാണെന്നുള്ള അഭിപ്രായവും എല്ലാക്കാലത്തുമെന്നപോലെ ഇപ്പോഴും വിഘടനവാദികൾ ഉയർത്തിയിരുന്നു. ആൾ പാർട്ടി ഹുരിയാത്ത് കോൺഫറൻസ് രാഷ്ട്രീയ സ്വാതന്ത്ര്യമുള്ള സ്വതന്ത്രകാശ്മീരിന് വേണ്ടിയുള്ള വാദം തുടരവേ നാഷണൽ കോൺഫറൻസ് സ്വയം ഭരണാവകാശം ഉള്ള ഒരു സ്റ്റേറ്റാക്കി കാശ്മീരിനെ മാറ്റാൻ കേന്ദ്രസർക്കാരുമായി നീക്കുപോക്കുകൾ നടത്തിവരികയാണ്. ഇതേ സമയം പാകിസ്ഥാൻ തീവ്രവാദികൾക്കാകട്ടെ കാശ്മീരിനെ പാകിസ്ഥാനോടു കൂറുപുലർത്തുന്ന പ്രത്യേകരാജ്യം ആക്കണമെന്നാണ്. ഇന്ത്യൻ സർക്കാർ അതിന്റെ നയപരിപാടികളിലൂടെയും, ഹുരിയാത്ത് നേതൃത്വം ചർച്ചകളിലൂടെയും തീവ്രവാദികൾ ആയുധങ്ങളിലൂടെയും അവരവരുടെ അജണ്ടകൾ സൗകര്യമുള്ളപ്പോഴെല്ലാം നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

പാശ്ചാത്യ നേതാക്കൾ ദക്ഷിണേഷ്യ സന്ദർശിക്കുമ്പോൾ സ്വാഭാവികമായും കാശ്മീരുമായി ബന്ധപ്പെട്ട കക്ഷികൾ അവരവരുടെ പ്രശ്നങ്ങൾ സന്ദർശകരുടെ മുന്നിൽ അവരവരുടെ രീതിയിൽ പ്രകാശിപ്പിക്കാൻ ശ്രമിക്കാറുണ്ട്. കാലുചക്ക് ആക്രമണത്തിനു കാരണമായി സൂചിപ്പിക്കപ്പെടുന്ന കാരണങ്ങളിൽ പ്രധാനം ഇത്തരത്തിലൊരു ശ്രദ്ധ ക്ഷണിക്കലാണ്. അമേരിക്കൻ സ്റ്റേറ്റ് ഉപ സെക്രട്ടറി ശ്രീമതി ക്രിസ്റ്റീനാ റോച്ച ഇന്ത്യ സന്ദർശിക്കുന്ന വേളയിലാണ് കാലുചക്കിൽ തീവ്രവാദികൾ ആക്രമണം അഴിച്ചു വിട്ടത്. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ സംഭവങ്ങളിലായി തീവ്രവാദികൾ നാല് ഇന്ത്യൻ ജവാന്മാരെ ആക്രമിച്ച് കൊലപ്പെടുത്തുകയുണ്ടായി. തീവ്രവാദികളുടെ ആക്രമണത്തിന് സമാന്തരമായി അന്താരാഷ്ട്ര അതിർത്തിയിലുടനീളം പാകിസ്ഥാൻ സൈന്യം ഇന്ത്യൻ പോസ്റ്റുകൾക്ക് നേരെ ശക്തമായ ഷെല്ലിങ്ങും പീരങ്കി ആക്രമണവും നടത്തി. ക്രിസ്റ്റീനാ റോച്ച ഈ സംഭവ

...ായ നീക്കങ്ങളാണ് പിന്നീട് നടന്ന ...മന്ത്രിയുടെ വേനൽക്കാല വിശ്രമം ...കുപ്വാരയിലേയ്ക്കാക്കി. അവിടെ ...ഇന്ത്യൻ ജവാന്മാരോട് വലിയൊരു ത്യാഗത്തിന് തയ്യാറാകുവാൻ ആവശ്യപ്പെട്ടു. ഇന്ത്യ ...സന്നദ്ധമാണെന്നും ഇന്ത്യൻ ജനതയും രാ...യസംവിധാനവും ജവാന്മാരുടെ പിന്നിൽ ഒ...റ്റക്കെട്ടായി നിൽക്കുന്നുവെന്നും അദ്ദേഹം പ്രഖ്യാപിച്ചു. കര-നാവിക-വ്യോമസേനാ വിഭാഗങ്ങൾ അതിർത്തിയിലുടനീളം തയ്യാറായി. ബംഗാൾ ഉൾക്കടൽ ഭഗത്ത് നിന്നും പടക്കപ്പലുകളും അന്തർവാഹിനികളും മറ്റ് കടൽയുദ്ധസംവിധാനങ്ങളും അറബിക്കടലിലേയ്ക്ക് നീക്കി. ഗുജറാത്തിൽ നിന്ന് സൈന്യത്തെ പിൻവലിച്ച് അവരെ യുദ്ധമുന്നണികളിലേയ്ക്ക് അയച്ചു. രാജ്യത്തെ ക്രൂഡ് ഓയിൽ റിസർവ്സുരക്ഷിതമാക്കി. വാർത്താവിനിമയ സംവിധാനങ്ങളെ സംരക്ഷിക്കാനും രണ്ടാംനിര സംവിധാനങ്ങൾ ശക്തിപ്പെടുത്താനും നടപടികൾ ആരംഭിച്ചു. ഇന്ത്യ ഇപ്പോൾ യുദ്ധത്തിന് ഒരുങ്ങിയിരിക്കുകയാണ്.

യുദ്ധമുഖത്തേക്കുള്ള യാത്രകൾ ജൈത്രയാത്രകളാകുമോ?

പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുമെന്നും ആഭ്യന്തരമന്ത്രി എൽ.കെ. അദ്വാനി പ്രസ്താവിക്കുകയും തുടർന്ന് നടന്ന സുരക്ഷാകാര്യങ്ങളുടെ കാബിനറ്റ് കമ്മിറ്റി പാകിസ്ഥാൻ സ്ഥാനപതി അഷ്റഫ് ജഹാംഗീർ കാസിയെ ഇന്ത്യയിൽ നിന്ന് പുറന്തള്ളാൻ തീരുമാനിക്കുകയും ചെയ്തു. യുദ്ധസാഹചര്യങ്ങളിലേയ്ക്ക് ഇന്ത്യ ക്രമേണ അടുക്കുകയായിരുന്നു. ഇതിനകം പാകിസ്ഥാൻ അതിർത്തിയിൽ പടയൊരുക്കം പൂർത്തിയാക്കുകയും, രാജസ്ഥാൻ അതിർത്തിയിലുള്ള അന്താരാഷ്ട്ര നിയന്ത്രണരേഖയ്ക്ക് സമീപത്തേയ്ക്ക് അതിന്റെ ടാങ്ക് വ്യൂഹങ്ങളെ നീക്കുകയും ചെയ്തു. അതിർത്തിയിലെ മുന്നണിത്താവളങ്ങൾ സന്ദർശിച്ച പ്രതിരോധമന്ത്രി ജോർജ്ജ് ഫെർണാണ്ടസ് ഇന്ത്യ യുദ്ധസന്നദ്ധമാണെന്ന കാര്യം ഉറപ്പ് വരുത്തി. അഭൂ

അണ്വായുധ രാജ്യങ്ങൾ

അണ്വായുധങ്ങളുള്ള രണ്ട് രാജ്യങ്ങൾ, അവരുടെ പരമ്പരാഗത ശത്രുതയ്ക്ക് മുകളിൽ പുതിയ ആക്രോശങ്ങളുമായി മുഖാമുഖം നിൽക്കാൻ തുടങ്ങിയത് ശ്രദ്ധാപൂർവ്വം വീക്ഷിച്ചിരുന്ന അമേരിക്കയും യൂറോപ്യൻ യൂണിയനും റഷ്യയും ബ്രിട്ടനും വരാനിരിക്കുന്ന ഒരു യുദ്ധത്തിന്റെ ഭീകരാവസ്ഥയെക്കുറിച്ച് ഇരുരാജ്യങ്ങളെയും പറഞ്ഞുമനസ്സിലാക്കാൻ ശ്രമിക്കുകയാണിപ്പോൾ. ക്രെംലിനിൽ നടന്ന അമേരിക്കൻ-റഷ്യൻ ഉച്ചകോടിയിലും ചർച്ചചെയ്യപ്പെട്ട പ്രധാനവിഷയം എങ്ങനെ ഇന്ത്യയെയും പാകിസ്ഥാനെയും യുദ്ധത്തിൽ നിന്ന് പിന്തിരിപ്പിക്കാം എന്നതാണ്. ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കണം എന്ന വളരെപ്പഴക്കം ചെന്ന വാദം അടിസ്ഥാനമാക്കിയും മറ്റൊരു പകരം സംവിധാനവും ഇപ്പോൾ പാശ്ചാത്യലോബിയ്ക്കും മുന്നോട്ട് വയ്ക്കാനില്ല എന്നതാണ് വസ്തുത. കാർഗിലിൽ പരമ്പരാഗതയുദ്ധതന്ത്രങ്ങൾ മാറ്റുരച്ച ഇന്ത്യയും പാകിസ്ഥാനും ഇനിയൊരു യുദ്ധത്തിൽ പരമ്പരാഗത സംവിധാനങ്ങളേക്കാൾ കൂടുതൽ, മാരകമായ അണുയുദ്ധത്തിനു മുതിരും എന്ന ഭയം എല്ലായിടത്തും നിലനിൽക്കുന്നുണ്ട്. ഇത് ദക്ഷിണേഷ്യൻ മേഖലയെ ഒന്നാകെ അസ്ഥിരപ്പെടുത്തും എന്ന് പാശ്ചാത്യലോബികൾ മനസ്സിലാക്കുന്നു. ശ്രീലങ്ക, ബംഗ്ലാദേശ് തുടങ്ങിയ ദക്ഷിണേഷ്യൻ രാജ്യങ്ങൾ അമേരിക്കയുടെ നേരിട്ടുള്ള ഇടപെടലിന് ആഹ്വാനം നൽകിയിട്ടുണ്ട്. ഇന്ത്യയുടെ വാക്കുകളെ വിലമതിയ്ക്കുന്ന റഷ്യ, അമേരിക്ക വിചാരിച്ചാൽ മാത്രമേ പാകിസ്ഥാനെ നിലയ്ക്കു നിറുത്താൻ ആകൂ എന്ന് പറയുന്നുണ്ട്. ചുരുക്കത്തിൽ ദക്ഷിണേഷ്യയിൽ അമേരിക്കയുൾപ്പെടെയുള്ള പാശ്ചാത്യ ശക്തികൾക്ക് ഉള്ള താത്പര്യങ്ങൾ സംരക്ഷിക്കണമെങ്കിൽ ഇന്ത്യയും പാകിസ്ഥാനും യുദ്ധം ചെയ്യാൻ പാടില്ല. അതേ സമയം അവർ തമ്മിലുള്ള ചെറുകിട ഉരസലുകൾ നിലനിൽക്കുകയും വേണം. ഇന്തോ-പാക് ബന്ധത്തിലുള്ള അസ്വാരസ്യങ്ങളെ അതേപടി നിലനിറുത്തിക്കൊണ്ട് എങ്ങനെ ഒരു യുദ്ധം ഒഴിവാക്കാം എന്ന ചിന്തയിലാണ് പാശ്ചാത്യലോബി. കാരണം ഈ ലോബിയ്ക്ക് ഇതിൽ കൂടുതൽ ഒരു റോൾ തൽക്കാലം നിർവ്വഹിക്കാനില്ല. അന്താരാഷ്ട്ര അതിർത്തിയെ പാകിസ്ഥാൻ മാനിക്കണമെന്നും ഇന്തോ-പാക് പ്രശ്നം ഉഭയകക്ഷികൾ തമ്മിലുള്ള ഒരു യുദ്ധമായി വികസിക്കാനുള്ള സാദ്ധ്യതകൾ വളരെ വിരളമാണ്. കാരണം ആഗോളവത്കരണത്തിന്റെ ഈ നാളുകളിൽ ഓരോ രാജ്യത്തിനും അതിന്റെ താത്പര്യ സംരക്ഷണത്തിന് അതുമായി ബന്ധപ്പെടുന്ന മറ്റെല്ലാ രാജ്യങ്ങളുടെയും സഹകരണം ആവശ്യമാണ്. ആഗോളവത്കരണത്തിൽ വിരോധങ്ങൾ ചെറുചെറു പ്രകടനങ്ങളിലും പ്രതിരോധങ്ങളിലും ഒതുങ്ങും. എന്നാൽ നയം സൗഹൃദത്തിന്റേതായിരിക്കും. ഇറാക്കിനുമേൽ പോർമുഖം ഏർപ്പെടുത്തിയിരുന്ന ഉപരോധങ്ങൾ ക്രമേണ മാറ്റുവാൻ ഇന്ന് പാശ്ചാത്യലോബി തയ്യാറാവുകയാണ് എന്ന വസ്തുത ഓർക്കേണ്ടതുണ്ട്. കൂടാതെ വളരെ നാളുകളായി തുടർന്നു പോരുന്ന ഇസ്രായേൽ -പാലസ്റ്റീൻ യുദ്ധത്തിൽ മറ്റ് രാജ്യങ്ങളൊന്നും നേരിട്ട് കക്ഷി ചേരുന്നില്ല എന്ന



പടയോട്ടത്തിന് പച്ചക്കൊടികാത്ത് ഒരു ഇന്ത്യൻ കവചിതവാഹനം

...കക്ഷികൾ അരിന്റെ ...ലങ്ങളും ഉപയോഗിക്കുന്നു. ...ക്കൾ മാത്രമായിരിക്കും. അമേരിക്ക ...ക്കുന്ന ചൈന പോലും ഈ യുദ്ധത്തിൽ ...ചേരും എന്ന് കരുതുക വയ്യ.

അങ്ങിനെയിരിക്കേ ആർക്കാണ് ഈ യുദ്ധം വേണ്ടത്? ഇന്ന് ബി.ജെ.പിയ്ക്ക് അതിന്റെ നഷ്ടപ്പെട്ട പ്രതിച്ഛായ തിരിച്ച് പിടിക്കാൻ ഒരു യുദ്ധം ചെയ്യുന്നത് നല്ലതായിത്തോന്നാം. എന്നാൽ യുദ്ധത്തിൽ നിയമങ്ങളില്ല. മുട്ടിന് താഴെ മാത്രമേ എറിയാവൂ എന്ന് പറഞ്ഞുതുടങ്ങുന്ന എറിപ്പന്തുകളി മുതുകിലേയ്ക്കു നീങ്ങുന്ന ബോഡിലൈൻ പരിപാടിയാണ് യുദ്ധം. അണുശക്തി ഉപയോഗിക്കില്ലെന്ന് പറഞ്ഞുതുടങ്ങുന്ന യുദ്ധം ഒടുവിൽ അർജ്ജുനവിഷാദയോഗത്തിൽ കലാശിക്കും. ഡൽഹിയും മുംബൈയും ഇന്ത്യയുടെ ഭൂപടത്തിലെ രണ്ട് കറുത്ത കുഴികളായി മാറുമോ? . പാകിസ്ഥാൻ നിന്നിരുന്നിടത്ത് ഒരു ചെറിയ കറുത്ത പാടും. ഡൽഹിയിലും മുംബൈയിലും ജനജീവിതം സാധാരണ നിലയിൽ പുരോഗമിക്കുകയാണ്. മൃതിയുടെ കറുത്തപുഷ്പം വിടർന്ന് അതിന്റെ നിഴലിൽ നാളെ മരവിയ്ക്കാൻ വേണ്ടി മാത്രം.

"ഉയിരറ്റ നിൻമുഖത്തശ്രു ബിന്ദുക്കളാൽ/ ഉദകം പകർന്നു വിലപിക്കാൻ ഇവിടെയവശേഷിക്കില്ലാരും/ ഈ ഞാനും അതിനാൽ ഞാനിന്നേകുറിച്ചിടുന്നു/ ഇനിയും മരിയ്ക്കാത്ത ഭൂമി നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി അമൃതശാന്തി."

ന്തോ-പാക് അതിർത്തിയിലെ പ്രശ്നങ്ങൾക്ക് യുദ്ധം ആത്യന്തിക പരിഹാരം കൊണ്ടുവരുമോ?

എം.ശങ്കർ

കാലുചക്രത്തിൽ സാധാരണ പൗരന്മാർക്ക് നേരെ നടന്ന തീവ്രവാദി ആക്രമണവും ഹൂറിയത്ത് നേതാവ് അബ്ദുൾഗനി ലോണിന്റെ കൊലപാതകവും ഇന്ത്യാ-പാക് അതിർത്തിയിൽ വീണ്ടും യുദ്ധമേഘങ്ങളെ നിറച്ചുകഴിഞ്ഞു. നാളിതുവരെ പ്രകടിപ്പിക്കാത്തവിധം അതിശക്തമായ ഭാഷയിലാണ് പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി പാകിസ്ഥാനെതിരെ സംസാരിച്ചത്. ഒരു അന്തിമയുദ്ധത്തിനുതന്നെയാണ് ഇന്ത്യ തയ്യാറെടുക്കുന്നതെന്ന് വ്യക്തമാക്കാൻ അദ്ദേഹം മടിച്ചില്ല. പാകിസ്ഥാന്റെ ഭാഗത്തുനിന്നുള്ള പിൻവാങ്ങൽസൂചനകൾ സംഘർഷത്തിൽ നേരിയ അയവു വരുത്തിയിട്ടുണ്ട്. നയതന്ത്രചർച്ചകൾക്കുള്ള ഒരിടം ഇരുരാജ്യങ്ങൾക്കുമിടയിൽ രൂപം കൊണ്ടിട്ടുണ്ട്. പക്ഷേ, ഇതുതന്നെ വളരെ ലോലമായ ഒരടിസ്ഥാനത്തിലാണ് നിലനിൽക്കുന്നത്. സ്വന്തം മണ്ണിൽ തീവ്രവാദ പ്രവർത്തനത്തിന് സഹായമനുവദിക്കുകയില്ലെന്നും അതിർത്തികടന്നുള്ള നുഴഞ്ഞുകയറ്റത്തിന് വിരാമമിടാൻ പരമാവധി ശ്രമിക്കുമെന്നുമുള്ള പാകിസ്ഥാൻ പ്രസിഡന്റ് പർവേസ് മുഷറഫിന്റെ വാക്കുകൾ പ്രവൃത്തിയിൽ പ്രതിഫലിച്ചുകാണണമെന്ന് ഇന്ത്യ ആഗ്രഹിക്കുന്നു. അന്തർദേശീയ നയതന്ത്രസമ്മർദ്ദങ്ങളെ തുടർന്നാണ് മുഷറഫ് ഇത്തരമൊരു നിലപാടെടുക്കാൻ നിർബന്ധിതമായത് എന്നത് വ്യക്തമാണ്. പക്ഷേ, പാക് നിലപാട് ഏതു രീതിയിലാകും പ്രാവർത്തികമാകുക എന്നത് നിരീക്ഷകരെ കുഴക്കുന്നുണ്ട്. വർഷങ്ങളായി തുടർന്നുവരുന്ന 'പ്രോക്സി-വാർ' പൊടുന്നനെ ഒരു ദിവസം നിറുത്താൻ പാകിസ്ഥാന് സാധിക്കുമോ എന്നു സംശയിക്കുന്നവരുണ്ട്. കുറേക്കാലത്തേയ്ക്കെങ്കിലും നുഴഞ്ഞുകയറ്റത്തെ തടയാൻ മുഷറഫിന് കഴഞ്ഞാൽത്തന്നെയും കേവലം അടവുപരമായ ഒരു നയം മാത്രമായിരിക്കുമോ അതോ ദീർഘകാലാടിസ്ഥാനത്തിലുള്ള തന്ത്രപരമായ ഒരു നിലപാടുമാറ്റത്തിന്റെ സൂചനയാണോ അതെന്ന് വ്യക്തമായിക്കാണാൻ ഇന്ത്യ ആഗ്രഹിക്കുന്നു.



അതിർത്തിയിൽ സ്വന്തം സൈന്യത്തെ വിന്യസിക്കുമ്പോൾ ഇന്ത്യ ഒരു കാര്യം വ്യക്തമാക്കിയിരുന്നു. അതിർത്തി നുഴഞ്ഞുകയറിയുള്ള തീവ്രവാദികളുടെ പ്രവർത്തനങ്ങൾക്ക് എന്നന്നേക്കുമായുള്ള ഒരു പരിഹാരമാണ് ഇന്ത്യ ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ വ്യക്തവും പൊടുന്നനെയുള്ളതുമായ ഒരു സമീപനം പാകിസ്ഥാന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഇന്ത്യ ആഗ്രഹിക്കുന്നു. അതേസമയം നുഴഞ്ഞുകയറ്റത്തെ തടയുന്ന പാക് നിലപാട് താൽക്കാലികവും അടവുപരവും മാത്രമായിരിക്കരുത്. ഇത്തരമൊരു നിലപാട് പാകിസ്ഥാൻ സ്വീകരിക്കുന്നില്ലെങ്കിൽ അതിർത്തിയിൽനിന്ന് സൈന്യത്തെ പിൻവലിക്കാൻ ഇന്ത്യ തയ്യാറാവില്ല എന്നാണ് സൂചനകൾ. അതായത് പാകിസ്ഥാന്റെ ഭാഗത്തുനിന്ന് ഏതെങ്കിലുമൊരു ആക്രമണസൂചനയുണ്ടായാൽ, ശക്തമായി പ്രത്യാക്രമണം നടത്താനാവുംവിധമാണ് ഇന്ത്യൻ സൈന്യം വിന്യസിക്കപ്പെട്ടിരിക്കുന്നത്. അതേസമയം നുഴഞ്ഞുകയറ്റം തടയുന്നകാര്യത്തിൽ പാകിസ്ഥാന്റെ ഭാഗത്തുനിന്ന് ആശാവഹമായ സൂചനകൾ ലഭിച്ചാൽ സൈന്യത്തെ പിൻവലിക്കുന്നതിന് സാവധാനത്തിൽ ഇന്ത്യ ശ്രമിക്കുകയും ചെയ്യും. ഒപ്പം അതിനെ പിന്തുടർന്ന് രൂപപ്പെടാവുന്ന നയതന്ത്ര സംഭാഷണങ്ങളുടെ അവസരങ്ങൾ ഒരുപക്ഷേ, ഇന്ത്യക്കും പാകിസ്ഥാനുമിടയിൽ പുതിയൊരു നല്ല ബന്ധത്തിന്റെ തുടക്കമായിക്കുടെന്നുമില്ല. അതായത് ഇപ്പോഴും നയതന്ത്രത്തിന്റെ ചാലുകൾ ഇരുരാജ്യങ്ങൾക്കുമിടയിൽ തുറന്നുകിടക്കുന്നുണ്ട്. ഇതിനെ പ്രയോജനപ്പെടുത്തണമെങ്കിൽ സമാധാനത്തിനോടുള്ള പ്രതിബദ്ധത ഇരുരാജ്യങ്ങളും പുലർത്തണമെന്നർത്ഥം.



എന്തായാലും ഒരു കാര്യം വ്യക്തമാണ്. പൊ

ഇതുഭാ
ിടുണ്ട്. പ
ിവരെ കാരണ
മാണ് എന്നതിനാൽ പൊടുന്നനെ ഒരു പരിഹാ
രം അതിനില്ല എന്നതും മനസ്സിലാക്കപ്പെടേണ്ട
തുണ്ട്. പാകിസ്ഥാനിലെ അർത്ഥപൂർണ്ണമായ
ജനാധിപത്യംപോലും ഇന്ത്യാവിരുദ്ധ വാചാടോ
പം ഉപേക്ഷിക്കുന്നതിന് സഹായകമായില്ല എ
ന്നതിന് ബേനസീർ ഭൂട്ടോവിന്റെയും നവാസ്
ഷെരീഫിന്റെയും ഭരണം സാക്ഷിയാകുന്നുണ്ട്.
വളരെ സങ്കീർണ്ണമായ ഈ പ്രശ്നത്തിൽ ഒരു



ഫോട്ടോ:
കെ. രാജഗോപാൽ

പാകിസ്ഥാൻ മുൻകൈ എടുത്താൽ മാത്രം സമാധാനം

കെ.പി.എസ്. മേനോൻ

ഇന്ത്യയുടെയും പാകിസ്ഥാന്റെയും അതിർത്തിയിൽ സമാധാനം കൈവരണമെങ്കിൽ പാകിസ്ഥാന്റെ ഭാഗത്തുനിന്ന് സമൂർത്തമായ നടപടികൾ ആവശ്യമാണെന്ന് ഇന്ത്യയുടെ മുൻവിദേശകാര്യ സെക്രട്ടറിയും പ്രഗത്ഭ നയതന്ത്രജ്ഞനുമായ കെ.പി.എസ്. മേനോൻ (ജൂനിയർ) അഭിപ്രായപ്പെടുന്നു. അതിർത്തിയിൽ സംഘർഷം രൂപപ്പെട്ടതുമുതൽ സംഭവവികാസങ്ങളെ സസൂക്ഷ്മം വിലയിരുത്തുന്ന കെ.പി.എസ്.മേനോൻ ഒരു യുദ്ധം ഒഴിവാക്കാൻ കഴിയുമോ എന്ന കാര്യത്തിൽ സംശയാലുവാണ്.

പ്രശസ്ത നയതന്ത്രജ്ഞനായ കെ.പി.എസ്. മേനോന്റെ പുത്രനായി 1929-ൽ പാകിസ്ഥാനിലെ പെഷവാറിൽ ജനിച്ച മേനോൻ തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കിയത് ഡൽഹിയിലും ഓസ്ട്രേലിയയിലുമാണ്. പിതാവിനോടൊപ്പം തന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും വിദേശത്താണ് അദ്ദേഹം ചെലവഴിച്ചത്. 1951-ൽ ഇന്ത്യൻ വിദേശകാര്യ വകുപ്പിൽ ചേർന്നു. 1970-75 കാലഘട്ടത്തിൽ ഡൽഹിയിൽ വിദേശകാര്യ മന്ത്രാലയത്തിലെ നയരൂപീകരണ സമിതിയുടെ അദ്ധ്യക്ഷനായിരുന്നു. ഹംഗറി, ബംഗ്ലാദേശ്, ഈജിപ്ത്, ജപ്പാൻ, ചൈന എന്നിവിടങ്ങളിൽ നയതന്ത്ര പ്രതിനിധിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1987-ൽ രാജീവ് ഗാന്ധി സർക്കാരിന്റെ കാലത്ത് ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറിയായി. ഇപ്പോൾ തിരുവനന്തപുരത്ത് വിശ്രമജീവിതം നയിക്കുന്ന അദ്ദേഹവുമായി നടത്തിയ അഭിമുഖസംഭാഷണത്തിൽനിന്ന്:

ഇന്നത്തെ പത്രങ്ങളിലെ റിപ്പോർട്ടനുസരിച്ച് പാകിസ്ഥാൻ ഒരു അനുനയത്തിന്റെ പാത സ്വീകരിച്ചതായി കാണുന്നു. ഇന്ത്യയുടെ പക്ഷത്തും കുറച്ച് അയവു വന്നിട്ടുണ്ടെന്നാണ് വാർത്തകൾ സൂചിപ്പിക്കുന്നത്. യുദ്ധം ഒഴിവാക്കാനുള്ള സാദ്ധ്യതകൾ രൂപപ്പെടുന്നുവെന്നാണോ മനസ്സിലാക്കേണ്ടത്?

നയതന്ത്ര ചർച്ചകളിലൂടെ യുദ്ധം ഒഴിവാക്കാനുള്ള സാദ്ധ്യതകൾ ഇപ്പോഴുമുണ്ട്. ഇത്തരം സാദ്ധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്നുതന്നെയാണ് എന്റെ ദൃഢ അഭിപ്രായം. ...രയത്തിൽ പാകിസ്ഥാന്റെ ഭാഗത്തു ...സമൂർത്തമായ നടപടികൾ ഉണ്ടാ ...ാവശ്യമാണ്. അടിസ്ഥാന യാഥാർ ...എന്നാണെന്ന് പാകിസ്ഥാൻ പ്രസിഡന്റ് ...വേഷ് മുഷറഫ് മനസ്സിലാക്കുകയും അതി ...സരിച്ച് ചില നടപടികൾ സ്വീകരിക്കാൻ ...ദ്ദേഹം തയ്യാറാവുകയും വേണം. അതിലൊ ...ന്ന് ഡൽഹിയിലെ പാർലമെന്റ് ആക്രമണവു മായി ബന്ധപ്പെട്ട് വിട്ടുകിട്ടേണ്ട 20 തീവ്രവാദികളെ വിട്ടുനൽകാൻ മുഷറഫ് തയ്യാറാവുക എന്നതാണ്. പാലസ്തീനിയൻ തീവ്രവാദികളുടെ കാര്യത്തിൽ അമേരിക്കതന്നെ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. മുഷറഫിനെ സ്വീകരിക്കാനുള്ള വളരെ സമൂർത്തമായ ഒരു നടപടി ആയിരിക്കുമത്. അതേപോലെതന്നെ പാക് അധിനിവേശ കാശ്മീരിലെ തീവ്രവാദി പരിശീലന താവളങ്ങൾ പൊളിച്ചുനീക്കാനും അതു നടത്തുന്നവരെ അറസ്റ്റ് ചെയ്യാനും മുഷറഫ് തയ്യാറാകണം. ഈ രണ്ടു കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചാൽ അത് നിർണ്ണായകമായ രണ്ട് സമൂർത്ത നടപടികളായിരിക്കും. അത് തുടർന്നുള്ള നയതന്ത്രചർച്ചകൾക്ക് വഴിയൊരുക്കുകയും ചെയ്യും.

പക്ഷേ, എന്നെ അസ്വസ്ഥപ്പെടുത്തുന്ന കാര്യം പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ പ്രസ്താവനയാണ്. ഇപ്പോൾ യുദ്ധമേഘങ്ങളൊന്നുംതന്നെയില്ലെന്നാണ് അദ്ദേഹം പറയുന്നത്. എനിക്കു തോന്നുന്നത്, അദ്ദേഹം പാകിസ്ഥാന് രക്ഷപ്പെടാനുള്ള ഒരു വഴി- Way out നൽകുന്നുവെന്നതാണ്. യുദ്ധം ഒഴിവാക്കാനുള്ള ആഗ്രഹത്തോടെയാണെങ്കിൽ അദ്ദേഹത്തിന്റെ പ്രസ്താവന സാഗതാർഹമാണ്. പക്ഷേ, യുദ്ധാന്തരീക്ഷം പൂർണ്ണമായി നിങ്ങിക്കഴിഞ്ഞു എന്ന ധാരണ പരത്താനാണ് സംഹായിക്കുന്നതെങ്കിൽ അതത്ര ബുദ്ധിപൂർവ്വമായിരിക്കണമെന്നില്ല. പാകിസ്ഥാന്റെ ഭാഗത്തുനിന്ന് സമൂർത്തമായ നടപടികൾ രൂപപ്പെടാതിരിക്കുന്നിടത്തോളം അതിർത്തിയിൽ സംഘർഷത്തിന് അയവു വന്നു എന്നു വിചാരിക്കാൻ നമുക്ക് കഴിയില്ല. അതായത് അതിർത്തിയിൽ സംഘർഷം ലഘൂകരിക്കാനുള്ള മുൻകൈ എന്ന നിലയിൽ വ്യക്തമായ നടപടികൾ പാകിസ്ഥാന്റെ ഭാഗത്തുനിന്നുണ്ടാകണം. എങ്കിൽമാത്രമേ നമ്മുടെ സൈനികനീക്കത്തിന് എന്തെങ്കിലും കൃത്യമായ ഫലമുണ്ടായി എന്നുതന്നെ പറയാനാകൂ.

അന്തർദേശീയതലത്തിൽ രൂപപ്പെട്ട ചില സമ്മർദ്ദങ്ങളാണ് ഇന്ത്യൻ നിലപാടിൽ അയവുണ്ടാകുന്നതിന് കാരണമെന്നു പറയാമോ?

യഥാർത്ഥത്തിൽ അന്തർദേശീയതലത്തിലുള്ള സമ്മർദ്ദങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ട ഒരു അവസ്ഥയിലല്ല നമ്മൾ ഇപ്പോൾ നിൽക്കുന്നതെന്ന വസ്തുത മനസ്സിലാക്കണം. ഇത്തരം ഒരുപാട് സമ്മർദ്ദങ്ങൾ നമുക്കുമുൻപ് നേരിടേണ്ടിവന്നിട്ടുണ്ട്. അവയിൽ പലതിനെയും ഉൾക്കൊള്ളാൻ നമ്മൾ തയ്യാറായിട്ടുമുണ്ട്. പക്ഷേ, ഇപ്പോഴത്തെ സ്ഥിതി, നമ്മുടെ പക്ഷം വളരെ വ്യക്തതയുള്ളതാണ്. അതിർത്തി കടന്നുള്ള നുഴഞ്ഞുകയറ്റം തടയുക എന്ന നമ്മുടെ അവശ്യം കൃത്യതയുള്ളതും തികച്ചും ന്യായവുമാണ്. ഇത്തരമൊരവസ്ഥയ...യാറല്ലെങ്കിലും രീതിയിലുള്ള അന്തർദേശീയ...ന് മു...ങ്ങൾക്ക് വഴങ്ങിക്കൊടുക്കേണ്ട ആവ...ക്കില്ല. വസ്തുതകൾ ഇതായിരിക്കേ അതിർത്തിയിലെ നമ്മുടെ സൈനിക വിന്യാസത്തിൽ അയവുവരുത്തേണ്ട കാര്യം നമുക്കില്ല. പാകിസ്ഥാന്റെ ഭാഗത്തുനിന്നും വ്യക്തമായ നടപടി ഉണ്ടാ...കാതിരിക്കുന്നിടത്തോളം, എന്തെങ്കിലും പിൻമാറ്റത്തിനുള്ള ശ്രമം നമ്മുടെ പക്ഷത്തുനിന്നുണ്ടാകുന്നത് വിശ്വാസ്യത തകർക്കാനേ ഉപകരിക്കൂ.

അപ്പോൾ നമ്മുടെ ഭാഗത്ത് അടവുപരമായ പിശക് ഉണ്ടായെന്നാണോ സൂചന?

അതൊരു പിശകാണെന്നു ഞാൻ പറയില്ല. കാരണം മുഷറഫിന് ഒരു ചെറിയ മുന്നറിയിപ്പ് നൽകുക എന്ന ഉദ്ദേശ്യത്തോടെ പ്രധാനമന്ത്രി ബോധപൂർവ്വം തന്നെ ചെയ്ത കാര്യമല്ല അതെന്ന് എനിക്കു പറയാനാവില്ല. അങ്ങനെയാണെങ്കിൽ അതൊരു പിശകായിരുന്നുവെന്ന് പറയാൻ കഴിയില്ല.

അതിർത്തിയിൽ ശക്തമായ സൈന്യത്തെ വിന്യസിക്കുന്നതിലൂടെത്തന്നെ ഇന്ത്യക്ക് ശക്തമായ ഒരു സമ്മർദ്ദം പാകിസ്ഥാനുമേൽ ചെലുത്താൻ കഴിഞ്ഞിട്ടുള്ളതായി അഭിപ്രായമുണ്ട്. ഇതിനെക്കുറിച്ചെന്തു തോന്നുന്നു?

തീർച്ചയായും. അതിർത്തിയിലെ ശക്തമായ സൈനിക വിന്യാസവും നാവികസേനയുടെയും വ്യോമസേനയുടെയും ജാഗ്രതാപൂർവ്വമുള്ള നിലപാടുകളുംകൊണ്ട് പാകിസ്ഥാനുമേൽ സമ്മർദ്ദമുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഈ അവസ്ഥയിൽ നമ്മൾ ഒരു പിൻവാങ്ങലിനു ശ്രമിച്ചാൽ അതെന്തു ഫലമുണ്ടാക്കും എന്നാലോചിച്ചുനോക്കൂ. ഇത്ര ശക്തമായ ഒരു സമ്മർദ്ദം രൂപപ്പെടുത്താൻ കഴിഞ്ഞിട്ടും പാകിസ്ഥാന്റെ ഭാഗത്തുനിന്ന് വ്യക്തമായ നടപടികൾ രൂപപ്പെടുത്താൻ സാധിച്ചില്ലെങ്കിൽ നമ്മുടെ ശ്രമം മുഴുവൻ പാഴായി എന്നു വരാം. അതുകൊണ്ട് ഒന്നുകിൽ പാകിസ്ഥാന്റെ പക്ഷത്തുനിന്ന് കൃത്യമായ നടപടികൾ, അതും ഒട്ടും സമയം വൈകാതെതന്നെ, രൂപപ്പെടുത്താൻ നമുക്ക് കഴിയണം. അല്ലെങ്കിൽ ഒരു യുദ്ധത്തിനു തയ്യാറാകണം. വ്യക്തിപരമായി ഞാൻ യുദ്ധത്തെ അനുകൂലിക്കുന്നയാളല്ല. പക്ഷേ, ഇത്രയും മുന്നോട്ടുപോയിട്ട് നമ്മളുദ്ദേശിച്ച ആവശ്യങ്ങൾ നടക്കാതെ വന്നു എന്നുവന്നാൽ അത് നമ്മുടെ വിശ്വാസ്യതയെ ബാധിക്കുന്ന കാര്യമാണ്.

പക്ഷേ, എത്ര സമയം നമുക്ക് ഇങ്ങനെ കാത്തിരിക്കാനാവും?

നമുക്ക് അധികം സമയം ഇങ്ങനെ കാത്തിരിക്കാനാവുമെന്നു തോന്നുന്നില്ല. കാരണം, പ്രതികൂല കാലാവസ്ഥകളോടു നേരിട്ടാണ് ഇന്ത്യൻ സൈന്യം അതിർത്തികളിൽ വിന്യസിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് പാകിസ്ഥാന്റെ ഭാഗത്തുനിന്ന് എത്രയുംപെട്ടെന്നുതന്നെ ചില നിലപാടുകളുണ്ടാകേണ്ടിയിരിക്കുന്നു. അങ്ങനെയൊരു നീക്കം ഉണ്ടാകാത്തിടത്തോളം കാലം നമ്മുടെ ശ്രമം ആകെ പരാജയപ്പെട്ടു എന്നർത്ഥം. നിശ്ചിത സമയപരിധിക്കുള്ളിൽനിന്നുകൊണ്ട് ചില നടപടികളെടുക്കാൻ പാകിസ്ഥാൻ തയ്യാറാകുന്നില്ലെങ്കിൽ സ്ഥിതിഗതികൾ അനിവാര്യ...ല്ല എന്നു
...ുറ്റു സാധ്യ...
...ന നമ്മുടെ മു...ുള്ളത്?

അതിർത്തി കടന്നുള്ള നുഴഞ്ഞുകയറ്റത്തിന്റെ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര സമൂഹത്തെ ശക്തമായി ബോദ്ധ്യപ്പെടുത്താൻ നമുക്ക് കഴിയണം. ഭീകരപ്രവർത്തനത്തിന്റെ കാര്യത്തിൽ ഇരട്ടത്താപ്പ് പാശ്ചാത്യരാഷ്ട്രങ്ങൾ സ്വീകരിക്കുന്നുണ്ട്. പാലസ്തീനിയൻ തീവ്രവാദത്തിന്റെ കാര്യം പറഞ്ഞ് ഇസ്രായേലിനെ അനുകൂലിക്കുന്ന അവർ ഇക്കാര്യത്തിൽ ഇന്ത്യക്കുനേരെയുള്ള തീവ്രവാദ ഭീഷണിയെ വേണ്ടത്ര മനസ്സിലാക്കുന്നില്ല. ഇതവരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. ഇന്ത്യക്കകത്തുള്ള തീവ്രവാദത്തിനും മറ്റെവിടെയുള്ള തീവ്രവാദത്തിനും രണ്ടു നിലപാട് സ്വീകരിക്കുന്നത് അഭികാമ്യമല്ലെന്ന് അന്തർദേശീയ സമൂഹത്തെ ബോദ്ധ്യപ്പെടുത്താൻ നമ്മൾ തയ്യാറാകണം. നമ്മുടെ നയതന്ത്രപരമായ ലക്ഷ്യമായിരിക്കണം അത്. കഴിഞ്ഞ ദിവസം ഒരു സെമിനാറിൽ അഡ്മിറൽ എസ്.കെ.പിള്ള സിന്ധുനദിയിലെ ജലം തടഞ്ഞുകൊണ്ട് പാകിസ്ഥാന് ചില മുന്നറിയിപ്പുകൾ നൽകാമെന്ന് സൂചിപ്പിക്കുകയുണ്ടായി. അതിനുള്ള സാദ്ധ്യതകളുണ്ടെങ്കിൽ അന്വേഷിക്കേണ്ടതാണ്. അതുപോലെ കച്ചവടബന്ധങ്ങളിൽ ഉപരോധം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. മറ്റൊരു ശ്രദ്ധേയമായ വസ്തുതയായി എനിക്കു തോന്നുന്നത് ഒരു മുൻനയതന്ത്രജ്ഞനായ അബ്ദുൾ ഗരേഖാൻവച്ച നിർദ്ദേശമാണ്. അതായത് പ്രധാനമന്ത്രി വാജ്പേയിയും പ്രതിപക്ഷ നേതാവ് സോണിയാഗാന്ധിയും കൂടിച്ചേർന്ന് ഐക്യ...ഗണം ...ിൽ...ഷ്ട്രതന്ത്രത്തിൽ അനുകൂലമായി വള...പക്ഷേ, ഇവയെല്ലാം നയ...രങ്ങളാണെന്ന് നാമോർക്കേ...യുദ്ധത്തിന്റെ അവസ്ഥ ഇപ്പോഴും ...ിൽക്കുന്നു എന്നാണോ താങ്കൾ സൂചിപ്പിക്കു...

തീർച്ചയായും. എന്നുമാത്രമല്ല, മറ്റുവിഷയങ്ങളിലുള്ള പരിഹാരങ്ങൾ അത്രവേഗം പ്രായോഗികമാണെന്നു പറയാനും കഴിയില്ല. അതുകൊണ്ട് ഒരു യുദ്ധത്തിന്റെ അവസ്ഥയിലേയ്ക്കുതന്നെയാണ് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നുതന്നെയാണ് ഞാൻ വിചാരിക്കുന്നത്.

അതിർത്തിയിലെ പ്രശ്നങ്ങൾക്ക് രാഷ്ട്രീയമായ എന്തെങ്കിലും പരിഹാരങ്ങൾ ഉള്ളതായി കരുതുന്നുമോ?

രാഷ്ട്രീയ പരിഹാരമെന്നുപറയുന്നത് കാശ്മീരിലെ ജനാധിപത്യ പ്രക്രിയ ശക്തിപ്പെടുത്തുക എന്നതാണ്. പ്രത്യേകിച്ചും അവിടെ തിരഞ്ഞെടുപ്പ് നടത്തുന്ന കാര്യത്തിൽ നമ്മുടെ ഭാഗത്ത് മുൻകൈയുണ്ടാകണം. അതിന് വളരെക്കുറച്ചുപേർ മാത്രമേ പങ്കെടുക്കുകയുള്ളുവെങ്കിലും തിരഞ്ഞെടുപ്പിന് നിരീക്ഷകരായി അന്തർദേശീയ പ്രതിനിധികളെ ക്ഷണിക്കണം. കാശ്മീരിന്റെ അവസ്ഥ എന്തെന്ന് ലോകത്തെ മനസ്സിലാക്കിക്കൊടുക്കാൻ ഇത് സഹായമാകും. അടുത്തിടെ നടന്ന അബ്ദുൾഗനി ലോണിന്റെ കൊലപാതകംതന്നെ കാശ്മീരിന്റെ ജനാധിപത്യ പ്രക്രിയയുടെ ശക്തി മനസ്സിലാക്കിയതിന്റെ പ്രത്യാഘാതമാണെന്നാണ് എനിക്കു തോന്നുന്നത്. ഈ പ്രക്രിയ വളർത്തിക്കൊണ്ടുവന്നാൽ മാത്രമേ പ്രശ്നത്തിന് പരിഹാരം കാണാനാവൂ.

ഇന്ത്യൻ നിലപാട് തികച്ചും ആസൂത്രിതം

എസ്.കെ.പിള്ള



ഫോട്ടോ:
കെ. ഗോപിനാഥൻ

തങ്ങളുടെ പദ്ധതി യഥാർത്ഥത്തിൽ എന്താണ് എന്നതിനെ സംബന്ധിച്ച് സൂചനകൾ നൽകാതിരിക്കുകയും എതിരാളിയുടെ മനസ്സിൽ ആശയക്കുഴപ്പം ഉണ്ടാക്കുകയും ചെയ്യുക എന്നത് സമർത്ഥമായ യുദ്ധതന്ത്രമാണ്. ഇന്ത്യ യഥാർത്ഥത്തിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത് ഈ തന്ത്രം തന്നെയാണെന്ന് ലെഫ്റ്റനന്റ് ജനറൽ സുശീൽ കെ.പിള്ള അഭിപ്രായപ്പെടുന്നു. "Keep the "enemy guess എന്നുപറഞ്ഞത് സൺത്സുവാണ്. പ്രധാനമന്ത്രി അടൽബിഹാരി വാജ്പേ

...ിൽ ഇനിച...
...മിയിൽ ...ന്നത്. ഫോ...
...ിലും. ഇന്ത്യൻ മിലി...
...പരിശീലനത്തിനുശേഷം ആസാം റൈഫിൾസിൽ ചേർന്ന പിള്ള, ഡെപ്യൂട്ടി ചീഫ് ഓഫ് ആർമി സ്റ്റാഫ് പദവിയിലെത്തുന്ന ആദ്യമലയാളിയാണ് (1988-89). 1981 മുതൽ '85 വരെ റഷ്യയിലും മംഗോളിയയിലും മിലിറ്ററി അറ്റാഷെ ആയിരുന്നു അദ്ദേഹം. 1991-ൽ ഇൻഫന്ററി ഡയറക്ടർ ജനറലായി. 1991-ൽ സർവ്വീസിൽനിന്ന് വിരമിച്ച അദ്ദേഹം 1992 മുതൽ കേരളത്തിൽ താമസിക്കുന്നു. ഇപ്പോൾ 'ഫോൾട്ട്‌ലൈനിൻസ്' എന്ന ജേണലിന്റെ പത്രാധിപരും വടക്കുകിഴക്കൻ പ്രദേശത്തെ ഒരു സ്പെഷ്യലിസ്റ്റുമാണ് എസ്.കെ.പിള്ള.

യുദ്ധത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് വൈരുദ്ധ്യങ്ങൾ നിറഞ്ഞ പ്രസ്താവനകളാണല്ലോ ഇന്ത്യൻ ഭാഗത്തുനിന്നുവരുന്നത്. അന്തിമ പോരാട്ടത്തിനു തയ്യാറെടുക്കാൻ പ്രധാനമന്ത്രി ആദ്യം പറഞ്ഞു. ഇപ്പോൾ പറയുന്നു, യുദ്ധമേഘങ്ങൾ ദൃശ്യമല്ല എന്നും ആകാശം തെളിഞ്ഞതാണെന്നും. ഇതൊരുതരം അനിശ്ചിതത്വത്തിന്റെ സൂചനയല്ലേ?

ഈ അനിശ്ചിതത്വവും വൈരുദ്ധ്യവും നിറഞ്ഞ നിലപാടുകളും ഒരു ആശയക്കുഴപ്പത്തിന്റെ സൂചനയായി എനിക്കു തോന്നുന്നില്ല. ഇതെല്ലാം വളരെ ആസൂത്രിതമായ നീക്കമായിട്ടാണ് എനിക്കു തോന്നുന്നത്- a well thought out plan. വിരുദ്ധങ്ങളായ സൂചനകൾ നൽകി ശത്രുവിന് ആശയക്കുഴപ്പം ഉണ്ടാക്കുക എന്നത് യുദ്ധതന്ത്രത്തിലെ ഭാഗമാണ്. ഒരു കമാൻഡർ ഒരു പ്രത്യേക സ്ഥലത്ത് ആക്രമണത്തിന് തയ്യാറെടുപ്പു നടത്തുമ്പോൾ യഥാർത്ഥ ആക്രമണം നടക്കുന്നത് മറ്റൊരിടത്തായിരിക്കും. ശത്രുവിനെ വഴിതെറ്റിക്കാനുള്ള ബോധപൂർവ്വമായ ഒരു തരം deviationary tactic ആണിത്. അതുകൊണ്ട് പ്രധാനമന്ത്രിയുടെ പ്രസ്താവനയിലെ അനിശ്ചിതത്വത്തെ നമ്മൾ ഒരു ദൗർബല്യമായി വ്യാഖ്യാനിക്കേണ്ടതില്ല. അതേസമയം മുഷറഫിന് യുദ്ധമൊഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കാൻവേണ്ടി കുറച്ചുസമയം നൽകി എന്ന ധാരണയുളവാക്കാനും അത് സഹായിക്കുന്നു.

മുഷറഫിന്റെ ഭാഗത്തുനിന്ന് അനുനയത്തിന്റെയും സംയമനത്തിന്റെയും ഭാഷയാണല്ലോ രൂപപ്പെടുന്നത്...

തീർച്ചയായും. മുഷറഫിന്റെ ഭാഗത്തുനിന്നുള്ള നീക്കത്തിനുപിന്നിൽ അന്താരാഷ്ട്ര സമ്മർദ്ദമുണ്ട്. പ്രത്യേകിച്ചും അമേരിക്ക തീവ്രവാദികൾക്കെതിരെ അതിശക്തമായ ഒരു യുദ്ധം നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിർത്തിയിലെ സംഘർഷം കുറച്ചുപശ്ചാത്തലത്തിൽ മുഷറഫിന് മറ്റൊരു നിലപാടെടുക്കാനാവില്ല. പക്ഷേ, മുഷറഫിന്റെ നിലപാടിനെ തന്ത്രപരമായ ഒരു ചുവടുമാറ്റമായി കാണുന്നത് തെറ്റായിരിക്കും. ദീർഘകാലാടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനുള്ള ഒരു ശ്രമമായി അതിനെ കാണാനാവില്ല. പാക്...

...ാരണത്താൽതന്നെ ആന്തരികമായ ...ള്ളതാണ്. ഒരു ടെറിട്ടറി സംരക്ഷിക്ക...ിന് മുന്നണിയിലെ ശക്തമായ നിലയുറ...ക്കലിലൂടെ മാത്രമല്ല. പിന്നണിയുടെ പിൻ...ലവും ആവശ്യമാണതിന്. ബംഗ്ലാദേശ് യുദ്ധത്തിൽ ഇത് വ്യക്തമായതാണ്. ബംഗ്ലാദേശിലെ ആതിർത്തികളിൽ ശക്തമായ പ്രതിരോധം പാക് സൈന്യം രൂപപ്പെടുത്തിയിരുന്നു. പക്ഷേ, അവരുടെ റിയർഗാഡ് വളരെ ദുർബലമായിരുന്നു. അതുകൊണ്ടാണ് നമുക്ക് അനായാസവിജയം നേടാനായത്.

തീവ്രവാദികളെ സംബന്ധിച്ച പ്രശ്നത്തിൽ ഒരു ദീർഘകാല നിലപാടുമാറ്റത്തിന് പാകിസ്ഥാൻ തയ്യാറാകുന്നില്ലെങ്കിൽ അതിർത്തിയിലെ പ്രശ്നങ്ങൾക്ക് സമഗ്രപരിഹാരത്തിനുള്ള സാദ്ധ്യത ഇല്ല എന്നല്ലേ അർത്ഥം?

ഇവിടെ നമുക്കൊരു പിശകു സംഭവിക്കുന്നുണ്ട്. ഒരു യുദ്ധത്തിന്റെ സാഹചര്യമുളവായാൽ എല്ലാവരും യുദ്ധത്തിനുപിറകെ പോകുന്നു. ഈ സന്ദർഭത്തിൽ രാഷ്ട്രീയ പ്രക്രിയയെ സംബന്ധിച്ച ശ്രദ്ധ വ്യതിചലിക്കുന്നു. ക്ളോസെവിറ്റ്സിന്റെ പ്രസിദ്ധമായ വാചകം- War is politics continued by other means- ഇന്ന് ഏറെക്കുറെ കാലഹരണപ്പെട്ടിട്ടുണ്ട്. യുദ്ധം രൂപപ്പെടുന്നതുകൊണ്ട് ഉപേക്ഷിക്കപ്പെടേണ്ട ഒന്നല്ല രാഷ്ട്രീയ പ്രക്രിയ. കാശ്മീർ പ്രശ്നത്തിനുള്ള പരിഹാരം രാഷ്ട്രീയമായതുതന്നെയാണ്. പ്രത്യേകിച്ചും തിരഞ്ഞെടുപ്പ് നടത്തുന്നതും മറ്റും സുപ്രധാന നടപടികളാണ്. അന്യവൽക്കരിക്കപ്പെട്ട ഒരു ജനതയെ മുഖ്യധാരയുമായി അടുപ്പിക്കേണ്ടതിന്റെ ആവശ്യകത നമ്മൾ അംഗീകരിക്കേണ്ടതാണ്. ഇതിന് കൂറേ പാക്കേജുകൾ അനുവദിച്ചതുകൊണ്ട് കാര്യമായില്ല. ഇത്തരം പാക്കേജുകൾ യാതൊരു ഫലവും ഉണ്ടാക്കുന്നില്ല. കാരണം മിക്കവാറും ഈ പണം അവരുടെ കൈകളിൽ എത്താറില്ല എന്നതുതന്നെ. പാകിസ്ഥാൻ ജിഹാദികൾക്ക് പിന്തുണ നൽകുന്നതിന്റെ പിന്നിൽ അതിന്റെ ജിയോ സ്ട്രാറ്റജിക്കൽ താല്പര്യങ്ങളാണുള്ളത്. ആ രാജ്യം ആന്തരികമായി ആത്മവിശ്വാസമാർജ്ജിച്ചാൽ മാത്രമേ തങ്ങൾ പിന്തുടരുന്ന മാർഗ്ഗങ്ങളിൽനിന്ന് അവർ പിന്മാറുകയുള്ളൂ. ശക്തമായ സൈനികാക്രമണങ്ങളിലൂടെ പ്രശ്നപരിഹാരത്തിന് ശ്രമിച്ചാൽ അത് പാകിസ്ഥാനെ വീണ്ടും ഏകോപിപ്പിക്കുകയും അതിന്റെ ആക്രമണോത്സുകത വളർത്തുകയും ചെയ്യും.

യുദ്ധസാദ്ധ്യത പൂർണ്ണമായും ഇല്ലാതായിട്ടില്ല എന്നാണോ?

എന്നുതന്നെയാണ് എനിക്കു തോന്നുന്നത്. മുഷറഫ് ഒരു റിസ്ക്ക് ടേക്കർ ആണെന്ന വസ്തുതകൂടി നമ്മൾ മനസ്സിലാക്കണം. യഥാർത്ഥത്തിൽ നമ്മൾ കാര്യമായി പഠിച്ചിട്ടില്ലാത്ത ഒരു ക്യാരക്ടർ ആണ് അദ്ദേഹത്തിന്റേത്. പലപ്പോഴും ഇക്കാര്യത്തിൽ വ്യക്തമായ ധാരണയുണ്ടാവേണ്ടത് നമുക്കാവശ്യമാണ്. പാകിസ്ഥാനിൽ പഞ്ചാബിന്റെ മേൽക്കോയ്മക്കെതിരെ പൊരുതുന്ന ഒരു മുജാഹിദുകൂടിയാണ് മുഷറഫ് എന്ന വസ്തുത നമ്മൾ ഓർത്തിരിക്കേണ്ടതുണ്ട്.■

ആന്റണി മന്ത്രിസഭയുടെ ഒരു വർഷം

ഐക്യജനാധിപത്യമുന്നണിയുടെ പ്രകടനപത്രിക മുൻനിർത്തി ഒരു വിചാരം

ടി.എൻ.ജയചന്ദ്രൻ

2001-ലെ തിരഞ്ഞെടുപ്പുകാലത്ത് ഐക്യജനാധിപത്യ മുന്നണിക്കുവേണ്ടി കൺവീനർ കെ.ശങ്കരനാരായണൻ പ്രസിദ്ധീകരിച്ച ഒരു പ്രകടനപത്രികയുണ്ട്. തിരഞ്ഞെടുപ്പിൽ ജയിക്കുമെന്ന പ്രതീക്ഷ ഇല്ലാതിരുന്നതുകൊണ്ടോ എന്തോ വാഗ്ദാനങ്ങൾ വാരിവിതറാൻ യാതൊരു മടിയും പ്രകടനപത്രികയിൽ കാണിച്ചിരുന്നില്ല. പതിനായിരത്തിലക്ഷം പേർക്ക് തൊഴിൽ തുടങ്ങി വിദ്യാർത്ഥികളുടെ കോർപ്പറേഷനിൽ അവസാനിക്കുന്ന വാഗ്ദാനങ്ങളിൽ എത്രയെണ്ണം നിറവേറ്റുന്നതിൽ തുടക്കം കുറിക്കാനെങ്കിലും കഴിഞ്ഞു എന്നത് ആലോചിക്കേണ്ട കാര്യമാണ്. സാധാരണഗതിയിൽ ഒരു തിരഞ്ഞെടുപ്പു കഴിഞ്ഞാലുടൻ വിസ്മൃതമാകുന്ന അപ്രത്യക്ഷമാകുന്ന ചരമമടയുന്ന രേഖയാണ് പ്രകടനപത്രിക. ആന്റണി മന്ത്രിസഭ ഒരു വർഷം പിന്നിട്ടപ്പോൾ പ്രകടനപത്രികയെ മുൻനിർത്തി ഒരു വിചാരം പ്രസക്തമാണ് എന്നുവേണം കരുതാൻ- ഓർ

പച്ചക്കുതിര
(ത്രൈമാസികം)
എഡിറ്റർ: കെ. സച്ചിദാനന്ദൻ
പ്രസാധകർ: ഡി സി ബുക്സ്

ഈ ലക്കത്തിൽ

ലേഖനം
കെ. എൻ. പണിക്കർ
എം. മുകുന്ദൻ
സക്കറിയ
ആനന്ദ്
ഉദയകുമാർ
എം. ടി. അൻസാരി
ടി. ടി. ശ്രീകുമാർ
പി. പി. രവീന്ദ്രൻ
ആർ. വിശ്വനാഥൻ
ചന്ദ്രദാസൻ
സംഭാഷണം:
ഗബ്രിയേൽ റോസെൻസ്റ്റോക്
കവിത:
അയ്യപ്പപണിക്കർ
ഡി. വിനയചന്ദ്രൻ
വിജയലക്ഷ്മി
ഗീതാ ഹിരണ്യൻ
ഗബ്രിയേൽ റോസെൻസ്റ്റോക്
ഗോപാൽ ഹൊണ്ണൻഗെരെ
ജോർജ്ജ്, എൻ. ബൈജു,
പി. എം. ഗോവിന്ദനുണ്ണി,
സർജു ചാത്തന്നൂർ, സത്യൻ മാടാക്കര, രാജു വള്ളിക്കുന്നം, ബിജു കാഞ്ഞങ്ങാട്, ഹൃഷികേശൻ പി. ബി.
കഥ:
കെ. എ. സെബാസ്റ്റ്യൻ
നാടകം:
എച്ച്. എസ്. ശിവപ്രകാശ്
സിനിമ:
ടി. കൃഷ്ണനുണ്ണി
ചിത്ര-ശില്പകല:
അലക്സ് മാത്യു

നൂറ്റമ്പതോളം പേജുകൾ
ഒറ്റപ്രതി: 50 രൂപ
വാർഷിക വരിസംഖ്യ: 180 രൂപ

കോപ്പികൾക്ക് ഡി സി, കറന്റ് ബുക്സ് ശാഖകൾ

...കേന്ദ്രം എന്നിങ്ങനെ സുഘടിത
...നവീക്ഷണം പ്രകടനപത്രിക അവ
...നു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ
...ഒരിക്കൽപോലും ഒരു പ്രഖ്യാപനത്തിലും 'കു
...ുംബസംഗ'ത്തെപ്പറ്റി പറഞ്ഞുകേൾക്കാനുള്ള
...ും കേരള ജനതയ്ക്കുണ്ടായിട്ടില്ല.

...ാജികരിൽ നു
...പ്പി ച്ചുകൊ
...ത്യമന്ത്രിയിൽ വി
...ന്യൻ പ്രതിനിധി
...നേറ്റ് ചെയ്ത് അ
...കം വർദ്ധിപ്പിക്കാൻ മുഖ്യമന്ത്രിക്ക് കഴിയുമാ
...യിരുന്നു. പക്ഷേ, അവശ്യത്തിലേറെ ഭൂരിപക്ഷം
...ഉണ്ടായിരുന്നതുകൊണ്ടോ എന്തോ, അധികാര
...മേറ്റ് ഒരു വർഷം കഴിയുന്ന വേളയിലാണ് ലൂഡ്രി
...ലൂയിസിനെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായി
...നാമനിർദ്ദേശം ചെയ്യാൻ കഴിഞ്ഞത്. നിർദ്ധന
...നെന്നും സാധാരണക്കാരനായ തയ്യൽക്കാരനെ
...ന്നുമുള്ള താരപരിവേഷം ലൂയിസിനുണ്ടെങ്കിലും
...ഈ തീരുമാനം വിവാദവിഷയമായിക്കഴിഞ്ഞു.

എ.കെ. ആന്റണി ഇത് മൂന്നാംതവണയാണ് മുഖ്യമന്ത്രിയാവുന്നത്. ഒന്നാമത്തെ പ്രാവശ്യം രാഷ്ട്രീയ കാരണങ്ങളാൽ അധികാരമേറ്റ് പതിനാറുമാസം കഴിഞ്ഞപ്പോൾ അദ്ദേഹം സ്ഥാനം വിട്ടൊഴിഞ്ഞു. രണ്ടാംവട്ടം കെ.കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ ഉത്തരഭാഗമാണ് അദ്ദേഹത്തിന് ഭരിക്കാൻ കിട്ടിയത്. പതിമൂന്നു മാസക്കാലം. ഇപ്പോഴത്തെ മൂന്നാംതവണ സ്ഥിതിഗതികൾ തിർത്തും വ്യത്യസ്തമായിരുന്നു. താൻ നയിക്കുന്ന കോൺഗ്രസിനും ഘടകകക്ഷികൾക്കും വേണ്ടതിലേറെ ഭൂരിപക്ഷം, സ്വന്തം പാർട്ടിയിലെ ഗ്രൂപ്പ് സംഘർഷങ്ങൾക്കിടയിലും തന്റെ ഇച്ഛാശക്തിയും ആജ്ഞാശക്തിയും ദീർഘവീക്ഷണവും രാജ്യതന്ത്രപരിജ്ഞാനവും പ്രകടിപ്പിക്കാൻ അസുലഭമായ അവസരം. പക്ഷേ, അന്ധനുകിട്ടിയ സ്വർണ്ണനാണയംപോലെ ഈ കനകാവസരം അദ്ദേഹം പാഴാക്കിക്കൊണ്ടിരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ ആരാധകർക്കിടയിലെ സാമാന്യമായ പ്രതികരണം.

മന്ത്രിമാരുടെ എണ്ണം

ആന്റണിയുടെ വിവിധങ്ങളായ ദൗർബല്യങ്ങൾ മന്ത്രിസഭാ രൂപീകരണവേളയിൽതന്നെ പ്രകടമായി. സ്വന്തം പാർട്ടിയിലെ മന്ത്രിമാരെ നിശ്ചയിക്കുന്നതിനുമുൻപുതന്നെ അദ്ദേഹം ഘടകകക്ഷികൾക്കിടയിൽ വകുപ്പുകൾ പങ്കുവച്ചു. നീതിമാനായ ആന്റണിയെന്ന പ്രതിച്ഛായ നിലനിർത്താനാണോ, വിലപേശലുകൾ സൗകര്യപ്രദമായി ഒഴിവാക്കാനാണോയെന്നറിയില്ല, കഴിഞ്ഞതവണത്തെ വകുപ്പുകൾതന്നെ ഘടകകക്ഷികൾക്ക് നൽകുക എന്ന നയമാണ് അദ്ദേഹം സ്വീകരിച്ചത്. ചില കക്ഷികൾക്കാകട്ടെ, കഴിഞ്ഞതവണത്തേതിൽ കൂടുതൽ വകുപ്പുകൾ നൽകി. മന്ത്രിസഭാ രൂപീകരണത്തിന്റെ ആദ്യഘട്ടത്തിൽ താൽക്കാലികമായ വിഭജനം നടത്തി, അവസാന വിഭജനം എല്ലാ മന്ത്രിമാരും അധികാരമേറ്റതിനുശേഷമാക്കിയിരുന്നുവെങ്കിൽ മന്ത്രിമാരുടെ കഴിവിനനുസരിച്ചും ഘടകകക്ഷികളുടെ ശക്തിയനുസരിച്ചും ഭൂതകാല നിർവ്വഹണത്തിന്റെ മികവനുസരിച്ചും തൃപ്തികരമായ വകുപ്പു വിഭജനം നടത്താൻ മുഖ്യമന്ത്രിക്ക് കഴിയുമായിരുന്നു. മന്ത്രിമാരെ പാർട്ടി നിശ്ചയിക്കും, അവ

...കയും ചെയ്തു.
...എന്നിനാണ് മാ...
മന്ത്രിസഭ? തൊട്ടുമുന്പത്തെ അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി മന്ത്രിസഭയിൽ കേവലം പതിനാല് അംഗങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. ദേശീയ ഭരണപരിഷ്കരണ കമ്മിഷൻ നിശ്ചയിച്ച അനുപാതത്തിന് അനുസൃതമായിരുന്നു അത് (നിയമസഭാ സാമാജികന്മാരുടെ 10 ശതമാനം പേർ, 140-ന് 14) അതിനുപകരം ഘടകകക്ഷികളെ പ്രീണിപ്പിക്കാനും അധികാരക്കൊതിയന്മാരെ അടക്കിനിർത്താനുമുള്ള വ്യഗ്രതയ്ക്കിടയിൽ മന്ത്രിമാരുടെ എണ്ണം ക്ലിപ്തപ്പെടുത്താൻ കഴിഞ്ഞില്ല. എന്നിട്ടെന്തുഫലം? സ്വന്തം കക്ഷിയിലും ഘടകകക്ഷിയിലും പരാതി മാത്രം ബാക്കിയായ ഒരവസ്ഥയായി.

പാപ്പരായ ഒരു തറവാടിന്റെ ഭരണമേറ്റ അവസ്ഥയിലായിരുന്നു ആന്റണി മന്ത്രിസഭയുടെ തുടക്കം. ആദ്യംതന്നെ കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് ഒരു 'ധവളപത്രം' പുറപ്പെടുവിക്കുകയാണ് സർക്കാർ ചെയ്തത്. ഭീതിജനകമായ ഒരവസ്ഥ ജനങ്ങളുടെ മുൻപിൽ ഫലപ്രദമായി അവതരിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. അതൊരു നല്ല തുടക്കമായിരുന്നു. പക്ഷേ, അതോടൊപ്പം ധനം സ്വരൂപിക്കാനും, കിട്ടേണ്ട പണം പിരിച്ചെടുക്കാനും ഉള്ള ധനഫലപ്രദമായി ഉപയോഗിക്കാനും ചെലവ് ചുരുക്കാനുമുള്ള പറയത്തക്ക യാതൊരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കണ്ടില്ല. 'സർക്കാർതലത്തിലുള്ള അനാവശ്യചെലവുകൾ കർക്കശമായി ഒഴിവാക്കി ദീർഘവീക്ഷണത്തോടെ സാമ്പത്തിക പരിഷ്കരണവും ഭരണനവീകരണവും നടപ്പാക്കുമ്പോൾതന്നെ പാവപ്പെട്ട വരുടെ ഉന്നമനത്തിന് പ്രത്യേക ഊന്നൽ നൽകി'– തുടങ്ങിയ അവകാശവാദങ്ങൾ കേവലം ജലരേഖകൾ മാത്രമായി. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനെ തടസ്സപ്പെടുത്തിയ 'സ്റ്റേ ഓർഡറുകളും' അക്കാര്യത്തിൽ തുടർന്ന അലംഭാവവും കേരളത്തിന്റെ ശാപമായി തുടരുന്നു.

പ്രകടനപത്രികയിലെ പ്രമുഖമായ പ്രഖ്യാപനം 'കുടുംബസംഗമം–'കേരളത്തിന് ഒരു പുത്തൻ വികസനമാർഗ്ഗം' എന്നതായിരുന്നു. അതിവിപുലമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കാർഷിക– വ്യാവസായിക മേഖലയിൽ സമ്പൂർണ്ണ വികസനം കൈവരിക്കാനുതകുന്ന കുടുംബസംഗമമെന്ന നൂതന കർമ്മ പരിപാടിക്കാണ് പ്രകടനപത്രികയിൽ രൂപം നൽകിയിരുന്നത്. ഇരുപത്തഞ്ച് കുടുംബങ്ങൾ അടങ്ങിയ 'അടിസ്ഥാന കുടുംബസംഗമം' നാലു കുടുംബങ്ങൾ ചേർന്ന 'കുടുംബവേദി', ഓരോ കുടുംബവേദിക്കും ചെറുകിട വ്യവസായ യൂണിറ്റും ഗ്രോത്ത് സെന്ററുകളും, ഒരു ഗ്രാമത്തിലെ മൂഴുവൻ കുടുംബങ്ങൾക്കും ഗ്രാമകുടുംബസംഗമം, അതിനു മുകളിൽ പഞ്ചായത്ത് കുടുംബസംഗമം, ഓരോ വിഷയത്തിനും ഗ്രോത്ത് സെന്ററുകൾ പഞ്ചായത്തുതലത്തിൽ ഒരു ഗ്രോത്ത് സെന്റർ, മാർഗ്ഗനിർദ്ദേശം നൽകാൻ പഞ്ചായത്തു

പൊലീസ്

പല മന്ത്രിസഭകളുടെയും പരാജയബിന്ദുവാകാറുള്ളത് പൊലീസ് വകുപ്പാണ്. പൊലീസിലെ രാഷ്ട്രീയവൽക്കരണം അവസാനിപ്പിക്കുക പ്രകടനപത്രികയിലെ പ്രഖ്യാപിതലക്ഷ്യമായിരുന്നു. 'പൊലീസിനെ രാഷ്ട്രീയവിമുക്തമാക്കി' എന്ന് സർക്കാർ അവകാശപ്പെടുന്നു. അതേസമയം പൊലീസ് വകുപ്പ് കൂടുതൽ സേവനാധിപത്യപരവും അഴിമതി നിറഞ്ഞതുമായ സമീപനമാണ് സ്വീകരിക്കുന്നത് എന്ന പരാതി ഭരണകക്ഷി അംഗങ്ങൾക്കുതന്നെയുള്ളതായിട്ടാണറിവ്. ഒരു നല്ല കാര്യം. മുഖ്യമന്ത്രിയിൽനിന്നോ അദ്ദേഹത്തിന്റെ ഓഫീസിൽനിന്നോ പൊലീസ് വകുപ്പിന് നിർദ്ദേശങ്ങൾ നൽകപ്പെടുന്നില്ല എന്നതും, പൊലീസ് സ്റ്റേഷനുകളിൽ ഭരണകക്ഷി പ്രതിനിധികൾക്ക് ഒരു പ്രത്യേക കസേരയെന്ന സമ്പ്രദായം ഇല്ലാതായതുമാണ്. ഇതൊരു നല്ല കാര്യമാണെന്നാരും സമ്മതിക്കും. ഇപ്പോഴത്തെ ഡി.ജി.പി കെ.കെ.ജോസഫാകട്ടെ. പൊലീസുകാരുടെതന്നെ പ്രതിഷേധവും മുറുമുറുപ്പും വക വയ്ക്കാതെ അഭിനന്ദനാർഹങ്ങളായ പരിഷ്കരണ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടുവരികയുമാണ്. ഭരണകക്ഷിക്കും അനുയായികൾക്കുമൊരു നിയമം. പ്രതിപക്ഷകക്ഷിക്ക് മറ്റൊരു നിയമം. സാധാരണക്കാർക്ക് മൂന്നാമതൊരു നിയമം എന്ന ത്രിവിധ നിയമപരിപാലന സമ്പ്രദായത്തിൽനിന്ന് മോചനം നേടാനുള്ള ആദ്യപടിയായി ഈ പരിഷ്കാരങ്ങൾ മാറുമെങ്കിൽ നന്നാവും. നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാൻ കഴിയുന്ന ഒന്നായി ഇതിനെ കാണേണ്ടിയിരിക്കുന്നു.

മുഖ്യമന്ത്രിയുടെ ഇച്ഛാശക്തിയും അതിനേക്കാളേറെ വാശിയും നിർബന്ധബുദ്ധിയും പ്രകടമായിക്കണ്ട ഒരവസരമായിരുന്നു സർക്കാർ ജീവനക്കാരുടെ പണിമുടക്ക്. പണിമുടക്കിനാധാരമായ ജനുവരി 16-ലെ ഉത്തരവ് ഏറ്റവും വികലമായി എഴുതപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് ഒന്നാന്തരം മാതൃകയായിരുന്നു. അതിൽ കൂടുതൽ നിറഞ്ഞുനിന്നത് അവ്യക്തതയും പിടിപ്പുകേടും ഭാവനാശൂന്യതയുമാണ്. മുൻകൂട്ടി വേണ്ടത്ര തയ്യാറെടുക്കാതെ കേരളത്തിലെ സംഘടിതരായ സർക്കാർ ജീവനക്കാരുടെ പ്രതിനിധികളുമായി വേണ്ടത്ര ചർച്ച ചെയ്യാതെ, പെട്ടെന്ന്, ഏറെ കാലമായി അവർ അനുഭവിച്ചുപോന്ന പല അവകാശങ്ങളും സൗജന്യങ്ങളും കവർന്നെടുക്കാൻ സർക്കാർ ശ്രമിച്ചുവെന്ന തോന്നലാണ് പലർക്കുമുണ്ടായത്. മുൻകൂട്ടി വേണ്ടത്ര ചർച്ച നടത്താതിരുന്നതുകൊണ്ട് അതൊരു പ്രശ്നമായി. ജീവനക്കാരുടെ കൈയിൽ അത് സാമാന്യം നല്ലൊരായുധമായി മാറുകയും ചെയ്തു. ഒരു ചർച്ചയ്ക്കും താൻ തയ്യാറല്ലെന്നും ചർച്ച ചെ

...മദ്യ
...ടി
...ത്തിൽ
...ക്ര...
...ക്ര...
...രി...
...പ...
...പ...
...പ

...ന്നത് മന്ത്രിയുടെ
...പ്പി ച്ച്
...പത്യമ...

...രുത്...രംഗം

വൈദ്യുതിമന്ത്രി കടവൂർ ശിവദാസൻ ഇതി...നുമുൻപ് ഏഴിൽവകുപ്പുമന്ത്രിയായി അനുഭവ പരിചയമുള്ള ആളാണ്. (അദ്ദേഹം ധനമന്ത്രിയാകുമെന്ന പ്രതീക്ഷയാണ് അദ്ദേഹം ഉൾപ്പെടുന്ന 'ഐ' വിഭാഗത്തിനുണ്ടായിരുന്നത്) മന്ത്രിസ്ഥാനമേറ്റെടുത്തശേഷം തലങ്ങും വിലങ്ങും ധാരാളം പ്രസ്താവനകൾ നടത്തി, ചിലവയിൽ വിവാദം സൃഷ്ടിച്ച അദ്ദേഹം ഒരു വർഷത്തിനകം ശ്രദ്ധേയമായ ഒന്നും ചെയ്തില്ല എന്നതാണ് സത്യം. വൈദ്യുതിയുടെ യൂണിറ്റ് കോസ്റ്റിൽ 20 ശതമാനം കുറവുവരുത്തി, വിലകുറഞ്ഞ വൈദ്യുതി നൽകുമെന്ന പ്രകടനപത്രികാ വാഗ്ദാനം ഇന്നും ജലരേഖതന്നെ. അഞ്ചുവർഷത്തിനുള്ളിൽ ഇരുനൂറ്റമ്പത് ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുക, പഞ്ചായത്തുതോറും എനർജി കോ- ഓപ്പറേറ്റീവ് രൂപീകരിക്കുക, കേരള എനർജി ഡവലപ്മെന്റ് ഏജൻസി രൂപീകരിക്കുക, തിരുവനന്തപുരം- കാസർഗോഡ് പവർ ഹൈവേ നടപ്പാക്കുക എന്നീ വാഗ്ദാനങ്ങൾ ഇനിയും ബാക്കിയാണ്. വർഷാവസാനം, മന്ത്രി ഉന്നയിച്ചിട്ടുള്ള അവകാശവാദങ്ങളിൽ ഭരണച്ചെലവ് 15 ശതമാനം കുറച്ചതും, പ്രസരണനഷ്ടത്തിൽ അഞ്ചുശതമാനം കുറവ് വരുത്തിയതും മാത്രമാണ് എന്തെങ്കിലും പ്രതീക്ഷ നൽകുന്നത്.

ഭക്ഷ്യ-സാംസ്കാരികമന്ത്രി ജി.കാർത്തികേയൻ കുറഞ്ഞ കാലയളവിൽ മാത്രമേ വിദ്യുച്ഛക്തി മന്ത്രിയായിരുന്നുള്ളുവെങ്കിലും ഉദ്ദേശശുദ്ധികൊണ്ടും പ്രവർത്തനക്ഷമതകൊണ്ടും സൽപേര് നേടിയ ആളാണ്. ഇത്തവണ അദ്ദേഹത്തിന് നൽകപ്പെട്ടത് ഭക്ഷ്യവും സാംസ്കാരിക കാര്യങ്ങളുമാണ്. ഭരണഭാരമേറ്റയുടനെത്തന്നെ സാംസ്കാരിക രംഗസംബന്ധിയായ ചില പ്രഖ്യാപനങ്ങൾവഴി അദ്ദേഹം ശ്രദ്ധേയനായിരുന്നു. ടി.എം.ജേക്കബ് സാംസ്കാരികമന്ത്രിയായിരുന്നപ്പോൾ അംഗീകരിച്ചു പ്രഖ്യാപിക്കുകയും തുടർന്ന് ടി.കെ.രാമകൃഷ്ണൻ സാംസ്കാരിക മന്ത്രിയായപ്പോൾ തിരുത്തി അംഗീകരിക്കുകയും ചെയ്ത സാംസ്കാരികനയം ഗവൺമെന്റിന്റെ നയമാണെന്നും അധികാരത്തിൽ മാറിമാറി വരുന്ന രാഷ്ട്രീയ കൂട്ടുകെട്ടുകളുടെ അടിസ്ഥാനത്തിൽ അതു മാറ്റേണ്ട കാര്യമില്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചത് നല്ല തുടക്കമായിരുന്നു. സാഹിത്യ അക്കാദമി തുടങ്ങിയ അക്കാദമികൾ പുനഃസംഘടിക്കപ്പെട്ടപ്പോൾ സാംസ്കാരിക സ്ഥാപനങ്ങളെ രാഷ്ട്രീയബന്ധങ്ങളിൽനിന്ന് മോചിപ്പിച്ച് സ്വയംഭരണാധികാരം പുനഃസ്ഥാപിക്കും എന്ന പ്രകടനപത്രികാ വാഗ്ദാനം യാഥാർത്ഥ്യമാക്കുകയാണെന്ന് പലരും ധരിച്ചു. ആ കാര്യത്തെച്ചൊല്ലി അദ്ദേഹം പ്രശംസ നേടുകയും ചെയ്തു. പക്ഷേ, രണ്ടാംഘട്ടത്തിൽ നടന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ ഭരണസമിതി രൂപീകരണം അദ്ദേഹത്തെക്കുറിച്ചുള്ള പ്രതീക്ഷ

...തിരുത്തും. പിരിച്ചുവിട്ടത... ...ചെയ്തു. അതിനെ... ...ഹൈക്കോടതി സിംഗിൾ... ...രവ് നിലനിർത്തിക്കൊണ്ട് പുറപ്പെടുവിച്ച വിധിയായിരുന്നു. ഭാഗ്യവശാൽ ന്യായാധിപന്മാരുടെ നിയമബോധം ഇനിയും കൈമോശം വന്നിട്ടില്ലെന്ന് തെളിയിച്ചുകൊണ്ട് ഹൈക്കോടതി ഡിവിഷൻബെഞ്ച് സർക്കാർ ഉത്തരവ് റദ്ദ് ചെയ്തപ്പോഴാണ് തെല്ലെങ്കിലും ആശ്വാസമായത്. വസ്തുതകൾ മുഴുവൻ ഗ്രഹിക്കാതെ തല്പരകക്ഷികളുടെ ഉപദേശം പരിശോധനകൂടാതെ അംഗീകരിച്ചാൽ ഉണ്ടാകുന്ന വിപത്തിന് ഏറ്റവും നല്ല ഉദാഹരണമാണ് ചരിത്ര ഗവേഷണ കൗൺസിൽ നിർമ്മാർജ്ജനശ്രമവും. അതിന്റെ പുനരാധിവാസസത്യവും.

പുതുമുഖങ്ങൾ

'ധനചോർച്ച വരുത്തിയ' മാനവീയത്തെക്കുറിച്ച് അന്വേഷണം ഏർപ്പാട് ചെയ്തു എന്ന അവകാശവാദം ധനവകുപ്പിന്റെ പരിശോധനാവിഭാഗത്തിന്റെ പ്രവർത്തനത്തിൽ ഇന്നും ഒരുങ്ങിനിൽക്കുന്നു. കാർത്തികേയന്റെ അധികാരപരിധിയിൽ വരുന്ന റേഷനിങ് സമ്പ്രദായം ഏതു സാഹചര്യത്തിലും നിലനിർത്തുമെന്ന പ്രഖ്യാപനം നടപ്പാക്കാനാവാതെ പോയത് കേന്ദ്ര സർക്കാരിന്റെ വിപരീതനയംമൂലമാണെന്ന് സമാധാനിക്കാം. മുഴുവൻ റേഷൻ കാർഡുകളും പുതുക്കിനൽകിയെന്ന അവകാശവാദം ഒരു ഭാഗികസത്യം മാത്രമാണ്. കാർഡുകൾ പുതുക്കിയിരിക്കാമെങ്കിലും 'നൽകൽ' പൂർത്തിയായിട്ടില്ല എന്നർത്ഥം. എങ്കിലും നിരാലംബരായ വൃദ്ധജനങ്ങൾക്ക് പ്രതിമാസം പത്തുകിലോ അരി സൗജന്യമായി നൽകിയതും, ദരിദ്ര കുടുംബങ്ങൾക്ക് 25 കിലോ അരി മൂന്നു രൂപ നിരക്കിൽ നൽകാൻ ഏർപ്പാട് ചെയ്തതും തീർച്ചയായും പ്രശംസാർഹമാണ്.

നേരത്തെ മന്ത്രിയായിരുന്ന ഒമ്പതുപേരുടെ ആദ്യവർഷ പ്രവർത്തനങ്ങളാണ് ഇതുവരെ പരാമർശിക്കപ്പെട്ടത്. ബാക്കി പതിനൊന്നുപേരും പുതുമുഖങ്ങൾതന്നെ. അതിൽ ആദ്യമായി എം.എൽ.എയും അതോടൊപ്പം മന്ത്രിയുമായയാൾ ഗതാഗതമന്ത്രി കെ.ബി.ഗണേഷ്കുമാറാണ്. താരാപഥത്തിൽനിന്നും രാഷ്ട്രീയ-ഭരണരംഗങ്ങളുടെ പരുപരുത്ത യാഥാർത്ഥ്യങ്ങളിലേയ്ക്കു യാദൃച്ഛികമായി വന്നിറങ്ങാൻ ഇടവന്ന അദ്ദേഹം മന്ത്രിസഭയിലെ കഴിവുറ്റ മന്ത്രിമാരിൽ ഒരാളെന്ന നിലയിൽ അനുമോദനം നേടിയിരിക്കുന്നു. ദീർഘകാലം ഗതാഗത വകുപ്പ് കൈകാര്യം ചെയ്തിരുന്ന അച്ചൻ ബാലകൃഷ്ണപിള്ളയുടെ സഹായം കാര്യമായി സ്വീകരിക്കാതെതന്നെ (അതോ അതു കാരണമോ?) സ്വന്തം നിലയിൽ തന്റെ വകുപ്പിന് പുതിയൊരു മുഖച്ഛായ നൽകാൻ അദ്ദേഹം ശ്രമിക്കുന്നതായാണ് കാണുന്നത്. കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങളിൽ അദ്ദേഹത്തിന് ശ്രദ്ധ പതിപ്പിക്കാൻ കഴിഞ്ഞത് ഒരു നേട്ടമായി കരുതണം. രണ്ടു മൂന്നു പ്രധാനപ്പെട്ട ബസ് സ്റ്റേഷനെങ്കിലും നവീകരിക്കാനും സ്വകാര്യമേഖലയിൽ അത്യാധുനിക മാതൃകയിലുള്ള വോൾവോ ബസ് ഭരണകക്ഷിയിലെ മുറുമുറുപ്പിനും പ്രതിഷേധത്തിനും ഇടയിൽതന്നെ നിരത്തിലിറക്കാൻ കഴിഞ്ഞതും അദ്ദേഹത്തിന്റെ കഴിവിന്റെ അംഗീകാരമായി കാണണം. 'കഴിവുള്ള മന്ത്രിയാണ് ഗണേശൻ' എന്ന മുഖ്യമന്ത്രി ആന്റണി നൽകിയ സർട്ടിഫിക്കറ്റ് അദ്ദേഹത്തെ കൂടുതൽ കർമ്മോത്സുകനാക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

പക്ഷേ, ഗതാഗതമന്ത്രിയുടെ പ്രവർത്തനം ഫലപ്രദമാണെന്ന് വിധിയെഴുതാൻ ഇനങ്ങൾക്കു കഴിയണമെങ്കിൽ വാഹനാപകടങ്ങളുടെയും അതുമൂലമുള്ള നരഹത്യകളുടെയും നിരക്കു കുറയ്ക്കുന്ന കാര്യത്തിൽ അദ്ദേഹം ശ്രദ്ധിച്ചേ മതിയാകൂ. ഒരു വർഷം കഴിഞ്ഞിട്ടും അപകടങ്ങളുടെ എണ്ണം കുറയ്ക്കാനോ വാഹനനിയമങ്ങൾ കർക്കശമായി നടപ്പാക്കാനോ അദ്ദേഹത്തിനിതുവരെ കഴിഞ്ഞിട്ടില്ല. എന്നുതന്നെയല്ല, ആ കാര്യത്തിലെന്തെങ്കിലും ചെയ്തുവെന്നുള്ളതിനുള്ള സൂചനകളും ലഭ്യമല്ല. ബസ്സുകളുടെ നിറം മാറ്റുന്നതും വോൾവോ ബസ്സുകൾ ചിറിപ്പായുന്നതും കണ്ടു രസിക്കാൻ കൊള്ളാമെങ്കിലും നാഷണൽ ഹൈവേയിൽ ചതഞ്ഞരയുന്ന മനുഷ്യജീവിതങ്ങളുടെ രക്തക്കറ തീർച്ചയായും ആർക്കും ഭൂഷണമല്ല.

ഭരണരംഗത്ത് നവാഗതനായ മന്ത്രി എം.എ. കുട്ടപ്പൻ താരതമ്യേന നിശ്ശബ്ദനായും പ്രസംഗിക്കുമ്പോഴൊക്കെ വിവാദമുയർത്തിയും തന്റെ വകുപ്പിന്റെ ഭരണം മുന്നോട്ടു നീക്കുന്നതിൽ ശ്രദ്ധാലുവാണ്. മന്ത്രിസഭയിലെ രണ്ടു ഭിഷഗ്വരന്മാരിൽ ഒരാളായ അദ്ദേഹത്തിന് സാമാന്യനീതിയനുസരിച്ച് ആരോഗ്യവകുപ്പാണ് നൽകേണ്ടിയിരുന്നത്. അതിനുപകരം പട്ടികജാതി പട്ടികവർഗ്ഗക്ഷേമവും യുവജനക്ഷേമവും ലഭിച്ചതിൽ അദ്ദേഹം സന്തുഷ്ടനല്ല. പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാഭ്യാസത്തിന്റെയും ഭരണരംഗത്തിന്റെയും ഉപരിതലത്തിലെത്തിക്കാൻ അദ്ദേഹം നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. പട്ടികവർഗ്ഗവികസനത്തിന് 1000 പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ നിയമിച്ച കാര്യം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ലെങ്കിലും ഗുണഫലങ്ങളുളവാക്കുന്ന നടപടിയായി കാണേണ്ടതാണ്.

ആരോഗ്യവകുപ്പു മന്ത്രിയാകേണ്ടിയിരുന്ന എന്നാൽ ആകാതെപോയ ഭിഷഗ്വരനാണ് പൊതുമരാമത്ത് വകുപ്പുമന്ത്രി ഡോ. എം.കെ.മുനീർ. പ്രഗത്ഭനായ സി.എച്ച്.മുഹമ്മദ്കോയയുടെ പ്രഗത്ഭനായ പുത്രൻ കേരളത്തിലെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ ഇതിനകം ശ്രദ്ധിക്കപ്പെട്ടയാളാണ്. പൊതുമരാമത്ത് അദ്ദേഹത്തിനുപറ്റിയ വകുപ്പല്ലാതിരുന്നിട്ടും ഒരു വർഷത്തെ പ്രവർത്തനത്തിനുശേഷം കാര്യമായ ദുഷ്പേര് ഇനിയും സമ്പാദിച്ചിട്ടില്ലെന്നത് അഭിനന്ദനീയമാണ്. യുവത്വവും ഊർജ്ജസ്വലതയും ഭാവനയും സാംസ്കാരികബോധവും കൈമുതലായുള്ള അദ്ദേഹം വിദ്യാഭ്യാസമന്ത്രിയാകേണ്ടതായിരുന്നു എന്നു കരുതുന്നവരും ചുരുക്കമല്ല.

പ്രകടനപത്രികയിൽ നൽകപ്പെട്ടിരുന്ന വാ... നങ്ങളിൽ പലതും ഇനിയും നിർവ്വഹിക്കപ്പെടും... ...ണ്ടതായിട്ടാണിരിക്കുന്നതെങ്കിലും സാമ്പത്തികമാ... പ്രതിസന്ധി കാരണം തന്റെ വകുപ്പിൽ ഡോ. മുനീറിന് കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്ന സത്യമവശേഷിക്കുന്നു.

വിദ്യാഭ്യാസം

കഴിഞ്ഞൊരു ദശാബ്ദമായി കേരള മന്ത്രിസഭയിലെ പ്രമുഖ ദേശീയകക്ഷി വേണം വിദ്യാഭ്യാസം കൈകാര്യം ചെയ്യാനെന്ന ആവശ്യം ഉയർന്നുകേൾക്കാറുണ്ട്. ഇത്തവണയതു സംഭവിച്ചേക്കുമെന്ന സൂചനകൾ തിരഞ്ഞെടുപ്പിനു മുൻപ് ലഭ്യമായിരുന്നു. പക്ഷേ, അത് സത്യമാകുമെന്നു കരുതിയിരുന്നവരെ നിരാശപ്പെടുത്തിക്കൊണ്ട് ഇത്തവണയും ഒരു ന്യൂനപക്ഷകക്ഷിയായ മുസ്ലിംലീഗിനാണ് വിദ്യാഭ്യാസം നൽകപ്പെട്ടത്. കേരളത്തിന്റെ സമഗ്ര വികസനത്തിന്റെ പ്രത്യേകിച്ചും ഭാവിവികസനത്തിന്റെ ആധാരശിലയായി വർത്തിക്കേണ്ടത് വിദ്യാഭ്യാസമാണെന്നതുകൊണ്ട് അതിന് സവിശേഷമായ പ്രാധാന്യമുണ്ട്. കൂടുതൽ സ്വകാര്യ കോളേജുകൾ അനുവദിക്കുക, ഉന്നത നിലവാരമുള്ള കോളേജുകൾ ഓട്ടോണമസ് കോളേജുകളാക്കുക, എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതിയെന്നതാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് സ്വകാര്യമേഖല ആധിപത്യം സ്ഥാപിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നിടത്ത് അവർക്ക് എല്ലാ വാതിലുകളും തുറന്നുകൊടുക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാതെതന്നെ, വിദ്യാഭ്യാസരംഗത്തെ സ്ഥാപനപരമായ ആവശ്യങ്ങളെപ്പറ്റി ഒരു സർവ്വേ നടത്തേണ്ടതിന്റെ പ്രാധാന്യം സർക്കാർ മനസ്സിലാക്കാൻ സമയമായി. വർഷാന്ത്യത്തിൽ വിദ്യാഭ്യാസത്തിൽ ക്രിയാത്മകമാറ്റം വരുത്തി എന്നവകാശപ്പെടുന്ന മന്ത്രി നാലകത്തു സൂപ്പി പ്രധാനമായും ശ്രദ്ധയൂന്നിക്കാണുന്നത് ഏകീകൃത സർവ്വകലാശാലാനിയമം നടപ്പിൽ വരുത്തുന്നതിലാണ്. സർക്കാരിന് സർവ്വകലാശാലകളുടെ മേലുള്ള നിയന്ത്രണം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യമെന്നു തുറന്നുപറഞ്ഞ മന്ത്രിയുടെ സത്യസന്ധത അഭിനന്ദനീയമാണ്. പക്ഷേ, അത് വരുത്തിവയ്ക്കാവുന്ന അപകടങ്ങളെപ്പറ്റി അദ്ദേഹമിനിയും വേണ്ടത്ര ബോധവാനല്ലെന്നു തോന്നുന്നു. തന്റെ മുൻഗാമികളിലൊരാളായ ഇ.ടി.മുഹമ്മദ്ബഷീർ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച സെലക്ട് കമ്മിറ്റിയെ ഏല്പിച്ച ഏകീകൃത സർവ്വകലാശാലാബില്ലിന്റെ ചരിത്രം മന്ത്രിക്ക് മാർഗനിർദ്ദേശകമാകേണ്ടതാ

...മദ്...
...ത്തിനു...ാണ്...
...ക്കാടെ,
...ക്രമ...ചെയ്യാത്തതി...
...രീ...ാസത്തിലും വി...
...ദ്യാസത്തിന്റെ വ്യാപനത്തിലും മുൻപന്തിയിൽ...ിൽക്കുന്ന കേരളം ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ക്രിയാത്മകമായ മാർഗദർശനവും സാർത്ഥകമായ പിൻതുണയും നൽകാൻ മുഖ്യമന്ത്രിതന്നെ ഈ വകുപ്പ് കൈകാര്യം ചെയ്യണമെന്നാണ് വിദ്യാഭ്യാസപ്രേമികൾ ആഗ്രഹിക്കുന്നത്. (നേരത്തേ കോൺഗ്രസ് മുഖ്യമന്ത്രിയായിരുന്ന ആർ.ശങ്കർ കൈകാര്യം ചെയ്തിരുന്ന വിഷയമാണ് വിദ്യാഭ്യാസമെന്ന വസ്തുത പ്രസ്താവ്യമാണ്.)

ആരോഗ്യരംഗം

മന്ത്രിയെന്ന നിലയിൽ ആദ്യമായാണ് പ്ര...വർത്തനാവസരം കൈവന്നതെങ്കിലും ആരോഗ്യമന്ത്രി പി.ശങ്കരൻ പാർലമെന്റ് അംഗമെന്ന നിലയിലും നിയമസഭാ അംഗമെന്ന നിലയിലും പരിചയം നേടിയിട്ടുള്ളയാളാണ്. തന്റെ വകുപ്പിന്റെ പ്രവർത്തനം കഴിയുന്നത്ര സുതാര്യമാക്കാനുള്ള ശ്രമം മന്ത്രി നടത്തിയിട്ടുണ്ടെങ്കിലും കൂടുതൽ ശ്രദ്ധയാകർഷിച്ചത് ആശുപത്രിയിലെ ഫീസ്നിരക്ക് വർദ്ധിപ്പിക്കാൻ സർക്കാർ വേണ്ടത്ര ആലോചനയില്ലാതെ എടുത്ത തിരുമാനവും അതിനെതിരെ ഉയർന്ന പ്രതിഷേധത്തിനു കീഴടങ്ങി അത് പിൻവലിക്കേണ്ടിവന്നതുമാണ്. മികച്ച കാൻസർ രോഗ-പ്രതിരോധ സ്ഥാപനമായ റിജ്യണൽ കാൻസർ സെന്ററിനെതിരെ ഉയർന്ന ആരോപണങ്ങളെപ്പറ്റി കേരള സർക്കാരും കേന്ദ്ര സർക്കാരും നടത്തിയ അന്വേഷണകമ്മിഷനുകളുടെ റിപ്പോർട്ടുകളുടെ മറവിൽ ഡയറക്ടർക്കെതിരെ കൂടുതൽ നടപടികൾ വേണ്ടതില്ല എന്നാണ് സർക്കാർ തിരുമാനിച്ചതെങ്കിലും ആ കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്താൻ ഈയിടെ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ദുരൂഹമെങ്കിലും സ്വാഗതാർഹമായി കരുതണം.

ഡോക്ടർമാരുടെ സ്ഥലംമാറ്റത്തിന്റെ കാര്യത്തിലും മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം നവീകരിക്കുന്നതിലും മന്ത്രി ചെലുത്തുന്ന ശ്രദ്ധ പ്രതീക്ഷയ്ക്കു വകനൽകുന്നു. കോട്ടയ്ക്കൽ ആയുർവ്വേദ കോളേജ്. ആയുർവ്വേദ സർവ്വകലാശാലയാക്കി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞത് അവിടത്തെ ആയുർവ്വേദ കോളേജിന്റെ സ്ഥാപകരായ ആര്യവൈദ്യശാലയിലുള്ള മതിപ്പുകൊണ്ടുകൂടിയാണെങ്കിലും ആരോഗ്യമന്ത്രി അക്കാര്യത്തിൽ സ്വീകരിച്ച നിലപാട് പ്രശംസയർഹിക്കുന്നു. പ്രകടനപത്രികയിലുള്ള പ്രഖ്യാപനമാണെങ്കിലും ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാതിരിക്കുന്നതാണ് നല്ലതെന്ന് അദ്ദേഹമിതിനകം മനസ്സിലാക്കിക്കാണണം.

വനം, സ്പോർട്ട്സ് വകുപ്പുമന്ത്രി കെ.സുധാകരൻ കൂടുതൽ ശ്രദ്ധയാകർഷിച്ചത് കായികമേഖലയിലല്ല, വനത്തിലാണ്. വനത്തിന്റെ കാ...

...ഡിച്ച് മന്ത്രി ...
...സ്യമായ സംഘട്ട...
...പെറ്റ വനംവകുപ്പ് പ...
...ജയബിന്ദുവായി മാറിയിട്ടുണ്ട്. വർത്തനങ്ങൾ സുതാര്യമാക്കാനും ...തി ...മുക്തമാക്കാനും മന്ത്രി നടപടിയെടു...മെന്നാണ് സൂചനകൾ. പക്ഷേ, വനംവകുപ്പ് ...പരിസ്ഥിതി വകുപ്പെന്ന് പുനർനാമകരണം ...യുമെന്നും പരിസ്ഥിതിപ്രശ്നങ്ങൾ കേരളത്തിന്റെ നദികളുടെ പ്രശ്നങ്ങൾ എന്നിവകൂടി ഈ വകുപ്പിന്റെ പരിധിയിലാക്കുമെന്നുള്ള പ്രകടനപത്രികാ വാഗ്ദാനത്തിന് എന്തുസംഭവിച്ചുവെന്ന് അറിയില്ല.

രാഷ്ട്രീയ നേതൃത്വനിരയിൽ മുഖ്യമായ പങ്ക് വഹിച്ചുവരുന്നയാളാണ് ആദ്യമായി മന്ത്രിയാകുന്ന എം.എം.ഹസ്സൻ. പ്രഥമദൃഷ്ടിയിൽ ഒരു 'വകുപ്പില്ലാമന്ത്രി' എന്ന രീതിയിലാണ് മറ്റുള്ളവർ അദ്ദേഹത്തെ കണക്കാക്കിവരുന്നത്. ഇൻഫർമേഷനും പ്രവാസിക്ഷേമത്തിനും മാത്രമായി ഒരു മന്ത്രിയുടെ ആവശ്യമുണ്ടോയെന്ന ചോദ്യം സംഗതമാണ്. പ്രകടനപത്രികയിൽ പറഞ്ഞിരുന്നത് ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രത്യേകമായി ഒരു വകുപ്പിന് രൂപംകൊടുക്കുമെന്നാണ്. ഗൾഫ് മലയാളികൾക്ക് വോട്ടവകാശം നൽകാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമെന്നും അന്നു പറഞ്ഞിരുന്നു. പക്ഷേ, ഈ രണ്ടു കാര്യങ്ങളും ഇതുവരെ നടന്നുകണ്ടില്ല. പാർലമെന്ററികാര്യവകുപ്പിന് രൂപം നൽകിയത് നിയമനിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആരോഗ്യപരമായ പാർലമെന്ററി പ്രവർത്തനങ്ങൾ (അതോ വഴക്കങ്ങളോ?) വളർത്തുന്നതിനുമാണെന്ന അവകാശവാദം ഇനിയും ക്രിയാത്മകമായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഗൾഫ് മലയാളികൾക്കുവേണ്ടി കാര്യമായെന്തെങ്കിലും ചെയ്യുക ഏറെ പ്രയാസമുള്ള കാര്യമാണെന്ന് മന്ത്രിക്ക് ഇതിനകം ബോദ്ധ്യപ്പെട്ടുകഴിഞ്ഞിരിക്കണം. പരിചയവും കഴിവുമുള്ള ഒരാളുടെ സിദ്ധികൾ വേണ്ടത്ര പ്രയോജനപ്പെടുത്താതെ പോകുന്നതിന്റെ ഉദാഹരണമായി ഹസ്സന്റെ മന്ത്രിപദം ബാക്കിനൽകുന്നു.

നിയമസഭാ സാമാജികനെന്ന നിലയിൽ നേരത്തെതന്നെ ശ്രദ്ധാർഹമായ പ്രവർത്തനം നടത്തിവന്നിരുന്ന ബാബു ദിവാകരൻ കാര്യമായ വിവാദങ്ങളിലേർപ്പെടാതെ ശാന്തമായ തൊഴിൽമേഖല നിലനിർത്തുന്നതിൽ വിജയം നേടിയെന്നും പറയാം. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കരടു തൊഴിൽനിയമം പ്രഖ്യാപിച്ചതും ലേബർ നിയമങ്ങൾ ലളിതമാക്കുന്നതിന് കയറ്റിറക്ക് ഓർഡിനൻസ് തയ്യാറാക്കിയതും നല്ല നടപടികളായി. അടുത്ത അഞ്ചുവർഷത്തിനകം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പതിനഞ്ചുലക്ഷം പേർക്ക് തൊഴിൽ ലഭിക്കാനുള്ള സംവിധാനം സജ്ജമാക്കുമെന്ന വാഗ്ദാനം തിരഞ്ഞെടുപ്പിനുമുൻപുതന്നെ ഒരു വലിയ തമാശയായി ജനങ്ങൾ കണക്കാക്കിവ...



ട്ടുള്ളതിനാൽ ആ കാര്യത്തെച്ചൊല്ലി മന്ത്രിയുടെ പ്രവർത്തനം വിലയിരുത്തേണ്ട കാര്യമില്ല.

ഭാവിയുടെ ദിശാസൂചി

തദ്ദേശ സ്വയംഭരണമന്ത്രി ചെർക്കളം അബ്ദുള്ളയ്ക്ക് തന്റെ വകുപ്പിൽ കാര്യമായി എന്തെങ്കിലും ചെയ്യാനായിട്ടുണ്ടോ എന്ന സംശയം ബാക്കിനിൽക്കുന്നു. ഇടതുമുന്നണി സർക്കാർ പ്രാവർത്തികമാക്കിയ അധികാര വികേന്ദ്രീകരണം, നടത്തിപ്പിൽ വികലമായിത്തീർന്നു എന്നാക്ഷേപിച്ചുകൊണ്ടാണ് ഐക്യ ജനാധിപത്യ മുന്നണി അധികാരത്തിലേറിയത്. പക്ഷേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിദഗ്ദ്ധ സമിതികൾ പിരിച്ചുവിട്ടു എന്നൊഴിച്ചാൽ മറ്റെന്തെങ്കിലും മന്ത്രിക്ക് ചെയ്യാൻ കഴിഞ്ഞതായി കാണുന്നില്ല. അടുത്തകാലത്ത് രോഗബാധിതനാവുകമൂലം തന്റെ പ്രവർത്തനത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിയാതെ പോയതാവാം കാരണം.

കേരളത്തിന്റെ വികസനത്തിന് ഏറ്റവുമധികം സാദ്ധ്യതയുള്ള മേഖലയായാണ് ടൂറിസം കരുതിപ്പോന്നിട്ടുള്ളത്. ഏറെകാലത്തെ പ്രവർത്തനംകൊണ്ട് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുന്നു എന്നത് സ്വാഗതാർഹംതന്നെ. ഇന്ത്യയിലെ ഏറ്റവും മികച്ച ടൂറിസ്റ്റ് സംസ്ഥാനത്തിനുള്ള അവാർഡ് നേടിയെടുക്കാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ടൂറിസത്തിന്റെ സമഗ്രവികസനത്തിനായി രൂപംകൊടുത്ത ടൂറിസം വിഷൻ 2025 പരിപാടിക്ക് ക്രിയാത്മക രൂപം നൽകാൻ മന്ത്രി പ്രൊഫ. കെ.വി.തോമസ് ഇനിയും ഏറെ ബദ്ധപ്പെടേണ്ടതായിവരും. സ്വകാര്യമേഖലയ്ക്ക് ടൂറിസം വികസനത്തിലുള്ള പങ്ക് പ്രധാനംതന്നെ. പക്ഷേ, അവർക്കുനൽകുന്ന സ്വാതന്ത്ര്യം അപരിമിതമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഈയിടെ വലിയ വിവാദം മുണർത്തിയ 'മഴനൃത്തം' ഒരു ആപൽസൂചനയായി കരുതി ടൂറിസം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തേണ്ടതുണ്ട്.

തന്റെ വകുപ്പുകളുടെ പ്രവർത്തനംവഴി കാര്യമായ ശ്രദ്ധയോ ആരോപണമോ നേടാൻ കഴിയാതെ താരതമ്യേന നിശ്ശബ്ദനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മന്ത്രിയാണ് സി.എഫ്.തോമസ്. അദ്ദേഹത്തിന്റെ പ്രവർത്തന പരിപാടിയിൽ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും സമയബന്ധിതമായി കമ്പ്യൂട്ടർവൽക്കരിക്കുമെന്നും, ഭൂമിയുടെ ന്യായവില ശാസ്ത്രീയമായി നിർണ്ണയിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ നടപ്പിൽ വരാൻ എത്രസമയം വേണ്ടിവരുമെന്ന് ഇനിയും വ്യക്തമല്ല. ഖാദി ഗ്രാമോദ്യോഗ വികസനരംഗത്ത് നടക്കുന്ന പരമ്പരാഗത വികസനപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു എന്നു സമാധാനിക്കാനേ നിവൃത്തിയുള്ളൂ. വാർഷികാഘോഷങ്ങളുടെ സന്ദർഭത്തിൽ സർക്കാരിനാകെത്തന്നെ അപമാനകരമായ ഒരു ഉത്തരവ് ആന്റണി സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. അത് നിലവിലുള്ള വനിതാ കമ്മിഷനെ പിരിച്ചുവിട്ടുകൊണ്ട് എം.കമലം അദ്ധ്യക്ഷയായുള്ള പുതിയ (രാഷ്ട്രീയ) വനിതാ കമ്മിഷന്റെ നിയമനമാണ്. ജസ്റ്റിസ് ശ്രീദേവി അദ്ധ്യക്ഷയായുള്ള കമ്മിഷനെ പിരിച്ചുവിട്ടതിനോ എം.കമലം അദ്ധ്യക്ഷയായുള്ള പുതിയ കമ്മിഷനെ നിയമിച്ചതിനോ ന്യായീകരിക്കാവുന്ന എന്തെങ്കിലും കാരണം ഇതുവരെ പറഞ്ഞുകേട്ടില്ല. ആന്റണി എന്തിന് ഈ ഉത്തരവ് പുറപ്പെടുവിച്ചുവെന്നത് ദുരൂഹമായി തുടരുന്നു.

ഒരു മന്ത്രിസഭയുടെ പ്രവർത്തനം വിലയിരുത്താൻ ഒരു വർഷം തീർച്ചയായും മതിയായ കാലയളവല്ല. പക്ഷേ, ഭാവിയുടെ ദിശാസൂചിയായി അത് കണക്കാക്കേണ്ടതാണ്. ഇതിനകം ഏറെ വിവാദം സൃഷ്ടിച്ചുകഴിഞ്ഞത് സർക്കാർ ജീവനക്കാരുടെ ചില ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതിനെത്തുടർന്നുണ്ടായ സമരവും എ.ഡി.ബിയിൽനിന്ന് സർക്കാർ വായ്പയെടുക്കാൻ തീരുമാനിച്ചതിനെത്തുടർന്നുണ്ടായ വാദകോലാഹലങ്ങളുമാണ്. രണ്ടിലും മുഖ്യമന്ത്രിയുടെ പ്രതിച്ഛായ കൂടുതൽ നന്നായി എന്നാണ് തോന്നുക. താൻ ഇരുപത്തഞ്ചുവർഷംകൊണ്ട് വളരെയേറെ മാറിക്കഴിഞ്ഞിരിക്കുന്നു എന്നു പ്രഖ്യാപിക്കാനുള്ള ആർജവവും മുഖ്യമന്ത്രി ആന്റണി പ്രദർശിപ്പിച്ചിട്ടുണ്ട്. ഇനിയുള്ള നാലുവർഷക്കാലം ഒരു കനകാവസരമായി അദ്ദേഹത്തിന് കാണാൻ കഴിയണം. മന്ത്രിസഭയുടെ പ്രവർത്തനത്തിന്റെ കെട്ടുറപ്പ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി മന്ത്രിമാരുടെ എണ്ണം ചുരുക്കി വകുപ്പുവിഭജനം പുനർനിർണ്ണയം ചെയ്യാൻ ഇനിയും സമയം വൈകിയിട്ടില്ല. കൂട്ടത്തിൽ ചെലവു ചുരുക്കുന്നതിലും സുതാര്യതയിലും കാര്യക്ഷമതയിലും ഉള്ള തന്റെ ഇച്ഛാശക്തി പ്രകടമാക്കുന്നതിന് അദ്ദേഹം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം ഇരുപത്തേഴിൽനിന്ന് പതിനഞ്ചാക്കി ചുരുക്കുകയും അവർക്കേൽപ്പെടുത്തിയിട്ടുള്ള അധാർമ്മികമായ പെൻഷൻപദ്ധതി ഉടനെ റദ്ദ് ചെയ്യുകയുമാണ് വേണ്ടത്. മന്ത്രിമാരെ അവരവരുടെ വകുപ്പുകളിലെ സ്വോച്ഛാധിപതികളായി വാഴാൻ വിടാതെ താനാണ് കേരളത്തിന്റെ ഒരേയൊരു മുഖ്യമന്ത്രി എന്ന ധാരണ യാഥാർത്ഥ്യമാക്കുന്നതിനുള്ള ആജ്ഞാശക്തിയും ഇച്ഛാശക്തിയും അദ്ദേഹത്തിന് കരഗതമാകേണ്ടതുണ്ട്. തന്റെ പ്രതിച്ഛായ നിലനിർത്താൻ, ആദർശധീരത സ്ഥിരീകരിക്കാൻ, അദ്ദേഹത്തിനിനിയും കഴിയാവുന്നതേയുള്ളൂ. ഒരു വർഷം പിന്നിടുമ്പോൾ പ്രകടനപത്രിക വാഗ്ദാനം ചെയ്തിരുന്നതുപോലെ സർക്കാരിന്റെ വാർഷിക ഭരണറിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിക്കൊണ്ട് ഒരാത്മപരിശോധനയ്ക്കുള്ള അവസരമായി ഈ അവസരം അദ്ദേഹം പ്രയോജനപ്പെടുത്തിയാൽ നന്ന്.■



ഫ്രഞ്ച് സമൂഹത്തിന്റെ ജീർണ്ണത ആപൽക്കരമായ മാനങ്ങളിലേയ്ക്ക് വളരുന്നു

മദിരോത്സവത്തിൽ മുങ്ങുന്ന ഫ്രാൻസ്

ഉണ്ണിനാരായണൻ നമ്പൂതിരി, ലണ്ടൻ

എഷഞ്ചിസ്റ്റി (echangiste) എന്നൊരു വാക്ക് ഫ്രാൻസിലെ സാമൂഹ്യജീവിതത്തിൽ നിത്യസാന്നിദ്ധ്യമായിത്തീർന്നിരിക്കുകയാണിപ്പോൾ. വലതുപക്ഷക്കാരനായ ജീൻ മാരി ലേ പെന്നിന് പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ ഒന്നാം റൗണ്ടിൽ ലഭിച്ച ജനപിന്തുണയ്ക്ക് ഈ വാക്കിനുള്ള സാമൂഹ്യപ്രസക്തി അന്വേഷിക്കുകയാണ് ഫ്രാൻസിലെ സാമൂഹ്യ- രാഷ്ട്രീയ ചിന്തകന്മാർ. ഇംഗ്ലീഷിൽ ഈ വാക്കിന്റെ അർത്ഥം വൈഫ് സാപ്പിംഗ് (wife swapping) എന്നാണ്. മലയാളത്തിൽ ഭാര്യയെ വച്ചുമാറുകയെന്ന് അർത്ഥംപറയാമെന്നു തോന്നുന്നു.

പാരതന്ത്ര്യത്തിനെതിരെ വിപ്ലവത്തിന്റെ മേഘനാദം പുറപ്പെടുവിച്ച ഫ്രാൻസിൽ ഈ മാറ്റം എങ്ങനെയുണ്ടായി? പുരോഗമനപരങ്ങളായ എല്ലാ ആശയങ്ങളും സീൻ നദിയുടെ തെക്കേക്കരയിൽനിന്നാണ് ഉത്ഭവിക്കുന്നതെന്ന് പറയാറുണ്ട്. മാത്രമല്ല, സാഹിത്യത്തിന്റെയും കലയുടെയും സംഗീതത്തിന്റെയും ചലച്ചിത്രത്തിന്റെയും രൂപഭാവമാറ്റങ്ങൾ തുടങ്ങുന്നതും പലപ്പോഴും പാരീസിൽനിന്നാണ്. അങ്ങനെ പരിവർത്തനത്തിന്റെ കാറ്റ് എന്നും ആഞ്ഞുവീശിക്കൊണ്ടിരിക്കുന്ന ഫ്രാൻസ് അരാജകത്വത്തിന്റെ ചെളിക്കുണ്ടിൽ വീണുപോയതെങ്ങനെ? അതിനുള്ള ഉത്തരം തേടുന്ന സാമൂഹ്യശാസ്ത്രജ്ഞന്മാർ ചെന്നുനിൽക്കുന്നത്, സാമൂഹ്യജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്ന ഭാര്യയെ വച്ചുമാറൽ പരിഷ്കാരത്തിലാണെന്നത് ആരെയും അത്ഭുതപ്പെടുത്തിയേക്കും. എന്നാൽ യാഥാർത്ഥ്യം അതാണെന്നതാണ് വ്യസനകരമായ കാര്യം. പാരീസിലെ ലേ ചാന്റിൽസ് എന്ന ക്ലബ്ബിലെ ഇടപാടുകൾ നേരിൽ മനസ്സിലാക്കിയ ഒരു പത്രലേഖകൻ അത് വിശദമായി വിവരിക്കുന്നുണ്ട്. പാരീസിൽ മാത്രമല്ല, ഇത് പ്രചാരത്തിലുള്ളത്. ബ്രിട്ടനിലെ പ്രാന്തങ്ങളിലാണ് ഇത് നിലനിൽക്കുന്നതെങ്കിൽ താക്കോൽ സദിരുകൾ (key parties) അമേരിക്കയിൽ പരക്കെ നിലനിൽക്കുന്നു.

രാഷ്ട്രീയത്തിൽ എരിവും പുളിയും ഉണ്ടാക്കുന്ന ഒരു ഘടകമായാണ്. ലേ പെന്നിനെ ഇടത്തരക്കാർ കണ്ടിരുന്നത്. അതേ മനോഭാവമാണ്. ഭാര്യയെ വച്ചുമാറലിനോടും സുഷിരനോട്ടത്തോടും അവർക്കുള്ളതെന്നു തോന്നുന്നു. ഒരുതരം നിശ്ചലാവസ്ഥ ജീവിതം വിഴുങ്ങിക്കൊണ്ടിരിക്കയാണെന്നാണ് ഈ പ്രതിഭാസത്തെ വിശദീകരിക്കുന്ന എയ്-ൻ പ്രോവിൻസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പൊളിറ്റിക്കൽ സയൻസ് പ്രൊഫസർ ജീൻ- ഫ്രാങ്കോയിസ് മാറ്റി ചൂണ്ടിക്കാട്ടുന്നത്. ആത്മാരാധനയും അഹന്തയും ഫ്രഞ്ചുകാരുടെ ജീവിതത്തെ ആക്രമിച്ചുകീഴടക്കിയിരിക്കയാണെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ട്. "ഒരുതരം ക്ലബ്ബ് മനോഭാവമാണിത്. വ്യക്തിനിഷ്ഠമായ സന്തോഷങ്ങൾക്കായി രാഷ്ട്രീയ ജീവിതത്തോട് വിടപറയുന്നു. സെക്സിനും ആഹ്ലാദത്തിനുംവേണ്ടി സ്വയം സമർപ്പിക്കുന്ന ജീർണ്ണ

...പ്പി ച്ചു...പ്പെടുത്തിയിരിക്കുന്നു. ...ത്യ...ധികാരങ്ങൾ, ...ള്ള ...ാളു പാർലറുകൾ, ...ങ്ങനെ ആഹ്ലാദങ്ങളിൽ എങ്ങും പടർന്നുപിടിച്ചിരിക്കുന്നു." അദ്ദേഹം വിശദീകരിക്കുന്നു. അസ്വസ്ഥകരമായ സമൂഹം ഗ്രൂപ്പ് സെക്സിൽ ശാന്തി തേടുന്ന കാഴ്ചയാണ് പാരീസ് നൽകുന്നത്. ഭാര്യയെ വച്ചുമാറുന്ന ഒന്നോ അഞ്ചോ ക്ലബ്ബുകളല്ല പാരീസിലുള്ളത്. അമ്പതോളം ക്ലബ്ബുകൾ അവിടെയുണ്ട്. പാരീസിനു പുറത്ത് ഇരുനൂറോളം ക്ലബ്ബുകളും.

മദിരോത്സവം

ഇവിടെ ഇതൊരു വലിയ സംഭവമാണ്. ജിയോൺ യൂണിവേഴ്സിറ്റിയിലെ സാഹിത്യ പ്രൊഫസറും നോവലിസ്റ്റുമായ മിഷേൽ എർമാൻ അഭിപ്രായപ്പെടുന്നു. "ഒരുതരം തരംതാണതും നിസ്സാരവുമായ ഹെഡോണിസത്തിന്റെ പിടിയിലാണ് ജനങ്ങൾ. രാഷ്ട്രീയ കാര്യങ്ങളിലെന്നപോലെ സ്വകാര്യജീവിതത്തിലും ജനങ്ങൾക്കിടയിൽ ചിന്താക്കുഴപ്പമാണ്. മുൻപ് ദൃശ്യമായിരുന്നതുപോലുള്ള ഗൗരവമൊന്നും ഇന്നില്ല. രാഷ്ട്രീയമായ സംവാദം നിന്നുപോയിരിക്കുന്നു. തിരഞ്ഞെടുപ്പുകാലത്തെ ഭ്രാന്തമായ വിധിയെഴുത്തും വോട്ട് രേഖപ്പെടുത്തലിൽനിന്നുള്ള വിട്ടുനിൽക്കലും ഇതാണ് കാണിക്കുന്നത്" അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ ഒന്നാം റൗണ്ടിൽ ലേ പെന്നിന് വോട്ടു നേടിക്കൊടുത്ത ആബ്സന്റീയസത്തിനും സെക്സിനോടുള്ള ഫ്രഞ്ചുകാരുടെ നിലപാടിനും അടുത്ത ബന്ധമുണ്ടെന്നു കരുതുന്നയാളാണ് സൊർബോൺ യൂണിവേഴ്സിറ്റിയിലെ സോഷ്യോളജിസ്റ്റായ മൈക്കേൽ മഫേസോലി. "മദിരോത്സവത്തിന്റെ ദേവതയായ ഡയോനിഷ്യസിന്റെ തിരിച്ചുവരവാണിത്. ഹെഡോണിസത്തിലേയ്ക്ക് വഴുതിവീഴുന്നു എന്നതിന്റെ ദൃഢമായ സൂചനയാണ്. വോട്ട് രേഖപ്പെടുത്തലിനോടുള്ള മുഖംതിരിക്കൽ' അദ്ദേഹം എടുത്തുപറയുന്നു.

മദിരോത്സവത്തോടുള്ള അനിയന്ത്രിതമായ ഈ വികാരത്തെ രോഗസൂചനയെന്നോ ദുഃഖകരമെന്നോ അല്ലെങ്കിൽ രസകരമെന്നോ പരിഭ്രാന്തമെന്നോ വിശേഷിപ്പിക്കാം. സമൂഹത്തിലെ ഉന്നതശ്രേണിയിലുള്ളവർക്ക് മൂല്യബോധം കൈമോശം വന്നതോടെ മദിരോത്സവവാസന കഴിഞ്ഞ രണ്ടുകൊല്ലത്തിനിടയിൽ സമൂഹത്തിലെ എല്ലാ ശ്രേണികളെയും ഗ്രസിച്ചുകഴിഞ്ഞിരിക്കുകയാണ്. അതൊരുതരം ജീവിതശൈലിയെ രൂപപ്പെടുത്തുന്ന വ്യവസായമായി വളർന്നിരിക്കുന്നു. കപ്പിൾസ്. സിംഗ് എന്നീ പേരുകളിൽ അവർക്ക് അവരുടേതായ പ്രസിദ്ധീകരണങ്ങളുണ്ട്. ഭാര്യയെ കൈമാറൽ ഒരു ഫിലോസഫിയായി വളർത്തിയെടുത്തിരിക്കുകയാണ്. കുട്ടികളെ നോക്കാൻ ആയമാരെ ഏല്പിച്ചിട്ട്, ജീവിച്ചുസുഖിക്കാൻ തിരുമാനിച്ചിറങ്ങിയ ബൂർഷ്വാ- പ്രൊഫഷനലുകൾക്കിടയിലാണ് ജീവിതത്തോടുള്ള

സായാഹ്നം

സാധാരണഗതിയിൽ ഒരു റസ്റ്റോറന്റിൽ പോകുന്നതുപോലെ ദമ്പതിമാർ സായാഹ്നങ്ങൾ ചെലവാക്കാൻ ലേ ചാൻഡിൽസ് പോലുള്ള ക്ലബ്ബുകളിൽ പോകുന്നു. ഒരു രണ്ടുനില മന്ദിരത്തിൽ പ്രവർത്തിക്കുന്ന ലേ ചാൻഡിൽസിൽ സായാഹ്നം ചെലവിട്ട ഒരു പത്രപ്രവർത്തകൻ അവിടത്തെ ഏർപ്പാടുകൾ വിവരിക്കുന്നതിങ്ങനെയാണ്: സാധാരണ ഒരു റസ്റ്റോറന്റിനെ അനുസ്മരിക്കുംവിധമാണ് താഴത്തെനില സജ്ജമാക്കിയിരിക്കുന്നത്. അവിടെ ഒരു കോണിൽ, വിലകൂടിയ ലിംഗറി (lingerie) മാത്രം ധരിച്ച നല്ല പൊക്കമുള്ള ഒരു സ്ത്രീ 'ഐ ലൈക് ടു ലവ്' എന്ന പാട്ടുപാടി മദാലസയായി ആടുന്നുണ്ടായിരുന്നു. തൊട്ടടുത്ത ബാറിലിരിക്കയായിരുന്നു ഞാൻ. പ്രത്യേക വേഷവിധാനങ്ങൾ ധരിച്ച ബാർമാൻ ഒരു ഗ്ലാസ് ഷാംപെയ്ൻ തന്നു. ഒരു പുരുഷനും രണ്ടു സ്ത്രീകളും കൂടി ചേർന്നിരിക്കുന്നത് ഏതാണ്ട് നാല്പതോളം തോന്നിക്കുന്ന ഒരാൾ ഏതാണ്ട് മൂന്നടി അകലെയിരുന്ന് അതീവശ്രദ്ധയോടെ, പ്രാർത്ഥനപോലെ നോക്കിയിരിക്കുന്നു. അയാൾക്കടുത്തായി, ഓഫീസിൽനിന്നും വന്നതുപോലെ തോന്നിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ, കറുത്ത തലമുടിയുള്ള ഒരു ഇരുപതുകാരിയുടെ കറുത്ത നിറത്തിലുള്ള കോകടെയിൽ വേഷം അഴിച്ചുമാറ്റുന്നു. റിബണുകൾ കെട്ടി അലങ്കരിച്ച കവാടത്തിലൂടെ മറ്റൊരു വശത്തേയ്ക്ക് പോകുന്നതിനുമുൻപ്, അവൾ ഇക്കിളിയോടെ ചിരിക്കുന്നുണ്ടായിരുന്നു. എന്റെ പിന്നിലിരുന്ന മൂന്നുപേരും ആ വഴിയിലൂടെ പോയി. അവരെ ഞാനും അനുധാവനം ചെയ്തു. ഇരുട്ടുനിറഞ്ഞ ഒരു മുറിയിലാണ് ഞാനെത്തിച്ചേർന്നത്. ഒരുവശത്ത് വളരെ വലിയ ഒരു പായ. അതിൽ മൂന്നാലു ഇണകൾ സെക്സിലേർപ്പെട്ടിരിക്കുന്നു. അതിനടുത്ത് ഒരു കോണിൽ പൂർണ്ണനഗ്നരായി, കൈകൾ മുകളിലേയ്ക്ക് ഉയർത്തി ഒരു സ്ത്രീ നിൽക്കുന്നുണ്ടായിരുന്നു. അവളുടെ കൈത്തണ്ടകൾ, മുകളിലത്തെ ഒരു ബാറിൽ കെട്ടിവച്ചിരിക്കുന്നു. ഒരു പുരുഷൻ അവളുടെ പിന്നിൽവന്നുനിന്നു. പിന്നെ ഞാനവിടെ നിന്നില്ല. താഴത്തെ നിലയിൽ വന്നപ്പോൾ, മാനൃത തോന്നിക്കുന്ന ഒരു ദമ്പതിമാരുമായി ഞാൻ പരിചയപ്പെട്ടു. ഒരു ഫിനാൻസ് കമ്പനി ഡയറക്ടറായ നാല്പത്തൊന്നുകാരനായ ജീൻപോളും അയാളുടെ മുപ്പത്തൊട്ടുകാരിയായ ഭാര്യ ഫ്രാങ്കോയ്സിയും. ഊതനിറത്തിലുള്ള ഒരു മിനിസ്കർട്ടായിരുന്നു അവരുടെ വേഷം. മാസത്തിൽ ഒന്നോ രണ്ടോ സായാഹ്നങ്ങൾ ഇവിടെ ചെലവിടാറുണ്ടെന്നും, ജീവിതത്തിന് എരിവും പുളിയും നൽകാൻ ഇത് ഉപകരിക്കാറുണ്ടെന്നും അവർ പറഞ്ഞു. "ഞങ്ങൾ ഇണചേരുന്നത് മറ്റുള്ളവർ കാണുന്നത് നല്ല രസമായി തോന്നാറുണ്ട്. താഴെയിരുന്ന് മദ്യം നുണയുമ്പോൾപോലും, മുകളിൽ നടക്കുന്നതോർക്കുമ്പോൾ രസം തോന്നാറുണ്ട്." ജീൻപോൾ തുറന്നുസമ്മതിച്ചു. "മറ്റു സ്ത്രീകളുമായി ഞാൻ രസിക്കുന്നത് കാണുമ്പോൾ എന്റെ ഭർത്താവിന് എന്നോട് കൂടുതൽ സ്നേഹം തോന്നുന്നു. അത് നല്ലതല്ലേ" ഫ്രാങ്കോയ്സി ചോദിക്കുന്നു.

ഫ്രാൻസിലെ മറ്റു നിരവധി ഇണകളെപ്പോലെ ജീൻപോളും ഫ്രാങ്കോയ്സിയും പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ ഒന്നാം റൗണ്ടിൽ വോട്ട് ചെയ്തില്ല. "വോട്ട് ചെയ്യണമായിരുന്നു എന്ന് എനിക്കിപ്പോൾ തോന്നുന്നു" ജീൻപോൾ കുറ്റബോധത്തോടെ പറഞ്ഞു. സെക്സിനെ സാംസ്കാരികമായി ഉന്നതമായി കാണുകയും വ്യായാമത്തിലൂടെ ശരീരത്തെ ദൃഢപ്പെടുത്തുകയും, വേഷവിധാനത്തിൽ പ്രത്യേക നിഷ്കർഷ പാലിക്കുകയും ചെയ്ത്, മദിരോത്സവത്തെ ജീവിതശൈലിയാക്കുന്നതിന്റെ അന്തിമഫലം പ്രതിഫലിച്ചത് ലേ പെൻ നേടിയ വോട്ടുകളിലൂടെയായിരുന്നെന്ന് സൊർബോണിലെ മാഫിസോലി ചൂണ്ടിക്കാണിക്കുന്നതിന്റെ അടിസ്ഥാനമിതാണ്. "ഭാര്യയെ കൈമാറൽ ഒരു പ്രത്യക്ഷ പ്രകടനമാണ്. പൊതുജീവിതത്തിൽ സദാചാരവും സ്വകാര്യജീവിതത്തിൽ വിഷയലമ്പടത്വവും പുലർത്തിയിരുന്നതായിരുന്നു കഴിഞ്ഞകാലം. ഇന്നിപ്പോൾ അതിനെ വേർതിരിക്കുന്ന ഭിത്തി അപ്രത്യക്ഷമായിരിക്കുന്നു. പരസ്യങ്ങളും സാഹിത്യവും പരിശോധിച്ചുനോക്കൂ. ഫ്ളോറൻസ് കേന്ദ്രമായി പൊട്ടിവിടർന്ന നവോത്ഥാനത്തിന്റെയും മദ്ധ്യകാലത്തിന്റെയും മാർക്വിസ് ഡി സാദേയുടെ കാലത്തിന്റെയും അനുരണനങ്ങളാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്" അദ്ദേഹം വിശദീകരിച്ചു.

ഇറോട്ടിസിസം

ഇറോട്ടിസത്തോടുള്ള ഫ്രാൻസിന്റെ പ്രണയത്തിൽ പുതുതായി ഒന്നുമില്ലെങ്കിൽ അത് അശ്ലീലതയായിത്തീരുന്നത് സമീപകാലത്താണ്. പ്രശസ്തമായ ബിബിയോതെക്ക് നാഷനലെ അടുത്ത കാലത്ത്. ആഗസ്റ്റേ ബെല്ലോക്കിന്റെ അശ്ലീലചിത്രങ്ങൾ പ്രസിദ്ധപ്പെടുത്തിയത് ഇതിന്റെ ഒരു സൂചനയാണ്. ലൈംഗികമായി എല്ലാ

മറയും നിക്കിക്കൊണ്ടുള്ള സാഹിത്യകൃതികളും ചലച്ചിത്രങ്ങളും നീലച്ചിത്രങ്ങളിലെ താരങ്ങളുടെ ഏറ്റുപറച്ചിലുകളും സെക്സ് ദാരിദ്ര്യത്തിൽപ്പെട്ട ഒരു ജനതയുടെ ദാഹം ശമിപ്പിക്കുവാനുള്ളതായി കരുതപ്പെടുന്നു. ഇതിന്റെ ഒരു ഭാഗമായാണ്. ഫ്രഞ്ച് പ്രസിഡന്റ് ഷിറാക്കിന്റെ പരിചാരകനായിരുന്ന ഒരാളുടെ ഓർമ്മക്കുറിപ്പുകൾക്ക് പ്രസക്തി വന്നത്. ഫാസ്റ്റ് സെക്സിനോടുള്ള ഫ്രഞ്ച് പ്രസിഡന്റിന്റെ കൗതുകം അതിൽ പ്രതിപാദിക്കുന്നുണ്ട്. പ്രസിഡന്റിന്റെ ജീവനക്കാർക്കിടയിൽ 'കുളി സഹിതം മൂന്നുമിനിട്ട്' എന്നൊരു പ്രയോഗംപോലും പ്രചാരത്തിലുണ്ടത്രെ.

സെക്സ് പ്രദർശനം

ലാവി സെക്സുവിലേ കാതറിൻ എം.സെക്സിന്റെ ഒരു പര്യായമായിരിക്കുകയാണ്. ആർട്പ്രസിന്റെ സ്ഥാപകയാണ് കാതറീൻ മിലേ. തന്റെ കന്യകാത്വം നഷ്ടപ്പെടുന്നതിൽത്തുടങ്ങി ഒരു ഗ്രൂപ്പിന് വിധേയയാകുന്നതുവരെയുള്ള ലൈംഗികമായ യാത്ര പ്രതിപാദിക്കുന്ന അവരുടെ പുസ്തകം വലിയ കോളിളക്കമുണ്ടാക്കിയിരിക്കയാണ്. ഫ്രാൻസിലെ സമ്മതനായ നോവലിസ്റ്റ് എന്ന നിലയ്ക്ക് ഉയർന്നിരിക്കുന്ന മൈക്കൽ ഹൂലാബെക്ക് പറയുന്നത്, രോഗഗ്രസ്തമായ സമൂഹമാണ് തന്റെ സാഹിത്യത്തിന് ആധാരമെന്നാണ്. പ്രവർത്തനരഹിതമായ ലൈംഗിക ജീവിതം- അതാണ് അദ്ദേഹത്തിന്റെ പ്രധാന ഇതിവൃത്തം. പ്ലാറ്റ്ഫോം എന്ന അദ്ദേഹത്തിന്റെ പുതിയ നോവലിന്റെ പ്രമേയം സെക്സ് ടൂറിസമാണ്. പരസ്യരംഗത്താണ് സെക്സ് കൊടികുത്തി വാഴുന്നത്. സാഡോ മസോക്കിസം മുതൽ മാസ്റ്റർബേഷൻവരെ പരസ്യങ്ങൾക്ക് വിഷയങ്ങളാണ്. ലിംഗറി നിർമ്മാതാക്കളായ ബാർബിറാ പോസ്പേഴ്സിന്റെ ഒരു പരസ്യത്തിൽ ബ്രാ മാത്രം ധരിച്ച ഒരു സ്ത്രീയുടെ ചിത്രത്തോടൊപ്പം. 'ആരെങ്കിലും വേണ്ട എന്ന് എന്നോടു

തിരെ തെരുവുകളിൽ നടന്ന പ്രകടനംപോലും. ആഹ്ലാദം തേടിയുള്ളതായിരുന്നുവത്രെ. "തെരുവിലൂടെ പ്രതിഷേധിച്ചുകൊണ്ടു നടക്കുമ്പോൾപോലും ചെറുപ്പക്കാർ ഉമ്മവയ്ക്കുമായിരുന്നു. കഞ്ചാവ് വലിച്ചിരുന്നു അവർ. ജീവിതത്തിൽ ഒരുതരത്തിലുള്ള രസമായാണ് അവർ ഇതിനെ കാണുന്നത്." അദ്ദേഹം വിശദീകരിക്കുന്നു.

ഫ്രഞ്ച് ടെലിവിഷനിലെ ജനസമ്മതിയാർജിച്ച ഒരു സീരിയലാണ് ലോഫ്റ്റ് സ്റ്റോറി. ഒരു വീട്ടിൽ എത്തുന്ന ചെറുപ്പക്കാരും ചെറുപ്പക്കാരികളും ക്യാമറയ്ക്കുമുന്നിൽ ഇണചേരുന്നതാണ് അതിലെ പ്രധാന ഇതിവൃത്തം. "ഒരു സ്പെക്ടക്കിൾ സൊസൈറ്റിയായി ഫ്രാൻസ് മാറുന്നു എന്നാണ് ഇത് കാണിക്കുന്നത്. എല്ലാം വെറും പ്രദർശനം" അദ്ദേഹം അഭിപ്രായപ്പെടുന്നു.

ഈ പ്രവണതയെ പേടിയോടെയാണ് മനശ്ശാസ്ത്രജ്ഞന്മാർ നോക്കിക്കാണുന്നത്. 'ആനന്ദമെന്തെന്ന് കരുതുന്നവരും സാമൂഹ്യശാസ്ത്രജ്ഞന്മാർക്കിടയിലുണ്ട്. അധികാരസ്ഥാനങ്ങളോടുള്ള പ്രതിഷേധമായിരുന്നു ലിബർട്ടിനിസം. അതല്ലേ ഇപ്പോൾ മറ്റൊരു വിധത്തിൽ പ്രകടിതമാവുന്നത്- അവർ ചോദിക്കുന്നു.

എന്നാൽ ഫ്രഞ്ച് സമൂഹം രോഗഗ്രസ്തമായിരിക്കുന്നു എന്നാണ് പുരോഹിതനായ ക്രിസ്റ്റ്യൻ ബുഷോകോർട്ട് പറയുന്നത്. മതപരമായ ആദർശങ്ങളിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കാതെ ലേ പെന്നിനെ ബിഷപ്പുമാർ വിമർശിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഭാര്യയെ വച്ചുമാറുന്ന ക്ലബ്ബുകളും മറ്റും അടച്ചുപൂട്ടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പക്ഷേ, അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കാൻ ഫ്രഞ്ചു സമൂഹത്തിന് സമയമില്ലാതായിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഒറ്റപ്പെട്ട ശബ്ദം വനരോദനമായിത്തീരുകയാണ്.■

കുടിക്കാൻ വെള്ളമില്ലാതെ ഡൽഹി വരളുമ്പോൾ

നഗരക്കാഴ്ചകൾ

ജ്ഞോണി എം.എൽ

ഈ നഗരം നിൽക്കുവാൻ വയ്യാതെ പൊള്ളുന്നു. ഇത് നട്ടുച്ചനേരത്ത് ഉയരുന്ന പ്രേതകഥനങ്ങളല്ല. വെറും പൊടിയിൽ നിന്നും ആർത്തുപൊങ്ങുന്ന സാധാരണ മനുഷ്യന്റെ നിലവിളി. ഡൽഹി നഗരത്തിൽ വേനൽ വെന്തുപൊങ്ങുകയാണ്. കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിലെ പ്രവാചകർ പറയുന്നു ഇത് കഴിഞ്ഞാ ഏതാനും വർഷങ്ങൾക്കകം ഉണ്ടായ മഹാനിദാഘമെന്ന്. വെള്ളം ലഭിക്കാതെ മനുഷ്യൻ തെരുവോരങ്ങളിൽ സ്വന്തം കൈപ്പടം നിവർത്തുന്ന കുടക്കീഴിൽ. മുനിസിപ്പാലിറ്റിയുടെ വാട്ടർ ടാങ്കർ ലോറികളെ കാത്ത് ദിവസങ്ങൾ കഴിക്കുന്നു. കുടിനീർ ലഭിച്ചില്ലെങ്കിലും ഉത്തർപ്രദേശിനെ അപേക്ഷിച്ച് മദ്യത്തിന് വിലകുറവായ ഡൽഹിയിൽ മനുഷ്യൻ ബിയർ കുടിച്ച് വെയിലകറ്റാൻ ശ്രമിക്കുന്നു. വഴിയിറമ്പുകളിൽ പൊതുമരാമത്തുകാരിൽ ചായ്ച്ചുകെട്ടിയ കൊച്ചുകൊച്ചു കൂരകളിൽ വർഷങ്ങളായി പാർത്തുവരുന്ന വോട്ടുകളില്ലാത്ത. റേഷൻ കാർഡില്ലാത്ത മനുഷ്യൻ ഒരുദിനം ബ്യൂഡോസറിന്റെ പരുക്കൻ സുപ്രഭാത കീർത്തനം കേട്ടുകൊണ്ടുണരുന്നു. ബുൾഡോസറിന്റെ ആയസബാഹുക്കൾ അന്തരീക്ഷത്തിൽ ഏതാനും തവണ ആരതിയുഴിഞ്ഞുതാഴുമ്പോഴേയ്ക്കും പൊടിമനുഷ്യന്റെ ജീവിതം ചെറുചെറു ഇഷ്ടികക്കൂമ്പാരങ്ങളായി മാറുന്നു. തിളയ്ക്കുന്ന സൂര്യന് താഴെ ഇവർ കരിഞ്ഞുപോകുന്നു. സോഷ്യലിസം പറയുന്ന സമ്പന്നൻ രാത്രിയിൽ വിരുന്നുണ്ണാൻ വൻകിട ഭക്ഷണശാലയിൽ പോകുമ്പോൾ കുടുംബത്തോടൊപ്പം വീട്ടുവേലക്കാരിയെയും കൊണ്ടുപോകുന്നു. എന്നാൽ അവൾക്കു വിളമ്പാൻ ഇവിടെ നിയമമില്ലെന്ന് പറഞ്ഞ് ഹോട്ടൽ അധികാരികൾ അവളെ ഇറക്കി വിടുന്നു. ഒടുവിൽ മേഘമൽഹാർ. ഏഷ്യാനെറ്റും മാതൃഭൂമിയും സംയുക്തമായി നിർമ്മിച്ച് കമൽ സംവിധാനം ചെയ്ത ചിത്രം. പക്ഷേ നാടു പെയ്യിക്കാതെ കടന്നുപോകുന്നു. ഡൽഹി പൊള്ളുന്നു.

വലിയ കുരങ്ങന്മാർ

ഡൽഹി നഗരം വികസിച്ച് കൊച്ചുകൊച്ചു കാടുകളെ വെട്ടിത്തെളിച്ചും കൃഷിയിടങ്ങളെ കോൺക്രീറ്റ്വനങ്ങളാക്കിയുമാണ്. അതുകൊണ്ടുതന്നെ അവിടെ പാർത്തിരുന്ന എണ്ണിയാൽ തീരാത്തത്രയും കുരങ്ങന്മാരും കുരങ്ങികളും ഇപ്പോഴും തങ്ങളുടെ പഴയ കുടികിടപ്പവകാശം പറഞ്ഞ്. ആട്ടിയിറക്കപ്പെട്ട ഹരിതം തേടി മനുഷ്യന്റെ പാർപ്പിടങ്ങളിൽ കടന്നുകയറുന്നു. പാതിയടഞ്ഞ ജാലകത്തിലൂടെ വീട്ടിനുള്ളിൽ കടക്കുന്ന കുരങ്ങന്മാർ റെഫ്രിജറേറ്റർ തുറന്ന് അവർക്കാവശ്യമുള്ളത് ഭക്ഷിക്കുന്നു. തസ്കരന്റെ ഒളിവുകളില്ലാതെ. ഇവരെ ആട്ടിപ്പായിക്കാൻ ഡൽഹിയിലെ പ്രാദേശികഭരണകൂടങ്ങൾ കണ്ടെത്തിയ ഒരു മാർഗ്ഗമുണ്ട്. തിന്നിയ കുരങ്ങന്മാർക്ക് ലംഗൂർ എന്ന ഇനത്തിൽപ്പെട്ട വലിയ കുരങ്ങന്മാരെ പേടിയാണ്. അതിനാൽ ലംഗൂർക്കുരങ്ങന്മാരെ പ്രതിമാസം രണ്ടായിരം രൂപ ശമ്പളത്തിൽ. ചെറിയ ശല്യക്കാരായ കുരങ്ങന്മാരെ ഓടിക്കാൻ നിയമിക്കുന്നു. പ്രഭാതത്തിൽ കെട്ടിടങ്ങൾക്കു മുകളിൽ സൂര്യനെ നോക്കിയിരിക്കുന്ന കുരങ്ങന്മാർ. ഉടമസ്ഥന്റെ സൈക്കിളിനു പിന്നിൽ നിണ്ടവാലും ചുരുട്ടിവച്ച് കറുത്ത മുഖം കൂർപ്പിച്ച് വരുന്ന ലംഗൂറിനെക്കാണുന്നു. അവർ പ്രാണരക്ഷാർത്ഥം ഓടുന്നു. ഇപ്പോൾ ഹൗസിങ് കോളനികളിൽ പ്രാചീനരായ ആ ചെറുകുരങ്ങന്മാരെ കാണാനില്ല. ലംഗൂർക്കുരങ്ങന്മാരെ കാണുമ്പോഴെല്ലാം ഞാൻ ബ്രിട്ടിഷുകാരന്റെ കോളനീകരണത്തിന്റെ സ്ട്രാറ്റജിയെക്കുറിച്ച് ഓർക്കും. ഇന്ത്യാക്കാരായ സത്യഗ്രഹികളുടെ നടുവടിച്ചൊടിക്കാൻ പരിശീലനം നൽകിയെടുത്ത ഇന്ത്യാക്കാരടങ്ങിയ പോലീസ്. കുരങ്ങനെ ഓടിക്കാൻ കുരങ്ങൻ. ഈ വേനലിൽ വെള്ളം കിട്ടാത്ത മനുഷ്യനെ ഓടിയ്ക്കാൻ കുടിവെള്ളം കിട്ടാത്ത മനുഷ്യൻ.



ഹൗസിങ് കോളനികളിൽ ടാങ്കറുകളിൽ ശുദ്ധജലം എത്തുന്നു. എല്ലാ വീട്ടുകാർക്കും പൈപ്പ് കണക്ഷനും മൂന്നുനേരം സർക്കാർവക പമ്പിങ്ങും ഉണ്ട്. ഓവർഹെഡ് ടാങ്കുകളിൽ നിന്നും എപ്പോഴും ജലം ലഭിക്കും. അതിനുപുറമേയാണ് ടാങ്കർ കൊണ്ടുവരുന്ന കുടിവെള്ളം. ഇത് മധുരമുള്ള ഗംഗാജലമാണെന്ന് കിട്ടിയാലും കിട്ടിയാലും മതിയാവാത്ത മദ്ധ്യവർഗ്ഗി സ്വയം വിശ്വസിച്ചിരിക്കുന്നു. ടാങ്കർ വരുമ്പോൾ കാവൽക്കാരൻ വിളിച്ചു പറയുന്നു: 'ടാങ്കർ വന്നു വെള്ളം നിറയ്ക്കൂ.' മദ്ധ്യവർഗ്ഗി വീട്ടിലുള്ള സകലപാത്രങ്ങളിലും ടാങ്കറിൽനിന്ന് വെള്ളം ശേഖരിക്കുന്നു. എന്നാൽ ഈ ടാങ്കറിന്റെ വരവുകാത്ത് ഉരിക്കുന്ന ഒരു കൂട്ടം മനുഷ്യരുണ്ട്. ടാങ്കർ പോകുന്ന ഓരോ ഗേറ്റിലും പ്ലാസ്റ്റിക് തൊട്ടികളുമായി സാബ് അല്പം വെള്ളം തരൂ എന്ന് കരഞ്ഞു പറഞ്ഞ് ടാങ്കർ ഡ്രൈവറുടെയും ക്ലീനറുടെയും പിന്നാലെ നടക്കുന്ന റേഷൻകാർഡില്ലാത്ത പൊടിമനുഷ്യർ. കുളിച്ചിട്ട് ഏറെ നാളുകളായതിനാൽ തലമുടി ജടയായ കൊച്ചു പെൺകുട്ടികൾ. മദ്ധ്യവർഗ്ഗികൾ തല്ലോന്തെരിയുടെ ഓർമ്മയിൽ സ്വയം ചിരിച്ച് ആർത്തിയോടെ വെള്ളം നിറയ്ക്കുമ്പോൾ ദൂരെ എല്ലാവരും നിറച്ചുകഴിഞ്ഞശേഷം ടാങ്കറിൽ ബാക്കിയുണ്ടെങ്കിൽ നിറയ്ക്കാം എന്നു കരുതി കാത്തിരിക്കുന്ന പൊടിമനുഷ്യർ അവർ മുന്നോട്ട് വരുമ്പോൾ. അവരെപ്പോലെതന്നെ വെള്ളം കിട്ടാത്ത ഒരു പേരില്ലാത്തിൽ നിന്നും വരുന്ന കാവൽക്കാരൻ അയാളുടെ നിണ്ട മുളവടിയെടുത്ത് പട്ടിയെ ആട്ടുംപോലെ അവരെ ആട്ടിപ്പായിക്കുന്നു. ഇന്നുവരെ ഒരു മദ്ധ്യവർഗ്ഗിയും പറയുന്നത് കേട്ടിട്ടില്ല. 'അവർക്കും അല്പം വെള്ളം കൊടുക്കൂ' എന്ന്. കുരങ്ങനെക്കൊണ്ട് കുരങ്ങനെ ഓടിക്കുന്ന തന്ത്രം. ഇത് ഡൽഹി.

പരിചിതമായ ചായശാലയിൽ ബിയറിങ്ങുവാൻ നേരത്തേ ഞാൻ എത്തുകയാണ്. ലപ്പൊമാൻ എന്നു പേർവിളിക്കുന്ന ബിയറിന് കുപ്പിയൊന്നിന് ഡൽഹിസർക്കാർ ഇരുപത്തിയെട്ടുരൂപ വിലയിട്ടിരിക്കുന്നു. കുപ്പിയുടെ മുകളിലും വിലവിവരപട്ടികയിലും വില അതുതന്നെ. എന്നാൽ നരകതീർത്ഥം വിളമ്പുന്ന പരിഷയ്ക്ക് കുപ്പിയൊന്നിന് മുപ്പതുരൂപ വേണം. വീര്യക്കുപിശുക്കുന്ന എന്നോട് സ്ഥിരം കാണുന്ന പരിചയത്തിനുമേൽ ആ ചെറുപ്പം പറയുന്നു. സാബ് നിങ്ങളും ഈ നഗരത്തിൽ ജീവിക്കുന്നവനല്ലേ. ഇവിടെ എല്ലാം അഴിമതിയാണ്. നിങ്ങൾ ഇരട്ടി വിലകൊടുത്തല്ലേ ഉത്തർപ്രദേശിൽ നിന്നും ഇത് വാങ്ങുക. ഇവിടെ രണ്ടുരൂപ പോയെന്നു കരുതി എന്താണ് പ്രശ്നം? അയാളുടെ സാമാന്യബുദ്ധി. ഈ നഗരം അഴിമതിയുടെ മേൽ ഉരുളുന്നു എന്ന സുക്തം എന്നെ ചൊടിപ്പിച്ചു. നിങ്ങളും ഞാനും കരുതിയാൽ അത്രയെങ്കിലും അഴിമതി കുറയ്ക്കാനാകും എന്ന് ഞാൻ അയാളോട് പറയുന്നു. കണ്ണുകളിൽ ക്രൗര്യം തിളങ്ങിയ ആ ചെറുപ്പക്കാരന് പെട്ടെന്ന് ചിരിവരുന്നു. ഗ്ലോബലൈസേഷന്റെ എല്ലാ സൂചകങ്ങളും അടങ്ങിയ വസ്ത്രം ധരിച്ചിരിക്കുന്ന ഇയാളുടെ മുഖത്തുനിന്ന് ഗാന്ധിസുക്തങ്ങൾ വരുന്നല്ലോ എന്നോർത്ത് അയാൾ അത്ഭുതപ്പെട്ടിരിക്കണം. പരാജിതനായി ആറുരൂപാ നഷ്ടവുമായി തിരികെ നടക്കുമ്പോൾ പിന്നിൽനിന്ന് അയാളും മറ്റു പൗരന്മാരും ചിരിക്കുന്നു. 'യെ കഹാം കാ ആദ്മി ഹെ?' (ഇവൻ എവിടത്തുകാരനെടാ?) എന്ന പാന്റിന്റെ കറപിടിച്ച വാക്കുകൾ മുതുകിൽ വീഴുന്നു. അഴിമതിയുമായി സഹശയനം ചെയ്യുന്ന ഡൽഹി.

ഇരിപ്പിടങ്ങൾ

മുകളിലത്തെ ഹാളിൽ വിരുന്ന് തുടരുകയാണ്. ഹാബിറ്റാറ്റ് സെന്ററിലെ ആ ഭക്ഷണാലയത്തിൽ ഒരു സോഷ്യലിസ്റ്റ് വിശ്വാസി തന്റെ വീട്ടുവേലക്കാരിയെക്കൂടി അന്ന് അത്താഴവിരുന്നിനായി കൊണ്ടുവന്നു. സാധാരണ ഡൽഹിയിലെ വലിയവലിയ പരിപാടികളിലെല്ലാം വരുന്ന സമ്പന്നരോടൊപ്പം അവരുടെ വിട്ടുജോലിക്കാർ കൂടിയുണ്ടാകും. കുഞ്ഞിനു തീറ്റികൊടുത്തുകൊണ്ടും കുട്ടികളെ കൂടെ നടത്തിക്കൊണ്ടും അവർ അവരുടെ ഉടമകളിൽ നിന്നും വ്യത്യസ്തരാകുന്നു. ഉടമയും അടിമയും തമ്മിലുള്ള വ്യത്യാസവും ബന്ധവും അവരുടെ വസ്ത്രധാരണത്തിൽ നിന്നും പെരുമാറ്റത്തിൽ നിന്നും തൊലിയുടെ നിറത്തിൽ നിന്നും തൊലിയ്ക്കടിയിൽ അടിഞ്ഞിരിക്കുന്ന കൊഴുപ്പിൽ നിന്നും മനസ്സിലാക്കാം. നാടകശാലയിൽ ഉടമ മുൻസീറ്റിലിരിക്കുമ്പോൾ അടിമ ഉടമകളുടെ മോൺസ്റ്റർമാരുടെയും മോൺസ്ട്രിനമാരുടെയും പീഡനങ്ങൾക്ക് വിധേയരായി ലോബിയിലെവിടെയെങ്കിലും വിയർത്തുനിൽപ്പുണ്ടാകും. ഭക്ഷണശാലയിൽ അവർക്ക് മറ്റൊരു ഇരിപ്പടം. വലിയവലിയ ഭക്ഷണശാലകളിലാണെങ്കിൽ അവർക്ക് ലോബി വരെ മാത്രമേ പ്രവേശനമുള്ളൂ. താൻസെൻ പൊള്ളുന്ന ഡൽഹിയുടെ ഈ വേനൽ യരാഗമായ മേഘമൽഹാറിൽ കരുതി, കമലിന്റെ സിനിമ കണ്ട ഇഷ്ടപ്പെടുന്ന നായകൻ, എഴുത്തുകാരി നായിക. രണ്ടുപേരും വിവാഹിതർ. അവരവരുടെ പാർട്ണർമാർ ദൂരെയാണ്. പോഴേയ്ക്കും അവർ തമ്മിൽ ഒരു കേക്ക് പ്രോകുന്ന സംഭവത്തിലൂടെ അടുക്കുന്നു. ക്സ്ട്രാമാരിറ്റൽ അഫയർ എന്ന് ചുരുക്കം. നീട് അവർ അറിയുന്നു. കൊച്ചുന്നാളിലേ പിരിഞ്ഞുപോയ കളിക്കൂട്ടുകാരായിരുന്നു അവരെന്ന്. സ്വരസ്ഥാനങ്ങൾ അമ്മരൂക്ഷമാക്കുന്നതിനു പകരം കമൽ സിനിമയെ കുറെ സ്റ്റീരിയോടൈപ്പുകളാക്കി മാറ്റി. കഥയെഴുതുന്ന സബ്-എഡിറ്റർ, പെണ്ണെഴുത്തുകാരിയായ കൂട്ടുകാരി, വായനക്കാരനും മുഖം നോക്കാതെ അഭിപ്രായം പറയുന്നവനുമായ അഡ്വക്കേറ്റ്, പത്മഭൂഷൺ ലഭിച്ച വാദ്യവിദഗ്ദ്ധൻ പിഷാരടി അങ്ങനെ ഒട്ടേറെ കണ്ടുമുട്ടുത്ത കഥാപാത്രങ്ങളിലൂടെ സിനിമ പുരോഗമിക്കുമ്പോൾ പ്രിയപ്പെട്ട കമൽ, താങ്കൾ തന്നെ സൂചിപ്പിച്ച ഡൽഹിയിലെ എലിറ്റ് കാണികൾ ചിരിച്ച് മണ്ണ് കപ്പുകയായിരുന്നു. കാണികൾ വീർപ്പുമുട്ടണം എന്ന് സംവിധായൻ വിചാരിക്കുന്നിടത്ത് കാണികൾ ഇക്കിളിയിട്ടതുപോലെ ചിരിക്കാൻ തുടങ്ങിയാൽ സംഗതി പിശകാണെന്നർത്ഥം. അതുപോലെതന്നെയാണ് അടുത്ത ഡയലോഗും സീനും ഒക്കെ ഇതാകും എന്ന് കാണികൾ പ്രതീക്ഷിക്കുമ്പോൾ അതുതന്നെ സംഭവിക്കുന്നത്. സംവിധായകന് ഒരു സാധാരണകഥയെ അസാധാരണമായി പ്രതിപാദിക്കാൻ കഴിയണം. മാതൃഭൂമിയുടെ അതിപ്രസരം അധികമാകുന്നതിനെപ്പോലും നിയന്ത്രിക്കാൻ സംവിധായകന് കഴിഞ്ഞില്ല. അയാൾ കഥയെഴുതുകയാണ് എന്ന സിനിമയിൽ കാണിച്ച ലാഘവം മേഘമൽഹാറിൽ കാണിക്കുവാൻ കമലിന് കഴിഞ്ഞില്ല എന്നതാണ് സത്യം. അവാർഡ് എന്ന് പറഞ്ഞ് തുടക്കം മുതലേ മസിൽപിടിക്കുമ്പോൾ വരുന്ന പ്രശ്നങ്ങളാണിവ. മാതൃഭൂമിയും ഏഷ്യാനെറ്റും വിചാരിച്ചാൽ എത്ര അവാർഡ് വേണമെങ്കിലും ഈ സിനിമയ്ക്കും കമലിനും ലഭിക്കും. എന്നാൽ നല്ല സിനിമ എന്ന നിലയിൽ ചരിത്രത്തിൽ ഇടം നേടണമെങ്കിൽ കമൽ നല്ല സിനിമ തന്നെ എടുത്തേപറ്റൂ. മാതൃഭൂമിയും ഏഷ്യാനെറ്റും നിർമ്മിച്ച ചിത്രമായതുകൊണ്ടാകണം ഡൽഹിയിലെ മിക്ക മലയാളി പത്രപ്രവർത്തകരും സിനിമകാണാൻ ഉണ്ടായിരുന്നു. മക്മൽബഫിന്റെ ഖാണ്ഡഹാർ പ്രദർശിപ്പിച്ചപ്പോഴും ഇപ്പോൾ കഴിഞ്ഞ കനേഡിയൻ. ഫ്രഞ്ച് ഫിലിം ഫെസ്റ്റിവലുകളിലും ഇവരെ ആരെയും കണ്ടില്ല എന്നതു മറ്റൊരു സത്യം. ഇതാണ് ഡൽഹി. ഒരു പക്ഷേ. ഇതല്ല ഡൽഹി. എന്റെ മനസ്സിലാക്കലിന്റെ പോരായ്മയാകാം അത്. ഒക്കെ ഒരു വെറും ഭ്രാന്തന്റെ സ്വപ്നം/ നേരു തിരയുന്ന താന്തന്റെ സ്വപ്നം.■



ജനിതകപരിഷ്കരണത്തിനു വിധേയമായ നെൽച്ചെടികൾക്കിടയിൽ ചൈനീസ് ശാസ്ത്രജ്ഞൻ

നെല്ലിന്റെ ജീനോം മാപ്പും ഒരു ചൈനീസ് വിജയകഥയും

ഡോ. എ.എൻ. നമ്പൂതിരി

നെല്ലിന്റെ ജീനോം മാപ്പ് പ്രസിദ്ധപ്പെടുത്തിയതോടെ, കാർഷിക ഗവേഷണ ചരിത്രത്തിൽ പുതിയൊരു അദ്ധ്യായം കുറിച്ചു; ജീനോം ഗവേഷണരംഗത്തെ വൻശക്തിയായി ചൈന ഉയരുകയും ചെയ്തു

ഏതാണ്ട് രണ്ടുവർഷം മുൻപാണ് മനുഷ്യ ജീനോം മാപ്പിന്റെ ഒരു കരടുരൂപം പ്രസിദ്ധികരിച്ചത്. ഈ നേട്ടം പ്രഖ്യാപിച്ചത് അമേരിക്കൻ പ്രസിഡന്റും ബ്രിട്ടീഷ് പ്രധാനമന്ത്രിയും പങ്കെടുത്ത ഒരു പ്രസ് കോൺഫറൻസിൽ വച്ചായിരുന്നു. ജീവശാസ്ത്ര ചരിത്രത്തിലെ യുഗപ്രധാനമായ ഒരു സംഭവമാണ് ജീനോം മാപ്പ് എന്നു വിശേഷിപ്പിക്കപ്പെട്ടു. മാനവരാശിയുടെ ഭാവിയെക്കുറിച്ചുള്ള ഈ കണ്ടുപിടുത്തം ഉണർത്തിയ പ്രതിക്ഷകളുടെ തിളക്കം ഇന്നും മങ്ങിയിട്ടില്ല.

ഇപ്പോഴിതാ നെല്ലിന്റെ ജീനോം മാപ്പും പൂർത്തിയാക്കിയിരിക്കുന്നു. കാർഷിക ഗവേഷണപുരോഗതിയിലെ ശ്രദ്ധേയമായ ഒരു നാഴികക്കല്ലാണ് നെല്ലിന്റെ ജീനോം ഘടകവിന്യാസത്തിന്റെ ഈ കരടുരേഖ. അതു നൽകുന്ന വാഗ്ദാനങ്ങളോ? സയൻസ് ഫിക്ഷൻ എഴുത്തുകാരുടെ ഭാവനയ്ക്കപ്പുറമുള്ളതും.

നെല്ലിന്റെ പ്രധാനപ്പെട്ട രണ്ട് ഉപജാതികളുടെ ജീനോം വിന്യാസക്രമമാണ് പ്രസിദ്ധ ശാസ്ത്രവാരികയായ 'സയൻസി'ന്റെ ഏപ്രിൽ 5 ലക്കത്തിലുള്ളത്. ജപ്പാനിലും മറ്റു മിതശീതോഷ്ണാവസ്ഥയുള്ള മേഖലകളിലും വളരുന്ന നെല്ലിന്റെ ഉപജാതിയായ 'ജപ്പോണിക്ക'യുടേതാണ് ആദ്യത്തെ മാപ്പ്. മറ്റേത് ചൈനയിലും മറ്റു മിക്ക ഏഷ്യൻ രാജ്യങ്ങളിലും കൃഷിചെയ്യുന്ന 'ഇൻഡിക്ക'യുടേതും. ഈ രണ്ട് ഉപജാതികളുടെയും ജനിതകഘടകങ്ങളുടെ (ജീനുകൾ) വിന്യാസക്രമത്തിന്റെ കരടുരൂപമാണ് ഇപ്പോൾ ലഭ്യമായിരിക്കുന്നത്.

കുതിച്ചുചാട്ടം

ശാസ്ത്രലോകത്തെ അത്ഭുതസ്തബ്ധമാക്കിയ ഒരു സംഭവം കൂടി ഇവിടെ രേഖപ്പെടുത്തണം. നെല്ലിന്റെ ഉപജാതിയായ 'ഇൻഡിക്ക'യുടെ ജീനോം വിന്യാസക്രമം തയ്യാറാക്കിയത് നാലുവയസ്സുപോലും പിന്നിടാത്ത ബൈജിങ് ജീനോമിക്സ് ഇൻസ്റ്റിറ്റ്യൂട്ടാണ്. അതിന്റെ ഡയറക്ടറോ അത്രയൊന്നും അറിയപ്പെടാത്ത ശാസ്ത്രജ്ഞനായ യാങ് ഹ്യുവാൻ മിങ്ങും.

ജപ്പോണിക്കയുടെ വിന്യാസക്രമം നിർണയിച്ചത് ബഹുരാഷ്ട്രകമ്പനിയായ സിൻജന്റയാണ്. ഈ ജീനോം മാപ്പിന്റെ പ്രാഥമിക വിവരങ്ങൾ മൊണ്സാന്റോ കമ്പനി രണ്ടുവർഷം മുൻപു പുറത്തിറക്കിയിരുന്നു. അത്യന്താധുനിക ലബോറട്ടറികളും സുശിക്ഷിതരായ ഗവേഷകരുടെ ഒരു സൈന്യവും കോടിക്കണക്കിന് ഡോളർ ബഡ്ജറ്റുമുള്ള മഹാസ്ഥാപനങ്ങളോട് മത്സരിച്ച് ഇൻഡിക്കയുടെ മാപ്പ് പ്രസിദ്ധപ്പെടുത്തുകയെന്ന ദുഷ്കരവും ആവേശകരവുമായ നേട്ടമാണ് ഈ വിജയഗാഥയിലൂടെ ചൈന വിളംബരം ചെയ്യുന്നത്.

പാണ്ടികശാലയോ?

അക്കഥ തന്നെ ആദ്യം പറയാം. 1998 ആഗസ്തിൽ ബൈജിങ് ജീനോമിക്സ് ഇൻസ്റ്റിറ്റ്യൂട്ട് (BGI) ഡയറക്ടർ യാങ് ഹ്യുവാൻ മിങ് ഒരു സംഘം വിദേശശാസ്ത്രജ്ഞർക്ക് തന്റെ ഗവേഷണശാല കാണിച്ചുകൊടുക്കുകയായിരുന്നു. പത്തു മിനിറ്റ് കഴിയുന്നതിനു മുൻപേ സന്ദർശകർക്കു സംശയം തുടങ്ങി: "ഇവിടെ ഉപകരണങ്ങളൊന്നും കാണുന്നില്ലല്ലോ." ഡയറക്ടറുടെ മറുപടി: "ഓർഡർ കൊടുത്തു കഴിഞ്ഞു. ഉടൻ എത്തും." "ഗവേഷകരൊന്നുമില്ലേ?". പിന്നെയും ചോദ്യമായി. നിയന്ത്രണം കഴിഞ്ഞു. ചാർജ്ജ് എടുത്തിട്ടില്ലെന്നേയുള്ളു എന്നായിരുന്നു ഡയറക്ടറുടെ വിശദീകരണം. കുറെക്കഴിഞ്ഞപ്പോൾ ഈർഷ്യ അടക്കാൻ വയ്യാതെ ഒരു സന്ദർശകൻ പിറുപിറുത്തു: "ഇത് ലബോറട്ടറിയല്ല. സാധനങ്ങൾ സൂക്ഷിക്കാൻ പറ്റിയ ഒരു പാണ്ടികശാലയാണ്."

ഒഴിഞ്ഞ പാണ്ടികശാല പോലെയുള്ള കെട്ടിടത്തിൽ ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ട് ലോകത്തിലെ പ്രമുഖ ഗവേഷണസ്ഥാപനങ്ങളുടെ മുൻപന്തിയിലെത്തിയിരിക്കുന്നു. ഇന്ന് ജൈവഘടകങ്ങളുടെ വിന്യാസക്രമം നിർണ്ണയിക്കുന്ന 92 അത്യാധുനിക സീക്വൻസറുകൾ അവിടെയുണ്ട്. 500 ഗവേഷകരും. നൂറോളം ശാസ്ത്രജ്ഞർ ചേർന്നാണ് ഇൻഡിക്കയുടെ വിന്യാസക്രമം പഠിച്ചത്. അവരുടെ ശരാശരി വയസ്സ് 25 മാത്രം. ഒന്നുമില്ലായ്മയിൽ നിന്ന് 'സയൻസ്' ജേർണലിന് പ്രബന്ധം അയയ്ക്കാനുള്ള അക്കാദമിക ഔന്നത്യത്തിലെത്താൻ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടിവന്നത് വെറും നാല്പതുമാസവും.

പ്രതിബന്ധങ്ങൾ

ഇതത്ര എളുപ്പമായിരുന്നു. വലിയൊരു ഗവേഷണസംരംഭത്തിന് നേതൃത്വം കൊടുക്കാനുള്ള ഹ്യുവാൻ മിങ്ങിന്റെ കഴിവിൽ ആർക്കും സംശയമില്ലായിരുന്നു. സഹപ്രവർത്തകരിൽ നിന്നും ഡോക്ടറേറ്റ് നേടിയ ഈ ഗവേഷകൻ യൂറോപ്പിലും അമേരിക്കയിലുമുള്ള പല പ്രമുഖ സ്ഥാപനങ്ങളിലും പരിശീലനം നേടിയിരുന്നു. 1994 മുതൽ ഹ്യുവാൻ ജീനോം പ്രോജക്ടുമായി ബന്ധപ്പെട്ടു. ആ ഗവേഷണ പരിചയമാണ് ചൈനീസ് അക്കാദമി ഓഫ് സയൻസിന്റെ ജീനോം പ്രോജക്ടിലേക്ക് അദ്ദേഹത്തെ എത്തിച്ചത്. മാസങ്ങൾ കടന്നുപോയി. ഉദ്ദേശിക്കുന്ന വേഗത്തിലും ഫലങ്ങൾ ലഭിക്കുന്നില്ലെന്ന് ചിലർ [illegible] തന്നെ ഇരുന്ന[illegible] ഇൻഡിക്കയുടെ [illegible] തീക്ഷിച്ചതിലും നേരത്തേ [illegible] സയൻസ് ജേർണലിന് അയച്ചു [illegible] ചെയ്തു.

ജപ്പോണിക്കയുടെ കഥ

യൂറോപ്പിലും അമേരിക്കയിലും നെല്ല് വ്യാപകമായി കൃഷി ചെയ്യുന്നില്ല. അതുകാരണം നെല്ലിന്റെ ജനിതകവ്യവസ്ഥ പഠിക്കാൻ മികച്ച ജീനോം ലബോറട്ടറികൾക്കൊന്നും താല്പര്യവുമില്ലായിരുന്നു. എങ്കിലും ചില പ്രാഥമിക നിരീക്ഷണങ്ങൾ നടത്തിയപ്പോൾ പരീക്ഷണവിളയെന്ന നിലയിൽ നെല്ലിന്റെ ആകർഷകത്വം വ്യക്തമായി. 43 കോടി ഘടകങ്ങൾ ഉള്ള നെല്ലിന്റേതാണ് വിളകളിലെ ഏറ്റവും ചെറിയ ജീനോം. ചോളത്തിൽ 300 കോടി ഘടകങ്ങളുണ്ട്; ഗോതമ്പിലാകട്ടെ 1600 കോടിയും. മറ്റൊരു മെച്ചം കുടിയുണ്ട്. മിക്ക ഭക്ഷ്യവിളകളിലും ജീനിന്റെ ക്രമം

നെല്ലിന്റെ ഉപജാതികളായ ജപ്പോണിക്കയും ഇൻഡിക്കയും (ഇവയുടെ ജീനോംമാപ്പ് ഈയിടെ പ്രസിദ്ധീകൃതമായി)

ഏറ്റെടുത്തു. അങ്ങനെ സാമ്പത്തികനില ക്രമേണ മെച്ചപ്പെട്ടു.

അതിനിടെ അപ്രതിക്ഷിതമായ ഒരു പ്രതിബന്ധം ഉയർന്നു. ജീനോം വിന്യാസപഠനത്തിന് സൂപ്പർ കംപ്യൂട്ടറുകൾ വേണം. അമേരിക്കയ്ക്കു മാത്രമേ അത്തരം കംപ്യൂട്ടറുകൾ ഉള്ളൂ. സുരക്ഷാകാരണങ്ങളാൽ അമേരിക്ക ചൈനയ്ക്ക് കംപ്യൂട്ടർ നൽകുകയുമില്ല. പിന്നെ എന്തു ചെയ്യും? ചൈനയിൽ തന്നെ സൂപ്പർ കംപ്യൂട്ടർ നിർമ്മിക്കാൻ ഡാണിങ് കമ്പനി തയ്യാറായി. മിങ്ങിന് ആവശ്യമായ ഉപകരണങ്ങളെല്ലാം പിടിക്കയും ചെയ്തു.

ആവേശാന്തരീക്ഷം

ഈ പശ്ചാത്തലത്തിലാണ് 2000 മെയ് മാസത്തിൽ നെല്ലിന്റെ (ഇൻഡിക്ക) ജീനോം വിന്യാസക്രമം രണ്ടുവർഷത്തിനകം പ്രസിദ്ധപ്പെടുത്തുമെന്ന് ഹ്യുവാൻ മിങ് പ്രഖ്യാപിച്ചത്. ലബോറട്ടറിയിൽ അത്യന്തം ആവേശകരമായ അന്തരീക്ഷം. സീക്വൻസറുകൾ 24 മണിക്കൂറും പ്രവർത്തിച്ചു. ശാസ്ത്രജ്ഞർ മൂന്നു ഷിഫ്റ്റുകളായി പണിയെടുത്തു. ഗവേഷണശാലയിൽ നിന്നും ഒരു കിലോമീറ്റർ ദൂരെയാണ് ശാസ്ത്രജ്ഞർക്ക് താമസിക്കാനുള്ള ഫ്ലാറ്റുകൾ. പക്ഷേ, ലബോറട്ടറിയിൽ അവിടവിടെ ചുറ്റിവച്ചിരിക്കുന്ന കിടക്കകൾ കാണാം. വീട്ടിലേക്കു പോകാതെ ലബോറട്ടറിയിൽ കിടക്കയാണ് പലർക്കും ഇഷ്ടം. കിടക്കയിൽ എന്നാൻ പോലും ഒന്നുതന്നെയാണ്. അപ്പോൾ താരതമ്യേന ചെറുതായ നെല്ലിന്റെ ജീനോമിൽ ഗവേഷണം നടത്തിയാൽ മറ്റു വിളകളുടെ ജീനോം പഠിക്കാൻ എളുപ്പമാകും.

കുതിരപ്പന്തയം

എങ്കിലും ഹ്യൂമൻ ജീനോം പ്രോജക്റ്റ് ആരംഭിച്ച് ഒരുവർഷം കഴിഞ്ഞാണ് നെല്ലിന്റെ ജീനോം പഠനങ്ങൾക്ക് തുടക്കം കുറിച്ചത്. ജപ്പാനാണ് ഇക്കാര്യത്തിൽ മുൻകൈ എടുത്തത്. തങ്ങളുടെ രാജ്യത്തിന്റെ ആഹാരവും സംസ്കാരവുമായി ബന്ധപ്പെട്ട നെല്ലിന്റെ (ജപ്പോണിക്കയുടെ) ജനിതകവ്യവസ്ഥ പഠിക്കാൻ അവർ തീരുമാനിച്ചു. ഒരു നല്ല സംഘം ജനിതക ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി റൈസ് ജീനോം പ്രോജക്റ്റിന്

അച്ഛനുള്ള എന്റെ വർഷങ്ങൾ

സത്യജിത് റേ

പരിഭാഷ: ഗോപാൽ



3 ബെൻസണിൽ ചെലവഴിച്ച സമയം ഉപകരിച്ചു എന്നതിൽ സംശയമില്ല. ഇംഗ്ലണ്ടിൽനിന്നു മടങ്ങിയെത്തിയതിനുശേഷമാണ് എന്റെ ഏറ്റവും മികച്ച പരസ്യപ്രചരണങ്ങൾ പുറത്തുവന്നത്. എന്നാൽ എന്റെ കാഴ്ചപ്പാടിൽ സാരമായ വ്യതിയാനങ്ങൾ വന്നുകഴിഞ്ഞിരുന്നു. ഇത്രയുംനാൾ ഒരു തൊഴിലുടമയ്ക്കുവേണ്ടിയായിരുന്നു എന്റെ സേവനം. ഇനി ഞാൻതന്നെയാണ് എന്റെ ഉടമ. മറ്റൊരു മാദ്ധ്യമത്തിൽ വ്യത്യസ്തമായ പണിയായുധങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഒരു തൊഴിൽ. ക്യാമറ ഉപയോഗിക്കാൻ എനിക്കറിയുമായിരുന്നു. ഒരു സെക്കന്റ് ഹാന്റ് 'ലെയ്ക്കാ' സ്വന്തമായി ഉണ്ടായിരുന്നു. ഫോട്ടോഗ്രാഫർമാരിൽ ഏറ്റവും കേമനെന്ന് ഞാൻ കരുതിയിരുന്ന ഹെൻറി കാർഡ്ധിയർ ബ്രസ്സൺ- അദ്ദേഹത്തിനുള്ള ആദരാഞ്ജലികളാവണം എന്റെ സിനിമ- ലഭ്യമായ വെളിച്ചത്തിൽ അദ്ദേഹം ചിത്രീകരിക്കാറുള്ള ദൃശ്യങ്ങൾ പോലെയാവണം എന്റെ ചലച്ചിത്രം.

ഞാൻ തിരിച്ചെത്തിയപ്പോഴേയ്ക്കും ഷൂട്ടിംഗ് കഴിഞ്ഞ് റെനെ മടങ്ങിപ്പോയിരുന്നു. റെനെയുടെ ഒപ്പം ചെലവഴിച്ച ദിവസങ്ങൾ തന്നെ ഒരു സമ്പന്നനാക്കിയെന്ന മനോനിലയിലായിരുന്ന ബൻസിയും എന്നെപ്പോലെ കാര്യമായി എന്തെങ്കിലും ചെയ്യാൻ വെമ്പുകയായിരുന്നു. ഫിലിം സൊസൈറ്റി അല്പംകൂടി വളർന്നിരുന്നു. തിരിച്ചുവന്നയുടൻ ഞങ്ങൾ ഒരു ബുള്ളറ്റിൻ ഇറക്കാൻ തുടങ്ങി. ഞാനായിരുന്നു അത് ഡിസൈൻ ചെയ്തത്. ലണ്ടനിൽവച്ച് നവ്വറ്റാലിയൻ സിനിമകളുടെ ഒരു റെട്രോസ്പെക്ടീവ് ഞാൻ കണ്ടിരുന്നു. അതേപ്പറ്റി ബുള്ളറ്റിനിൽ എഴുതി. ഒരു അന്തർദേശീയ ചലച്ചിത്രോത്സവം ഉടനെ ഉണ്ടാവും എന്ന് വാർത്ത പരന്നിരുന്നു. ഫെസ്റ്റിവലിൽ അവശ്യം കാണിക്കേണ്ട ചില വിദേശ സിനിമകളുടെ പേരുകൾ ഞങ്ങൾ ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തി.

ഒരിക്കലെങ്കിലും ഊഹാപോഹങ്ങൾ സത്യമായി. ചലച്ചിത്രോത്സവം യാഥാർത്ഥ്യമായി. രണ്ടാഴ്ച വീതം ഓരോ വൻനഗരത്തിലും ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു. അത് അനേകം പുതിയ സിനിമാപ്രേമികളെ ഉണ്ടാക്കി. ദിവസം ശരാശരി നാലു ചിത്രങ്ങൾ കാണാൻ ഒരു സിനിമാശാലയിൽനിന്ന് മറ്റൊന്നിലേയ്ക്ക് ഞങ്ങൾ

...ഗവേഷണപ്രതിഷ്ഠിതമായ ...പ്പി ച്ചു. ...ഇപ്പോൾ ...പതുക്കെ ...ഷൻ. ഏഴുവർ ...ിലെ ഒന്നരക്കോടി ഡോ ...വർ വാഗ്ദാനം ചെയ്തു. കൃതിരപ്പുതയ ...ത്തിൽ നിന്നു കിട്ടുന്ന ലാഭത്തിന്റെ ഒരംശം സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെന്നുള്ള അസോസിയേഷൻ നിയമം പാലിക്കാൻ വേണ്ടിയായിരുന്നു ഈ സംഭാവന.

ജപ്പാനിലെ ഗവേഷകർ മാത്രമല്ല, പ്രായോഗിക താല്പര്യം മുൻനിർത്തി ബഹുരാഷ്ട്രകമ്പനികളും പഠിച്ചത് ജപ്പോണിക്കയുടെ ജീനോം വ്യവസ്ഥയായിരുന്നു.എങ്കിലും ഏഴുവർഷത്തെ പ്രവർത്തനം കൊണ്ടും ജപ്പാൻകാരുടെ പ്രോജക്റ്റ് കാര്യമായി ഒന്നും നേടിയില്ല. 1998-ൽ അമേരിക്കയും ജപ്പാനും ബ്രിട്ടനും മറ്റുചില രാജ്യങ്ങളും കൂടിച്ചേർന്ന് ഹ്യൂമൻ ജീനോം പ്രോജക്റ്റിന്റെ മോഡലിൽ നെല്ലിന്റെ ജീനോം പഠിക്കാൻ പുതിയൊരു പദ്ധതി ആരംഭിച്ചു. ക്രോമസോമിലെ ജീൻ പഠനം കഴിഞ്ഞു. ആ ജീനിലെ ഘടകവിന്യാസം നിർണ്ണയിക്കുകയായിരുന്നു ലക്ഷ്യം. പത്തുവർഷത്തിനകം (2008-ൽ) പഠനം പൂർത്തിയാക്കാനും തീരുമാനിച്ചു.

2000 ഏപ്രിലിൽ മൊൺസാന്റോ കമ്പനി ജപ്പോണിക്ക ജീനോമിലെ വിന്യാസക്രമത്തിന്റെ ഒരു പ്രാഥമികപഠനം പൂർത്തിയാക്കി. 2008-ൽ ജീനോം മാപ്പ് പ്രസിദ്ധീകരിക്കാനുള്ള ലക്ഷ്യത്തോടെ പ്രവർത്തിച്ചുവന്ന അന്തർദ്ദേശീയ ജീനോം പ്രോജക്റ്റിന് ഇതൊരു വെല്ലുവിളിയായിരുന്നു. പ്രവർത്തനം ഊർജ്ജസ്വലമാക്കി തങ്ങളുടെ ജോലി 2002-ൽ തീർക്കാൻ അവർ ലക്ഷ്യമിട്ടു. പക്ഷേ, അപ്പോഴേയ്ക്കും സിൻജന്റ കമ്പനി ജപ്പോണിക്കയുടെ വിന്യാസക്രമത്തിന്റെ കരടുരൂപം തയ്യാറാക്കിക്കഴിഞ്ഞിരുന്നു. അങ്ങനെ ഈ ബഹുരാഷ്ട്രകമ്പനിയുടെ ജപ്പോണിക്കയിലെയും ഹ്യുവാൻ മിങ്ങിന്റെ ഇൻഡിക്കയിലെയും ജീൻ വിന്യാസക്രമം സയൻസ് വാരിക ഈ ഏപ്രിലിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഷോട്ട് ഗൺ മെത്തേഡ്

ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയ ജപ്പോണിക്കയുടെയും ഇൻഡിക്കയുടെയും വിന്യാസക്രമം ജീനോം ഷോട്ട്ഗൺ മെത്തേഡ് എന്ന സങ്കേതത്തിലൂടെയാണ് രൂപം കൊണ്ടത്. മനുഷ്യ ജീനോം മാപ്പിന്റെ നിർണ്ണയത്തിൽ ക്രെയിഗ് വെന്റർ ചിട്ടപ്പെടുത്തിയ സാങ്കേതികവിദ്യയാണിത്. ജീനോം (ഡി.എൻ.എ) മുഴുവൻ അതിസൂക്ഷ്മ ഖണ്ഡങ്ങളായി വേർതിരിക്കുകയാണ് ആദ്യം ചെയ്യുന്നത്. പിന്നിട് വിന്യാസക്രമം നിർണ്ണയിക്കുന്ന യന്ത്രങ്ങൾ (സീക്വൻസർ) ഉപയോഗിച്ച് ഖണ്ഡങ്ങളിലെ ബെയ്സ് ക്രമം കണ്ടുപിടിക്കുന്നു. ഇതറിയാൻ സീക്വൻസർ മതി. പക്ഷേ അനേകായിരം മുറിഞ്ഞ ഡി.എൻ.എ ഖണ്ഡങ്ങളുടെ ക്രമം കണ്ടുപിടിക്കാൻ സൂപ്പർ കംപ്യൂട്ടറുകൾ തന്നെ വേണം. അമേരിക്ക കംപ്യൂട്ടറുകൾ നൽകാത്തതുമൂലം ഇൻഡിക്കയുടെ ജീനോം വിന്യാസക്രമം തീരുമാനിക്കാനാകാതെ ഹ്യുവാൻ മിങ് വലഞ്ഞ ...ായി. ...ിയും ...ക്കാ ...നുണ്ട്. തെറ്റുകൾ തിരുത്താനുമുണ്ട്. അതുകൊണ്ടാണ് വിന്യാസക്രമത്തിന്റെ കരടുരൂപമാണ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയതെന്നു പറയുന്നത്.

അപൂർണ്ണമായ നിഘണ്ടു

നെല്ലിലെ ഉപജാതികളുടെ കരടുവിന്യാസക്രമം അപൂർണ്ണമായ ഒരു നിഘണ്ടുവിനോട് താരതമ്യപ്പെടുത്താം. നിഘണ്ടുവിൽ ഉൾപ്പെടുത്തേണ്ട വാക്കുകൾ മിക്കതും അറിയാം. ചിലതു കൂടി ചേർക്കാനുണ്ടാകും; മറ്റു ചിലത് ഉപേക്ഷിക്കേണ്ടിയും വരും. പ്രശ്നം അതല്ല. ഈ നിഘണ്ടുവിലെ വാക്കുകളിൽ മിക്കതിന്റെയും അർത്ഥം കണ്ടുപിടിച്ചിട്ടില്ല. അർത്ഥമറിയാത്ത വാക്കുകൾ കൊണ്ട് കവിതയും കഥയും മറ്റും രചിക്കാനുമാവില്ലല്ലോ.

നെല്ലിന്റെ കാര്യത്തിലും ഇതു ശരിയാണ്. വാക്കുകൾ (ജീനുകൾ) ഏതാണ്ട് അൻപതിനായിരത്തോളം ഉണ്ടെന്നു പറയാം. പക്ഷേ, അവയുടെ ജൈവധർമ്മങ്ങളെക്കുറിച്ച് അധികമൊന്നും അറിയില്ല. പോഷകഗുണം വർദ്ധിപ്പിക്കാനും പ്രതിരോധശക്തി മെച്ചപ്പെടുത്താനും വേണ്ടി ബാക്ടീരിയത്തിലെയും ചില സസ്യങ്ങളിലെയും ജീനുകൾ നെല്ലിലേക്ക് മാറ്റിവച്ച് പരീക്ഷണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ സൃഷ്ടിച്ച സ്വർണ്ണനെന്മണി (ഗോൾഡൻ റൈസ്). അരി മുഖ്യാഹാരമായ ജനങ്ങളിൽ കാണുന്ന വൈറ്റമിൻ എയുടെ കുറവു നികത്താൻ സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഗോൾഡൻ റൈസ് വലിയൊരു നേട്ടമാണ്. പക്ഷേ, ഇപ്പോൾ ശാസ്ത്രജ്ഞർ പുലർത്തുന്ന പ്രതീക്ഷകളോട് താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരവുമാണ്. ജപ്പാനിലെ ശാസ്ത്രജ്ഞനായ മസാഹിനെ യാനു പകലിന്റെ ദൈർഘ്യവും ചില സസ്യങ്ങളുടെ പുഷ്പകാലവുമായുള്ള ബന്ധം പഠിച്ചുവരികയാണ്. ഈ പ്രതിഭാസത്തെ നിയന്ത്രിക്കുന്ന പല ജീനുകളും അദ്ദേഹം കണ്ടുപിടിച്ചുകഴിഞ്ഞു. ക്രമേണ ദീർഘകാലതയുടെ ജനിതക പശ്ചാത്തലം വ്യക്തമാകുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഈ വിജ്ഞാനം ഉപയോഗിച്ച് വേണ്ടത്ര ജനിതക വ്യത്യാസം വരുത്തിയാൽ ആർട്ടിക് മേഖലയിലെ പല സസ്യങ്ങളും ഉഷ്ണമേഖലയിലേക്കു മാറ്റാം: കാമ്യമായ സ്വഭാവങ്ങളുള്ള നെല്ലിനങ്ങൾ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യാനും കഴിയും.

ഇതിനെക്കാൾ വലിയൊരു പ്രശ്നം നേരിടാനും ജീനോം വിന്യാസപഠനങ്ങൾക്ക് കഴിഞ്ഞേക്കും. ജനസംഖ്യാ സ്ഫോടനമെന്ന വിപത്തിന്റെ ഭീഷണിയിലാണല്ലോ നാം. 2050-ൽ ജനസംഖ്യ 900 കോടി കവിയുമെന്നു കണക്കാക്കുന്നു. വർദ്ധനവ് അരി മുഖ്യാഹാരമായ രാജ്യങ്ങളിലായിരിക്കും കൂടുതൽ. പെരുകുന്ന ജനങ്ങളുടെ ആവശ്യം നിറവേറ്റാൻ നെല്ലിന്റെ ഉല്പാദനം ശതമാനമെങ്കിലും വർദ്ധിപ്പിക്കേണ്ടിവരും. ഇതെങ്ങനെ സാധിക്കും? കൃഷിയിടങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയാണ് ഏറ്റവും എളുപ്പമായ മാർഗ്ഗം. പക്ഷേ, അതിനു വഴി ഒന്നുമില്ല. ഇപ്പോൾത്തന്നെ സാദ്ധ്യമായ സ്ഥലത്തൊക്കെ കൃഷി ചെയ്യുന്നുണ്ട്. മണ്ണൊലിപ്പും മണ്ണിലെ രാസമലിനീകരണവും മറ്റും മൂലം ഒരു കോടി ഹെക്ടർ വീതം കൃഷിഭൂമി കുറയുകയും ചെയ്യുന്നു. കൃഷി ഇനി വ്യാപിപ്പിക്കാവുന്നത് വരണ്ട പ്രദേശത്തും ചതുപ്പുനിലങ്ങളിലും ലവണത കൂടുതലുള്ള ഭൂമിയിലുമാണ്. ഈ പ്രതികൂല കാലാവസ്ഥകളിലും പരിതസ്ഥിതികളിലും പോലും വളരുന്ന ചില നെല്ലിനങ്ങളുണ്ട്. സാധാരണ നെല്ലിന്റെ ജീനോമും പ്രതികൂല പരിതസ്ഥിതികളിൽ വളരുന്ന ഇനങ്ങളുടെ ജീനോമും തമ്മിലുള്ള താരതമ്യപഠനം പരിതസ്ഥിതികളോട് അനുശീലനം നേടാൻ സഹായിക്കുന്ന ജീനുകളെപ്പറ്റി മനസ്സിലാക്കാൻ സഹായിച്ചേക്കും.

ഇതു വ്യക്തമാക്കാൻ ഒരു ഉദാഹരണം മതി. ഭൂമിയിൽ നിന്നും സസ്യങ്ങൾ വലിച്ചെടുക്കുന്ന വെള്ളത്തിന്റെ നല്ലൊരു ഭാഗം സസ്യസ്വേദനമായി നഷ്ടപ്പെടുന്നു. വരൾച്ചയുള്ള പ്രദേശങ്ങളിൽ വളരുന്ന നെല്ലിനങ്ങളിൽ നിന്നു സ്വേദനം കുറയ്ക്കാൻ സഹായിക്കുന്ന ജീനുകൾ നല്ല വിളവ് നൽകുന്ന ഇനങ്ങളിലേക്ക് മാറ്റിവച്ചാൽ ജലലഭ്യത കുറഞ്ഞ തരിശുഭൂമിയിലും കൃഷിചെയ്യാം. കൃഷിഭൂമിയുടെ വിസ്തീർണ്ണവും ഭക്ഷ്യോല്പാദനവും വർദ്ധിപ്പിക്കാനും കഴിയും.

സങ്കീർണ്ണമായ പ്രക്രിയ

പക്ഷേ, വലിയൊരു പ്രതിബന്ധമുണ്ട്. ഇത്തരം സ്വഭാവങ്ങൾ നിയന്ത്രിക്കുന്നത് നൂറ്റുകണക്കിനു ജീനുകളാണ്. വിവിധ രാസപഥങ്ങൾ ഉൾക്കൊള്ളുന്ന അതിവ സങ്കീർണ്ണമായ പ്രക്രിയയാണിത്. ജീൻ വിന്യാസക്രമത്തെക്കുറിച്ചുള്ള പഠനം ബന്ധപ്പെട്ട ജീൻ സമൂഹങ്ങളെ വേർതിരിക്കാനും, അവയെ കാമ്യമായ സ്വഭാവങ്ങളുള്ള ഇനങ്ങളിലേക്ക് മാറ്റിവയ്ക്കാനും സഹായിച്ചേക്കും. എങ്കിലും ഇത് എളുപ്പമല്ല. പുതിയ സങ്കേതങ്ങളും സമീപനങ്ങളും ആവശ്യമായി വരും. ഒരു ജീൻ മാറ്റിവച്ച് രൂപകൊടുത്ത ബി.റ്റി പരുത്തി സൃഷ്ടിച്ച പ്രശ്നങ്ങളെക്കുറിച്ചു ബോധമുള്ള നമുക്ക് അനേകം ജീനുകൾ മാറ്റിവച്ചുണ്ടാകുന്ന ജനറ്റിക് എൻജിനീയറിങ് സസ്യങ്ങൾ ഉയർത്താവുന്ന വെല്ലുവിളികൾ ഊഹിക്കാവുന്നതേയുള്ളു.

ദശകങ്ങൾക്കപ്പുറം സാദ്ധ്യമാകാവുന്ന നേട്ടങ്ങൾ അവിടെ നിൽക്കട്ടെ. ഇപ്പോഴത്തെ വിസ്മയമായ ബൈജിങ് ജീനോം ഇൻസ്റ്റിറ്റ്യൂട്ടും (BGI) അതിന്റെ ഡയറക്ടറായ യാങ് ഹ്യുവാൻ മിങ്ങുമാണ് മനസ്സിൽ തെളിയുന്നത്. വാഷിങ്ടൺ സർവകലാശാലയിലെ പ്രൊഫസർ മേരി ക്ലയർ കിങ് പറയുന്നു: "BGI ഒരു അത്ഭുതമാണെന്നു ഞാൻ പറയുമായിരുന്നു; പക്ഷേ അവിടുത്തെ ഗവേഷകർ അത്ഭുതങ്ങൾ നിത്യസാധാരണമാക്കുന്നു."

നമുക്കുമുണ്ട് ഹ്യുവാൻ മിങ്ങുകൾ. അവർ അത്ഭുതങ്ങളൊന്നും സൃഷ്ടിക്കുന്നില്ലെന്നു മാത്രം.■

...കണക്കാക്കുന്നു. ...പ്പിച്ചു. ഡിസ്ലിക്കയും ...പത്യ ...ദിന്റെ 'ഹൃദ ...ടി ഓപ്പൺ സിറ്റി'. മറ്റു ...സംവിധായകരുടെ ചിത്രങ്ങളും ഉൾപ്പെടുത്തിയിരുന്നു. എന്നെ ഏറ്റവും സ്വാധീനിച്ചത് 'റാഷമോൺ' ആണ്. വെനീസ് ഫെസ്റ്റിവലിൽ തലവർഷം അതിനുണ്ടായ വിജയത്തെപ്പറ്റി എനിക്കറിയാമായിരുന്നു. എന്നാൽ ആ ചിത്രത്തിന്റെ തീവ്രത അനുഭവിച്ചറിയുകതന്നെ വേണം. സാങ്കേതികമായി മികവുള്ള നല്ല സിനിമകൾ ഇപ്പോനിൽ. വളരെക്കാലമായി നിർമ്മിക്കപ്പെടുന്നുണ്ടെന്നാണ് റാഷമോൺ നമ്മെ മനസ്സിലാക്കിത്തന്നത്.

ചലച്ചിത്രോത്സവം അവസാനിച്ചതോടെ എന്റെ ഭാവി ഒരു ചലച്ചിത്രകാരനായിട്ടാണ് എന്നുള്ളതിനെപ്പറ്റി എനിക്ക് സംശയമുണ്ടായിരുന്നില്ല. പഥേർ പാഞ്ചാലിയിൽ തുടങ്ങുന്നു, അത് ശരിയാവുന്നില്ലെങ്കിൽ വാലും ചുരുട്ടി കെയ്മറിലേയ്ക്കു മടങ്ങുന്നു. അങ്ങനെയല്ല, 'ക്ലിക്കു' ചെയ്യുകയാണെങ്കിൽ പിന്നെ ഒരു ശക്തിക്കും എന്നെ തടയാനാവില്ല. എങ്ങനെയാണ് ഞാൻ ആരംഭിക്കേണ്ടത് എന്നതുമാത്രം എനിക്ക് വ്യക്തമായിരുന്നില്ല. ബ്രൂമുമായോ അയാളുടെ പിൻഗാമിയോടോ (ബ്രൂം ഇംഗ്ലണ്ടിലേയ്ക്കു മടങ്ങുന്നെന്നു കേട്ടിരുന്നു) ഇതേപ്പറ്റി സംസാരിക്കാനുള്ള സമയവും ആയിരുന്നില്ല.

●

പഥേർ പാഞ്ചാലിക്ക് വിശദമായി എഴുതിയ ഒരു തിരക്കഥയുണ്ടായിരുന്നില്ല. കുറേയേറെ കുറിപ്പുകളും സ്കെച്ചുകളുമായിരുന്നു തിരക്കഥ. സിനിമയുടെ രൂപത്തിൽ അവതരിപ്പിക്കേണ്ടിവന്നാൽ എനിക്ക് ഫയൽ തുറക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല– കഥ മൊത്തം എനിക്ക് ഹൃദിസ്ഥമായിരുന്നു. നൂറുകണക്കിന് കഥാപാത്രങ്ങളെ ഒഴിവാക്കി ഡി.കെ. തയ്യാറാക്കിയിരുന്ന സംഗ്രഹത്തിന്റെ ചുവടുപിടിച്ചുതന്നെയായിരുന്നു എന്റെ പഥേർ പാഞ്ചാലിയും. ഹരിഹർ റോയ് എന്ന ബ്രാഹ്മണപൂജാരി. അയാളുടെ ഭാര്യ സർബൊജയ. അവരുടെ മക്കൾ ദുർഗ്ഗ, അപു പിന്നെ വളരെ പ്രായംചെന്ന അവരുടെ അമ്മായി പിഷി എന്നിവരുടെ കഥ. ചില സംഭവങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറ്റി രൂപഭദ്രതയില്ലാതെ നീണ്ടുപുളഞ്ഞു പോയിരുന്ന കഥാഗതിക്ക് ഒരടുക്കും ചിട്ടയും വരുത്തി, അതിന്റെ ഇഴകളെ മറ്റൊരു രീതിയിൽ മെനഞ്ഞു എന്നുപറയാം. നോവലിന്റെ ഏതാണ്ട് തുടക്കത്തിൽത്തന്നെ മരിച്ചുപോവുന്ന അമ്മായിക്ക് ഞാൻ കുറേക്കൂടി ആയുസ്സു കൊടുത്തു. അവരുടെ പെട്ടെന്നുള്ള നിഷ്ക്രമണം പ്രേക്ഷകരെ നിരാശപ്പെടുത്തുമെന്ന് തോന്നി. മൂലകൃതിയിൽ അപ്പുവിന്റെ ജനനംകഴിഞ്ഞയുടനേത്തന്നെ അവർ മരിക്കുന്നു. എന്നാൽ എന്റെ വിഷയപരിചരണത്തിൽ അവർ മരിക്കുന്നത് ദുർഗ്ഗയ്ക്ക് പത്തോ പതിനൊന്നോ വയസ്സുള്ളപ്പോഴാണ്. ആ കുട്ടികൾ മരണത്തെ ആദ്യമായി അഭിമുഖീകരിക്കുന്നത് അവരുടെ മൃതദേഹം മുളങ്കാടുകൾക്കിടയിൽ കിടക്കു

പഥേർപാഞ്ചാലി: റേ തയാറാക്കിയ രേഖാചിത്രം

ആ കുടുംബം ബനാറസിലേയ്ക്കു പോകുന്നു.

സാധാരണ ബംഗാളി സിനിമയിൽനിന്നും വളരെ വ്യത്യസ്തമായിരിക്കും പഥേർ പാഞ്ചാലിയെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ട് പരമ്പരാചിത്രങ്ങൾക്ക് ചെയ്യാറുള്ളതുപോലെ ഓരോരോ രംഗങ്ങൾ ഞാൻ സ്കെച്ചു ചെയ്തു. ഒരു നിർമ്മാതാവിനെ കണ്ടുപിടിക്കുന്നതിനുമുൻപുതന്നെ നോവൽ സിനിമയാക്കാനുള്ള അവകാശം സമ്പാദിക്കേണ്ടതുണ്ട് എന്ന് ഓർമ്മവന്നു. നോവലിന്റെ രചയിതാവ് ഞാൻ വിദേശത്തുനിന്ന് മടങ്ങിവന്ന ദിവസങ്ങളിൽ ഇഹലോകവാസം വെടിഞ്ഞിരുന്നു. അതുകൊണ്ട് ഇനി അദ്ദേഹത്തിന്റെ വിധവയോടു സംസാരിക്കേണ്ടിവരും.

എന്റെ സിനിമാപദ്ധതിയെ പിൻതുണയ്ക്കാൻ ഉണ്ടായിരുന്നത് ചെറുപ്പക്കാരായ ഒരുപിടി സിനിമാപ്രേമികൾ മാത്രമായിരുന്നു. എന്റെ ഭാര്യയും എന്റെയൊപ്പം ഉണ്ടായിരുന്നു എന്നത് എടുത്തുപറയേണ്ടതാണ്. ചിത്രത്തിനുവേണ്ടി തിരഞ്ഞെടുത്ത വിഷയവും ഞാൻ അതിനെ കൈകാര്യം ചെയ്യുന്ന രീതിയും അവൾക്കു ബോധിച്ചിരുന്നു. എന്റെ ആത്മവിശ്വാസത്തിൽ പങ്കുചേരുകയും ചെയ്തു. എന്നാൽ അമ്മ വളരെ ശക്തമായി എതിർത്തു. തിരെ കുറവല്ലാതിരുന്ന ഒരു നിശ്ചിത വരുമാനം വേണ്ടെന്നു വയ്ക്കുന്നത് അമ്മയ്ക്ക് സഹിക്കാൻ കഴിഞ്ഞില്ല. ഞങ്ങളുടെ കുടുംബത്തിൽ ആരുംതന്നെ ഇങ്ങനെയുള്ള (ബുദ്ധിശൂന്യമായ) സാഹസികത കാട്ടിയിരുന്നില്ല. എന്റെയൊപ്പമുണ്ടായിരുന്നവർ ബൻസി ചന്ദ്രഗുപ്തയും സുബ്രതോമിത്രയും ആഷിഷ് ബർമനുമായിരുന്നു. ഇരുപതുവയസ്സുള്ള സുബ്രതോമിത്രയ്ക്ക് ഒരു ക്യാമറാമാൻ ആവണമെന്നതായിരുന്നു മോഹം. 'ദ റിവിറി'ന്റെ ഷൂട്ടിംഗ് മൊത്തം നെയ്യുടെ അനുവാദത്തോടെ അയാൾ വളരെ അടുത്തുതന്നെ നിന്ന് ശ്രദ്ധിച്ചിരുന്നു. അഷിഷ് ബർമൻ ഒരു എഴുത്തുകാരനായിരുന്നു. എന്നാൽ ഉച്ചയൂണു സമയത്ത് ഓഫീസുകളിൽ ടിഫിൻ എത്തിക്കുക എന്നതായിരുന്നു തൊഴിൽ. അങ്ങനെ എല്ലാ ദിവസങ്ങളിലും ഉച്ചയ്ക്ക് ബർമൻ കെയ്മറിൽ എത്തി എന്റെ സ്വപ്നങ്ങൾ പങ്കിടുമായിരുന്നു. കൽക്കത്താ ഫിലിം സൊസൈറ്റിയുടെ സ്ഥാപകാംഗങ്ങളുടെയെല്ലാം ധാർമ്മികപിന്തുണ എനിക്കുണ്ടായിരുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അവരെല്ലാം ആ സ്വപ്നം യാഥാർത്ഥ്യമാവുന്ന ദിനവും കാത്തിരിക്കുകയായിരുന്നു. സിനിമാനിർമ്മാണം തുടങ്ങുമ്പോൾ കെയ്മറുമായുള്ള എന്റെ ബന്ധങ്ങൾ അവസാനിച്ചാലും സിഗറ്റ് പ്രസ്സുമായുള്ള ബന്ധങ്ങൾ തുടരണമെന്നതായിരുന്നു ഉപാധി.

●

മനുഷ്യന്റെ വിവിധ വികാരങ്ങളേയും ജീവിതപ്രതിസന്ധികളേയും പ്രമേയമാക്കിയ ഒന്നിലേറെ ഉത്തമകൃതികളുടെ രചയിതാവായിരുന്നു

ബിഭൂതിഭൂഷൺ ബന്ദോപാധ്യായ. കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. രാജ്യത്തിന്റെ പല ഭാഗങ്ങളിലായി പല തരം കൊച്ചുകൊച്ചു ജോലികൾ ചെയ്ത അദ്ദേഹം അവസാനം ഒരു സ്കൂൾ അദ്ധ്യാപകനായി. ബ്രാഹ്മണനായ അദ്ദേഹത്തിന്റെ അച്ഛനും അപ്പൂവിന്റെ അച്ഛനെപ്പോലെ ഒരു പൂജാരിയായിരുന്നു. വളരെ ചെറുപ്പത്തിലേ വിവാഹം കഴിച്ചെങ്കിലും ഭാര്യ ഒരു വർഷം കഴിഞ്ഞപ്പോൾ മരിച്ചു. തിവ്രദുഃഖത്തോടെ വിഭാര്യനായി ഇരുപത്തിരണ്ടുവർഷം കഴിഞ്ഞതിനുശേഷമാണ് രണ്ടാം വിവാഹം കഴിച്ചത്.

അദ്ദേഹത്തിന്റെ വിധവ രമാ ബന്ദോപാധ്യായയെയാണ് പഥേർ പാഞ്ചാലിയുടെ ചലച്ചിത്രാവശ്യങ്ങൾക്കായി ഞാൻ സമീപിച്ചത്. ഞാൻ പഥേർ പാഞ്ചാലിയുടെ സംഗ്രഹത്തിനു വരച്ച

റേ വരച്ച മറ്റൊരു രേഖാചിത്രം

രേഖാചിത്രങ്ങൾ അവർക്കു വലിയ ഇഷ്ടമായിരുന്നുവത്രെ. മാത്രവുമല്ല, എന്റെ അച്ഛന്റെയും മുത്തച്ഛന്റെയും കലാസ്വഷ്ടികളുടെ ആരാധികയും ആയിരുന്നു. അവർ ഞങ്ങളെ സന്തോഷപൂർവ്വം സ്വീകരിച്ചു. ചലച്ചിത്രാവകാശം നൽകാൻ യാതൊരു പ്രശ്നങ്ങളുമില്ലെന്നും പണം സമാഹരിച്ച് നിർമ്മാണ ജോലികൾ ആരംഭിക്കുമ്പോൾ അവരുടെ സഹോദരൻ ചൺഡിദാസ് ചതോപാധ്യായയെ അറിയിച്ചാൽ മതിയെന്നും പറഞ്ഞു.

ഇതുകഴിഞ്ഞ് പണം മുടക്കാൻ തയ്യാറുള്ള ഒരാളെ അന്വേഷിച്ചു കണ്ടുപിടിക്കാനുള്ള ശ്രമത്തിലായി. ആദ്യമായി ഞാൻ സമീപിച്ചത് ബി. എൻ. സർക്കാറിനെയാണ്. എല്ലാ അർത്ഥത്തിലും അദ്ദേഹം ഒരു ഹോളിവുഡ് സിനിമാ നിർമ്മാതാവായിരുന്നു. ഒരു ബംഗാളി ല്യൂയിസ് ബി. മേയർ. ന്യൂ തിയേറ്റേഴ്സ് അദ്ദേഹത്തിന്റെ സ്വന്തം സ്റ്റുഡിയോ ആയിരുന്നു. ബംഗാളി സിനിമയിലെ പ്രമുഖ സംവിധായകരും അഭിനേതാക്കളും അദ്ദേഹത്തിന്റെ ശമ്പ... ഉള്ളുലകാലം ... ദ്ദേഹത്തെ ... എന്റെ നോട്ട... ...സിച്ചു. മാന്യനായ അ... ...സ്വീകരിച്ചു. എനിക്ക... ...രുന്നതു മുഴുവൻ ശ്രദ്ധയോടെ കേട്ടു. എന്നാൽ താൻ ഒരു വലിയ ചിത്രത്തിന്റെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞുവെന്നും എനിക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയാത്തതിൽ ഖേദിക്കുന്നുവെന്നും പറഞ്ഞു. എന്റെ തോളത്ത് വാത്സല്യത്തോടെ തട്ടി, ആറുമാസം കഴിഞ്ഞ് വീണ്ടും വന്നുനോക്കാൻ പറഞ്ഞു.

അടുത്തതായി ഞാൻ പോയത് കല്പനാ മൂവീസിന്റെ ഭട്ടാചാര്യയുടെ അടുത്തേയ്ക്കാണ്. അദ്ദേഹവും എന്റെ കഥാകഥനം കേട്ടു. നോട്ടുബുക്കിലെ സ്കെച്ചുകൾ മറിച്ചുനോക്കി. തനിക്ക് ഇതിൽ താല്പര്യമുണ്ട്, എന്നാൽ ഒരു തീരുമാനമെടുക്കാൻ പത്തുദിവസത്തെ സമയം വേണമെന്നു പറഞ്ഞു. ആശയുടെ ഒരു രജുതരേഖയും കണ്ടുകൊണ്ടാണ് അവിടെനിന്നു മടങ്ങിയത്. എന്നാൽ മൂന്നു ദിവസം കഴിഞ്ഞപ്പോൾ ബിഭൂതിഭൂഷന്റെ വിധവയുടെ സഹോദരൻ ചൺഡിദാസ് ചാറ്റർജി എന്നെ വിളിച്ചു. പഥേർ പാഞ്ചാലിയുടെ ചലച്ചിത്രാവകാശങ്ങൾക്കുവേണ്ടി കല്പനാ മൂവീസിലെ ഒരു ഭട്ടാചാര്യ തന്റെ സഹോദരിയെ സമീപിച്ചിരിക്കുന്നുവെന്ന് അറിയിച്ചു. അനുഭവസമ്പന്നനായ ദേബകി ബോസ് ആണത്രെ സംവിധാനം നിർവ്വഹിക്കുക.

"എന്നിട്ട് മിസിസ് ബാനർജി എന്തുപറഞ്ഞു?" ഞാൻ ആകാംക്ഷയോടെ ചോദിച്ചു.

"സത്യജിത്റേ തന്നെ ആ ചിത്രം സംവിധാനം ചെയ്യുമെന്നും മറ്റാർക്കും അതിന്റെ അവകാശം കൊടുക്കുന്ന പ്രശ്നമുദിക്കുന്നില്ലെന്നും ചേച്ചി പറഞ്ഞു."

അങ്ങനെ ഭട്ടാചാര്യയെ ഉപേക്ഷിക്കേണ്ടിവന്നു. ഈ രണ്ടു നിരാശകൾക്കുംശേഷം മൂന്നാമതായി ഒരു നിർമ്മാതാവ് വീട്ടിലേയ്ക്കു വരികയായിരുന്നു. എന്നാൽ ഡയബെറ്റിക് ആയിരുന്ന അദ്ദേഹം എന്റെ സംഭാഷണത്തിനിടയിൽത്തന്നെ മൂന്നുപ്രാവശ്യം ടോയ്ലറ്റിൽപോയിവന്നു. എന്റെ പ്രമേയപരിചരണം അദ്ദേഹത്തിന് പിടിച്ചുവെങ്കിലും സാധാരണപാതയിൽനിന്നും തീർത്തും വ്യത്യസ്തമായ ഒന്നിനെ പിൻതുണയ്ക്കാനുള്ള ധൈര്യമോ വിവരമോ അദ്ദേഹത്തിനുണ്ടായിരുന്നില്ല.

ഈ അനുഭവങ്ങളോടെ എന്റെ ആത്മവിശ്വാസത്തിന് അല്പം ക്ഷതം സംഭവിച്ചു. അപ്പോ...

...ക്കുപ്പറ്റി ...ത്തിടെയായി ... യുവനിർമ്മാതാവ് ... സമ്മർദ്ദം ചെലുത്തി...

ഞാൻ അനിൽ ചൗധരി... സമപ്രായക്കാരൻ. താൻ ചെയ്യുന്ന ...പ്പറ്റി വ്യക്തമായ ധാരണയുള്ളവൻ. ...ക്കത്തയിലെ ഒരു സാധാരണ ഹോട്ടലിൽ ... യിരുന്ന തന്റെ യുവനിർമ്മാതാവ് സുഹൃത്തിന... ടുത്തേയ്ക്ക് അനിൽ ചൗധരി എന്നെ കൊണ്ടു പോയി.

തിരക്കഥയിൽ ചൗധരി വീണുപോയി. എന്നാൽ നിർമ്മാതാവ്– ദാസ്. ഒന്നും തീർത്തു പറഞ്ഞില്ല. തന്റെ ഇപ്പോൾ മാത്രം റിലീസ് ചെയ്ത ചിത്രം പണം വാരുകയാണെങ്കിൽ എന്റെ ചിത്രത്തിനുവേണ്ട പണം മുടക്കാൻ തയ്യാറാണെന്ന് ദാസ് പിന്നീട് ചൗധരിയോടു പറഞ്ഞു. എന്നാൽ അങ്ങനെ ഉണ്ടായില്ല. ആ പടം പൊളിഞ്ഞു. എന്റെ ചിത്രത്തിനായി പണം മുടക്കാൻ നിവൃത്തിയില്ലെന്ന് ദാസ് പിന്നീട് അറിയിക്കുകയും ചെയ്തു. എന്നാൽ എനിക്കു ശക്തി പകർന്നുകൊണ്ട് എന്റെ പിന്നാലെയുണ്ടായിരുന്ന ആ ചെറുസംഘത്തിൽ ഒരാൾ കൂടിയായി– അനിൽ ചൗധരി.

ഇത്രയും തിരിച്ചടിയുണ്ടായിട്ടും എന്റെ ശുഭാപ്തിവിശ്വാസത്തിന് കോട്ടമൊന്നും സംഭവിച്ചില്ല. അതിന്റെ ഉറവ വറ്റാത്തതായിരുന്നു! നിർമ്മാതാവിനുവേണ്ടി കാക്കുമ്പോൾതന്നെ അഭിനേതാക്കളെ കണ്ടുപിടിക്കാനുള്ള ശ്രമത്തിലായി. പ്രൊഫഷണൽ അല്ലാത്ത നടന്മാരെയായിരുന്നു പ്രധാനമായും വേണ്ടിയിരുന്നത്. എന്നാൽ ചിലരൊളുകളിൽ, ഉദാഹരണത്തിന് കുട്ടികളുടെ അച്ഛനും അമ്മയും, പ്രായംചെന്ന അമ്മായി എന്നിവർ പ്രൊഫഷണൽ നടീനടന്മാർ തന്നെയാവും ഭേദമെന്നു തോന്നി. 'ബൈസിക്കിൾ തീവ്സി'ൽ ഒരു പ്രൊഫഷണൽ അഭിനേതാവേ ഉണ്ടായിരുന്നുള്ളൂ– ഭാവി പ്രവചിക്കുന്ന സ്ത്രീ മാത്രം. സർബൊജയ, ദുർഗ്ഗയുടെയും അപ്പുവിന്റെയും അമ്മയായി എന്റെ മനസ്സിലുണ്ടായിരുന്നത് ഒരു സുഹൃത്തിന്റെ ഭാര്യയായിരുന്നു. അവർ ചില നാടകങ്ങളിൽ അഭിനയിച്ചിരുന്നു. അവർ ഒരു നാട്ടിൻപുറത്തുകാരിയല്ല. പട്ടണത്തിൽത്തന്നെ വളർന്നുവന്ന ഒരു ബിരുദധാരിണി. ശാരീരികമായി അവർ ആ റോളിനു യോജിച്ചതാണ്. ചേരുന്ന വസ്ത്രങ്ങളും അഭിനയിക്കാൻ ഉപയുക്തമായ സംഭവങ്ങളും സംഭാഷണങ്ങളും കൊടുത്താൽ അവർ സർബൊജയയുടെ റോളിൽ ശരിയാവും എന്നെനിക്കു തോന്നി. അച്ഛനായി ഒരു സ്റ്റേജ്– സിനിമാനടൻ, കാനു ബാനർജിയെ ഞങ്ങൾ ഉറപ്പിച്ചു. അടുത്തത് കുട്ടികളുടെ ഊഴമായി. ആറുവയസ്സുള്ള ഒരാൺകുട്ടിയും ഏതാണ്ട് പന്ത്രണ്ടു വയസ്സുള്ള ഒരു പെൺകുട്ടിയും. ആൽബം നോക്കി തിരഞ്ഞെടുക്കാവുന്ന അഭിനയപരിശീലന കളരികളൊന്നും അന്ന് ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. കുട്ടികളെ കിട്ടാൻ രണ്ടു വഴികളാണുള്ളത്. സ്കൂളുകളിൽ പോയിനോക്കുക. അല്ലെങ്കിൽ പത്രങ്ങ

പ്രകാശം പരത്തുന്ന പുതിയ പെൺകുട്ടികൾ

ഒ.വി. ഉഷ

3 ജ്ഞാനി ഋഷിരത്ന ജ്ഞാനതപസ്വിനിക്കിപ്പോൾ പതിനെട്ടു വയസ്സാകുന്നു. ലോകത്ത് പ്രകാശം പരത്തേണ്ടുന്ന പുതിയ പെൺകുട്ടികളുടെ മുൻനിരയിൽ ഒരാൾ. ജ്ഞാനിയുടെ ജീവിതകഥ ഇങ്ങനെ:

"..... എന്റെ ജീവിതത്തിന്റെ തുടക്കത്തിൽ തന്നെ തുടങ്ങാം. എന്റെ ഗുരു -നവജ്യോതി ശ്രീ കരുണാകരഗുരു- വിന്റെ ഇച്ഛരയായിരുന്നു എന്റെ അച്ഛനമ്മമാർക്ക് ഒരു കുഞ്ഞു കൂടി ഉണ്ടാവണമെന്നത്. എനിക്ക് രണ്ടു ജ്യേഷ്ഠന്മാർ ഉണ്ട്. അവർ രണ്ടുപേരും അന്ന് വളർന്നുകഴിഞ്ഞിരുന്നു. ചെറിയ ആൾക്ക് ഏഴു വയസ്സുണ്ട് അന്ന്. അച്ഛനമ്മമാർക്കിനി കുഞ്ഞു വേണമെന്നില്ല. സങ്കോചവുമുണ്ടായിരുന്നു. എങ്കിലും ഒടുവിലവർ ഗുരുവിന്റെ ഇച്ഛര മാനിച്ച് അങ്ങനെ തന്നെയാവട്ടെ എന്നുറച്ചു."

"ഗുരു അവരോട് പറഞ്ഞത്. പിറക്കുന്നെങ്കിൽ അതു പെൺകുഞ്ഞാവട്ടെ എന്നു പ്രാർത്തിക്കാനാണ്. കുടുംബത്തിൽ പിറക്കുന്നതൊക്കെ ആൺകുഞ്ഞുങ്ങളാണ്. പെൺകുഞ്ഞിനുള്ള സാദ്ധ്യത കുറവാണെന്നവർക്കു തോന്നി. എങ്കിലും ഗുരുവിന്റെ ഇച്ഛരയെ ആദരിച്ച് അവർ അങ്ങനെതന്നെ പ്രാർത്ഥിച്ചു."

"അവരെക്കൊണ്ട് മാസങ്ങളോളം പ്രാർത്ഥനാസങ്കല്പങ്ങൾ ഗുരു ചെയ്യിച്ചു. പ്രത്യേകിച്ചും അമ്മ ആറുമാസത്തിലേറെ കഠിന വ്രതാനുഷ്ഠാനങ്ങളിലായിരുന്നു. കുടുംബത്തിനുവേണ്ടി ഒരു പ്രത്യേക കർമ്മം ഗുരു ചെയ്യിച്ചിരുന്നു. ഗുരുപൂജ എന്നു വിളിക്കുന്ന ആ കർമ്മത്തിലൂടെ പിതൃദോഷം, ആരാധനാദോഷം തുടങ്ങി സൂക്ഷ്മമായ ഊർജ്ജതലങ്ങളിൽ നിന്ന് നമ്മെ ബാധിക്കുന്ന ആദ്ധ്യാത്മിക വൈകല്യങ്ങൾ അകറ്റുകയാണ് ഗുരു ചെയ്യുന്നത്."

"അമ്മ എന്നെ ഗർഭം ധരിച്ചു. വീണ്ടും അച്ഛനമ്മമാർക്ക് പ്രാർത്ഥനയുടെ നാളുകളായിരുന്നു. ഗുരുവിന്റെ ഇച്ഛരയ്ക്കൊത്ത് എന്താ

പ്പോൾ ആ
യപ്പെടുന്ന ഒരു
ന്നറിഞ്ഞു. പുസ്തക
ആളെന്ന നിലയിൽ അയാൾ
രുന്നു. ഒരു ഞായറാഴ്ച രാവിലെ ഞാൻ അവരുടെ വീട്ടിലെത്തി. ചായ കുടിച്ചു. അവരുമായി സംസാരിച്ചു. അവരുടെ ഇളയ മകളെ- ഉമാ ദാസ്ഗുപ്തയെ- ദുർഗ്ഗയുടെ റോളിലേയ്ക്ക്- എന്നെങ്കിലും ആ ചലച്ചിത്രം ഒരു യാഥാർത്ഥ്യമാവുകയാണെങ്കിൽ- തിരഞ്ഞെടുത്തു. ഞാൻ ക്യാമറ ഒപ്പം കൊണ്ടുപോയിരുന്നു.

ഉമയെ മട്ടുപ്പാവിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി കുറച്ചു ചിത്രങ്ങളെടുത്തു. അവൾ അല്പം നാണംകുണുങ്ങിയായി തോന്നി. എന്നാൽ ദുർഗ്ഗയാണെങ്കിൽ ആൺകുട്ടികളെപ്പോലെയാണ്.

പഥേർ പാഞ്ചാലിയുടെ ചിത്രീകരണം

കണ്ടുപിടിച്ചു. തന്റെ ചങ്ങാതിമാരും മൂത്ത സഹോദരനുമൊത്ത് കളിക്കുകയായിരുന്നു അവൻ. അവളുടെ അനുമാനം ശരിയായിരുന്നു. കാഴ്ചയിൽ അവൻ അപ്പുവിന്റെ ഭാഗത്തിനു യോജിച്ചവൻതന്നെ.

സുബീർ ബാനർജി എന്നാണവന്റെ പേര്. അവൻ സ്കൂളിൽ പോകാറില്ലേ- ഉണ്ടല്ലോ, എന്തെങ്കിലും തരത്തിലുള്ള അഭിനയമോ സ്റ്റേജിൽ കയറി പദ്യപാരായണമോ- ഇല്ല. ഒരു സിനിമയിൽ പ്രധാന ഭാഗം അഭിനയിക്കുന്നതിനെപ്പറ്റി എന്തു തോന്നുന്നു- അവനു സ്വന്തമായി അഭിപ്രായമൊന്നും ഇല്ല. എന്നാൽ മാതാപിതാക്കൾ പറഞ്ഞാൽ അവനു സമ്മതം. "അമ്മ പറയുന്നതുപോലെ ഞാൻ ചെയ്യാം."

ദുർഗ്ഗയെ കണ്ടുപിടിക്കുന്നതും എളുപ്പമായിരുന്നില്ല. അശീഷ്ബർമൻ ഒരു കുട്ടിയുടെ കാര്യം പറഞ്ഞു. അയാൾക്കു പരിചയമുള്ള ഒരു അദ്ധ്യാപിക പഠിപ്പിച്ചിരുന്ന പെൺപള്ളിക്കൂടത്തിലെ ഒരു കുട്ടിയുടെ കാര്യം. അതുകൊണ്ട് അവളോട് ക്യാമറയ്ക്കുവേണ്ടി കൊഞ്ഞനം കുത്താനും നാക്കുനീട്ടാനും മറ്റും പറഞ്ഞുകൊടുത്തു. യാതൊരു മടിയുംകൂടാതെ അവൾ അങ്ങനെയൊക്കെ ചെയ്തു.

അപ്പുവും ദുർഗ്ഗയും ശരിയായതോടെ ഇനി അമ്മായിക്കുവേണ്ടിയുള്ള അന്വേഷണം കുറച്ചു കഴിഞ്ഞാവാം എന്നു തീരുമാനിച്ചു. അപ്പോൾ പണം മുടക്കാൻ ഒരാളെ കിട്ടിയാൽ കുട്ടികളെ വച്ച് ഷൂട്ടിംഗ് തുടങ്ങാം. അവർ മാത്രമുള്ള അനേകം രംഗങ്ങളുണ്ട്.

കേവലം 70000 രൂപയുടെ ബഡ്ജറ്റാണ് ഞങ്ങൾ ഇട്ടിരുന്നത്. എന്നാൽ ഒരു ചെറുതുകപോലും മുടക്കാൻ ഒരു നിർമ്മാതാവും തയ്യാറായില്ല. "നിങ്ങൾ താരങ്ങളെ ഉപയോഗിക്കുന്നില്ല. പാട്ടുകളില്ല. സ്റ്റണ്ടുമില്ല. ബഡ്ജറ്റ് കുറേക്കൂടി കുറച്ചുകൂടേ?"

കുറേനാൾ കഴിഞ്ഞ് അതിശയകരമെന്ന് എനിക്കുതന്നെ തോന്നിയ ഒരു ആശയം മനസ്സിലുദിച്ചു. 16 എം.എമ്മിൽ ഷൂട്ട് ചെയ്യുക. പ്രദർശനത്തിനായി 35 എം.എമ്മിലേയ്ക്ക് വിപുലീകരിക്കുക. ചെലവ് പകുതിയായി കുറയും. എന്തുകൊണ്ട് പരീക്ഷിച്ചുകൂടാ?

വർദ്ധിച്ച ആവേശത്തോടെ ഒരു സുഹൃത്തിന്റെ റോളെക്സ് 16 എം.എം ക്യാമറ കടം വാങ്ങി. കുറച്ചു ഫിലിം റോളും വാങ്ങി ഒരു ഗ്രാമത്തിലേയ്ക്കു പോയി- കുറേ രംഗങ്ങൾ പരീക്ഷണാർത്ഥം ചിത്രീകരിക്കാൻ. ക്ലോഡ് റെനോയുടെ രീതികൾ കണ്ടുമനസ്സിലാക്കിയിരുന്ന സുബ്രതോമിത്രയും ഒപ്പം വന്നു. എന്റെ സിനിമയുടെ ഛായാഗ്രാഹകൻ അദ്ദേഹമായിരിക്കുമെന്ന് ഞാൻ തീരുമാനിച്ചിരുന്നു. ഇതു പറഞ്ഞപ്പോൾ അദ്ദേഹത്തിന് സങ്കോചമായി. തന്നെക്കൊണ്ടു കഴിയുമോ..." എന്തുകൊണ്ടില്ലാ- നിശ്ചല ഛായാഗ്രഹണം അറിയാമെങ്കിൽ. അത് നിനക്കറിയാമല്ലോ. ഒരു ലൊക്കേഷനിൽ മൂവി ക്യാമറ പ്രയോഗിക്കുക ഒരു വലിയ കാര്യമൊന്നുമല്ല. മീറ്റർ ഉപയോഗിച്ച് പ്രകാശം അളക്കുന്നു. ലെൻസിന്റെ മൂടി മാറ്റുന്നു. ഷൂട്ട് ചെയ്യുന്നു. പ്രൊഫഷണൽ ഛായാഗ്രാഹകർ ക്യാമറാവർക്കിന്റെ നിഗൂഢതയെപ്പറ്റിയൊക്കെ പറയുന്നതു നീ കാര്യമാക്കേണ്ട.

'ഗോപാൽനഗർ' ആയിരുന്നു ഞങ്ങൾ തിരഞ്ഞെടുത്ത ഗ്രാമം. ബിഭൂതിഭൂഷൺ ബന്ദോപാദ്ധ്യായ അവിടെയാണ് ജോലി ചെയ്തിരുന്നത്. നോവലിൽ പേരുമാറ്റി നിശ്ചിന്തിപൂർ എന്നാണ് നാമകരണം ചെയ്തിരുന്നത്. മഴക്കാലമായിരുന്നു. മുട്ടുവരെയെത്തുന്ന ചെളിയിലൂടെ നടക്കേണ്ടിവന്നു. കുളത്തിലിറങ്ങി കാൽ കഴുകി വീണ്ടും ഷൂട്ടിംഗ് തുടങ്ങും. ഞാൻതന്നെയാണ് ക്യാമറ പ്രവർത്തിപ്പിച്ചത്. മനഃപൂർവ്വംതന്നെ വെളിച്ചം കുറഞ്ഞ മൂളങ്കൂട്ടത്തിലും മഴ പെയ്തുകൊണ്ടിരുന്നപ്പോൾ ഒരു മുറ്റത്തും ചിത്രീകരണം നടത്തി. ചില സൂക്ഷ്മരംഗങ്ങളും എടുത്തു. ചെറുകാറ്റിൽ ഇളകുന്ന താമരദളങ്ങൾ, മഴത്തുള്ളികൾ വീഴുന്ന കുളത്തിന്റെ ഉപരിതലം. കാറ്റിലാടുന്ന വാഴയിലകൾ...

16 എം.എം പതിപ്പ് വളരെ നന്നായിരുന്നു. എല്ലാം ഞാൻ വിഭാവനം ചെയ്തതുപോലെതന്നെ. ആ ഫിലിം റോൾ 35 എം.എം ആക്കി ബ്ലോ അപ് ചെയ്യുകയായിരുന്നു അടുത്ത പണി. പക്ഷേ. കൽക്കത്തയിൽ അന്ന് അതിനുള്ള സൗകര്യമുണ്ടായിരുന്നില്ല. ബോംബെയിലെ ഒരു ലാബിലേയ്ക്ക് ഫിലിം അയച്ചുകൊടുത്തു. സാധനം തിരിച്ചെത്തിയപ്പോൾ ആകെ നിരാശനായി. ഒരു സെക്കൻഡിൽ 24 ഫ്രെയിംസ് എന്ന കണക്കിൽ എടുത്തിരുന്ന ഷോട്ട് ഇപ്പോൾ സെക്കൻഡിൽ 30 ആയി. അതോടെ എല്ലാം ഇഴഞ്ഞുനീങ്ങുന്നതായി തോന്നി. എന്തുപറ്റിയെന്ന് ലാബിൽ അന്വേഷിച്ചു. ഇതിലും നന്നായി ചെയ്യാനാവില്ലെന്നായിരുന്നു മറുപടി. ഞങ്ങൾ തുടങ്ങിയയിടത്തുതന്നെ എത്തിനിന്നു.■

തുടരും



അട
അയാ
ടയായി.
യിരു
ഓരോ
മറ്റെന്തോ
തെന്നറിഞ്ഞുകൂടാ
മായി ദർശനം കിട്ടുന്നത്."

"ദർശനമെന്ന അനുഭവം സാധാരണയായി മൂന്നു രീതിയിലാണ് കിട്ടുക. ഉറക്കം പിടിച്ചിരിക്കെ സ്വപ്നത്തിൽ കിട്ടുന്നതാണൊന്ന്. ജാഗ്രത് അഥവാ ഉണർച്ചയിൽ സംഭവിക്കുന്നത് മറ്റൊന്ന്. ധ്യാനിച്ചിരിക്കുമ്പോഴും ഇത് കിട്ടാം. എന്റെ ആദ്യദർശനം മൂന്നാമത്തെ രീതിയിൽ പെടുത്താം."

"ഞാൻ കണ്ടത് അതിവസുന്ദരിയും സർവാഭരണ വിഭൂഷിതയും തേജസ്വിനിയുമായ ഒരു സ്ത്രീരൂപത്തെയാണ്. കണ്ണഞ്ചിപ്പിക്കുന്ന ആ രൂപം എന്നെത്തന്നെ നോക്കിനിൽക്കുന്നു. എന്നു ഭാവിച്ചാണവർ നിൽക്കുന്നതെന്ന കൗതുകത്തോടെ ഞാനും കണ്ണെടുക്കാതെ അവരെ നോക്കുകയാണ്. നേരം എത്ര പോയി എന്നറിഞ്ഞില്ല. മുത്തശ്ശി തട്ടിവിളിച്ചിട്ടുപോലും അറിഞ്ഞില്ല."

"ഗുരുവിനെ ഈ അനുഭവം അറിയിച്ചപ്പോൾ ഗുരു പറഞ്ഞു, ഇനിയും ഇത്തരത്തിൽ പല ദർശനാനുഭവങ്ങളും ഉണ്ടാവുമെന്ന്. ജീവിതത്തിൽ സൂക്ഷിപ്പും ശ്രദ്ധയും കൂടുതൽ ഉണ്ടായിരിക്കണമെന്ന്. അങ്ങനെ സൂക്ഷിക്കുന്നുണ്ടോ എന്ന് ബാംഗ്ലൂർ വന്നു നോക്കുമെന്ന് ഗുരു പറഞ്ഞപ്പോൾ കളിപറയുകയാണ് എന്നു തോന്നി. 'ദൂരമെനിക്കു പ്രശ്നമല്ല' എന്നാണ് ഗുരു പറഞ്ഞത്. കളിയായി പറയുന്നതുപോലെ. പറഞ്ഞതിന്റെ പൊരുൾ മനസ്സിലാക്കാൻ അധികം നാൾ കാക്കേണ്ടി വന്നില്ല. ബാംഗ്ലൂരിൽ. ക്ലാസ്സുമുറിയിലാണ് ഗുരുവിനെ ആദ്യം കണ്ടത്. ജാഗ്രത്തിലുള്ള ദർശനമായിരുന്നു അത്. കണ്ണുതുറന്ന് സാധാരണ കാണുന്നപോലെ കാണുന്നത്. തിരുവനന്തപുരത്തിരിക്കുന്ന ഗുരു പിന്നീട് ബാംഗ്ലൂരിൽ എനിക്ക് നിത്യസാന്നിദ്ധ്യം പോലെയായി. വീട്ടിൽ, വഴിയിൽ, യാത്രയിൽ വിമാനത്തിന്റെയും തീവണ്ടിയുടെയും ഒപ്പം– ഗുരുവിനെ ഇടയ്ക്കിടെ കണ്ടുകൊണ്ടിരുന്നു. പല കാര്യങ്ങളും എനിക്കു പറഞ്ഞു മനസ്സിലാക്കിത്തന്നുകൊണ്ടുമിരുന്നു."

" ഒരിക്കൽ ഒരു ക്ലാസ് ടെസ്റ്റിനു വൈകിയതുകൊണ്ട് സൈക്കിൾ സ്പീഡിൽ ചവിട്ടി പോകുകയായിരുന്നു. തൊട്ടുമുന്നിൽ ഗുരു നിൽക്കുന്നു. അരികിലേക്കു വെട്ടിച്ചപ്പോൾ അവിടെയുമുണ്ട്. നാലുവശത്തും ഗുരു നിൽക്കുന്നതു കണ്ടു. കണ്ണടച്ചു പ്രാർത്ഥിച്ചു. കണ്ണു തുറന്നപ്പോൾ ഗുരുവില്ല. തുടർച്ചയായും കൃത്യമായും ഗുരു എന്നെ അത്രയേറെ സൂക്ഷിക്കുന്നുവെന്നു ബോദ്ധ്യപ്പെടുത്തുന്നതായിരുന്നു ഇതുപോലെയുള്ള അനുഭവങ്ങൾ."

"വളരെ പ്രധാനപ്പെട്ടതെന്നു തോന്നിയ ഒരു ദർശനം ഇവിടെ കുറിക്കട്ടെ. ദർശനങ്ങൾ കിട്ടിത്തുടങ്ങിയ ആദ്യകാലത്താണ് അതാദ്യമായി കണ്ടത്. പിന്നീട് പലതവണ അതിന്റെ ആവർത്തനങ്ങളുണ്ടായി. പ്രകാശം നിറഞ്ഞ രൂപങ്ങൾ– പ്രവാചകർ, ഋഷിമാർ, ഗുരുക്കന്മാർ, ദേവീദേവന്മാർ എന്നിവരുടേതാണ്– മതഭേദമില്ലാതെ അവർ ഗുരുവിന്നു മുന്നിൽ ഇരമ്പിക്കൂടുന്നു. ഗുരുവിന്റെ പാദസ്പർശത്തിനു കൊതിച്ചുകൊണ്ട്. പക്ഷേ, എല്ലാവർക്കും തൊടാനെത്തുന്നില്ല. അത്രയുമകലമുണ്ട് ഗുരുവിന്റെ നിലയ്ക്ക്."

"അങ്ങനെ മാതാപിതാക്കളോ മറ്റു ബന്ധുക്കളോ അല്ല ഗുരു ആരെന്ന് എന്നെ ബോദ്ധ്യപ്പെടുത്തിയത്. സ്വയം ഗുരുതന്നെ. കുഞ്ഞുന്നാളിൽ അത്രയും നേരത്തെ അങ്ങനെയൊരു ബോദ്ധ്യമുണ്ടാക്കിത്തന്നത് ഗുരുവിന്റെ അപാരമായ കാരുണ്യം കൊണ്ടാണ്."

"പലപ്പോഴായി ചില വലിയ മഹാത്മാക്കൾ ദർശനത്തിൽ വന്ന് എന്നെ ഉപദേശിച്ചിട്ടുണ്ട്. നേരോടെ ജീവിക്കണമെന്ന്. തെല്ലുപോലും പാളിപ്പോകാനിടവരാതെ സൂക്ഷിക്കണമെന്ന്. എന്റെ ജീവനുതകിക്കിട്ടുന്ന ഏറ്റവും വലിയ നന്മയാണ് ഗുരുവിൽ നിന്നു കിട്ടുക എന്ന് അവർ വെളിപ്പെടുത്തിത്തന്നിട്ടുണ്ട്."

"എനിക്കു മാത്രമല്ല ലോകത്തിലാർക്കും അവർ എവിടെയുള്ളവരുമാകട്ടെ, അവർക്കു കിട്ടാവുന്ന ഏറ്റവും വലിയ നന്മ ഗുരുവിൽ നിന്നു കിട്ടും– അങ്ങനെയൊരാഗ്രഹവും പ്രാർത്ഥനയുമുണ്ടെങ്കിൽ. അത് ആത്മീയമാവാം, ഭൗതികവുമാവാം."

"ഒരു ജീവനും നേരെ മനുഷ്യജന്മം പ്രാപിക്കുന്നില്ല. ഏറ്റവും ചെറിയ ജൈവരൂപത്തിൽ നിന്നാണ് ജീവന്റെ പ്രയാണം തുടങ്ങുന്നത്. പുല്ലായും പുഴുവായും എന്തെല്ലാമോ ജൈവരൂപങ്ങളായും പിറന്ന് ജീവിച്ച് ഒടുങ്ങി പുനർജ്ജനിച്ചു വന്നെത്തുകയാണ് മനുഷ്യനിൽ. മനുഷ്യനെന്ന സാദ്ധ്യത തികച്ചും സാക്ഷാത്കരിക്കാൻ പിന്നെയും അനേകമനേകം ജന്മങ്ങൾ. ആ ജന്മങ്ങളിലെ അറിഞ്ഞും അറിയാതെയുമുള്ള ഗാഢമായ പരിശ്രമങ്ങൾ."

"ഗുരുവിനും ഇങ്ങനെയൊരു സൂക്ഷ്മജീവചരിത്രമുണ്ട്. അതിന്റെ പല ഏടുകളും ഞാൻ ദർശനങ്ങളിൽ കണ്ടിട്ടുണ്ട്. സത്യാന്വേഷണത്തിൽ നിന്ന് അണുവിട വ്യതിചലിക്കാതെ ഏകമുഖമായ പരിവർത്തനപാതയായിരുന്നു ഗുരുവിന്റേത്. കഷ്ടപ്പാടുകളാകട്ടെ സുഖഭോഗങ്ങളാകട്ടെ ഗുരുവിന്റെ ശ്രദ്ധയെ ചഞ്ചലപ്പെടുത്തിയില്ല."

"ഒന്നുകൂടി ഓർമ്മ വരുന്നു. നേരത്തെ സൂചിപ്പിച്ച പോലെ ബാഹ്യവ്യത്തിയിൽ ഗുരു തനി മലയാളിയായിരുന്നുവല്ലോ. മലയാളമല്ലാതെ മറ്റൊരു ഭാഷ ഗുരു സംസാരിച്ചിട്ടില്ല. പക്ഷേ, ദർശനങ്ങളിൽ അങ്ങനെയല്ല. അന്നും ഇന്നും തെലുങ്കിലാണെന്നോടു സംസാരിക്കുക. യാതൊരിടർച്ചയുമില്ലാത്ത ശുദ്ധസുന്ദരമായ തെലുങ്കിൽ."

"എന്റെ ദർശനാനുഭവങ്ങൾ തികച്ചും സഹജമായ, സ്വാഭാവികമായ രീതിയിലാണ് എന്നിൽ വന്നുചേർന്നത്. ഇതിനുവേണ്ടി ഒരു പ്രത്യേക പരിശ്രമവും ഞാൻ നടത്തുന്നില്ല. അതായത് യോഗ തുടങ്ങിയ ഒന്നും. ഗുരുകാരുണ്യം ഒന്നു മാത്രമാണ് ഇതിന്നാധാരം. ആ കാരുണ്യം ചിന്തയ്ക്കും ബുദ്ധിക്കും അതീതമായ ഒരു മഹാസംഭവമാണ്..."■

തുടരും

MODERN BOOK CENTRE

Roy Bhaskar
Reflections on Meta-Reality
(a Philosophy for the Present. Transcendence, Emanicipation and Everyday Life)
Rs. 280/-

Carl Gustav Jung
The Undiscovered Self
Rs. 200-/

Jean-Paul Sartre
What is Literature?
Rs. 295/-

Karl Popper
The Poverty of Historicism
Rs. 295/-

MODERN BOOK CENTRE
M.G. ROAD, G.P.O. Jn. TRIVANDRUM - 1
Tel: 331826/16, 333987
Fax: 0471-333186
Email: modern@techpark.net

ബാലാമണിയമ്മയുടെ അറുപതാം പിറന്നാളിൽ

വേനലാൽ തുടങ്ങിയ തുരങ്ങൾ

സുലോചന

തലമുറകളിലൂടെ നേടിയ സംസ്കാരത്തിന്റെ പ്രതീകം

3

2001-ലെ സെൻസസ് സർവ്വേയ്ക്കായി ഒരു ദിവസം ഒരാൾ ഞങ്ങളുടെ വീട്ടിൽ വന്നു. ഞാൻ തോട്ടം മേഖലയിൽ ആരോഗ്യക്ഷേമരംഗത്ത് പ്രവർത്തിച്ചിരുന്നതുകൊണ്ട് ഇത്തരം സർവ്വേയ്ക്കുപയോഗിക്കുന്ന ഫോറങ്ങൾ എനിക്കു പരിചിതമാണ്. ജോലി ചെയ്യാനേറ്റെടുത്ത ഓരോ എസ്റ്റേറ്റിലും ആദ്യം ചെയ്യേണ്ടത് ഹൗസ്ഹോൾഡ് സർവ്വേ എന്ന, ഓരോ കുടുംബത്തെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുകയാണ്. ഇതു കഴിയുമ്പോഴേക്കും പ്രോജക്ട് സ്റ്റാഫ് അവരോരോരുത്തരുടെയും സ്നേഹവിശ്വാസങ്ങളാർജ്ജിക്കണം എന്നൊരു ഗൂഢോദ്ദേശം കൂടെയുള്ളതായിരുന്നു ഞങ്ങളുടെ കുടുംബസർവ്വേ. അതിനാൽ പരീക്ഷയെഴുതുംപോലുള്ള ഒരു സമീപനം ഫോറം പൂരിപ്പിക്കലിന് പാടില്ല എന്ന നിർദ്ദേശം അതു ചെയ്യുന്നവർക്ക് കൊടുക്കും. പത്താണ്ടിലൊരിക്കൽ രാജ്യത്തു നടത്തുന്ന സെൻസസിന്റെ ലക്ഷ്യം വ്യത്യസ്തമായതുകൊണ്ട് അതിന്റെ രീതിയും വേറെയാണ്. 'പുട്ടു കുത്തുംപോലെ' എന്നു നാടൻ ഭാഷയിലതിനെ വർണ്ണിക്കാം.

ഈ വീട്ടിൽ ഞങ്ങൾ മൂന്നുപേർ, എന്റെ ഭർത്താവായ ഉണ്ണി ഗൃഹനാഥൻ, ഞാൻ, എന്റെ അമ്മയായ ബാലാമണിയമ്മ. പേരിന്റെയും വയസ്സിന്റെയും കോളങ്ങൾ കഴിഞ്ഞ് ഞങ്ങൾ 'വിദ്യാഭ്യാസ'ത്തിലെത്തി. ഞാനും ഉണ്ണിയും സർവകലാശാലാ ബിരുദക്കാരുടെ പട്ടികയിൽ ചേർക്കപ്പെട്ടു. അതു കഴിഞ്ഞാണ് പ്രശ്നമായത്.

"അമ്മയുടെ വിദ്യാഭ്യാസം?", ചോദ്യം.

"അമ്മ സ്ക്കൂളിൽ പോയിട്ടില്ല", എന്റെ ഉത്തരം.

"കയ്യൊപ്പിടാനൊക്കെ പറ്റോ?" ചെറിയൊരു മൗനത്തിനുശേഷം മറുചോദ്യം.

വിദ്യാഭ്യാസമെന്നാൽ എന്താണ് എന്ന ചോദ്യം ഇവിടെ ഉദിക്കുന്നു. അത് അറിവാണോ, പരീക്ഷയിൽ മാർക്കുവാങ്ങി ഉദ്യോഗം ലഭിക്കലാണോ, അതോ ജോലി കിട്ടാതെ ജീവിതച്ചിലവിൽ മോഹങ്ങളും മൂല്യങ്ങളും വെന്തുരുകലോ?

"I do not allow my schooling to interfere with my education" എന്നു കട്ടായം പറഞ്ഞത് മാർക്ക് ട്വെയ്ൻ ആയിരുന്നു. (Schooling മാത്രം സ്ക്കൂളിൽ നിന്ന് എന്നാണെങ്കിൽ education വീട്ടിൽ നിന്നെങ്കിലും ലഭിക്കേണ്ടതാണ്. വീടും സ്ക്കൂൾ മാത്രമാകുന്ന പ്രവണത നന്നല്ല.)

പിച്ചവെപ്പ്, മകളോട്, തൊട്ടിലാട്ടും ജനനിയെ എന്നീ കവിതകളിലെ നായിക ആമിയേപ്പോവാണ്. എന്നെപ്പറ്റി അമ്മ ഒന്നുമെഴുതിയില്ലല്ലോ എന്ന് മൗഢ്യത്തോടെ ഇരിക്കുമ്പോഴാണ് അമ്മയുടെ 'ജീവിതത്തിലൂടെ' എന്ന ലേഖന സമാഹാരം വായിക്കാനിടയായത്. അതിൽ അമ്മ എഴുതിയിരിക്കുന്നു "എനിക്ക് സ്ക്കൂളിൽ പോകേണ്ടി വന്നിട്ടില്ല, സ്ക്കൂളിൽ പോകാത്തതിൽ പശ്ചാത്തപിച്ചിട്ടുമില്ല. കുട്ടികളുടെയും പേരക്കിടാങ്ങളുടെയും സ്ക്കൂൾജീവിതത്തിന്റെ കാ[illegible]

ഇരുട്ടിന്റെ അശ്രുകണങ്ങളും നിലാവിന്റെ പുഞ്ചിരിയും

ദേഷ്യപ്പെടുന്ന അച്ഛനോടു സ്കൂളിലെ പുകയും ചെയ്ത ഇളയ മകളാണ് ഞാൻ. ...കൊണ്ട് പള്ളിക്കൂടത്തിന്റെ കാർക്കശ്യത്ത പറ്റി അമ്മയെഴുതിയതിന്റെ പ്രേരണയിൽ വലി യൊരു ശതമാനം എനിക്കവകാശപ്പെട്ടതാണ്. (ആമിയോപ്പുവിന് അച്ഛനെ നല്ല പേടിയായി രുന്നതിനാൽ അച്ഛന്റെ മുന്നിൽ വച്ച് വാശി കാട്ടില്ല.) പിന്നെ നല്ലൊരു പങ്ക് മക്കൾക്കും പേ രക്കുട്ടികൾക്കും വേണ്ടിവന്ന ഹോസ്റ്റൽവാസ ത്തിനുമുണ്ടാവാം.

പൂർവജന്മങ്ങളിൽ പെറുക്കിക്കൂട്ടിയ വാസ നകൾ കാരണശരീരത്തിലേന്തി മനുഷ്യൻ ജനി ക്കുന്നു. ആ വാസനച്ചെപ്പ് കേന്ദ്രബിന്ദുവായി അവന്റെ ശരീരം, ബുദ്ധി, മനസ്സ്, മാതാപിതാ ക്കൾ, ജന്മസ്ഥലം, ജീവിതയാത്രയുടെ രൂപരേഖ ഇവയെല്ലാം അതതു സ്ഥാനങ്ങളിൽ അതതുകാ ലത്ത് പ്രതിഷ്ഠിക്കപ്പെടുന്ന ഒരു ജിഗ്സോപ സ്റ്റിലാണല്ലോ ജീവിതം. അങ്ങനെ നാലപ്പാട്ട ലക്ഷ്മി തന്റെ വാസനച്ചെപ്പുമായി പുന്നയൂർ ക്കുളത്ത് ഒരു സാത്വിക കുടുംബത്തിൽ ജനി ച്ചു. അമ്മാമന്റെ ഇഷ്ടദേവതയായ ബാലാമഹേ ശ്വരിയുടെ പേര് സ്വന്തമാക്കി, അദ്ദേഹത്തിന്റെ ചില്ലലമാരയ്ക്കു മുന്നിൽ തിളങ്ങുന്ന കണ്ണുക ളുമായി പുസ്തകങ്ങളെ നോക്കി നിന്നു, വടക്കേര മാധവനെന്ന ഭർത്താവിന്റെ കൈപിടിച്ച് "എന്തു തേടിയോ അന്തിയോളമലഞ്ഞ" അലച്ചിലിനിട യിൽ മഹാകവയിത്രി ബാലാമണിയമ്മയായി.

അമ്മയുടെ വിദ്യാഭ്യാസത്തിന്റെ ആദ്യതലം വീട്ടിൽവച്ചു ലഭിച്ച ട്യൂഷൻ തന്നെ. ഒരു മണി ക്കൂർ, കൂടിയാൽ ഒന്നരമണിക്കൂർ. മാത്രമേ തങ്ങൾക്കു ട്യൂഷൻ പതിവുള്ളു എന്നാണ് അമ്മ യുടെ മനഃസാക്ഷി സൂക്ഷിപ്പുകാരിയും സല്പം വ്യത്യസ്തമായൊരു വാസനച്ചെപ്പിന്റെ ഉടമയുമായ ഇന്നമ്മ എന്ന ഞങ്ങളുടെ ചെറിയമ്മ, നാലപ്പാ ട്ട് അമ്മിണിയമ്മ പറയുന്നത്. 'പത്തു ശ്ലോകം കുഞ്ഞുണ്ണി നമ്പീശൻ മനഃപാഠമാക്കാൻ തന്നാൽ ഏട്ടത്തി പത്തും ഒരൊറ്റ ദിവസം കൊണ്ട് പഠി ക്കും' എന്ന് ജ്യേഷ്ഠത്തിയെപ്പറ്റി അഭിമാനം കൊ ള്ളുന്നു ഇന്നമ്മ.

"ഇന്നമ്മ മാഷ് തന്ന ഹോംവർക്ക് ചെയ്യാ ഞ്ഞതെന്തേ?", ഞാൻ.

"മടിയന്നെ, തനി മടി!", സ്വതസിദ്ധമായ എളി മയിൽ നിന്നുടലെടുത്ത ഉത്തരത്തോടൊപ്പം ആളെ മയക്കുന്നൊരു ചിരിയും!

സംസ്കൃതവും മലയാളവും കണക്കുമാണ ത്രെ കുഞ്ഞുണ്ണി നമ്പീശൻ എന്ന ഗുരുനാഥൻ പഠിപ്പിക്കുക. പുന്നയൂർക്കുളത്തുള്ള ഇന്നമ്മയു ടെ വീട്ടിന്റെ തെക്കിനിയിൽ വച്ച് അവിടത്തെ മക്കളും കൊച്ചുമക്കളും പിന്നെ ഞാൻ, എന്റെ ഏട്ടൻ മുതലായവരുമടങ്ങിയ വിപുലമായൊരു സദസ്സിൽ വച്ചാണ് മേൽപ്പറഞ്ഞ പ്രസ്താവന ...ത്. ഈ രണ്ട് നാലപ്പാട്ട് സഹോദരിമാർ ...ക്കു പഠിച്ചു എന്നുകേട്ട് ഞങ്ങളിൽ പല

...അതാ... നമ്മ... ...യായി. ...ായി. ...ായി ...ണ്ടാ... ...ിയാ ...ത്തവർ വീര... ...പ്പിക്കുന്ന നേരം... ...ിനുഗ്ഗ... ...ടിക്കു കൂടുതൽ ബി...ലയാ... ...കരുതും.

ഉറക്കത്തിന്റെ കാര്യം പറയാൻ കാരണമുണ്ട്, അത് നാരായണമേനോൻ (നാലപ്പാടനല്ല) എന്ന ഗുരുവിന്റെ ഇംഗ്ലീഷ് ട്യൂഷന്റെ കഥയാണ്. ടാ ഗോറിന്റെ കൃതികൾ അമ്മാമൻ വായിച്ചുകേട്ട് ത്രില്ലടിച്ച് അവയൊക്കെ വായിക്കണമെന്നു തോ ന്നിയതാണ് ഇംഗ്ലീഷ് പഠിച്ചതിന്റെ മുഖ്യപ്രേരണ എന്ന് അമ്മ പറഞ്ഞിട്ടുണ്ട്. ഇംഗ്ലീഷ് ട്യൂഷൻ സമയത്ത് ഇന്നമ്മ ഉറങ്ങിപ്പോകാറുണ്ടത്രെ. അപ്പോൾ അമ്മാമൻ വന്ന് കുട്ടിയെ എടുത്ത് അകത്തുകൊണ്ടുപോയി കിടത്തും. ജ്യേഷ്ഠനോ ട് ഏറെ സ്നേഹാദരങ്ങൾ വച്ചുപുലർത്തിയ അമ്മമ്മ, മാഷ് പഠിപ്പിക്കുമ്പോൾ ഉറങ്ങാതിരി ക്കാൻ ശ്രദ്ധിക്കണം, അമ്മാമനെ ബുദ്ധിമുട്ടിക്ക രുത് എന്ന് അല്പം തടിച്ച ദേഹപ്രകൃതിയുള്ള ഇളയ മകളോട് നിർദ്ദേശിക്കുക പതിവായിരു ന്നുവെന്നും കേൾക്കുന്നു.

പുസ്തകങ്ങളാണ് അമ്മയുടെ ശ്രദ്ധേയനായ മറ്റൊരു ഗുരുനാഥൻ. അദ്ദേഹത്തിന്റെ ക്ലാസ്സിൽ ഉറങ്ങുന്ന പ്രശ്നമേയില്ല. ടാഗോറിന്റെ കവിത വായിക്കാൻ ഇംഗ്ലീഷ് പഠിച്ചപോലെ ദാഹിച്ചു ചെന്നാണല്ലോ ആ വെള്ളം കുടിക്കുന്നത്. അമ്മ പുസ്തകങ്ങളെക്കുറിച്ചെഴുതുന്നു, "മുൻനാളിൽ. തേന്മാവിന്റെ തണൽ ചൂഴുന്ന എന്റെ നാലുകെ ട്ടിലെ ചില്ലലമരയിൽ ബുദ്ധി വികസിപ്പിക്കുന്ന ജീവകം പേറിയ നിങ്ങൾ, ഗംഗാജലമുള്ള മൊ ന്തയുടെയും ഭസ്മം നിറച്ച കുവളക്കായയുടെ യും ഒപ്പം എന്റെ വളർച്ചയ്ക്ക് സാക്ഷ്യം വഹി ച്ച് ഇരുന്നു. മിന്നുന്ന കണ്ണുമായി ഞാൻ വീണ്ടും വീണ്ടും നിങ്ങളുടെ മുന്നിൽ വന്നുനിന്നു; താ ങ്ങിയെടുത്ത് വായിച്ചു, പട്ടിട്ടുമൂടി വന്ദിച്ചു. മനു ഷ്യനും മണ്ണിനും അപ്പുറത്തേക്കു കണ്ണെത്തുന്ന വരും വിശ്വൈകൃബോധം ഉണർന്നവരും ശോ കത്തെ ഉത്കർഷത്തിന്റെ പടികളാക്കിയവരും ത്യാഗത്തിൽ സുഖം നേടിയവരും ലോകത്തിന്റെ സനാതന ധർമ്മത്തെക്കുറിച്ച് നിങ്ങളിലൂടെ എ ന്നോടു മന്ത്രിച്ചു. ഇന്ന് ഞാൻ നിങ്ങളെ പട്ടിട്ടു മൂടി അർച്ചിക്കാറില്ല, തൊട്ടു നിരൂകയിൽ വയ്ക്കാ റുമില്ല. എങ്കിലും ഇപ്പോഴും നിങ്ങളിൽ ദുഃഖമോ ചനം കാണുന്ന ഞാൻ മിന്നുന്ന കണ്ണുമായി നിങ്ങ ളുടെ മുന്നിൽ നിൽക്കുന്നു. എന്റെ കൈ വീണ്ടും നിങ്ങളിലേക്കു നീളുന്നു." മറ്റൊരിക്കൽ പറയു ന്നു, പകൽ മുഴുവൻ ചിന്നിക്കിടക്കുന്ന പുസ്തക ങ്ങൾക്കിടയിലിരുന്ന് ഒരു ലഹരിദ്രവ്യമാസ്വദിക്കു ന്നവരുടെ ആസക്തിയോടെ വായിച്ചു എന്ന്.

സത്യം പറയണമല്ലോ, എന്റെ സ്ക്കൂൾ-കോ ളേജ് വിദ്യാഭ്യാസം കഴിയുംവരെ പരീക്ഷ പാ സ്സാവാനായി വായിച്ച പുസ്തകങ്ങളുടെ മുന്നിൽ മിന്നുന്ന കണ്ണുമായി ഞാൻ നിൽക്കുക, അലമാ രയിലിരിക്കുന്ന അവ എന്നിൽ മോഹമുണർത്തു ക, അവയിലൂടെ ചില അശരീരികൾ എന്നോടു മന്ത്രിക്കുക. ഇത്തരം അനുഭവങ്ങളൊന്നും എ നിക്കുണ്ടായിട്ടില്ല. അമ്മ ടാഗോറിന്റെ കവിത വാ യിക്കാനായി ഇംഗ്ലീഷ് പഠിച്ചപോലെ ദാഹിച്ചു കുടിച്ച വെള്ളമായിരുന്നില്ല എന്റെ പഠനം എന്നർ ത്ഥമാക്കിയാൽ മതി.

നമ്മുടെ സ്ക്കൂൾപഠിത്തത്തെപ്പറ്റി വലിയ അഭിപ്രായമില്ല അമ്മയ്ക്ക്. ബാലാമണിയമ്മ നമു ക്കു പരിചയപ്പെടുത്തിത്തരുന്ന വിദ്യാർത്ഥികളെ നോക്കുക. ഒരാൾ കണ്ണിൽ നിറയെ നിരും ഹൃദ യത്തിൽ വെറുപ്പും വിരൽത്തുമ്പിൽ വിറയ്ക്കുന്ന പേനയും വച്ച് പുസ്തകം വലിച്ചെറിയുന്നു; ചിറ കുനിവർത്താൻ വെമ്പുന്ന ഭാവനയുടെ ഉടമയായ അടുത്തയാൾ കേഴുന്നു, "എനിക്ക് പഠിക്കണ്ട, എന്നെ തഴുകാൻ വെമ്പുന്നവയും പരുഷമോ താത്തവയുമായ പുഴയലകളുടെ ചിരിയും പരു ന്തിന്റെ വിളിയും തീവണ്ടിയുടെ വായ്ത്താരിയും ഞാൻ കേട്ടോട്ടെ..... യതികൾ നിങ്ങുന്ന ഹിമാ ലയ കൊടുമുടികളിലും മഹാസമുദ്രത്തിലും അർ ദ്ധരാത്രിക്ക് സൂര്യൻ പ്രകാശിക്കുന്ന ധ്രുവപ്രദേ ശത്തിലും ഞാനലയട്ടെ!"

ഞാൻ മെഡിക്കൽ കോളേജിൽ ചേർന്ന ആദ്യവർഷം അനാട്ടമി ഡിസെക്ഷൻ ക്ലാസ്സിൽ ഇടയ്ക്ക് തലചുറ്റി വീഴുമായിരുന്നു. പല്ല് അല്പം പൊന്തി എല്ലും തൊലിയുമായ ഒരു സ്ത്രീയു ടെ ശവമായിരുന്നു ഞങ്ങളുടെ ഗ്രൂപ്പിന് കീറിമു റിച്ച് പഠിക്കാൻ ലഭിച്ചത്. ആ സ്ത്രീയെ ചില പ്പോൾ സ്വപ്നത്തിലും കാണാൻ തുടങ്ങിയിരു ന്നു ഞാൻ. ശവത്തിന്റെ പാദമാണ് ഞാനും എന്റെ പാർട്ണറായ സുന്ദരിയും കൂടി മുറിച്ചു പഠിക്കാൻ തുടങ്ങിയത്. ജീവിച്ചിരിക്കെ വില്ലീ സു ചെരിപ്പിൽ പൊതിഞ്ഞ് സൂക്ഷിക്കപ്പെടാത്ത കാലുകളായതിനാൽ തൊലി മുറിച്ചാൽ മുറിയി ല്ല. അധികം ബലം പ്രയോഗിച്ചാൽ ഞാൻ കണ്ടു പിടിച്ച് പഠിക്കേണ്ട നാഡിയോ ഞരമ്പോ ഒക്കെ മുറിഞ്ഞ് 'കൊളമായാലോ' എന്ന ഭയം, എന്നെ പഠിപ്പിക്കാനായി കിടന്നുതരുന്ന ശവത്തോടുള്ള ബഹുമാനം, ഫോർമലീനിന്റെ മണം, ഒക്കെച്ചേർ ന്ന് വയറ്റിനകത്ത് പൊള്ളുന്ന ഒരു ഗോളം രൂപ പ്പെടും, അതവിടെക്കിടന്ന് സർക്കസ് കാട്ടാൻ തുടങ്ങുമ്പോൾ എനിക്കു തലചുറ്റും. അന്ന് അനാ ട്ടമിയിൽ ഡെമോൺസ്ട്രേറ്റർ ആയിരുന്ന ജ്യേ ഷ്ഠൻ മോഹൻദാസിന്റെ (അദ്ദേഹമിന്ന് ജീവി ച്ചിരിപ്പില്ല) മുറിയിലേക്ക് ആരെങ്കിലും താങ്ങി പ്പിടിച്ചു കൊണ്ടുപോവുകയും ചെയ്യും. ഏട്ടന് ഇതൊന്നും തീരെ രുചിച്ചില്ലെന്നു പറയേണ്ടല്ലോ. സംഗതികൾ ഇങ്ങനെയൊക്കെയാണെന്നറിഞ്ഞ അമ്മ, പ്രൈമറി സ്ക്കൂളിൽ പഠിക്കുമ്പോൾ വാശി കാട്ടുന്ന എന്നോടു പണ്ടു പറഞ്ഞപോ ലെ, കുട്ടിയിനി പഠിക്കാൻ പോവണ്ട എന്നു പറ ഞ്ഞു. എന്നിട്ട് 'മെഡിക്കൽ കോളേജിൽ' എന്ന കവിതയിൽ ഇങ്ങനെ ചോദിച്ചു,

"ഇക്കിളിക്കൂട്ടിന്റെ നാരുകളെണ്ണിയാൽ തൽ ക്കലാമർമ്മങ്ങൾ നിങ്ങളറിയുമോ.

ഓരോ ഞരമ്പിനും പോഷണം തന്നതും മേ ധാപ്രദീപം സമ്മഇജ്ജ്വലിപ്പിച്ചതും,

ആര്, എന്തിന്, എന്ന് മനസ്സിലാവുമോ?"

അമ്മ പുസ്തകങ്ങളിൽ നിന്നു പഠിച്ചതും ഞങ്ങൾ പഠിച്ചതും തമ്മിലുള്ള വ്യത്യാസം ലക്ഷ്യ ത്തിന്റേതായിരുന്നു. അമ്മയുടെ പഠനം അവസാ നിക്കാത്തതുമാണ്. 1980-ൽ തന്റെ 71-ാം വയ സ്സിൽ അവർ ആവലാതിപ്പെടുന്നു, കടലാസ്സി ലെ അക്ഷരങ്ങളിലും പുലരി എത്തിച്ചുതരുന്ന എഴുത്തോലത്തുണ്ടിലും വിശ്വവിജ്ഞാനം തിര യുമ്പോഴും, ജീവിത യജ്ഞാഗ്നിയുടെ പാളുന്ന ഓരോ നാളത്തിലും ദേവമൂർത്തികളെ കണ്ടറി യാൻ ക്ലേശിക്കുമ്പോഴും കണ്ണുനോവുന്നു എന്ന്. സ്ക്കൂളിന്റെ പടി ചവിട്ടാത്ത അമ്മയുടെ ഡയ റിക്കുറിപ്പുകളിൽ ശ്രീശങ്കരന്റെ ജാതകം, 1633-ൽ ഗലീലിയോവിന്റെ വിചാരണ, വിറ്റമിൻ ഇയുടെ ആന്റി ഓക്സിഡന്റ് ശക്തി, വിഷ്ണുഭുജ്ജംഗം തുടങ്ങി എയ്ഡ്സ് രോഗം വരെയുണ്ട്. കണ്ണെ ങ്ങനെ നോവാതിരിക്കും?

ശ്രവണം മനനം നിദിദ്ധ്യാസനം എന്നിങ്ങനെ സത്യമായ അറിവ് സ്വായത്തമാക്കാനുള്ള വഴി കൾ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അതിൽ ശ്ര വണം ട്യൂഷനെടുത്തവരിൽ നിന്നും പുസ്തകങ്ങ ളിലൂടെ അമ്മയോട് വർത്തമാനം പറഞ്ഞ അ ശരീരികളിൽ നിന്നും ആയിരുന്നിരിക്കണം. "നി ന്റേതെന്നുള്ളതേ ദുഃഖകാരണം എന്നത് പഴയ തലമുറയിൽനിന്നു കേട്ടും സൽഗ്രന്ഥങ്ങളിൽ നിന്നു വായിച്ചും അറിഞ്ഞു. കണ്ണാടി നോക്കാൻ മെനക്കെടാതായപ്പോൾ കാഴ്ചവട്ടത്തിനു വ്യാ സമേറി" എന്നും അമ്മ കുറിച്ചുവച്ചിട്ടുണ്ട്.

എന്നാൽ വിദ്യാഭ്യാസത്തിന്റെ വഴികൾ പി ന്നെയും പുറകോട്ടു പോകുന്നു. ജീവിതമൂല്യങ്ങ ളെക്കുറിച്ചുള്ള വിശ്വാസം തലമുറകളിലൂടെ എത്തിയ ഒരു സംസ്കാരത്തിന്റെ ബഹിർസ്ഫു രണമാണ്. ഓർമ്മവച്ച കാലം മുതൽ എന്നിലും ചുറ്റുപാടുകളിലും തഴച്ചുനിന്ന അതിന്റെ താ യ്വേര് എന്നിലായിരുന്നില്ല, തീർച്ച. നുണപറ യൽ. വാഗ്ദാന ലംഘനം ഇവ തീരെ മോശം കാര്യങ്ങളാണ്, അഹിംസയാണ് പരമമായ ധർ മ്മം, വീരചരിത്രങ്ങളും പ്രതികാരകഥകളും കു ട്ടികൾക്കു വായിച്ചു വളരാൻ പറ്റിയവയല്ല, എന്നി വയൊക്കെ നടേ പറഞ്ഞ മൂല്യങ്ങളിൽപ്പെടുന്നു.

സാധനയുടെ അടുത്ത പടികൾ മനനവും നിധിദ്ധ്യാസനവുമാണ്. രാത്രി ഇരുട്ടിന്റെ അശ്രു കണങ്ങളെയും നിലാവിന്റെ പുഞ്ചിരിയെയും നോ ക്കുമ്പോൾ ഉണ്ടാ... സന്തോഷമോ എന്നറിയ... രപൂർവ്വാനുഭവത്തെയും മറ്റുള്ളവ... നാവാത്ത കാരണങ്ങളാൽ മനസ്സി... നിരന്തരമായ ഒരസാസ്വത്ഥത്തെയും സു... പ്പോലെ ദുഃഖങ്ങളും പ്രയോജനകരങ്ങളാണെ... അന്തർബോധത്തെയും കുറിച്ച് അവർ വിവ... ക്കുന്നു. ഈ ഡയറിയിൽ ശ്രീമതി പൂപ്പുൾ ജ യ്കറും ജിദ്ദു കൃഷ്ണമൂർത്തിയും തമ്മിലുള്ള ഒരു സംവാദവും കുറിച്ചു വച്ചിരിക്കുന്നു:

കൃഷ്ണമൂർത്തി:- "ബുക്കുകളും റേഡിയോ വും ഒന്നുമില്ലാതെ അല്പനേരം നിങ്ങൾ ഇരുന്നു നോക്കീട്ടുണ്ടോ, അതു ചെയ്യൂ."

പൂപ്പുൾ ജയ്കർ:- "എന്നാലെനിക്ക് ഭ്രാന്താ വും. എനിക്ക് തനിയെ ഇരിക്കാൻ വയ്യ."

കൃഷ്ണമൂർത്തി:- "ശ്രമിക്കൂ. മനസ്സിന് സർ ഗ്ഗശക്തി കിട്ടാൻ നിശ്ശബ്ദത വേണം."

ആ നിശ്ശബ്ദത കാലത്ത് ഉദയാകാശം നോ ക്കിയിരുന്ന് സഹസ്രനാമം ചൊല്ലുമ്പോഴും, ഒരു പാട് ഓടിത്തളർന്നപ്പോൾ അപ്പപ്പോളായി ജഗ ദംബ ഒരുക്കിക്കൊടുത്ത രോഗശയ്യകളിലും 'രാ വൊടുങ്ങാറാവുമ്പോളുണർന്നുകിടന്ന് ഭൂവിന്റെ നിലാവൊളി മൂടിയ മഹദ്രൂപം' വീക്ഷിക്കുമ്പോ ഴുമെല്ലാം. അമ്മയ്ക്ക് ധാരാളം ലഭിക്കയുണ്ടാ യെന്നുവേണം കരുതാൻ. മനനത്തിന്റെ നിശ്ശബ ്ദ തലങ്ങളിൽ നിന്ന് നിദിദ്ധ്യാസനത്തിലേക്കു വഴുതിവീഴുന്ന ധന്യനിമിഷങ്ങളിൽ ആ മനസ്സിൽ ഭൂവിന്റെ മൃദുചലനത്തിന്റെ സൗമ്യമായ താളക്രമം മാറ്റൊലിക്കൊള്ളുന്നു. ചക്രവാളാന്തം വരെ സർ ഗ്ഗശക്തിയുടെ അലമാലകൾ നുരചിന്തി കിട ക്കുന്നത് കാണാനാവുന്നു. ആ അപാരതയിൽ ശാന്തിയുടെ ശ്വാസോച്ഛ്വാസം മായികക്ഷണ ങ്ങളായി അലയുന്നതുമറിയുന്നു. അപ്പോഴാണ് അമ്മ പറയുന്നത്. ഭൂമീ, നീ പ്രളയാർണ്ണവത്തിൽ ജീവരാശികൾ പറ്റിക്കൂടിയ ഒരു ചെറുവഞ്ചിയാ ണ്. "ഒരു പൊൻകിനാവാമിത്തോണിയും യാ ത്രക്കാരും മറുമാത്രയിൽ; ആട്ടെ, ഈ നിമേഷ മെൻ നേട്ടം" എന്ന്.

ഒരു പൈങ്കിളിപ്പാട്ടോ, പച്ചിലപ്പടർപ്പിന്റെ നി റമോ.

പുതുനെല്ലിൻ മണമോ, തേനിൻ സ്വാദോ.

അരുമക്കുഞ്ഞിൻ സുഖസ്പർശമോ കൂടാ തൊരു

വാഴ്വുണ്ടാമെന്നെങ്ങിനെയോർക്കാനാവും?

എന്നു ചോദിച്ച പള്ളിക്കൂടം കാണാത്ത ബാ ലാമണിയമ്മ. അഹസ്സൊടുങ്ങവെ നിലാവൊഴു കുന്ന തന്റെ അകത്തളത്തിൽ അനാദിപുരുഷൻ കടന്നിരുന്നുവെന്നെഴുതിയപ്പോൾ പോസ്റ്റ്-പോ സ്റ്റ് ഡോക്ടറൽ എന്തെല്ലാമോ നേടി. അതിനാൽ അമ്മ കിടക്കുന്ന മുറിയിലെ ഭിത്തിമേൽ അമ്മ യുടെ ഒരു വലിയ ഫോട്ടോയും രവിവർമ്മയു ടെ സരസ്വതിയുടെ ഒരു പ്രിന്റും ഞാൻ തൂക്കി യിരിക്കുന്നു.

സരസ്വതിക്കു വിളക്കു കൊളുത്താറില്ല. അമ്മ യ്ക്കുമില്ല.

തുടരും



രാജഭരണത്തെ ഓർമ്മിപ്പിക്കുന്ന ഒരു നിസ്തുല മന്ദിരം

ചരിത്രം ഉറങ്ങിക്കിടക്കുന്ന പത്മനാഭപുരം

കാട്ടാക്കട ദിവാകരൻ

3 "ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി മന്നൈ സുൽത്താൻ മഹാരാജ രാമ രാജ ബഹദൂർ ഷംഷേർജംഗ് മഹാരാജ്"

-വേളിമലയുടെ താഴ്വരകളിലൂടെ. വള്ളിയാറിന്റെ തീരങ്ങളിലൂടെ. വേണാടിന്റെ പഴയ പ്രവീഥികളിലൂടെ. രഥോത്സവത്തെരുവിലൂടെ. ക്ഷേത്രാങ്കണങ്ങളിലൂടെ- പഴയ തിരുവിതാംകൂറിന്റെ തലസ്ഥാനനഗരം കണ്ടും കേട്ടും നടക്കുമ്പോൾ. ആ രാജസ്ഥാനം പണ്ടുവഹിച്ചിരുന്ന സ്ഥാനമാനങ്ങൾ. ബിരുദങ്ങൾ. എല്ലാം നാം ഓർത്തുപോകും. പഴയ തലമുറയിൽ പെട്ടവർക്ക് വഞ്ചിഭൂപന്റെ ആ ബഹുമതികളെല്ലാം കാണാപ്പാഠമായിരുന്നു. ആ പ്രാചീന രാജധാനിയുടെ സാമിപ്യമാണോ. പഴയ തിരുവിതാംകൂർ ചരിത്രസ്മരണകളാണോ നമ്മെ അതിന് പ്രേരിപ്പിക്കുന്നത്? രണ്ടുമാകാം. "രാജാ പ്രത്യക്ഷ ദൈവതം" എന്ന് കുഞ്ഞുന്നാളിലേ പറഞ്ഞറിഞ്ഞ. പഠിച്ചു ശീലിച്ച ആ തലമുറയ്ക്ക് അങ്ങനെയേ കഴിയൂ.

കാടും പടലും നിറഞ്ഞ്, അങ്ങിങ്ങ് വിണ്ടടർന്ന് നിലംപരിശായ കോട്ടകൊത്തളങ്ങൾ. അന്നത്തെപ്പോലെ ഇന്നും തെങ്ങും ഫലവൃക്ഷങ്ങളും മൊട്ടക്കുന്നുകളും കള്ളിയങ്കാടുകളും നിറഞ്ഞ വരണ്ട ഗ്രാമഭൂമി. 'ഝില്ലി ഝങ്കാര നാദമണ്ഡിത'വും 'സിംഹവ്യാഘ്ര ശല്യാദി മൃഗ ഗണ നിഷേവിത'വുമായ വനഭൂമികളൊന്നും ഇന്നു നാം ആ കിഴക്കൻ മലകളിൽ പ്രതീക്ഷിക്കേണ്ടതില്ല. അന്നത്തെ 'വേളിമല' ഇന്ന് വെറും മൊട്ടക്കുന്നുകൾ. അത്ര ഫലസമൃദ്ധമല്ലാത്ത പുരയിടങ്ങൾക്കു മദ്ധ്യേ ഇടത്തരം ഗ്രാമഭവനങ്ങൾ. അപൂർവ്വമായി മാത്രം പഴയ പ്രഭുഭവനങ്ങൾ.

നൂറ്റാണ്ടുകളുടെ മഴയും വെയിലുമേറ്റ് കരിഞ്ഞ് കരിവാളിച്ച് പായൽ പിടിച്ച പ്രാചീന ക്ഷേത്രഗോപുരങ്ങൾ. കാലപ്പഴക്കത്തിന്റെ മാലിന്യം അടിഞ്ഞുകൂടിയ 'ഹരിതാഭ'മായ ക്ഷേത്രക്കുളങ്ങൾ. വിതികുറഞ്ഞ ഗ്രാമറോഡുകൾ. പത്മനാഭപുരം കൊട്ടാരത്തോടടുക്കും തോറും താര തമ്യേന വീതികൂടിയ രാജരഥ്യകൾ. പത്മനാഭപുരം കോട്ട! കൊട്ടാരത്തിനു കോട്ടം തട്ടാതെ ഗാട്ടു നിൽക്കുന്ന കോട്ടയ്ക്കു ചുറ്റുമുള്ള ഗ്രാമവീഥികളിലൂടെ നടന്നെത്തിയാൽ, പണ്ടത്തെ വേണാടിന്റെ തലസ്ഥാനമായ പത്മനാഭപുരം കൊട്ടാരത്തിനു മുന്നിലെത്തുകയായി. രണ്ടു നൂറ്റാണ്ടിലേറെ പ്രസിദ്ധിപെറ്റ വേണാടിന്റെ ആസ്ഥാനവും രാജവംശത്തിന്റെ കുലപുരിയുമായിരുന്നു ഈ പ്രാചീന രാജധാനി.

നോക്കൂ. കൊട്ടാരത്തിന്റെ മുൻഭാഗത്ത് മാളികമുകളിൽ വലിയൊരു നാഴികമണി. കടന്നുപോയ നൂറ്റാണ്ടുകളുടെ, സംഭവപരമ്പരകളുടെ ദൃക്സാക്ഷിയാണ് ആ കൂറ്റൻ ഘടികാരം. പണ്ടെന്നോ വിദഗ്ദ്ധനായ ഒരു നാട്ടാശാരി നിർമ്മിച്ച ആ നാഴികമണി ഇന്നും കൃത്യസമയം കാട്ടിനിൽക്കുന്നു- മണിമേട!

കൊട്ടാരത്തിന്റെ പൂമുഖത്ത് ഭക്ത്യാദരങ്ങളോടെ കടന്നുചെല്ലുക. ഏത് ഉച്ചവെയിലിലും എന്തെന്നില്ലാത്ത സുഖശീതളിമ അനുഭവപ്പെടും; തീർച്ച. നിർമ്മാണ ചാതുരിയുടെ അത്ഭുതസിദ്ധിയാകാം. ആ തളത്തിലെ തറയുടെ നിറം ശ്രദ്ധിക്കൂ. സിമന്റല്ല; കണ്ണാടിപോലെ മിന്നുന്ന കരിനീലവർണ്ണം.

ചാരോട്ടു കൊട്ടാരം

പത്മനാഭപുരം കൊട്ടാരത്തിലെ നയനാഭിരാമമായ പൂമുഖത്തളവും ഇടനാഴിയും കടന്ന് പടികയറിപ്പോയാൽ ചെന്നെത്തുന്നത് ഒരു അടഞ്ഞ കവാടത്തിനു മുന്നിൽ. സംശയിക്കേണ്ട. എന്നത്തേയ്ക്കുമായി അടയ്ക്കപ്പെട്ടതാണാ വാതിൽ. ആ കവാടം തുറന്നാൽ അന്ധകാരമയമായ ഒരു ഗുഹാമാർഗ്ഗം. ഒരാൾക്ക് കഷ്ടിച്ച് നിവർന്നു നടക്കാവുന്ന ഒരു നിഗൂഢ ഗുഹാമാർഗ്ഗം. അങ്ങുദൂരെ വള്ളിയാറിന്റെ അടിത്തട്ടിലൂടെ 'ചാരോട്ടു കൊട്ടാര'ത്തിലേക്കു ചെന്നെത്തിയിരുന്നുവത്രേ! എപ്പോഴും ശത്രുഭീഷണി നേരിട്ടിരുന്ന അന്നത്തെ വേണാട്ടു രാജാക്കന്മാർക്ക് ആപൽഘട്ടങ്ങളിൽ രക്ഷപ്പെടാനുള്ള ഗുഹാമാർഗ്ഗം. ആ ഗുഹാമുഖത്ത് അല്പം ആലോചിച്ചു നിന്നാൽ. തെക്കൻ തിരുവിതാംകൂറിലെ, ആ പഴയ നാടൻപാട്ടിലെ വരികൾ നാം അറിയാതെ ഉരുവിട്ടെന്നിരിക്കാം.

"വേണാടിന് പട വീടാളുകയ്ക്ക്
വേന്തനില്ലാതെ നിനന്തിരിപ്പേൻ
വെറ്റിയാകെത്തപ്പും തിരുമാടമ്പും കൊണ്ട്
ആളും പടവീട്ടിൽ പോമേയിപ്പോൾ."

നാഥനില്ലാത്ത വേണാടിനെ രക്ഷിക്കാനുള്ള സഹായാഭ്യർത്ഥന. നൂറ്റാണ്ടുകൾക്കു മുൻപേ ആഭ്യന്തര കലാപത്തിൽപ്പെട്ട് നട്ടം തിരിഞ്ഞ വേണാടിനെ രക്ഷിക്കാൻ വേണാട്ടിലെ ഒരു സാധാരണ പൗരൻ (ആണ്ടി അണ്ണാവി) മറ്റൊരു രാജാവിനോട് അഭ്യർത്ഥിക്കുന്ന മേല്പറഞ്ഞ വരികൾ വേണാടിന്റെ അന്നത്തെ സാമൂഹ്യജീവിതത്തെ പ്രതിഫലിപ്പിക്കുന്നു.

ശ്രീവാഴുംകോട് 'നാഥനില്ലാക്കളരി'യാകാൻ കാരണമെന്തേ? ഈ ദുർദ്ദശ എന്നു തുടങ്ങി? എന്തിന്?

ഇന്നേയ്ക്ക് രണ്ടുമൂന്നു നൂറ്റാണ്ടു മുമ്പുവരെ വേണാടിന്റെ കുലപുരിയായിരുന്നു പത്മനാഭപുരം. അതിനു മുമ്പോ? സഹസ്രാബ്ദങ്ങളുടെ പാരമ്പര്യം അവകാശപ്പെടാവുന്ന വേണാട്ടു രാജവംശത്തിന്റെ തായ്വേരുകൾ എവിടെയാണ്? ഇന്നത്തെ കേരളം അന്ന് മൂന്ന് ഭരണാധീശത്വത്തിൻ കീഴിലായിരുന്നു. ഏറ്റവും തെക്ക്, ആയ് രാജവംശം. ഏറ്റവും വടക്ക്, ഏഴിമലയിലെ മൂഷിക സാമ്രാജ്യം. മദ്ധ്യ[illegible]
മ്രാജ്യം. ആദ്യം [illegible]
യംഗല'യിലും[illegible]
യിരുന്നു ആയ[illegible]നികൾ.
തിരുവ[illegible]ളും സഹ
പർ[illegible]ം എ[illegible]ആയ് രാജ്യത്തിൽ
[illegible]ംഘകൃതികളായ 'അകനാ
നൂറി'ലും 'പുറനാനൂറി'ലും പ[illegible]ക്കുന്നുണ്ട്.
അന്ന് ആയ് രാജ്യസ്ഥാനമ[illegible]രുന്നു വിഴിഞ്ഞം. പിൽക്കാലത്തുണ്ടായ പാണ്ഡ്യചോള ആക്രമണങ്ങളെത്തുടർന്ന് എ.ഡി. 10-ാം നൂറ്റാണ്ടോടുകൂടി തെക്കൻ തിരുവിതാംകൂറിൽ ആയ് രാജാക്കന്മാരുടെ ഭരണം അസ്തമിച്ചു. എ.ഡി. 14-ാം ശതകത്തിൽ വേണാടു രാജാവായ വീരകേരളവർമ്മ വിഴിഞ്ഞത്തെ വേണാടിനോടു കൂട്ടിച്ചേർത്തു. ആയ് രാജവംശത്തിന്റെ പ്രതാപഘട്ടമായ 9-ാം ശതകം വരെ വേണാട് മഹോദയപുരം തലസ്ഥാനമാക്കി വാണ കുലശേഖര സാമ്രാജ്യത്തിന്റെ തെക്കേ അറ്റത്തെ, ഒരു കൊച്ചു രാജ്യം മാത്രമായിരുന്നു. തിരുവനന്തപുരത്തിനും കൊല്ലത്തിനും മദ്ധ്യേയുള്ള ഒരു കൊച്ചുരാജ്യം. ചേര ചക്രവർത്തിമാരുടെ വെറും സാമന്തരാജാക്കന്മാർ.

സ്വതന്ത്രരാജ്യമാകുന്നു

12-ാം ശതകാരംഭത്തോടുകൂടി കുലശേഖര സാമ്രാജ്യം ചരിത്രഭിന്നമായപ്പോൾ വേണാട് ഒരു സ്വതന്ത്ര രാജ്യമായി. അന്ന് വേണാട് രാജ്യവിസ്തൃതി വർദ്ധിച്ചു. വേണാട്ടരചന്മാരിൽ ഏറ്റവും ധീരനായ സംഗ്രാമധീരൻ ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളും കീഴടക്കി; ദക്ഷിണേന്ത്യൻ ചക്രവർത്തിയായി പട്ടാഭിഷേകം നടത്തി (1312).

17-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിലെത്തുമ്പോഴേയ്ക്കും വേണാട് കന്യാകുമാരി മുതൽ കന്നേറ്റി വളർന്നുവിന്നു.

രാജ്യാധികാരത്ത[illegible]
ന്റെയും പ്രഭവകേന്ദ്രങ്ങളായി[illegible]
ത്രങ്ങൾ. ആദ്യ ശതകങ്ങളിൽ[illegible]
ആസ്ഥാനം കൊല്ലമായിരുന്നുവെങ്കി[illegible]പമു
ക്ഷേത്രങ്ങളുടെ -ശ്രീപത്മനാഭസ്വാമിക്ഷേത്രം, തൃപ്പാപ്പൂർ മഹാദേവക്ഷേത്രം. തിരുവട്ടാർ ആദി കേശവക്ഷേത്രം തുടങ്ങിയവ- ഭരണ മേൽനോട്ടത്തിനായി നാടുവാഴുന്ന രാജാക്കന്മാർ ക്ഷേത്ര സന്നിധിയിലെത്താറുണ്ടായിരുന്നു. പ്രസ്തുത ക്ഷേത്രങ്ങൾക്കു സമീപം. ഇടയ്ക്കിടെ എഴുന്നള്ളി താമസിക്കാൻ വേണ്ടി രാജകൊട്ടാരങ്ങളും നിർമ്മിച്ചിരുന്നു. രാജ്യം പല ശാഖകളായി വിഭജിക്കപ്പെട്ടിരുന്നു. ദേശിങ്ങനാട്, ഓടനാട്, ആറ്റിങ്ങൽ, കുന്നുമ്മേൽ, ഇളയിടത്ത് സ്വരൂപം. പേരകത്താവഴി എന്നിങ്ങനെ. ഈ ശാഖകൾ തമ്മിൽ മിക്കപ്പോഴും അസൂയയും പരോക്ഷമായി ശത്രുതയും പുലർത്തി. ഇവർ. പലപ്പോഴും ഒറ്റയ്ക്കോ കൂട്ടായോ നാടുവാഴുന്ന വേണാട്ടികളോട് വഴക്കടിച്ചിരുന്നു. ചുരുക്കത്തിൽ ഊരാളന്മാരുടെയും ഇടപ്രഭുക്കന്മാരുടെയും ഉപജ്ഞാപങ്ങളും കുതന്ത്രങ്ങളും കൊണ്ട് കലാപകലുഷിതമായിരുന്നു വേണാട്; പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ.

മാർത്താണ്ഡവർമ്മ തിരുവിതാംകൂറിന്റെ ഭരണമേൽക്കുമ്പോൾ രാജ്യം ഏറെക്കുറെ അരക്ഷിതവും അസ്വസ്ഥവുമായിരുന്നു.

മാർത്താണ്ഡവർമ്മ

ശത്രുക്കളോടുള്ള സമീപനത്തിൽ തല്ലാണ്; തലോടലല്ല വേണ്ടതെന്ന് മാർത്താണ്ഡവർമ്മയ്ക്ക് ആദ്യം മുതലേ ബോദ്ധ്യപ്പെട്ടിരുന്നു. രണാങ്കണങ്ങളിൽ ആയിരക്കണക്കിന് ശത്രുസൈന്യങ്ങളെ കൊന്നൊടുക്കി. ചോരപ്പുഴകളിലൂടെ വെട്ടിപ്പിടിച്ചെടുത്ത രാജ്യത്തിന്റെ ഭാവിക്കും സുസ്ഥിതിക്കും വേണ്ടി മാർത്താണ്ഡവർമ്മ അനന്തരനടപടികൾ കൈക്കൊണ്ടു.

വേണാട്ടു രാജവംശത്തിന്റെ കുലദൈവമാണല്ലോ ശ്രീപത്മനാഭസ്വാമി. സഹസ്രാബ്ദങ്ങളുടെ പാരമ്പര്യവും പ്രസിദ്ധിയുമുള്ള ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന് പല കാലഘട്ടങ്ങളിലും ഭാഗ്യവിപര്യയങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. മാർത്താണ്ഡവർമ്മ ഭരണമേറ്റശേഷം ക്ഷേത്രം പുതുക്കിപ്പണിയാനും അനുബന്ധമന്ദിരങ്ങൾ നിർമ്മിക്കാനും 1731 മുതൽക്കേ ശ്രമിച്ചു തുടങ്ങി. 1733-ൽ പുനരുദ്ധാരണകർമ്മം പൂർത്തിയാക്കി ക്ഷേത്രഭരണം പൂർവ്വാധികം ഊർജ്ജസ്വലമാക്കി.

തൃപ്പടിദാനം

കൊല്ലവർഷം 925 (എ.ഡി 1750 ജനുവരി 3) ബുധനാഴ്ച രേവതി നക്ഷത്രവും പൂർവപക്ഷത്ത് സപ്തമിയും ചേർന്ന സുദിനത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവ്. താൻ പടവെട്ടി

പത്മനാഭപുരം കൊട്ടാരം

രാജ്യവിസ്തൃതി വർദ്ധിക്കുകയും തിരുവനന്തപുരം ഒരു സൈനിക കേന്ദ്രമായി പരിണമിക്കുകയും ചെയ്തപ്പോൾ രാജാവിന്റെ സന്തത സാമീപ്യവും നിതാന്ത ജാഗ്രതയും തിരുവനന്തപുരത്തിന് ആവശ്യമായി. എങ്കിലും രാജകുടുംബത്തിന്റെ ആസ്ഥാനം അപ്പോഴും കൽക്കുളം കൊട്ടാരത്തിൽതന്നെ തുടർന്നു. 16-ാം നൂറ്റാണ്ടിൽ കൽക്കുളത്ത് ദർപ്പക്കുളം കൊട്ടാരത്തിന്റെ പണി പൂർത്തിയാകുംവരെ വേണാട്ടുരാജാവ് തിരുവിതാംകോട് തന്നെ ആസ്ഥാനമാക്കി. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനു സമീപം നിർമ്മിച്ച പുത്തൻ കൊട്ടാരം താൽകാലിക വസതിയാക്കി. രണധീരനും പ്രജാക്ഷേമതല്പരനുമായ മാർത്താണ്ഡവർമ്മ കലാകുതുകിയും നിർമ്മാണതല്പരനുമായിരുന്നു.

മാതുലനായ മാർത്താണ്ഡവർമ്മ മഹാരാജാവ് തുടങ്ങിവച്ച ഭരണസംവിധാനം കൂടുതൽ ശക്തിപ്പെടുത്താനും ആ സാംസ്കാരിക പാരമ്പര്യം പിന്തുടരാനും തുടർന്ന് ഭരണഭാരമേറ്റെടുത്ത ധർമ്മരാജാവ് ശ്രദ്ധിച്ചു.

കലകളുടെ കലവറ

കലകളുടെ കലവറയാണ് കേരളമെന്ന ചൊല്ല് സാർത്ഥകമാകുന്നത് പത്മനാഭപുരം കൊട്ടാരത്തിലാണ്. ആ മുഖമണ്ഡപം കടക്കുമ്പോൾത്തന്നെ, നൂറ്റാണ്ടുകൾക്കു മുൻപുള്ള കേരളീയ വാസ്തുശില്പകലയുടെയും മറ്റു ലളിതകലകളുടെയും ഒരു മായാപ്രപഞ്ചം കൺമുന്നിലെത്തുകയായി: മണ്ണിലും കല്ലിലും ലോഹത്തിലും മരത്തിലും തുണിലും തുരുമ്പിലുമെല്ലാം തുളുമ്പുന്ന കരവിരുതും കലാകൗശലവും സൃഷ്ടിച്ച ഒരത്ഭുതലോകം. അക്കാണുന്ന കൂറ്റൻ ഓണവില്ല് നോക്കൂ. പണ്ട് പ്രജകന്മാർ ഓണക്കാലത്ത് നാടുവാഴുന്ന പൊന്നുതമ്പുരാന് തിരുമുൽക്കാഴ്ച വച്ചതാണ്. പകരം തൃക്കൈയിൽ നിന്നും ഓണമുണ്ടും ഇരുമ്പിയർ നേര്യതും സ്വീകരിച്ചിരിക്കാം. ഒരു ഭാഗത്ത് ആ നീണ്ടശാലയിൽ നിരനിരയായിക്കാണുന്ന ചീനഭരണികൾ ശ്രദ്ധിക്കൂ. ഒരാൾ അതിലിറങ്ങി നിന്നാൽ പുറത്തു കാണാത്തത്ര വലിപ്പമുള്ളവ. ആയിരക്കണക്കിനു ബ്രാഹ്മണർക്കും രാജസേവകന്മാർക്കും നിത്യേനയുള്ള സദ്യയ്ക്ക് ആവശ്യമായ ഉപ്പിലിട്ടവ സംഭരിച്ചിരുന്നവ.

നാടകശാല- ഊട്ടുപുര

കമനീയമായ നാടകശാല. ഒരേസമയം രണ്ടായിരം പേർക്ക് ഇരുന്ന് ഉണ്ണാനുള്ള സൗകര്യമുണ്ട് ഊട്ടുപുരയിൽ. പണ്ടിവിടെ പ്രതിദിനം 6000 പേർക്ക് മൃഷ്ടാന്നഭോജനം.

അതാ മനോഹരമായ തായ് കൊട്ടാരം. ആ കന്നിത്തൂണു നോക്കൂ. അതിൽക്കാണുന്ന ശില്പങ്ങളും വളയങ്ങളും തൊങ്ങലുകളുമെല്ലാം ഒറ്റത്തടിയിൽ കൊത്തിയെടുത്തതാണ്. കേരളീയ ദാരുശില്പവൈഭവത്തിന്റെ മഹനീയ മാതൃക.

നടുമുറ്റത്തെ ശിലാപീഠത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള കൂറ്റൻ ഗോളങ്ങൾ ശ്രദ്ധിക്കുക. ഇന്ന്, നല്ല ആരോഗ്യമുള്ള ഒരാൾക്ക് എടുത്തുപൊക്കാൻ പോലും ആകാത്ത ആ ശിലാഗോളം 101 പ്രാവശ്യം എടുത്തുയർത്തിക്കാട്ടണമെങ്കിലോ? അങ്കണത്തോടുചേർന്ന് ഉയരെ, മണിമാളികയുടെ കിളിവാതിലിലൂടെ, നാടുവാഴുന്ന പൊന്നുതമ്പുരാൻ ഭാരോദ്വഹനക്കാരായ നായർ മല്ലന്മാരുടെ ശക്തിപരിക്ഷണം, തൃക്കൺപാർക്കുന്നുണ്ടാവും. അന്നത്തെ മിലിട്ടറി റിക്രൂട്ട്മെന്റിലെ ഒരു ഫിസിക്കൽ ടെസ്റ്റാണത്. ഇതിൽ വിജയിക്കുന്നവരെ മാത്രമേ അന്നത്തെ നായർ പട്ടാളത്തിലേക്ക് തിരഞ്ഞെടുത്തിരുന്നുള്ളൂ.

ഇനി മറ്റൊരു രംഗം. കൊട്ടാരത്തിനുള്ളിലെ ആയുധപ്പുര. പഴയകാലത്ത് ഉപയോഗത്തിലിരുന്ന സൈനികായുധങ്ങളുടെ നീണ്ട നിരകൾ. പല വലിപ്പത്തിലും രൂപത്തിലുമുള്ള വാൾ. പരിച. കുന്തം എന്നിങ്ങനെ നാനാതരക്കൂട്ടത്തിൽ, ഉയരത്തിൽ തൂങ്ങിനിൽക്കുന്ന ആൾരൂപം? ആൾരൂപമല്ല; രൂപക്കൂടാണത്. മനുഷ്യാകൃതിയിലുള്ള ഇരുമ്പു കവചം. തിരുവായ്ക്കെതിർവായ് മിണ്ടിയാൽ കഴുമരത്തിൽ! കഴുവേറ്റാനുള്ള രൂപക്കൂടാണത്. രാജനീതിക്ക് ദാക്ഷിണ്യമില്ല.

ഉപ്പിരിക്ക മാളിക

പ്രഭാതസൂര്യന്റെ ചൂടും ചൂരും നിറഞ്ഞുനിൽക്കുന്ന ഇടനാഴികളിലൂടെ, അകത്തളങ്ങളിലൂടെ, നെടുമ്പുരകളിലൂടെ കയറിയിറങ്ങി നടന്നും തളർന്നും കൊട്ടാരത്തിന്റെ നാലാം നിലയിലെത്തുമ്പോൾ 'ഉപ്പിരിക്കമാളിക' (സംസ്കൃതത്തിലെ 'ഉപരിക' യാവാം) മുപ്പിരിക്കുന്ന തമ്പുരാന്റെ മാളികമുറി. കൊട്ടാരത്തിലെ ഏറ്റവും ആകർഷകമായ ഭാഗവും അതുതന്നെ. വിശാലമായ ആ തളത്തിൽ മനോഹരമായ ചിത്രപ്പണികളോടുകൂടിയ ഒരു വലിയ കട്ടിൽ- തേവാരക്കട്ടിൽ. ഔഷധമൂല്യമുള്ള 64 ഇനം മരങ്ങളുടെ തടികൾ ചേർത്തുനിർമ്മിച്ച ഈ കട്ടിൽ, ഡച്ചുകാർ മാർത്താണ്ഡവർമ്മ മഹാരാജാവിന് സമ്മാനിച്ചതാണ്. ഡച്ച് അധിശശക്തിയുടെ പ്രതീകമായ ഗരുഡരൂപവും കട്ടിലിന്റെ കുറിയവശത്ത് കൊത്തിയിട്ടുണ്ട്.

വിശാലവും മനോഹരവുമായ അന്തപ്പുരം. ആട്ടുകട്ടിൽ. തൂക്കുമഞ്ചം. രാസക്രീഡാലോലനായ ശ്രീകൃഷ്ണന്റെ ലീലാവിലാസങ്ങൾ ചിത്രണം ചെയ്തിട്ടുള്ള മിനുസമാർന്ന ചുമരുകൾ. തിരുവിതാംകൂർ ചരിത്രത്തിലെ സാഹസിക സംഭവപരമ്പരകൾ ചിത്രീകരിച്ചിട്ടുള്ള വർണ്ണചിത്രങ്ങളുടെ ഒരു നീണ്ട നിര വിശാലമായ ഹാളിന്റെ ചുവരുകളിൽ കാണാം. ആ ഹാളിലൂടെ നടന്നെത്തുമ്പോൾ, വശത്ത്, മാളികയിൽ ഒരുയർന്ന വേദി. അർദ്ധചന്ദ്രാകൃതിയിൽ പുറത്തേയ്ക്കുന്തിനിൽക്കുന്ന ആ വേദിയിൽ ഇരുന്നാണ് രാജാവ് പ്രജകളുടെ ആവലാതികൾ കേട്ടിരുന്നത്. ശില്പഭംഗിയാർന്ന വാതിൽ. വാതിലിനപ്പുറം പുരവീഥി- തെക്കേത്തെരുവ്. മാളികമുകളിലെ ഈ ഇരുനാലയ്ക്കരികിലിരുന്നാണ്, നാടുവാഴുന്ന പൊന്നുതമ്പുരാൻ, താഴെ തെരുവിൽ സങ്കടമുണർത്തിക്കാൻ ഓച്ഛാനിച്ചു നിൽക്കുന്ന പ്രജകളെ കാണുന്നത്. രാജാവ് അവരുടെ ആവലാതികൾ കേൾക്കുന്നു. പ്രജാക്ഷേമതല്പരനായ രാജാവിനും 'രാജാ പ്രത്യക്ഷ ദൈവത'മെന്നു വിശ്വസിക്കുന്ന പ്രജകൾക്കും അഭിമുഖസംഭാഷണത്തിന് സൗകര്യം നൽകുന്ന സമ്പ്രദായം- സെക്യൂരിറ്റി പ്രശ്നങ്ങളൊന്നും ഉണ്ടാവില്ലല്ലോ.

അടുത്ത മുറിയിലേക്കു കടക്കും മുമ്പ് പാദരക്ഷകൾ പുറത്ത് ഊരിവയ്ക്കുക. ഭയഭക്തിബഹുമാനങ്ങളോടുകൂടി വേണം ശ്രീവാഴുംകോടിന്റെ ശ്രീകോവിലിലേക്കു കടക്കാൻ. വിശുദ്ധിയുടെ വേദിയാണിത്. മുറിയുടെ ഒരരികിൽ ഏകാന്തദീപ്തി ചൊരിയുന്ന കെടാവിളക്ക്. തൊട്ടടുത്ത് പീഠത്തിൽ ചെമ്പടു വിരിപ്പിൽ ഉടവാൾ. രാജ്യം ശ്രീപത്മനാഭന് അടിയറ വച്ചതിന്റെ പ്രതീകമത്രേ ആ ഉടവാൾ. മുറിയുടെ ഏതാണ്ട് മദ്ധ്യത്തായി ശില്പാലംകൃതമായ വലിയൊരു കട്ടിൽ. സാക്ഷാൽ ശ്രീപത്മനാഭന് പള്ളിക്കുറുപ്പു കൊള്ളാനുള്ള പള്ളിമഞ്ചമാണത്.

ആ കെടാവിളക്കിൽ
കണ്ണെടുത്ത് നാല
വരകളും വർ
പ്രപഞ്
മഹന്
വർ
സ്തൂപികളുടെ ആ ചു
യോഗിച്ച ചാ
കളുടെ വർണ്ണപ്പൊലിമ നൂറ്റാണ്ടുകളെ വെല്ലുവിളിച്ചുകൊണ്ട് ഇന്നും അക്ഷയഭാസ്സോടെ വിരാജിക്കുന്നു. പുരാണ കഥാപാത്രങ്ങളും പുരാണ കഥാഖ്യാനങ്ങളുമാണെല്ലാം. ഹരിഹരൻ, അർദ്ധനാരീശ്വരൻ, ഗണേശപൂജ, ഗോപീകൃഷ്ണൻ, നടരാജനൃത്തം, ശാസ്താവിന്റെ വേട്ട, സുബ്രഹ്മണ്യൻ, ശ്രീപാർവ്വതീപരിണയം എന്നിവ പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു.

നവരാത്രിമണ്ഡപം

പത്മനാഭപുരം കൊട്ടാരത്തിൽ കലാകൗതുകമുണർത്തുന്ന മറ്റൊരു രംഗം. പിൽക്കാലത്ത് സ്വാതിതിരുനാൾ മഹാരാജാവ് (1829-1847) നിർമ്മിച്ചതാണ് ഈ കലാമണ്ഡപം. കേരളീയ ശില്പഭംഗി വിടർന്നു വിലസുന്ന മേൽത്തട്ടും ശിലാസ്തൂപങ്ങളും. ക്ഷേത്രനിർമ്മാണം ഒരു സുകുമാരകലയാക്കി മാറ്റിയതിന്റെ മകുടോദാഹരണമാണിത്. ആദ്യകാലങ്ങളിൽ രാജകുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള ഭജനമണ്ഡപമായിരുന്നു. പിൽക്കാലത്ത് ആ ശ്രീകോവിൽ ഒരു ആരാധനാകേന്ദ്രമായി. ഗാംഭീര്യം തുളുമ്പുന്ന ശിലാസ്തംഭങ്ങളിലെ ദേവതമാരുടെ രൂപഭാവങ്ങളിൽ ജീവൻ തുടിക്കുന്നുവെന്നു തോന്നും. 66 അടി നീളവും 27 അടി വീതിയുമുള്ള നവരാത്രി മണ്ഡപത്തിന് കൂടുതൽ വലിപ്പവും വിസ്തൃതിയും തോന്നിക്കുന്നുവെങ്കിൽ, അത് ആ ശിലാശില്പസ്തൂപങ്ങളുടെ നിർമ്മാണത്തിലുള്ള വൈദഗ്ദ്ധ്യവും സംവിധാന സവിശേഷതയുമത്രെ. സരസ്വതിദേവി, ദാരപാലകന്മാർ, ചതുർബാഹുരതി, മന്മഥൻ, വീണാപാണികളായ അപ്സരസുന്ദരിമാർ എന്നിങ്ങനെയുള്ള രൂപശില്പങ്ങൾ ചോളശില്പകലയുടെ വിജയ വൈജയന്തിയായി പരിലസിക്കുന്നു. നവരാത്രി മണ്ഡപത്തോടു ചേർന്നുള്ള മണിമാളികയിലെ കിളിവാതിലുകളിലൂടെ രാജകുടുംബാംഗങ്ങൾ നവരാത്രിയാഘോഷവേളകളിൽ പ്രസിദ്ധ കലാകാരന്മാരുടെയും കലാകാരികളുടെയും സംഗീത-നൃത്ത-വാദ്യമൈപുണ്യം തൃക്കൺപാർത്ത് പ്രോത്സാഹിപ്പിച്ചിരുന്നു. കേരളീയ വാസ്തുവിദ്യയുടെയും ഭാരതീയ ദാരുശില്പകലകളുടെയും ചുമർചിത്രകലയുടെയും അത്ഭുതസിദ്ധികൾ വിടർന്നു വിലസുന്ന പത്മനാഭപുരം കൊട്ടാരത്തിന്റെ രാജശില്പികൾക്ക് -മൺമറഞ്ഞ ആ കലാവിശാരദന്മാരുടെ സർഗ്ഗസിദ്ധിക്ക്- ഒരായിരം കൂപ്പുകൈ!

ഒരിക്കൽ കേരളീയരുടെ അഭിമാനമായിരുന്ന പത്മനാഭപുരം കൊട്ടാരം കേരളപ്പിറവിക്കുശേഷമുള്ള സംസ്ഥാന പുനഃസംഘടനയെത്തുടർന്ന്, ഇന്ന് തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലാണ്: കൊട്ടാരത്തിന്റെ സംരക്ഷണച്ചുമതല കേരളത്തിനാണെങ്കിലും. സംരക്ഷണത്തിന്റെ കാര്യം മിണ്ടാതിരിക്കുന്നതാവും ഭംഗി.

തുടരും

കെ.എം.നരേന്ദ്രൻ

ആധുനികതയുടെ കൊടിയിറക്കം നടക്കുന്നതോടൊപ്പം, എഴുത്തിന്റെ മുഖ്യപദവിയും നഷ്ടപ്പെടുന്നു

മലയാളത്തിൽ നോവൽ, ചെറുകഥ എന്നിവയെപ്പോലെ താരതമ്യേന ആധുനികമായ പ്രതിഭാസമാണ് സാഹിത്യചരിത്രവും. ഉള്ളൂരിനും അതിനുമുൻപ് പി.ഗോവിന്ദപ്പിള്ളയ്ക്കുമപ്പുറം മലയാളസാഹിത്യ ചരിത്രം എഴുതണമെന്ന് തോന്നിയത് സമൂഹത്തിന്റെ സാഹിത്യത്തോടുള്ള കാഴ്ചപ്പാടിലെ സുപ്രധാനമായ വ്യതിയാനത്തെ കുറിക്കുന്നു. കാലക്രമം, ചരിത്രക്രമം എന്നീ രണ്ട് ക്രമങ്ങളിൽ സാഹിത്യബോധത്തെ വിന്യസിക്കാൻ പുതിയ കേരളീയസമൂഹം പഠിച്ചു എന്നതാണ് ആ വ്യതിയാനം. പണ്ട് കുഞ്ചൻ നമ്പ്യാർക്കും ഉണ്ണായിവാരിയർക്കും മറ്റും അവരുടെ പഴമക്കാരെക്കുറിച്ച് നല്ല സാമാന്യബോധമുണ്ടായിരിക്കാമെങ്കിലും കാലത്തിന്റെയും ചരിത്രത്തിന്റെയും ഗ്രാഫിൽ തങ്ങളെയും പഴമക്കാരെയും അടയാളപ്പെടുത്താൻ അവർ ശ്രമിച്ചതായി തെളിവൊന്നുമില്ല. കാലക്രമം, ചരിത്രക്രമം എന്നീ സങ്കല്പങ്ങൾ പാശ്ചാത്യമായ ആധുനികതയുടെ സംഭാവനതന്നെയാണ്.

എന്നാൽ ആധുനികതയ്ക്കുമുൻപ് മറ്റൊരു ക്രമബന്ധം മലയാളിയുടെ കാഴ്ചപ്പാടിനെ നിയന്ത്രിച്ചിരുന്നു. വംശീയക്രമം എന്ന് ഇതിനെ വിളിക്കാം. വൈദ്യന്മാരുടെയും ജ്യോത്സ്യന്മാരുടെയും മാന്ത്രികന്മാരുടെയും കുടുംബങ്ങളിൽ ഇത് ധാരാളമായി കണ്ടിട്ടുണ്ട്. ഇപ്പോൾ ജീവിച്ചിരിക്കുന്നത് ഇന്ന ജ്യോത്സ്യൻ. അദ്ദേഹത്തിന്റെ അച്ഛൻ ഇന്നയാൾ. മുത്തച്ഛൻ ഇന്നയാൾ എന്ന മട്ടിൽ നിരവധി തലമുറകളിലേയ്ക്കും ഒടുവിൽ ആദികാരണവരിലേയ്ക്കും മനസ്സിനെ പ്രക്ഷേപിക്കാൻ ഈ ക്രമബന്ധം സഹായിക്കുന്നു. അഷ്ടവൈദ്യ കുടുംബങ്ങളിലും മറ്റും ഇന്നും ഈ ക്രമം സജീവമാണ്.

ആധുനികതയ്ക്ക് മുൻപുണ്ടായിരുന്ന ക്രമങ്ങളെല്ലാം അബദ്ധവും ആധുനികത സൃഷ്ടിച്ച ക്രമങ്ങളെല്ലാം സുബദ്ധവും എന്ന അന്ധവിശ്വാസം ആധുനികതയുടെതന്നെ സൃഷ്ടിയാണ്. (തങ്ങളുടെ ചിന്ത ശാസ്ത്രീയമാണെന്നും തങ്ങളുടെ ശാസ്ത്രമാകട്ടെ, യാഥാർത്ഥ്യത്തിന്റെ നേർപ്പകർച്ചയാണെന്നുമുള്ള ബ്രിട്ടിഷ് അനുഭവവാദത്തിന്റെ അത്യാത്മവിശ്വാസത്തിന്റെ തുടർച്ചതന്നെയാണ് ആധുനികതയുടെ ഈ കാഴ്ചപ്പാടിനു പുറകിലും.) ഈ അന്ധവിശ്വാസത്തിൽ വീഴാതെ പഴയതും പുതിയതുമായ ക്രമങ്ങളെയെല്ലാം ഒരുപോലെ ഗൗരവമായി സമീപിച്ചാൽ ഒരു കാര്യം വ്യക്തമാകും. ഏതൊരു തൊഴിലിന് സമൂഹത്തിൽ സ്ഥാനവും തൊഴിലെടുക്കുന്നവർക്ക് അന്തസ്സും ലഭിക്കുന്നുവോ അത്തരം തൊഴിലുകളിലാണ് മുൻപറഞ്ഞപോലുള്ള ക്രമങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.

ജ്യോതിഷം, മാന്ത്രികവിദ്യ, വൈദ്യം, ആശാരിപ്പണി തുടങ്ങിയ തൊഴിലുകളിലൊക്കെ പാരമ്പര്യക്രമം ഉണ്ടായിരുന്നു എന്നത് സൂചിപ്പിക്കുന്നത് ആധുനികതയ്ക്കുമുൻപുണ്ടായിരുന്ന ഉയർന്ന സാമൂഹികപദവിതന്നെയാണ്. ആധുനികതയ്ക്കുമുൻപ് സാഹിത്യം, സാഹിത്യകാരൻ എന്നീ സ്ഥാപനങ്ങൾ ഇന്നത്തെപ്പോലെ വികസിതമല്ലായിരുന്നതിനാൽ ആ തൊഴിലിൽ ശ്രേണീക്രമങ്ങളൊന്നും കാണുന്നില്ല. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെയാണ് സാഹിത്യമെന്ന സ്ഥാപനത്തിന് പൊതുസമൂഹത്തിന്റെ പാർശ്വഭാഗങ്ങളിൽനിന്ന് ശ്രദ്ധാകേന്ദ്രമായ മദ്ധ്യഭാഗത്തേയ്ക്ക് സ്ഥാനക്കയറ്റം കിട്ടിയത്. അതോടെ സാഹിത്യവൃത്തിയിലും ഭൂത-വർത്തമാന-ഭാവികൾ കണ്ടെത്തണമെന്ന ആഗ്രഹമായി. ആധുനികതയുടെ സ്വന്തം ക്രമമായ ചരിത്രക്രമത്തിൽ സാഹിത്യബോധം അണിനിരക്കുകയായി...

സാഹിത്യകാരൻ സമൂഹത്തിന്റെ മദ്ധ്യത്തിൽ നിലകൊണ്ട് സാംസ്കാരികനായകത്വം വഹിക്കുന്ന ആധുനികകാലത്ത് രചിക്കപ്പെട്ട സാഹിത്യചരിത്രങ്ങൾ തീരെ ആലോചിക്കാതെ പോയ ഒരു കാര്യം സാഹിത്യത്തിനും സാഹിത്യകാരനും പഴയകാലങ്ങളിൽ ആധുനികതയിലെന്നപോലെ പ്രാധാന്യമില്ലായിരുന്നു എന്നതാണ്. മാത്രമല്ല, ആധുനികത സാഹിത്യചരിത്രങ്ങൾ രചിക്കുകയും മന്ത്രവാദികളുടെയും ആശാരിമാരുടെയും ചരിത്രങ്ങൾ രചിക്കാതിരിക്കുകയും ചെയ്തപ്പോൾ തീർത്തും തലതിരിഞ്ഞ ഭൂതകാലചിത്രവും സൃഷ്ടിക്കപ്പെട്ടു. ആധുനികതയുടെ ഭൂതകാലചിത്രത്തിൽ സാഹിത്യകാരന് വരേണ്യസ്ഥാനവും അന്ന് യഥാർത്ഥത്തിൽ വരേണ്യതയുണ്ടായിരുന്ന തൊഴിലുകൾക്ക് അവഗണനയും ലഭിച്ചു. അങ്ങനെ ആധുനികത അതിന്റെ ഭൂതകാലത്തെ സൃഷ്ടിച്ചു.

ഐതിഹ്യമാല

ആധുനികകാലത്ത് (1900–1910) സമാഹരിക്കപ്പെട്ടതാണെങ്കിലും ആധുനികതയ്ക്ക് മുൻപുള്ള സംവേദനശീലത്തെ പ്രതിനിധാനം ചെയ്യുന്ന കൃതിയാണ് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാല. സാഹിത്യ- സാഹിത്യേതരവ്യത്തികളെ സംബന്ധിച്ച് ആധുനികകാലത്ത് ഉരുത്തിരിഞ്ഞുവന്ന താരതമ്യങ്ങളും അനുപാതങ്ങളും ഈ കൃതിയിൽ ദീക്ഷിക്കപ്പെട്ടിട്ടില്ല. ഐതിഹ്യമാലയുടെ 1974-ൽ ഇറങ്ങിയ സമ്പൂർണ്ണ പതിപ്പിന്റെ അവതാരികയിൽ പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ ഇങ്ങനെ നിരീക്ഷിക്കുന്നു:

"നമ്മെ ഏറ്റവും അത്ഭുതപ്പെടുത്തുന്നത് ഐതിഹ്യമാലയിൽ തിരമാലകളെപ്പോലെ ഇളകിമറിയുന്ന, വൈവിദ്ധ്യവും വൈരുദ്ധ്യവും വൈചിത്ര്യവും കലർന്ന് കളിയാടുന്ന നിരവധി കഥാപാത്രങ്ങളാണ്. ജാതി, മതം, സ്വഭാവം, പ്രവൃത്തി മുതലായവയാൽ അത്യന്തം ഭിന്നത വഹിക്കുന്നവയാണ് ഈ കഥാപാത്രങ്ങൾ. അനേകം നോവലുകളുടെയും നാടകങ്ങളുടെയും സ്ഥാനം ഇക്കാരുത്തിൽ 'ഐതിഹ്യമാല' അപഹരിച്ചെടുക്കുന്നു. രാജാക്കന്മാർ, രാജസേവകന്മാർ, പ്രഭുക്കന്മാർ, വൈദികന്മാർ, സ്വാമിയാരന്മാർ, മന്ത്രവാദികൾ, അഭിവന്ദ്യരായ ആചാര്യന്മാർ, ഗുരുഭക്തിനിറഞ്ഞ ശിഷ്യന്മാർ, ഭിഷഗ്വരന്മാർ, കവികൾ, കലാകാരന്മാർ, പണ്ഡിതന്മാർ, ഭോജനപ്രിയന്മാർ, ആഢ്യന്മാരായ നമ്പൂതിരിമാർ, പ്രാമാണികരായ നായന്മാർ, പറയർ, പുലയർ, ആശാരി, മൂശാരി തുടങ്ങിയ വർഗ്ഗക്കാർ, മദ്യപാനികൾ, പതിവ്രതകളായ സ്ത്രീകൾ, പടയാളികൾ, കായികാഭ്യാസപടുക്കൾ, കൃഷിക്കാർ, കച്ചവടക്കാർ ഇങ്ങനെ നിണ്ടുപോകുന്നു ആ പട്ടിക. വക്കിലന്മാർ, ഗുമസ്തന്മാർ, വ്യവഹാരകാര്യസ്ഥന്മാർ, ഇഡ്ഢിമാർ തുടങ്ങിയവരൊന്നും ഈ കഥകളിൽ കടന്നുകൂടാത്തതിന്റെ കാരണം അവരെല്ലാം ആധുനികകാലത്ത് വന്നവരായതുകൊണ്ടാകാം."

പല കാരണങ്ങൾകൊണ്ടും പ്രൊഫ. അമ്പലപ്പുഴ രാമവർമ്മയുടെ നിരീക്ഷണം ശ്രദ്ധേയമാണെന്ന് ഞാൻ കരുതുന്നു. അദ്ദേഹം തരുന്ന പട്ടിക ഏറെക്കുറെ കൃത്യവും സമഗ്രവുമാണ്. പലരുടെയും ഇടയിൽ ഒരു സ്ഥാനം മാത്രമേ സാഹിത്യകാരന് (കവിക്ക്) ലഭിക്കുന്നുള്ളൂ. ഐതിഹ്യമാല പരിശോധിച്ചാൽ പ്രതിനിധാനംകൊണ്ട് ജ്യോത്സ്യന്മാരും മന്ത്രവാദികളും മറ്റും ശ്രദ്ധപിടിച്ചുപറ്റുന്നതായും സാഹിത്യകാരന് ഏറെയൊന്നും ശ്രദ്ധ കിട്ടുന്നില്ലെന്നും കാണാം. കവികളേക്കാൾ പ്രാധാന്യം ആനകൾക്കായിരുന്നു എന്നതും പ്രസ്താവ്യമാണ്. ഐതിഹ്യമാലയിലെ പ്രാതിനിധ്യാനുപാതങ്ങൾ സമൂഹമനസ്സിൽ ഓരോ തൊഴിലിനും ലഭിച്ചിരുന്ന പ്രാധാന്യത്തെ നേരിട്ടു സൂചിപ്പിക്കുന്നു എന്ന് പറയാനാവില്ല. കാരണം, ഐതിഹ്യമാലയിലെ ഐതിഹ്യങ്ങൾ സവർണ്ണവും വരേണ്യവുമായ തിരഞ്ഞെടുപ്പിന്റെ ഫലംതന്നെയാണ്. എങ്കിലും ആധുനികതയ്ക്കുമുൻപുള്ള അവർണ്ണ വരേണ്യതയുടെ, തൊഴിലുകളെ സംബന്ധിച്ച വിലയിരുത്തലുകൾ ഈ കൃതിയിൽ കാണുന്നു എന്നു പറയുന്നതിൽ തെറ്റില്ല.

"അനേകം നോവലുകളുടെയും നാടകങ്ങളുടെയും സ്ഥാനം ഇക്കാര്യത്തിൽ ഐതിഹ്യമാല അപഹരിച്ചെടുക്കുന്നു എന്ന അദ്ദേഹത്തിന്റെ പ്രസ്താവനയും ശ്രദ്ധാർഹമാണ്. കഥാപാത്രങ്ങളുടെ വൈവിദ്ധ്യത്തിലും വൈചിത്ര്യത്തിലുമാണ് ഐതിഹ്യമാല പല നോവലുകൾക്കും നാടകങ്ങൾക്കും പകരം നിൽക്കുന്നു എന്ന് അദ്ദേഹം പറയുന്നത്. വാസ്തവത്തിൽ, നാട്ടിൽ വാമൊഴിയായി പ്രചരിച്ചിരുന്ന ഐതിഹ്യങ്ങളുടെയും കഥകളുടെയും സ്ഥാനം പിൽക്കാലത്ത് വരമൊഴിയിൽ അവതരിച്ച നോവലുകളും നാടകങ്ങളും അപഹരിക്കുകയാണുണ്ടായത്. എഴുത്തപ്പെട്ട സാഹിത്യത്തിന് ഇത്രമാത്രം പ്രാധാന്യം ലഭിച്ച ആധുനികകാലത്തിനുമുൻപ് കഥ സൃഷ്ടിക്കാനും പറയാനുമുള്ള സമൂഹത്തിന്റെ കഴിവ് ഐതിഹ്യങ്ങളും മറ്റുമുണ്ടായ നാട്ടുവൃദ്ധത്തിന്റെ വിശാലഭൂമിയിലാണ് പ്രകടമായത്. ആധുനികത കഥാകഥനത്തിൽ സൃഷ്ടിച്ച മാറ്റം പൊതുസ്വത്തായിരുന്ന ഈ വിശാലഭൂമിയെ വേലികെട്ടിത്തിരിച്ച് കുറച്ച് സാഹിത്യരചയിതാക്കൾക്ക് പതിച്ചുകൊടുത്തതാണ്. ആധുനികതയ്ക്കുമുൻപ് കവികളും അവരുടെ രചനകളും ഉണ്ടായിരുന്നെങ്കിലും വാമൊഴിവഴക്കങ്ങളും ഐതിഹ്യങ്ങളും മുഖ്യവ്യവഹാരമായി നിലനിന്നിരുന്നു. ആധുനികത എഴുത്തിനെ മുഖ്യവ്യവഹാരമാക്കി മാറ്റി. മാത്രമല്ല, ഭാവന ചെയ്യാനും കഥ പറയാനുമുള്ള സാമാന്യജ്ഞാനങ്ങളുടെ അവകാശത്തെ തളർത്താനും ആധുനികത ശ്രമിച്ചു. പാട്ടുകളെ നാടൻപാട്ടുകളാക്കിയും പൊല്ലുകളെ പഴഞ്ചൊല്ലുകളാക്കിയും നാട്ടുവഴക്കമെന്ന സംവരണമണ്ഡലത്തിൽ ഒതുക്കിനിർത്തുന്നതിൽ ആധുനികത വിജയിച്ചു. പൊതുവ്യവഹാരമണ്ഡലത്തെ പിടിച്ചടക്കാൻ രചിതസാഹിത്യത്തിന് ആയുധവും അംഗീകാരവും കൊടുത്തതും ആധുനികതയുടെ നൂറ്റാണ്ടിൽ ഒരിക്കലും ചർച്ചാവിഷയമായില്ല.

വരമൊഴി

കഥപറച്ചിൽ വരമൊഴിസാഹിത്യം ഏറ്റെടുത്തപ്പോൾ സംഭവിച്ച മുഖ്യമായ മാറ്റങ്ങളിൽ രണ്ടെണ്ണം ഈ സന്ദർഭത്തിൽ നമ്മുടെ സജീവ ശ്രദ്ധയർഹിക്കുന്നു. ഒന്നാമതായി സമൂഹത്തിൽ ഏവർക്കും പങ്കെടുക്കാവുന്ന കഥാകഥനമെന്ന വ്യവഹാരം സാങ്കേതികജ്ഞാനമുള്ള ചുരുക്കം പ്രൊഫഷണലുകൾ ഏറ്റെടുത്തു. അവരുടെ കഥകളിൽ അവതരിപ്പിക്കപ്പെടുന്നത് കാട്ടുകഥാകഥനങ്ങളിലെ ലോകമോ പ്രദേശമോ ആയിരുന്നില്ല. മറിച്ച് ആധുനികതയുടെ പ്രത്യയശാസ്ത്ര താല്പര്യങ്ങളിലെ ലോകവും പ്രദേശവുമായിരുന്നു. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായ 'ഇന്ദുലേഖ'യിൽ ഇന്ദുലേഖമാധവന്മാർ വിവാഹത്തിനുശേഷം മദിരാശിയിൽ ജീവിതമാരംഭിക്കാൻ പോകുന്നതും, പൂർത്തിയായിരുന്നെങ്കിൽ രണ്ടാമത്തെ ലക്ഷണമൊത്ത നോവലാകുമായിരുന്ന 'ശാരദ'യിൽ ശാരദയും അച്ഛനും പ്രവാസി മലയാളികളായി കേരളത്തിൽ തിരിച്ചുവരുന്നതും നാം കാണുന്നു. അന്നത്തെ സാമൂഹികയാഥാർത്ഥ്യത്തെ ഈ നോവലുകൾ പകർത്തിവയ്ക്കുന്നു എന്ന് ഒരിക്കലും പറയാനാവില്ല. കാരണം, കേരളത്തിൽനിന്ന് പുറംനാടുകളിലേയ്ക്കുണ്ടായ കൂട്ടപ്രവാസം ആ നോവലുകൾ ഇറങ്ങുന്ന കാലത്ത് ആരംഭിച്ചിട്ടുപോലുമുണ്ടായിരുന്നില്ല. പിൽക്കാലങ്ങളിലെ പ്രവാസത്തെ ദീർഘദർശനം ചെയ്യുകപോലുമല്ല ഈ നോവലുകൾ ചെയ്തത്. അതിലുമുപരി, പ്രവാസത്തെ സൃഷ്ടിക്കുകതന്നെയാണ് ഭൂതകാലത്തിലും നാട്ടുജീവിതത്തിലും ആഴ്ന്നു കിടക്കുന്ന വേരുകളുടുക്ക എന്ന ഏ[illegible] ിലേയ്ക്ക് കു[illegible] തെല്ലും ഖേദിപ്പിക്കുന്നില്ല. അതുകൊണ്ടുതന്നെ ഫ്യൂഡൽ വരേണ്യതയുടെ കൈകൾക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത അകലങ്ങളിൽ നാട്ടുസംസ്കൃതികളുടെ ലോകങ്ങൾ വേറെയുണ്ടായിരുന്നു. ഇവിടെയാണ് പുതിയ നാഗരിക കേരളീയൻ പരിപൂർണ്ണവിജയം നേടിയത്. ആധുനിക സാഹിത്യവും ഇതേവഴിയിലാണ് പോയത്.

സ്വന്തം ജീവിതോദ്യോഗങ്ങൾക്കായി അഹോരാത്രം ശ്രമിക്കുന്ന വ്യക്തിയെയും അയാളുടെ യുക്തിയെയും ഈ ദ്വന്ദത്തിലെ സപക്ഷത്തേയ്ക്കും നാട്ടുപാരമ്പര്യങ്ങൾ അനുസരിച്ചുമാത്രം ജീവിക്കുന്ന വ്യക്തികളെ അന്യപക്ഷത്തേയ്ക്കും വിഭജിച്ചുമാറ്റുന്നതിൽ ആധുനിക കഥാസാഹിത്യം ഏറെ ശ്രമിക്കുകയും വിജയം വരിക്കുകയും ചെയ്തു. പ്രവാസത്തിന്റെ കാര്യത്തിലെന്നപോലെ ഇവിടെയും, കഥാസാഹിത്യം സാമൂഹികയാഥാർത്ഥ്യത്തെ വെറുതെ പ്രതിഫലിപ്പിക്കുകയല്ല സൃഷ്ടിക്കുകതന്നെയാണ്. ഒന്നാന്തരം കരിയറിസ്റ്റായ മാധവൻ ആദർശവൽക്കരിക്കപ്പെടുന്നു. സമൂഹത്തിൽനിന്ന് മാറിനിൽക്കുന്ന നായകന്മാരെ ആദർശവത്കരിക്കുന്ന പാരമ്പര്യം 1980-കൾവരെ നിണ്ടുനിന്നു. അങ്ങനെയാണ് രവി (ഖസാക്കിന്റെ ഇതിഹാസം), സേതു (കാലം), ദാസൻ (മയ്യഴിപ്പുഴയുടെ തീരങ്ങൾ), രാമു (ചെറിയ മനുഷ്യനും വലിയ ലോകവും), പയ്യൻ (പയ്യൻ കഥകൾ) എന്നിവർ മലയാള വായനാസമൂഹത്തിന്റെ ഇഷ്ടനായകന്മാരാകുന്നത്. ഇവരുടെ ലോകം മലയാളത്തിന്റെ സപക്ഷമായി മാറി. അ[illegible] ുങ്ങളിൽ[illegible] ായ കാണാൻ കഴി[illegible] ത്തിന്റെ 'അഗ്നിസാക്ഷ്[illegible] കടുത്ത ബ്രഹ്മചര്യവ്രതത്തെ[illegible] സ്വാർത്ഥപ്രേരിതനായിട്ടായിരുന്നില്ലല്ലോ. പാരമ്പര്യം തന്നിലേല്പിച്ച ധർമ്മങ്ങൾ [illegible] ക്കാനായിരുന്നു. പക്ഷേ, ആധുനിക വായനാസമൂഹത്തിന് അയാൾ ആണും പെണ്ണും കെട്ട [illegible] മൂഹത്തിന് അയാൾ ആണും പെണ്ണും കെട്ട മോ മാളി മാത്രമായി. ആധുനികതയ്ക്കുമുൻപായിരുന്നെങ്കിൽ അയാളുടെ ഭീഷ്മപ്രതിജ്ഞയ്ക്ക് വായനാസമൂഹത്തിന്റെ അംഗീകാരം കിട്ടുമായിരുന്നില്ലേ? ആലോചിക്കേണ്ട കാര്യമാണത്.

മദ്ധ്യവർഗ്ഗ നാഗരികനും ആധുനികനും ആരോഗ്യമുള്ള പുരുഷനുമായ ഒരു സ്വത്വത്തെ കേന്ദ്രമാക്കി വികസിക്കുന്ന കുറേ വലയങ്ങളായി ആധുനിക കഥാസാഹിത്യത്തിലെ ലോകത്തെ ദർശിക്കാവുന്നതാണ്. ആ സ്വത്വത്തിന്റെ ചിന്തയും യുക്തിയും അഭിലാഷങ്ങളും ചേർന്ന് ഏറ്റവും സമീപസ്ഥമായ വലയം തീർക്കുന്നു. ഏറ്റവും അകലത്തുള്ള വലയങ്ങളിലൊന്നിലാണ് ജനപ്രിയലോകം സ്ഥിതിചെയ്യുന്നത്. വ്യത്തമദ്ധ്യത്തിലുള്ള ആധുനികസ്വത്വത്തിന് ഏറ്റവും അകലത്തുള്ള ജനപ്രിയലോകം കാണാൻ പോലുമാകുന്നില്ല. ഫുട്ബാളും ക്രിക്കറ്റും എക്സിബിഷനും മാജിക്കും സിനിമയും സിനിമാപ്പാട്ടുമൊക്കെയുള്ള നിറമുള്ള ലോകത്തെ ആ സ്വത്വം തന്റെ ചിന്തയിലേയ്ക്ക് പ്രവേശിപ്പിക്കുകപോലുമില്ല. അതുപോലെ നാട്ടുവഴക്കങ്ങളുടെ ലോകവും സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ദളിതരുടെയും ലോകങ്ങളും വളരെ ദൂരസ്ഥമായ വലയങ്ങൾതന്നെ. എന്നാൽ ഈ വലയങ്ങൾ എത്ര വികസിച്ചാലും എത്തിപ്പെടാൻ പറ്റാത്ത അകലത്തിൽ മറ്റൊരു ലോകമുണ്ട്. ആധുനികത ആ ലോകത്തിനൊരുപേരും ഇട്ടിട്ടുണ്ട്– അധോലോകം. കള്ളന്മാർ, വേശ്യകൾ, ഗുണ്ടകൾ, ഹിജഡകൾ, അനാഥർ, ഭ്രാന്തർ തുടങ്ങിയവരൊക്കെ ഈ ലോകത്തിലെ പൗരജനങ്ങളാണ്. ഇതാണ് ആധുനികതയുടെ ശരിയായ അപരലോകം.

അകലത്തുള്ള അപരലോകങ്ങൾ വെട്ടിപ്പിടിക്കലും ആധുനികതയുടെ അജണ്ടയിലുണ്ട്. കൊളോണിയൽ യൂറോപ്യന്മാർ ആഫ്രിക്കയെ ആദ്യം കാഴ്ചയുടെ പരിധിയിലും പിന്നീട് അധികാരത്തിന്റെ വരുതിയിലും എത്തിച്ചപോലെ കേരളത്തിലെ ആധുനികനും കാണാമറയത്തുള്ള അപരലോകങ്ങളെ തന്റെ കാഴ്ചവട്ടത്തിൽ വരുത്താനും തന്റെ യുക്തിക്കനുസരിച്ച് ഏകപക്ഷീയമായി വ്യാഖ്യാനിക്കാനും ശ്രമിച്ചിട്ടുണ്ട്. അങ്ങനെയാണ് എൻ.എസ്.മാധവന്റെ 'ഹിഗ്വിറ്റ'യിൽ ഫുട്ബാൾ പ്രത്യക്ഷപ്പെടുന്നത്. എന്നാൽ 'ഹിഗ്വിറ്റ'യിലെ ഫുട്ബാളും ജനപ്രിയലോകത്തെ ഫുട്ബാളും രണ്ടും രണ്ടുതന്നെയാണ്. മാത്രമല്ല, ജനപ്രിയലോകത്ത് 'ഹിഗ്വിറ്റ'യിലെ ഫുട്ബാൾ പരാമർശവിഷയമേ അല്ല. 'ഹിഗ്വിറ്റ' പിറക്കുന്നതും വായിക്കപ്പെടുന്നതും ആ കഥയെക്കുറിച്ചുള്ള പ്രതികരണസംവാദങ്ങൾ നടക്കുന്നതുമെല്ലാം ജന

...ട്ടിഫിക്കറ്റ് കൊടുക്കുന്ന കൃ... ...ലും അതരലോകങ്ങളിൽ ചർച്ച ചെയ്യ... ...ുന്നില്ല. ഇതുകൊണ്ട് ഇത്തരം കൃതികൾക്ക് ആധികാരികതയും വിശ്വാസ്യതയും ഇല്ലാതാകുന്നു എന്നതല്ല മുഖ്യപ്രശ്നം. രചനയും പാരായണത്തിലൂടെയുള്ള പാഠനിർമ്മിതികളും ചർച്ചകളും വിമർശനങ്ങളും ഗവേഷണങ്ങളുമൊക്കെയടങ്ങുന്ന സാഹിത്യപ്രവർത്തനം എന്ന സംരംഭം മൊത്തമായി ഏകപക്ഷീയമായ വിധിയെഴുത്താകുന്നു എന്നതാണ് മുഖ്യപ്രശ്നം.

ആധുനികന്റെ യുക്തിചിന്താരീതിയും സദാചാരബോധവുമാണ് സാഹിത്യത്തിന്റെ ആഖ്യാനഘടനയെ നിയന്ത്രിക്കുന്നത്. അതുകൊണ്ടുതന്നെ യുക്തിയുടെ അന്യസാദ്ധ്യതകളും അപരിചിതമായ സദാചാരസങ്കല്പങ്ങളും സാഹിത്യത്തിൽ തമസ്കരിക്കപ്പെടുന്നു. പഴഞ്ചൊല്ലുകളിലെ യുക്തിയും അധോലോകത്തിലെ ഭിന്നസദാചാര രീതികളും എഴുത്തിന്റെ ലോകത്തിന് ഭ്രാന്തായേ തോന്നൂ. സ്വവർഗബന്ധങ്ങളെ പ്രകൃതിവിരുദ്ധമായി മുദ്രകുത്തിയത് ആധുനികതയാണ്. സ്വവർഗബന്ധങ്ങളെ സ്വാഭാവികമായും സ്ത്രീപുരുഷബന്ധങ്ങളെ അറപ്പോടെയും ചിത്രീകരിക്കുന്ന സാഹിത്യങ്ങൾ അധോലോകത്തുനിന്ന് ഉണ്ടായാൽ എന്തായിരിക്കും കഥ? ആധുനികന്റെ ഏകപക്ഷീയമായ വിധിയെഴുത്തുകൾ ഇത്തരം തിരിച്ചടികൾ ക്ഷണിച്ചുവരുത്തുകതന്നെ ചെയ്യും.

അധോലോകത്തിന്റെ എല്ലാ വിനിമയ സാദ്ധ്യതകളും തകർത്ത ആധുനികത ജനപ്രിയലോകത്തിന്റെ വിനിമയങ്ങളെ പരിഹസിച്ചുതള്ളി. 'പൈങ്കിളിസാഹിത്യം' എന്ന പരിഹാസപ്പേരു തന്നെ നല്ല ഉദാഹരണമാണ്. സാധാരണക്കാരിൽ വായനയും പ്രതികരണങ്ങളും വർത്തമാനവുമായി മാറിയ ഈ സാഹിത്യസംരംഭത്തിന് ആധുനികത നൽകിയ സ്ഥാനം അശ്ലീലസാഹിത്യത്തിന്റെ തൊട്ടടുത്തായിരുന്നു. എന്നാൽ തീവ്രാധുനിക സാഹിത്യത്തിന്റെ കണ്ണിൽപ്പെടാതിരുന്നതും കേരളീയ ജനജീവിതത്തിലെ മുഖ്യപ്രശ്നങ്ങളുമായിരുന്ന ഗൾഫ് കുടിയേറ്റം, സ്ത്രീധനമരണങ്ങൾ, സാമ്പത്തികക്കുഴപ്പങ്ങൾ, പലതരത്തിലുള്ള പീഡനങ്ങൾ, തൊഴിലില്ലായ്മ, വാർദ്ധക്യത്തിന്റെ പ്രശ്നങ്ങൾ തുടങ്ങിയവയെല്ലാം സ്ഥാനം പിടിച്ചത് പൈങ്കിളിസാഹിത്യത്തിലും ജനപ്രിയസിനിമയിലുമായിരുന്നു. 200 കൊല്ലങ്ങൾക്കുശേഷം ഒരു ഗവേഷകൻ 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലെ കേരളീയ ജീവിതത്തെക്കുറിച്ച് ഗവേഷണം ചെയ്യുകയാണെന്ന് വിചാരിക്കുക. അയാളുടെ കൈയിൽ കിട്ടുന്നത് 'ഖസാക്കിന്റെ ഇതിഹാസവും' 'മരണസർട്ടിഫിക്കറ്റും' 'ശ്രീചക്രവും മറ്റുമടങ്ങുന്ന തീവ്രാധുനികകൃതികളുമാണെന്ന് കരുതുക. എങ്കിൽ അയാൾ എത്തിച്ചേരാനിടയുള്ള നിഗമനങ്ങൾ എന്തായിരിക്കുമെന്ന് ഊഹിക്കുന്നതു തന്നെ ചിരിക്കു വകനൽകും.

മുകുന്ദനിലെ മയ്യഴി, തകഴിയിലെ തകഴി, എം. ...ങ്ങനെ ഓരോ സാ... ...എങ്ങനെ വിര... ...സർവ്വകലാ... ...തരം ശാലാ ... ...തരം അലസഗവേഷ... ...ും ചെലവാക്കുന്നതിനുപകരം ... ...ത്യം എങ്ങനെ കേരളത്തിന്റെ ഭാവികാലത്തെ സൃഷ്ടിച്ചു എന്ന അന്വേഷണത്തിൽ ശ്രദ്ധയൂന്നിയെങ്കിൽ.

കൊടിയിറക്കം

ഒന്നൊന്നര നൂറ്റാണ്ടു നീണ്ടുനിന്ന മഹോത്സവത്തിനുശേഷം "ആധുനികതയുടെ കൊടിയിറങ്ങുകയാണ്. ആധുനികത ഉയർത്തിക്കൊണ്ടുവന്ന എഴുതപ്പെട്ട സാഹിത്യത്തിന്റെ കൊടിയിറക്കവും ഇതോടൊപ്പം നടന്നേ ഒക്കൂ. അതിന്റെ ആദ്യലക്ഷണങ്ങൾ ഇവിടെ പ്രകടമാണ്. കോളേജ് കാമ്പസുകളിൽ സാഹിത്യകാരൻ ഹീറോ ആയിരുന്ന എഴുപതുകളും എൺപതുകളും ഇന്ന് ആരും ഓർക്കുന്നുപോലുമില്ല. സമൂഹത്തിലെ ഏറ്റവും പ്രതിഭയുള്ള തലച്ചോറുകളല്ല ഇന്ന് സാഹിത്യരംഗത്ത് വരുന്നതെന്ന് സാഹിത്യകാരന്മാർക്കൊഴികെ എല്ലാവർക്കും അറിയാം. സാഹിത്യത്തെ കേന്ദ്രമാക്കി സംസ്കാരത്തെ വിന്യസിക്കുന്ന ആധുനികതയിലെ രീതിക്കുപകരം ഭിന്നകേന്ദ്രങ്ങളുള്ള സാംസ്കാരികഭൂമികയിലാണ് നാം ജീവിക്കുന്നത്. സംഗീതവും നൃത്തവും ചിത്രരചനയുമാണ് ഏറ്റവും പുതിയ തലമുറയുടെ ആവേശം. കോളേജുകളിൽ വീഡിയോ ചലച്ചിത്രങ്ങളുണ്ടാകുന്നു. ആർക്കിടെക്റ്റും വസ്ത്ര ഡിസൈനറും പുതിയ കാലത്തിന്റെ സൗന്ദര്യശാസ്ത്രത്തിൽ വലിയ സ്വാധീനശക്തികളാകുന്നു. ഇവരൊക്കെ മണ്ടന്മാരാണെന്ന് വിധിക്കാൻ സാഹിത്യരംഗത്തുള്ളവർക്ക് ഇനി സാധിക്കുകയില്ല.

പുതിയ കാലത്ത് സാഹിത്യത്തിലെ കർത്തൃസങ്കല്പങ്ങൾ തകർക്കപ്പെടുമെന്നതും സർഗ്ഗാത്മകമായ പാരായണങ്ങൾ ആധികാരികപാഠത്തെ അതിജീവിക്കുമെന്നതും മറ്റും ഉത്തരാധുനികതയെ സംബന്ധിച്ച ബാലപാഠങ്ങളിൽ ചിലതാണ്. കേന്ദ്രീകൃതമായ ആഖ്യാനരീതിക്കുപകരം കൃത്യമായ കേന്ദ്രങ്ങളില്ലാത്ത ആഖ്യാനവും ആഖ്യാനം അതിനെക്കുറിച്ചുതന്നെ പറയുന്ന മെറ്റാഫിക്ഷണൽ രീതികളും പ്രചാരത്തിലാവുമെന്നും ധാരാളമായി കേൾക്കുന്നു. ഇത്രയും അപകടങ്ങൾ മാത്രമേ എഴുതപ്പെട്ട സാഹിത്യത്തിന് സംഭവിക്കുന്നുള്ളുവെങ്കിൽ അതായിരിക്കും ഏറ്റവും വലിയ അത്ഭുതം. എഴുത്തുകാരൻ/ വായനക്കാരൻ എന്ന ദ്വന്ദ്വം ഉരുകിയൊന്നാവുകയും വായനക്കാരന് രചനാസ്വാതന്ത്ര്യം ലഭിക്കുന്ന ആഖ്യാനരീതികൾ നിലവിൽ വരലുമായിരിക്കും പുതിയ കാലം ആവശ്യപ്പെടുന്ന മാറ്റങ്ങളുടെ പരിപൂർണ്ണത എന്നാണ് ഞാൻ കരുതുന്നത്. വായനക്കാരൻ കർത്തൃപാഠങ്ങളെ അതിജീവിച്ച് സർഗ്ഗാത്മക പാരായണം നടത്താൻ എഴുത്തിനെ അടിസ്ഥാനമാക്കുന്ന സാഹിത്യംകൊണ്ടുതന്നെ സാധിക്കും. എന്നാൽ രചനയിൽ നേരിട്ടിടപെടാൻ ഇന്നത്തെ സാഹിത്യത്തിന്റെ സാങ്കേതികത മതിയാവില്ല. അതിന് ഇന്റർ ആക്റ്റീവ് ആഖ്യാനരൂപങ്ങൾ ഉണ്ടായേ പറ്റൂ. ഇവയുടെ ആദിരൂപം ഇപ്പോൾത്തന്നെ നമ്മുടെ ഇടയിൽത്തന്നെ ഉണ്ടെങ്കിലും നാമവ ശ്രദ്ധിച്ചിട്ടില്ല. വീഡിയോ ഗെയിമുകളെക്കുറിച്ചാണ് ഞാൻ പർമർശിക്കുന്നത്. പൂർവ്വാപരബന്ധമുള്ള സംഭവങ്ങളും അവയുടെ യുക്തിസഹമായ സമാഹരണവുമാണ്. ആഖ്യാനമെങ്കിൽ വീഡിയോ ഗെയിമുകളിൽ അത് കൃത്യമായുണ്ട്. എന്നാൽ എഴുതപ്പെട്ട സാഹിത്യത്തിനില്ലാത്ത ഒരു പ്രത്യേകത അതിന്റെ ഇന്റർ ആക്റ്റീവ് സ്വഭാവമാണ്. അതായത് വീഡിയോ ഗെയിമിലെ സംഭവങ്ങളെ നമുക്ക് ചെറിയൊരളവോളം നിയന്ത്രിക്കാൻ കഴിയുമെന്നത് വീഡിയോ ഗെയിമിന്റെ സംവിധായക സ്ഥാനത്ത് വായനക്കാരൻ/ വായനക്കാരി (കളിക്കുന്ന ആൾ) തന്നെയാണ്. വായനക്കാരിക്ക് കാറിലോ ബോട്ടിലോ വിമാനത്തിലോ സഞ്ചരിക്കാം. കാറിലാണെങ്കിൽ റോഡിന്റെ ഇടത്തോട്ടോ വലത്തോട്ടോ പോകാം. ഇഷ്ടമുള്ള തുരങ്കത്തിലൂടെ യാത്ര ചെയ്യാം. അങ്ങനെയങ്ങനെ. സാഹിത്യത്തിലെ ചിരപരിചിതമായ പ്രമേയങ്ങളിലൊന്നായ 'യാത്രയും അതിലെ പ്രതിബന്ധങ്ങളും' ഇവിടെയുമുണ്ട്. ഇവിടെ ആഖ്യാനത്തെ നിയന്ത്രിക്കുന്ന യുക്തി, അഥവാ അത്യാഖ്യാനം ആ വീഡിയോ ഗെയിമിന്റെ സോഫ്റ്റ്വെയർ ആണ്. അതിൽ വായനക്കാരിക്ക് നിയന്ത്രണമില്ല. എന്നാൽ വീഡിയോ ഗെയിമിനെ ഇന്നുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചുതന്നെ ഇതിലേറെ വികസിപ്പിക്കാവുന്നതാണ്. വായനക്കാരിക്ക് എഴുത്തുകാരിയാവാൻ പൂർണ്ണസാദ്ധ്യതയുള്ള ആഖ്യാനമാക്കി ഇതിനെ വളർത്തുമ്പോൾ ഇതിന്റെ അത്യാഖ്യാനത്തിലും ഇടപെടാൻ സാദ്ധ്യർയൊരുക്കുന്ന രീതിയിൽ ഇതിനെ വളർത്തേണ്ടിവരും. ഇതിനുവേണ്ടുന്ന സാങ്കേതികവിദ്യയും ഏറെയൊന്നും അകലെയല്ല.

നോവലിൽനിന്ന് ഇന്റർ ആക്റ്റീവ് നോവലിലേയ്ക്കുള്ള മാറ്റം അനിവാര്യമാണ്. കർത്താവിൽനിന്ന് മോചിതരായ വായനക്കാരുടെ ലക്ഷ്യം അതുതന്നെയാവണം. ഇലക്ട്രോണിക് മാദ്ധ്യമരംഗത്ത് ഈ മാറ്റം ഇപ്പോൾത്തന്നെ പ്രകടമാണ്. കാഴ്ചക്കാരനും കേൾവിക്കാരനും പങ്കില്ലാത്ത മാദ്ധ്യമരൂപങ്ങളേക്കാൾ ഇന്ന് പ്രേക്ഷകർക്കും ശ്രോതാക്കൾക്കും കൂടുതൽ താല്പര്യം തങ്ങൾക്കുകൂടി പങ്കെടുക്കാൻ കഴിയുന്ന 'ഇന്റർ ആക്റ്റീവ്' പരിപാടികളാണ്. ഫോൺ ഇൻ ഫോൺ ഔട്ട് പരിപാടികൾ ഉദാഹരണം. 'ഇൗ ക് ബോക്സ്' എന്ന പേരിലറിയപ്പെടുന്ന ഫോൺ ഇൻ പരിപാടിയിൽ പ്രേക്ഷകർക്ക് ഇഷ്ടമുള്ള പരിപാടി കേൾക്കാനും കാണാനും സൗകര്യമുണ്ട്.

ഭാവിയിലെ ആഖ്യാനരൂപങ്ങൾ പുതിയൊരു വരേണ്യതയെയും സ്വപക്ഷത്തെയും സൃഷ്ടിക്കുമോ? അതോ, ശുഭാപ്തിവിശ്വാസികളായ അൽവിൻ റ്റോഫ്ലറെപ്പോലുള്ളവർ സ്വപ്നം കാണുന്നതുപോലെ ഇലക്ട്രോണിക് ഹോക്ലോർ രൂപംകൊള്ളുമോ? കാത്തിരുന്നു കാണാം. ഒന്നുറപ്പാണ്. എഴുത്തിന്റെ മുഖ്യപദവി നഷ്ടപ്പെടുകയാണ്. ആർക്കും മുഖ്യപദവിയില്ലാത്ത, വികേന്ദ്രീകൃതമായ സാംസ്കാരിക ഭൂപടം നമുക്കുമുൻപിൽ പ്രത്യക്ഷപ്പെടുകയാണ്.

നഗ്നസത്യം

ബാലചന്ദ്രൻ ചുള്ളിക്കാട്

കുശിനഗരത്തിൽനിന്നും
വടക്കോട്ടു നീണ്ടു പാത
കടുകുപാടങ്ങളുടെ നടുവിലൂടെ.

കപിലവസ്തുവിലേയ്ക്കു
കാൽനട പോകുന്ന ഭിക്ഷു
കനലെരിവെയിലത്തു തളർന്നുപോയി.

പുല്ലുമേഞ്ഞ കുടിലൊന്നിൻ
മുന്നിലെത്തിനിന്നു- ചുറ്റും
ഇല്ലൊരാളും- ഉള്ളിലേയ്ക്കു നോക്കിവിളിച്ചു:

"ജീവിതത്തിൻ ഗൂഢസത്യം
തേടും ലോകപാന്ഥനീ ഞാൻ;
ദാഹം മാറ്റാനൊരു കുമ്പിൾ വെള്ളം തരണേ."

കുടിലിന്നകത്തുനിന്നും
കുയിലൊച്ചപോലെയൊരു
തരുണിതൻ മറുമൊഴിയൊഴുകിവന്നു:

"നാണം മറയ്ക്കുവാനൊരു
കീറത്തുണിപോലുമില്ല;
ഞാനെങ്ങനെ മുന്നിൽവന്നു വെള്ളം തരേണ്ടൂ?"

പരക്ലേശവിവേകിയാം
ശരണസഞ്ചാരിയുടെ
മിഴിയിൽ വൈശാഖസൂര്യൻ കരിഞ്ഞുപോയി.

ഉണ്ണായിയും അഗ്നിയിൽ ഹോമിച്ചവരുടെ കഥയും

കെ.ദിലീപ്കുമാർ

പരേതാത്മാക്കളുടെ ലോകത്തിലെ വെളിച്ചം കുറഞ്ഞ ഒരിടനാഴി.

വലിയ പ്രകാശമൊന്നുമില്ലാത്ത ഒരു ബൾബ് എരിയുന്നുണ്ട്. ജനാലയിൽ ഇളംനിറത്തിലുള്ള കട്ടികുറഞ്ഞ വിരികളുണ്ട്. കാറ്റിൽ ജാലകവിരികൾ ചെറുതായി ഉലയുന്നു.

അലസരായ പെൺകുട്ടികൾ ജാലകം തുറന്ന് വെളിയിലൂടെ അലയുന്ന മേഘങ്ങളിലേയ്ക്ക് നോക്കിനിൽക്കുന്നു. ചിലപ്പോൾ അഴികൾക്കിടയിലൂടെ കൈയിട്ട് ഒരു തുണ്ടു മേഘത്തിനെ മുറിക്കുള്ളിലേയ്ക്ക് പിടിച്ചടുപ്പിക്കുന്നു. മേഘത്തുണ്ടുകളിൽ തൂളുമ്പിനിൽക്കുന്ന ജലകണങ്ങൾ ഇടനാഴിക്കുള്ളിൽ സ്വപ്നങ്ങളുടെ പരവതാനി വിരിക്കുന്നു.

ഈ പെൺകുട്ടികളൊക്കെ കമിതാക്കളാൽ കൊല ചെയ്യപ്പെട്ടവരാണ്. ഇടനാഴിയുടെ മങ്ങിയ വെളിച്ചത്തിൽ അവരുടെ പ്രണയത്തിന്റെ ആർദ്രത അവശേഷിപ്പിക്കുന്ന ദൃശ്യങ്ങൾ ഇപ്പോഴുമുണ്ട്.

നോക്കൂ... നിലക്കണ്ണാടിയിൽ പതിപ്പിച്ചുവച്ച സ്റ്റിക്കർപൊട്ടുകൾ. ചുമരിൽ പതിപ്പിച്ചുവച്ചിരിക്കുന്ന കുതിരകളുടെയും സിനിമാനടന്മാരുടെയും ചിത്രങ്ങൾ. മറ്റൊരു ചിത്രത്തിന്റെ മറവിലായി ഒളിപ്പിച്ചുവച്ചിരിക്കുന്ന നഗ്നരും പ്രണയാർദ്രരുമായ രണ്ടുപേരുടെ യൗവനകാന്തി. മേശമേൽ ചിതറിക്കിടക്കുന്ന ചാന്തിക്കിന്റെയും ഫെയർ ആന്റ് ലൗവ്‌ലിയുടെയും കസ്തൂരിമഞ്ഞളിന്റെയും സമ്മിശ്രത. പലതരം ചീപ്പുകൾ. മാലകൾ. വളകൾ. കണ്ണാടികൾ. സ്ലൈഡുകൾ. കൗതുകവസ്തുക്കൾ. പിന്നെയും പലതരം സൗന്ദര്യവർദ്ധകസാധനങ്ങൾ... മാതാ അമൃതാനന്ദമയിയുടെയും ശ്രീകൃഷ്ണന്റെയും ശിവന്റെയും ചിത്രങ്ങൾ. ഒരു ചെറിയ വിളക്ക്. ചന്ദനത്തിരി കത്തിച്ചുവയ്ക്കാനുള്ള ആനയുടെ ശില്പം.

ഒരു പെൺകുട്ടി ഇരുണ്ടതും ഏകാന്തവുമായ കിണറിന്റെ നിശ്ശബ്ദതയിലേയ്ക്ക് പൂവിനുചുറ്റും ശലഭമെന്നപോലെ മെല്ലെ പാറിപ്പറക്കുന്നു. കിണറിന്റെ ഇരുട്ട്. അതിന്റെ വക്കുകളിലെ പൊട്ടിയ പടവുകൾ...

വേശ്യാലയത്തിന്റെ പടവിലിരുന്ന് കർട്ടനപ്പുറത്തെ ഇടനാഴിയിലൂടെ നടന്നുപോകുന്ന ആന്റിയുടെ ചലനങ്ങളിലേയ്ക്ക് മറ്റൊരുവൾ നോക്കി. കലക്കവെള്ളം പതഞ്ഞൊഴുകുന്നു. ചെളിയും രക്തവും. ജീവിതവും കലർന്ന മലിനജലം. നിലയ്ക്കാത്ത മഴ...

അനാഥാലയത്തിന്റെ ഇരുണ്ട നിഴലുകൾക്കിടയിലൂടെ ഒരു പെൺകുട്ടി നടന്നുപോകുന്നു. അച്ഛനോ അമ്മയോ സഹോദരങ്ങളോ ഇല്ലാത്ത അവൾക്ക് കൂട്ടായി അനാഥാലയത്തിലെ അങ്കിളുണ്ട്. അങ്കിളിന്റെ കൈയിൽ എപ്പോഴും കരുതിവയ്ക്കാറുള്ള ചിരിക്കുന്ന കളിവടിയുണ്ട്. കളിവടിയിൽ ഒന്നു തൊട്ടാൽ മതി. അത് പൊട്ടിച്ചിരിക്കും. അനാഥാലയത്തിന്റെ നിഴലുകൾ പടർന്ന ഉച്ചകളിൽ ആ വടിയുമൊത്ത്. പൊട്ടിച്ചിരിയുമൊത്ത്...

ഇങ്ങനെ പെൺകുട്ടികൾ എല്ലായിടത്തുമുണ്ട്. ചിലപ്പോൾ അവർ ചിരിക്കും. ചിലപ്പോൾ കരയും. കരച്ചിലും ചിരിയുമില്ലാതെ മേഘമായി പറക്കും.

♣

പർവേസ് മുഷാറഫ് പറഞ്ഞു:

കുട്ടികളെ. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. എനിക്ക് നിങ്ങളോട് ചിലത് പറയുവാനുണ്ട്. നിങ്ങൾ ചതിക്കപ്പെട്ടവരാണ്. ഉപേക്ഷിക്കപ്പെട്ടവരാണ്.

നിങ്ങളെ വഞ്ചിച്ചവർ ഇപ്പോഴും ജീവിതം തുടരുകയാണ്. അവരെ ആരും ശിക്ഷിക്കുന്നില്ല.

ഒരു പെൺകുട്ടി ചോദിച്ചു: അങ്ങ് ഞങ്ങളെ എങ്ങനെയാണ് സഹായിക്കുക?

മുഷാറഫ്: നിങ്ങൾക്ക് വേണ്ടത് സ്നേഹമാണ്. അത് ഞാൻ നിങ്ങൾക്ക് തരും. നിങ്ങൾക്ക് വേണ്ടത് സുരക്ഷിതത്വമാണ്. അത് ഞാൻ നിങ്ങൾക്ക് തരും. നിങ്ങൾക്ക് വേണ്ടത് സ്വപ്നങ്ങളാണ്. അതും ഞാൻ നിങ്ങൾക്ക് തരും.

പിന്നെ പർവേസ് മുഷാറഫ് ചിരിച്ചു.

അപരിചിതമായ ആ ചിരിയിലേയ്ക്ക് അമ്പരപ്പോടെ പെൺകുട്ടികൾ നോക്കിനിന്നു.

കുട്ടികളെ! അതിർത്തിയിൽ അസ്വസ്ഥത തുടരുകയാണ്. രാജ്യത്തിനുള്ളിൽ ബേനസീർ പ്രശ്നങ്ങളുണ്ടാക്കുന്നു. തീവ്രവാദികൾ പലപ്പോഴും എന്റെ നിയന്ത്രണത്തിന് അപ്പുറമാണ്. ഇന്ത്യ നമുക്കുനേരെ സദാ എരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു അഗ്നിപർവ്വതമാണ്.

പെൺകുട്ടികൾ പറഞ്ഞു:

സാഹിബ്! ഞങ്ങൾക്ക് രാജ്യങ്ങളില്ലല്ലോ. ഞങ്ങൾക്ക് അതിരുകളില്ല. മേഘങ്ങൾക്കിടയിലൂടെ ഞങ്ങളുടെ രാജ്യം എപ്പോഴും സ്വതന്ത്രമായിക്കൊണ്ടിരിക്കുന്നു.

മുഷാറഫ് ചിരിച്ചു. അതേ. അതെ. ഞാനും അതുതന്നെയാണ് പറയുന്നത്. നിങ്ങൾ മിടുക്കികളാണ്. നിങ്ങൾ സുന്ദരികളാണ്. നിങ്ങളെ കരുത്തും സൗന്ദര്യവുമുള്ള ചെറുപ്പക്കാർക്ക് ഞാൻ വിവാഹം ചെയ്തുകൊടുക്കും. ഇതുകേട്ട് ഒരു പെൺകുട്ടി ഉറക്കെ കരഞ്ഞു.

പ്രസംഗം നിർത്തി കുറച്ചുനേരം മുഷാറഫ് പതറിനിന്നു. എന്നിട്ട് ശൂന്യതയിലേയ്ക്കെന്ന വണ്ണം ചോദിച്ചു. ആ പെൺകുട്ടി എന്തിനാണ് കരയുന്നത്.

മുഷാറഫിന്റെ കൂട്ടുകാരൻ പറഞ്ഞു: ചില പെൺകുട്ടികൾ അങ്ങനെയാണ് കാരണമില്ലാതെ കരയും.

തമാശക്കാരികൾതന്നെ. എന്നു ചിന്തിച്ചശേഷം മുഷാറഫ് ചെറുശബ്ദത്തോടെ കരയുവാൻ തുടങ്ങി.

പെൺകുട്ടികൾ ആ കരച്ചിലിലേയ്ക്ക് ഉറ്റുനോക്കിക്കൊണ്ട്. വിളക്കിലേയ്ക്ക് ഈയാംപാറ്റകളെന്നപോലെ പറന്നടുക്കുവാൻ തുടങ്ങി.

മുഷാറഫ് പറഞ്ഞു: നിങ്ങളെക്കുറിച്ചോർക്കുമ്പോൾ എനിക്ക് ഉറക്കം വരുന്നില്ല. ഉന്മേഷമില്ല. ഇന്ത്യയാണെങ്കിൽ തക്കംനോക്കി കാത്തിരിക്കുകയാണ്. ബേനസീറും അതുപോലെതന്നെ. അതുകൊണ്ടാണ് ഈ തിരക്കിനിടയിൽ നിങ്ങളെക്കുറിച്ച് പലപ്പോഴും ഓർമ്മിക്കുവാൻ കഴിയാത്തത്.

പെൺകുട്ടികൾ പറഞ്ഞു: അതേ അതേ സാഹബ്. ഒഴിവുവേളകളിൽ എപ്പോഴെങ്കിലുമൊക്കെ ഞങ്ങളെ ഓർത്താൽ മതി. ഓർക്കുക വല്ലപ്പോഴും...

മൈക്ക് ഓപ്പറേറ്റർ ഇതൊന്നും ശ്രദ്ധിക്കാതെ വെറുതെ മൂളുകയായി.

2. "എന്തുമാകട്ടെ. -പക്ഷേ.-
യവിടേയ്ക്കെറിയുന്നു.
രണ്ടു വാക്കുകൾ ഞാനും
ഓർക്കുക വല്ലപ്പോഴും."

മുഷാറഫ് പറഞ്ഞു. ഏതായാലും അത്താഴത്തിന് സമയമായി. ഞാൻ നിങ്ങൾക്ക് അത്താഴമൊരുക്കിയിട്ടുണ്ട്. എന്റെ എളിയ സൽക്കാരം സ്വീകരിച്ചാലും.

പെൺകുട്ടികൾ ഓരോരുത്തരായി അത്താഴമേശയ്ക്കു മുന്നിലേയ്ക്കു നടന്നു. ചിറകില്ലാത്തവർ, ചിറകറ്റവർ. ചിറകു കരിഞ്ഞവർ. അവർ അത്താഴമേശയിലേയ്ക്കു അച്ചടക്കത്തോടെ വരിവരിയായി നടന്നുചെന്നു.

തിൻവിഭവങ്ങളുടെ നിറത്തിലും തരത്തിലും ഗന്ധത്തിലും സമ്പന്നതയിലും അവർ വിഭ്രമിച്ചു. മുറിയിലെ പലനിറമുള്ള വെളിച്ചത്തിലൂടെ ആ പെൺകുട്ടികൾ ചെറുപക്ഷികളെപ്പോലെ സഞ്ചരിച്ചു.

നീലവെളിച്ചത്തിൽ തിളങ്ങുന്ന സ്വന്തം നീലമുല കൂട്ടുകാരിക്ക് കാട്ടിക്കൊടുത്ത് ഒരു പെൺകുട്ടി സംതൃപ്തയായി.

മുഷറഫ് ചിരിച്ചുകൊണ്ട് അവരോടു പറഞ്ഞു. ഭക്ഷണം എങ്ങനെയുണ്ട്? കുട്ടികളേ. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളെ ഓർത്ത് ഞാൻ ദുഃഖിക്കുന്നു. എന്റെ അമ്മയും നിങ്ങളെപ്പോലെ ഒരു പെൺകുട്ടിയായിരുന്നു.

ഒരു പെൺകുട്ടി മറ്റൊരുവളുടെ അടിവയറ്റിൽ വിരലോടിച്ചുകൊണ്ട് ചോദിച്ചു. ബേനസീറും ഒരു പെൺകുട്ടിയാണോ?

മുഷറഫ് അതു കേട്ടില്ല. ബേനസീറും അതുകേട്ടില്ല. എന്തിന് പറഞ്ഞ പെൺകുട്ടിയും കേട്ട പെൺകുട്ടിയും ഭക്ഷണത്തിന്റെ ബഹളത്തിനിടയിൽ അക്കാര്യം മറന്നു.

♣

മന്ഥര ചിരിച്ചു.

കറുത്ത വസ്ത്രങ്ങളും കുന്നും കാലത്തിലൂടെയുള്ള സഞ്ചാരഭാവവുമായി അവൾ നിന്നു.

ഞാൻ മന്ഥര. കൈകേയി എന്റെ കൂട്ടുകാരി. ഞാൻ അവളെ സ്നേഹിച്ചു. അവളോട് സത്യം പറഞ്ഞു. അവർ എനിക്ക് കറുത്ത വസ്ത്രങ്ങൾ നൽകി. മുതുകിൽ കൂന്. മനസ്സിൽ ചിലന്തിവലകൾ... എല്ലാം അവർ നൽകിയത്.

കുട്ടികളേ. നിങ്ങളെപ്പോലെ ഞാനും ചതിക്കപ്പെട്ടവളും ഉപേക്ഷിക്കപ്പെട്ടവളുമാണ്. നമ്മളെപ്പോലെ ചതിക്കപ്പെട്ട മറ്റൊരുവളാണ് സീത. അങ്ങനെ പല കഥകളുണ്ട്.

അതൊക്കെ പറയാൻ ഞാനാര്?

എന്നാൽ യുക്തിയുക്തമായി ചിന്തിക്കുന്നതും സംസാരിക്കുന്നതും നുണപറച്ചിലാകുന്നത് എങ്ങനെയെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

കൈകേയി എന്റെ കൂട്ടുകാരിയാണ്. അവൾ സുന്ദരിയാണ്. കേകയ രാജാവിന്റെ പുത്രി. ദശരഥ മഹാരാ[illegible] ഞാൻ, നന്മ [illegible] ധർമ്മ[illegible] [illegible]ള [illegible]രു പെണ്ണിന് [illegible] അവൾ പറയുന്നു. ചില പ്പോൾ ചില ആണുങ്ങൾക്കും അതു വേണ്ടെന്ന് അവർ പറഞ്ഞേക്കാം. യുക്തി ചിലർക്കുമാത്രം അവകാശപ്പെട്ടതാണെന്ന് അവർ കരുതുന്നു.

എന്റെ കൂട്ടുകാരിയോട് ഞാൻ സത്യം പറഞ്ഞു. യുക്തിപൂർവ്വം ജീവിതത്തിൽ ഇടപെടാൻ ഉപദേശിച്ചു. ഇതൊന്നും തെറ്റാണെന്ന് ഞാൻ സമ്മതിക്കില്ല. ശ്രീരാമനോടോ ഭരതനോടോ ദശരഥനോടോ അല്ല, എനിക്ക് കൂറ്. കൈകേയി എന്നെ[illegible] നെങ്കിൽ നിങ്ങൾ [illegible] വന്നുചേരേണ്ടിവരുമ[illegible] പറയും.

നമുക്ക് ഒരുമിച്ച് ഒരു നൃത്തം [illegible]ാം. കളെ. നമുക്കൊരുമിച്ച് ഒരു നൃത്തം [illegible]ാം.

നമ്മുടെയൊക്കെ ഹൃദയത്തിന്റെ താ[illegible] ഒരു പോലെയാണ്. ഉപേക്ഷിക്കപ്പെട്ടവരുടെ താളം. അപമാനിക്കപ്പെട്ടവരുടെ താളം.

നോക്കൂ... നൃത്തം മുറുകുകയാണ്. ഇനി ഞാനെന്റെ കറുത്ത വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നു. മുതുകിലെ കൂനിനെയും. കാലം ചോർത്തിത്തന്ന കളങ്കങ്ങളെയും ഉപേക്ഷിക്കുന്നു.

എന്റെ കൂന് ഇല്ലാതാകുവാൻ ഒരു രാജകുമാരന്റെയോ ദേവന്റെയോ സ്പർശനത്തിനായി ഞാൻ കാത്തിരിക്കുവാൻ പോകുന്നില്ല.

നമുക്ക് നൃത്തം ചെയ്യാം.

നമ്മളിപ്പോൾ എല്ലാം മറക്കുകയാണ്. രാത്രിയുടെ പുതപ്പുപോലെയൊന്ന് നമുക്കുമേൽ സുതാര്യമായി പടരുന്നു. നമ്മുടെ ദുഃഖങ്ങൾ കൂടിക്കലരുന്നു. പരസ്പരം കൂടിക്കലർന്ന് ഒരു നദിയായി നമ്മൾ ഒഴുകുന്നു. കാലത്തിന്റെ തീരത്തിയോടുമാത്രം.

എന്റെ കറുത്ത ചേലയ്ക്കുമേൽ കൈകേയി പുതുവർണ്ണങ്ങളും സുഗന്ധവും വിതറിയത്... പൂക്കൾ വിതറിയത്... എന്റെ കൂനിൽ അവൾ സ്പർശിച്ചത്... ഹാ... സ്നേഹത്തെ ആരാണ് ഇഷ്ടപ്പെടാത്തത്...

കൈകേയിയുടെ വിരലുകൾ മൃദുലമായിരുന്നു. അവളുടെ കണ്ണുകളിൽ കുലീനമായ പ്രകാശമുണ്ടായിരുന്നു. ചുണ്ടിനുമുകളിലെ നനുത്ത രോമരാജികളിൽ വിയർപ്പിൻതുള്ളികൾ അലസ

...നിരങ്ങിയാണ് ...പിച്ച ...തുത്തത്തി ...ഈ നൃത്തം നമ്മു ...ഴയ നമ്മുടെ ഗദ്ഗദം. ...മാത്രമാണ് നൃത്തത്തിൽ കുടിക്കലർ ...ന്നാഴുകിയ കുട്ടികൾക്ക് അവരുടെ ഭൂതകാല ത്തിന്റെ ഭാരം നഷ്ടമായി.

ഒരർത്ഥത്തിൽ നമ്മളൊക്കെയും കുബ്ജക ളാണ് അല്ലേ... ഒരുവൾ കൂട്ടുകാരിയോട് ചോദി ച്ചു.

അതെ. നമ്മളൊക്കെയും കറുത്ത വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു- കൂട്ടുകാരി മറു പടി പറഞ്ഞു. നമ്മളൊക്കെ നുണ പായുന്നവ രാണെന്ന് അവർ പറയും.

ഇല്ല. നാമത് സമ്മതിച്ചുകൊടുക്കില്ല. നമ്മൾ നർത്തകികളാണ്. പുഴയിലെ ഒഴുക്കുന്ന ഇലമാ ണ്. കാറ്റിന്റെ ദേവന് കടന്നുവന്ന് നമ്മുടെ ശരി രാവസ്ഥപ്പെടാനാവില്ല.

സത്യം പറയുന്നവർ, ധർമ്മത്തിൽനിന്ന് വ്യ തിചലിക്കാതിരിക്കുന്നവർ. ഇവരൊക്കെ കു ബ്ജകളായി മാറുന്നതെന്താണ്?... കാറ്റിന്റെ ദേ വന് ഇതിലൊക്കെ ഇടപെടാൻ എന്തധികാരം?

♣

ഭിക്ഷക്കാരി യാചിച്ചു.

എന്തെങ്കിലും തരുമോ? മക്കളേ! എന്തെങ്കി ലും തരുമോ? വിശപ്പും ദാഹവും സഹിക്കാൻ മേല. വിശപ്പുകൊണ്ട് കണ്ണുകാണുന്നില്ല. എന്തെ ങ്കിലും...

പെൺകുട്ടികളിലൊരുവൾ പറഞ്ഞു. ഇല്ല. ഒന്നുമില്ല. തള്ളയെ ഇവിടേയ്ക്ക് കടത്തിവിട്ടതാ രാണ്! മുൻവശത്തെ വാതിൽ തുറന്നിടരുതെന്ന് എപ്പോഴും പറയാറുള്ളതാണ്. ആരു കേൾ ക്കാൻ!

ഭിക്ഷക്കാരി ദീനമായ നോട്ടവുമായി ഇടനാ ഴിയിലെ നിഴലുകൾക്കിടയിൽ ചടഞ്ഞിരുന്നു.

കണ്ണാടിയിൽനോക്കി സ്വന്തം മുഖത്തിന്റെ അഭിരമിക്കുകയായിരുന്നു. ഒരു പെൺകുട്ടി. അവൾ ഭിക്ഷക്കാരിയെ അവജ്ഞയോടെ നോ ക്കി. പിന്നെ മംഗിഷിൽ മൊഴിഞ്ഞു: എന്നിനാ വെറുതെ ശവം കലയുന്നേ? ആരെങ്കിലും വന്ന വയിയേ തന്നെ പോയിക്കേ.

പോകാനാവതില്ല മക്കളേ... വിശപ്പാ... രണ്ടു ദിവസമായി എന്തെങ്കിലും കഴിച്ചിട്ട്.

അന്യാദൃശനിക കവി
കിടങ്ങാട്ട് കൊച്ചിയുടെ
നാറാണത്തുഭ്രാന്തൻ
(കാവ്യ സമാഹാരം)
മുഖവില : രൂപ 300/-
പ്രീ പബ്ലിക്കേഷൻ സൗജന്യം
ഒന്നിച്ചടച്ചാൽ **രൂ. 150/-** (500 പേർക്ക് മാത്രം)
ഡിമൈ 1/8. 600-ൽ പരം പേജുകൾ
344 കവിതകൾ - മൾട്ടികളർ കവർ
ബുക്കിംഗ് തുടരുന്നു
എം.ഒ./ഡി.ഡി. അയയ്ക്കുക:-
മാനേജർ, അമ്പാടി ബുക്സ്
കൈതവന. സനാതനപുരം P.O., ആലപ്പുഴ

ഒരുനിമിഷം ഒന്നും മിണ്ടാതെ അവൾ നിന്നു. ...ിച്ചു... എന്താ ...വരുതെ ആരെങ്കിലു... ...ത്ത് ഇഷ്ടംപോലെ പണിയെടുത്താ.

ഒന്നിനും ആ... തള്ളയ്ക്ക് മക്കളില്ലേ?

മക്കളെക്കൊണ്ട് എന്ത് പ്രയോജനം... അവ രായി അവരുടെ പാടായി. എന്നെ ആർക്കും വേണ്ട മക്കളേ.

വെറുതെ അതുമിതും ചോദിക്കാതെ, അവരെ പറഞ്ഞുവിടാൻ നോക്ക്.

മക്കളേ. എന്തെങ്കിലും...

ഇവിടെ ഒന്നുമില്ല. അമ്മച്ചിയെ ആരാണ് ഇങ്ങോട്ട് കടത്തിവിട്ടത്...

വാതിൽ തുറന്നുകിടന്നിരിക്കും.

കിഴവി ഇരിക്കുന്നതിന്റെ അടുത്തുകൂടിപ്പോ ലും നടക്കാൻ മേല... ഭയങ്കര നാറ്റം...

സൂക്ഷിച്ചോണം. കണ്ണൊന്നുതെറ്റിയാൽ എന്തെങ്കിലും അടിച്ചുമാറ്റി. ഒന്നുമറിയാത്ത മട്ടിൽ നടന്നുകളയും.

കഴിഞ്ഞദിവസം എന്റെ പുതിയ ക്യൂട്ടക്സ് ഇങ്ങനെ കാണാതായി.

ഫ്രതിക് റോഷന്റെ ഒരു ഫോട്ടോ ഞാൻ ഈ ചുമരിൽ ഒട്ടിച്ചുവച്ചതും കാണാനില്ല.

പർവേസ് മുഷറഫ് സാബ് എനിക്ക് സമ്മാ നിച്ച വൈരക്കൽ മോതിരം. ഞാനെന്റെ മേശവ ലിപ്പിനുള്ളിൽ വച്ചിരുന്നതാണ്. മേശ പൂട്ടിയിരു ന്നതുമാണ്. പക്ഷേ. അതിപ്പോൾ അവിടെയില്ല.

മന്ഥരചേച്ചിതന്ന ചുംബനം എനിക്ക് നഷ്ട പ്പെട്ടുപോയി.

പഴയ ഓർമ്മകളും അതിന്റെ മാധുര്യവും എനിക്ക് നഷ്ടപ്പെട്ടു.

നമുക്കിവരെ അടിച്ചുപുറത്താക്കാം.

എന്റെ ഗർഭത്തിൽ വളരുകയായിരുന്ന കുഞ്ഞ് കാണാതായിരിക്കുന്നു. ഞാനവനെ എത്ര സ്നേഹിച്ചതാണ്!

ഈ കിഴവിയെ ഇനിയുമിങ്ങനെ സഹിക്കേ ണ്ടതില്ല. ഞാൻ പൊലീസിനെ വിളിക്കും.

എന്തിനാ മക്കളെ? എന്തെങ്കിലും വിശപ്പിന് തന്നാൽ മതി.

ഒന്നുമില്ലെന്ന് പറഞ്ഞില്ലേ. തള്ളയ്ക്ക് ചെവി കേൾക്കില്ലേ?

അക്ഷമയുടെ ആക്രോശം നിറഞ്ഞ ശബ്ദ ങ്ങൾ പെരുകി.

നാറുന്ന ഭാണ്ഡക്കെട്ടും പതറുന്ന കാൽവ യ്പുകളുമായി. കണ്ണിന്റെ അഗാധതയിൽ കണ്ണീ രിന്റെ നനവോടെ വൃദ്ധ നടന്നുതുടങ്ങി. ഇടനാ ഴിയുടെ അങ്ങേയറ്റമെത്തിയപ്പോൾ അവരൊന്നു തിരിഞ്ഞുനോക്കി.

♣

ഇടനാഴിയിൽ സായാഹ്നത്തിന്റെ നിഴൽ പ തിക്കവേയാണ് ഗർഭിണിയായ കുമാരി വന്നത്. ഓമനയായ ഒരു പെൺകുട്ടി.

ത്രസിക്കുന്ന ശരീരവും മനസ്സും. മനോഹര മായ മുഖം. കൗമാരത്തിന്റെ കണ്ണുകൾ. മാഞ്ഞി ട്ടും മായാൻ മടിക്കുന്ന ചിരി. വീട്ടിൽനിന്നും പു റത്താക്കപ്പെട്ട ഒരു നങ്ങേമക്കുട്ടിയായിരുന്നു അവൾ.

ഇടനാഴിയിലെ പെൺകുട്ടികൾ, പുതിയ കു മാരിയെ ലാളിച്ചു. ഗർഭിണിയായ അവൾ അവ രിലോരോരുത്തരുടെയും മുഖത്ത് മുഖമുരസി, അവരെ ആനന്ദിപ്പിച്ചു.

സത്യത്തിൽ അവരെയെല്ലാവരെയും അവൾ സ്നേഹിക്കുന്നുണ്ട്.

ഒരുവൾ പുതിയ കുമാരിക്ക് ഐസ്ക്രീം നൽ കി. ഒരുവൾ സ്പെൻസറിൽനിന്ന് വാങ്ങിയ പു തുപുത്തൻ ഇംപോർട്ടഡ് ഫ്രൂട്ടുകൾ നൽകി.

കുമാരി അതൊക്കെ രുചിയോടെ കഴിച്ചു.

അവൾ അരുമയായ ചലനങ്ങളോടെ അത് തിന്നുന്നതുകണ്ട്, ഇടനാഴിയിലെ പെൺകുട്ടി കൾ പൊട്ടിച്ചിരിച്ചു.

നങ്ങേമക്കുട്ടിയും പൊട്ടിച്ചിരിക്കുകയായി.

കുസൃതികൾ. തമാശകൾ. എല്ലാം ഇടനാഴി ക്കുള്ളിൽ നിറഞ്ഞു.

പഴയ പ്രണയത്തിന്റെയും വഞ്ചനയുടെയും നാളുകൾ, ഏവർക്കും മറക്കാനായി.

നനുത്ത പ്രകാശവും മധുരഗന്ധവുമുള്ള ഒരു ലോകം വിടരുന്നതുപോലെ...

നങ്ങേമക്കുട്ടിയെ കെട്ടിപ്പിടിച്ചുറങ്ങുവാനും ചുംബിക്കുവാനും പെൺകുട്ടികൾ മത്സരിച്ചു.

ആരോടും പറയാനാവാത്ത രഹസ്യങ്ങൾ ആ പെൺകുട്ടികൾ. നമ്മുടെ കുമാരിയോട് പറഞ്ഞു. അവൾക്ക് അവരോട് പറയുവാനും രഹസ്യങ്ങ ളുണ്ടായിരുന്നു.

ഇതിന്റെയൊക്കെ അവസാനം. നിഴൽവീണ ഒരു രാത്രിയായിരുന്നു. കാലുകൾക്കിടയിൽ രക്ത വും കവർന്നെടുക്കപ്പെട്ട ഭ്രൂണവുമായി നങ്ങേ മക്കുട്ടി കിടന്നു. അവളുടെ ബോധത്തിന്റെ തളി രിലകൾ വാടി.

അതായിരുന്നു അവരും നങ്ങേമക്കുട്ടിയും തമ്മിൽ പങ്കുവച്ച അവസാനത്തെ രഹസ്യം.

പെൺകുട്ടികൾ ആ രാത്രിയിൽ. അവരവ രുടെ കിടക്കകളിൽ നഗ്നരായി കിടന്നുറങ്ങി. ഉറ ക്കത്തിൽ നങ്ങേമയെക്കുറിച്ചുള്ള സ്വപ്നങ്ങളിൽ മുഗ്ദ്ധരായി.

പിറ്റേന്ന് പ്രഭാതത്തിൽ ഇടനാഴിയിൽ കുറേ എല്ലുകളും കുറച്ചു മുടിയും ബാക്കിയായി.■

1. സുപ്രസിദ്ധമായ ബൃഹത്ത്കഥയുടെ. കർത്താവാ ണ് ഗുണാഢ്യൻ. പൈശാചി ഭാഷയിൽ ഏഴുഭാഗ ങ്ങളിലായി ഏഴുലക്ഷം ശ്ലോകങ്ങളിൽ ബൃഹത്ത്കഥ രചിക്കപ്പെട്ടു. ഗ്രന്ഥം സ്വന്തം രക്തത്തിലായിരുന്നു ഗുണാഢ്യൻ ലേഖനം ചെയ്തത്. ബൃഹത്ത്കഥ. ശാ തവാഹന രാജാവിന് സമർപ്പിക്കപ്പെട്ടു. ഹീനമായ പൈശാചി ഭാഷയിൽ രചിച്ചിരുന്നതും രക്തത്തിൽ ആലേഖനം ചെയ്തിരുന്നതുമായ ഗ്രന്ഥം രാജാവ് തി രസ്കരിച്ചു. അപമാനിതനായ ഗുണാഢ്യൻ ഗ്രന്ഥം അഗ്നിയിൽ ദഹിപ്പിക്കാൻ തുടങ്ങി. ആറുഭാഗങ്ങൾ അദ്ദേഹം അഗ്നിക്ക് സമർപ്പിച്ചു. ഒരു ലക്ഷം ശ്ലോക ങ്ങളടങ്ങിയ അവസാനഭാഗം അഗ്നിക്കു സമർപ്പിക്കു ന്നതിൽനിന്ന് പശ്ചാത്താപഭരിതനായ ശാതവാഹന രാജാവ്, ഗുണാഢ്യനെ തടഞ്ഞു. ബൃഹത്ത്കഥയുടെ അവശേഷിച്ച ഭാഗം സോമദേവൻ സംസ്കൃതത്തിലേ യ്ക്ക് ഭാഷാന്തരം ചെയ്തു. ആ ഭാഷാന്തരമാണ് പ സിദ്ധമായ. കഥാസരിത്സാഗരം.

2. പി.ഭാസ്കരന്റെ 'ഓർക്കുക വല്ലപ്പോഴും' എന്ന ക വിതയിൽനിന്ന്.

50

കറന്റ് ബു... ...ർണ ജൂബി...
ആഘോ... ...ൾ

കോഴിക്കോട്, 2002 മെയ് 31, ജൂൺ 1

പ്രിയ സുഹൃത്തേ,

1952 ജൂൺ 2-ന് ആരംഭിച്ചതും 1977 നവംബർ മുതൽ ഡി സി കിഴക്കെമുറി സാരഥ്യം ഏറ്റെടുത്ത് വളർത്തി വലു ...ാക്കിയതുമായ മഹാസ്ഥാപനം - കറന്റ് ബുക്സ് സുവർണജൂബിലി കൊണ്ടാടുകയാണ്. 2002 മെയ് 31, ജൂൺ 1 എന്നീ തീയതികളിലായി കോഴിക്കോട് ബഷീർ നഗരി (ടൗൺ ഹാൾ), പൊറ്റെക്കാട്ട് നഗരി (ടാഗോർ സെന്റിനറി ഹാൾ) എന്നിവിടങ്ങളിലായി കേരളത്തിലെ പ്രമുഖ സാഹിത്യകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന വിവിധ സാഹിത്യസമ്മേളനങ്ങളിലും, കലാപരിപാടികളിലും നിങ്ങളോരോരുത്തരും സുഹൃദ്സമേതം പങ്കെടുക്ക ണമെന്നു സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

രവി ഡീ സി
മാനേജിങ് പാർട്ണർ

കാര്യപരിപാടി

2002 മെയ് 31, വെള്ളി (വൈകിട്ട് 4 മണി)
സ്ഥലം: ബഷീർ നഗരി (ടൗൺ ഹാൾ)
പ്രഥമ ജൂബിലി സമ്മേളനം
പങ്കെടുക്കുന്നവർ: **എം. പി. വീരേന്ദ്രകുമാർ, എം. വി. ദേവൻ, സി. രാധാകൃഷ്ണൻ, യു. എ.ഖാദർ, യു. കെ. കുമാരൻ ,അക്ബർ കക്കട്ടിൽ, കെ. പി. രാമനുണ്ണി**
വള്ളത്തോൾ അനുസ്മരണസമ്മേളനം
സമയം: വൈകിട്ട് 5.15-ന്
പങ്കെടുക്കുന്നവർ **പ്രൊഫ. ഒ. എൻ. വി. കുറുപ്പ്, അക്കിത്തം, പ്രൊഫ. വി. മധുസൂദനൻ നായർ, ഡോ. ചാത്തനാത്ത് അച്യുതനുണ്ണി.**
കഥകളി (കഥ: കല്യാണസൗഗന്ധികം)
സമയം: 7 മണി മുതൽ
അവതരണം: **തോടയം കഥകളിയോഗം, കോഴിക്കോട്**

ജൂൺ 1 ശനി (രാവിലെ 9 മണി)
സ്ഥലം: ബഷീർ നഗരി (ടൗൺ ഹാൾ)
പ്രസാധനജയന്തി ചിത്രീകരണം: **ആർട്ടിസ്റ്റ് നമ്പൂതിരി**
കഥയുടെ പ്രഭാതം : (രാവിലെ 10 മണി)
പങ്കെടുക്കുന്നവർ: **പുനത്തിൽ കുഞ്ഞബ്ദുള്ള, സി. വി. ശ്രീരാമൻ, സി. വി. ബാലകൃഷ്ണൻ, ടി. എൻ. പ്രകാശ്**
എന്റെ പുതിയ കഥ: മലയാളത്തിലെ പ്രമുഖ കഥാ കൃത്തുക്കൾ കഥകൾ അവതരിഷിക്കുന്നു.
കാവ്യസായാഹ്നം (2.30 മുതൽ)
പങ്കെടുക്കുന്നവർ: **ബാലചന്ദ്രൻ ചുള്ളിക്കാട്, പ്രൊഫ. വി. മധുസൂദനൻ നായർ**
പുതുകവിത:മലയാളത്തിലെ പ്രമുഖകവികൾ കവിതകൾ അവതരിഷിക്കുന്നു
സുവർണജൂബിലി സമാപനസമ്മേളനം
സ്ഥലം: പൊറ്റെക്കാട്ട് നഗരി (ടാഗോർ ഹാൾ) (5 മണി)
ഉദ്ഘാടനം: **ഡോ. സുകുമാർ അഴിക്കോട്**
അദ്ധ്യക്ഷൻ **ടി. പത്മനാഭൻ**
അവാർഡ് നോവലുകളുടെ പ്രകാശനം: **എൻ. പി. മുഹമ്മദ്**
അവാർഡ്ദാനം: **സക്കറിയ**
6 പുതിയ കഥാസമാഹാരങ്ങൾ പ്രകാശനം: **ഡോ. എം.കെ മുനീർ**
മുഖ്യ പ്രഭാഷണം: **തരുൺ തേജ്പാൽ**
ആശംസാപ്രസംഗങ്ങൾ: **പി. വത്സല, പുനത്തിൽ കുഞ്ഞബ്ദുള്ള, ബാലചന്ദ്രൻ ചുള്ളിക്കാട്, ഡോ. എം. എം. ബഷീർ, എൻ. ഗോപാലകൃഷ്ണൻ**
(8 മുതൽ) **ഇന്ദ്രജാല പ്രദർശനം, 'ഇല്യൂഷൻ ഇന്ത്യ'** പ്രസിദ്ധ മജീഷ്യൻ **ഗോപിനാഥ് മുതുകാടും** സംഘവും അവതരിഷിക്കുന്നു

സമ്മേളനത്തിൽ പ്രകാശിഷിക്കപ്പെടുന്ന പുസ്തകങ്ങൾ മാറാമുദ്ര (ഇ. പി. ശ്രീകുമാർ) ഒടിയൻ (പി. കണ്ണൻ കുട്ടി) **(ജൂബിലി** അവാർഡ് നേടിയ കൃതികൾ) **ഓർമ്മയുടെ ഞരമ്പ്** (കെ. ആർ. മീര), **ഈ കടവിലെ മുതല** (രാമചന്ദ്രൻ) **ജുറാസിക് പാർക്ക്** (മൈക്കൽ ക്രൈ.) വായില്ലാക്കുന്നിലപ്പൻ (എം. നന്ദകുമാർ) **കഥാപാത്രങ്ങളും പങ്കെടുക്കുന്നവരും** (സന്തോഷ് ഏച്ചി ക്കാനം) **വേഷഷകർച്ച** (സിതാര എസ്.)

കറന്റ് ബുക്സ്, ഡി സി കിഴക്കെമുറി ഇടം, കോട്ടയം - 686 001. ഫോൺ: 0481-563114, 301614
ഫാക്സ്: 0481-564758, ഇ-മെയിൽ: info@dcbooks.com വെബ്സൈറ്റ്: www.dcbooks.com

ആളകമ്പടി

ബി. മുരളി

3 "ജോസഫിനെ എങ്ങനെ അറിയാം?" ആർട്സ് കോളേജിനു വെളിയിലെ മരത്തണലിൽ വച്ച് ലതിക മുകുന്ദനോടു ചോദിച്ചു.

മുകുന്ദൻ പത്തുമണി വെയിൽ ഒഴിഞ്ഞ് ഒന്നു നടക്കാൻ ഇറങ്ങിയതായിരുന്നു. രാത്രി വൈകി ഉറങ്ങിയതുകാരണം രാവിലെ ഒൻപതു കഴിഞ്ഞാണ് കണ്ണുതുറന്നത്. പിന്നെ ലോഡ്ജിന്റെ റിസപ്ഷനിൽ കിടന്ന പത്രം ഒന്നു മറിച്ചു. ഇത്രയും നേരംകൊണ്ട് കുറെപ്പേർ വായിച്ച് അത് മുഷിഞ്ഞ് ക്രമംതെറ്റി കിടക്കുകയായിരുന്നു. ക്രമമില്ലാതെ വാർത്തകളിലൂടെ പരതി നിങ്ങി. നഗരവാർത്തകളുള്ള പേജാണ് മുകുന്ദന് കിട്ടിയത്. നഗരവാസിയായെങ്കിലും ഒരു വാർത്ത പോലും അയാളെ തൊട്ടതുപോലുമില്ല. താല്പര്യമില്ലാതെ അതു മടക്കിവച്ച് മുകുന്ദൻ പുറത്തെ ചെറിയ കടയിൽ നിന്ന് ഒരു ചായ കുടിച്ചു. രണ്ടു സിഗരറ്റ് വാങ്ങി. തിരിച്ച് കട്ടിലിൽ അല്പനേരം കൂടി കിടന്നു. ഒരു സിഗരറ്റു കത്തിച്ചു. പകുതിയായപ്പോൾ കെടുത്തി. പിന്നെ കുളിച്ചു പുറത്തുകടന്നു. ആർട്സ് കോളേജിനു മുന്നിലൂടെ നടക്കുമ്പോഴാണ് ലതികയെ കണ്ടത്. അവൾ ഒരു യുവാവുമായി സംസാരിച്ചു നിൽക്കുകയായിരുന്നു. മുകുന്ദനെ കണ്ട് അവൾ സംസാരം നിർത്തി അടുത്തേക്കുവന്നു.

"ജോസഫിനെ എങ്ങനെ അറിയാം?"

"നേരത്തേ അറിയില്ല. ഞാൻ അന്വേഷിച്ചു വന്നതാണ്."

"അതെയോ? എന്താണ് പരിപാടി? ജോസഫ് ഇങ്ങനെയൊരു കാര്യം എന്നോട് പറഞ്ഞിരുന്നില്ല."

"ഒന്നും പ്രത്യേകിച്ച് ഉദ്ദേശിച്ചതല്ല. ഇവിടെ വരണമായിരുന്നു. ഒരു പരിചയക്കാരൻ വേണമല്ലോ."

"അത്രേയുള്ളൂ? പക്ഷേ, അതിലും വലിയ, ഗൗരവമുള്ള ഒരു വിഷയവുമില്ലേ?"

"ഉണ്ട്. എന്നാൽ എന്റെ പരിപാടികളൊന്നും തെളിഞ്ഞുവന്നിട്ടില്ല. ലതികയോട് പറയാം. പിന്നീട്. കണ്ടതിൽ സന്തോഷം"- മുകുന്ദൻ പറഞ്ഞു.

പിന്നെ, 'ജോസഫിനെ എങ്ങനെ അറിയാം?' എന്ന് മുകുന്ദൻ ലതികയോട് ചോദിച്ചു.

"ഞങ്ങൾ ഇവിടെ ഒരു ഗ്രൂപ്പല്ലേ? പല ആക്ടിവിറ്റീസുമുണ്ട്. ജോസഫ് ഒരു യൂണിവേഴ്സിറ്റി ബ്യൂറോക്രാറ്റ് ആണെങ്കിലും ഞങ്ങളുടെകൂടെ എപ്പോഴുമുണ്ട്. നല്ല ആൾ"- ലതിക പറഞ്ഞു.

"അതെ. ജോസഫ് പരിചയപ്പെടാൻ നല്ല ആളാണെന്നു തോന്നുന്നു"- മുകുന്ദൻ പറഞ്ഞു. "എങ്കിൽ ഞാൻ നടക്കട്ടെ."

"ബസ്സ്റ്റാൻഡ് വഴിയാണെങ്കിൽ ഞാനുമുണ്ട്. എനിക്കു കുറച്ചുദൂരം പോകാനുണ്ട്. ഞങ്ങളുടെ ഒരു ക്യാംപ് അവിടെ നടക്കുകയാണ്"- ലതിക.

"എന്തു ക്യാംപ്?"

"നാടകം. കുട്ടികളുടെ ക്യാംപാണ്. അത്ര ചെറിയ കുട്ടികളല്ല."

"ലതിക അഭിനയിക്കുമോ?"

"ഞങ്ങൾ ഒരു ആർട് ഗ്രൂപ്പ് നേരത്തേ ഉണ്ടാക്കിയിരുന്നു. അതിൽ ചിലർ കൊഴിഞ്ഞുപോയപ്പോൾ അതു നിന്നു. ഇതിപ്പോൾ അവിടുത്തെ ഒരു സ്ക്കൂളിലെ ചില ടീച്ചർമാർ സംഘടിപ്പിക്കുന്നതാണ്."

"നാടകം പഠിച്ചിട്ടുണ്ടോ? വെളിയിൽ?"

"ഇല്ല. രണ്ടുമൂന്നുകൊല്ലം മുൻപ് ഞാൻ യൂണിവേഴ്സിറ്റിയിൽ ഉണ്ടായിരുന്നപ്പോൾ ഒരു ക്യാംപ് നടത്തിയിരുന്നു. അങ്ങനെ ഒരു ആവേശമായി. പിന്നെ പഠിച്ചാൽ കൊള്ളാമെന്ന് തോന്നിയിരുന്നു. അവരുടെ ടെസ്റ്റിൽ കയറിപ്പറ്റിയില്ല. ഇതുപിന്നെ ഒരു രസമാണ്. സമയം കളയലല്ല."

"പിന്നെ ലതിക എന്തുചെയ്യുന്നു ഇവിടെ?"

"സത്യം പറഞ്ഞാൽ ഒന്നും ചെയ്യുന്നില്ല. പലരും ചെയ്യുന്നതുപോലെ ഗവേഷണം തന്നെ. അമ്പാർ നാടകം തന്നെയാണ് വിഷയം. അതിന്റെ ഗ്രാന്റുണ്ട്. പിന്നെ ഫ്രീലാൻസ് ഫീച്ചറെഴുത്ത്. അങ്ങനെയൊക്കെ. ഞാൻ ചില പത്രങ്ങളുടെ സപ്ലിമെന്റുകളിൽ എഴുതാറുണ്ട്."

"ഞാൻ കണ്ടിട്ടുണ്ടെന്നു തോന്നുന്നു"- മുകുന്ദൻ.

"കള്ളം പറയരുത്. ഈയടുത്തൊന്നും ഞാൻ എഴുതിയിട്ടില്ല."

"അല്ല. ഓർക്കുന്നുണ്ട്. കൃത്യമായി ഏതെന്നു പറയാൻ പറ്റുന്നില്ലെന്നു മാത്രം."

"ഞാൻ ഫ്രാൻസിലെ ഒരു ഗ്രൂപ്പ് ഇവിടെ



വന്നതിനെപ്പറ്റി [illegible]

"ആത[illegible]

[illegible]ലുള്ള ഹോസ്റ്റ[illegible]

"നാട?

"അത[illegible]ാണ്. അങ്ങോട്ടേക്കൊക്കെ പോയിട്ട[illegible]കേട്ടോ."

"അ[illegible]ക ഒരു..."

"പെ[illegible]ണ്ണല്ലോ എന്നായിരിക്കും. അവിടെ[illegible]ല പ്രശ്നങ്ങൾ ഉണ്ടെന്നു കൂട്ടിക്കേ[illegible], ഇവിടെയാണ് നമുക്കു സുഖം. [illegible]ം കഴിയുമ്പോഴേക്കും ഞാൻ വേറെയെ[illegible]കിലും കണ്ടുപിടിക്കും."

"എങ്കിൽ എന്തെങ്കിലും ജോലി ഇപ്പോഴേ നോക്കാമല്ലോ?"

"ഞാൻ ഏതെങ്കിലും പത്രത്തിൽ കയറും. ഒന്നുരണ്ടെണ്ണത്തിൽ സാദ്ധ്യതയുണ്ട്. ഉടൻ."

"ശരി, നടക്കട്ടെ. ബസ് സ്റ്റാൻഡ് എത്തി. ഞാൻ ഇവിടെയൊക്കെ മനസ്സിലാക്കി വരുന്നതേയുള്ളൂ. കുറച്ചു സമയം പിടിക്കും"- മുകുന്ദൻ പറഞ്ഞു.

"മുകുന്ദൻ ആദ്യമായാണോ ഇവിടെ?"

"അതെ. പണ്ടൊരിക്കൽ ഒന്നു വന്നുപോയിട്ടുണ്ടെന്ന് പറയാം. ഞാൻ ഒരു വടക്കനാണ്."

"യഥാർത്ഥത്തിൽ മുകുന്ദൻ എന്താണ് ചെയ്യുന്നത്? എഴുത്തോ മറ്റോ ആണെന്ന് ജോസഫ് പറഞ്ഞു. നമ്മൾ കണ്ടകാര്യം പറഞ്ഞപ്പോൾ."

"ഇപ്പോൾ ഞാൻ എന്റെ ലോഡ്ജിൽ താമസിക്കുന്നു. ചില ലക്ഷ്യങ്ങൾ ഉണ്ട്. ഇവിടെ നിൽക്കുന്നതിന്. ഒന്നും തെളിച്ചുപറയേണ്ട മട്ടായിട്ടില്ല. ജോസഫ് പറഞ്ഞതുപോലെ എഴുത്തുമുണ്ട്."

"ക്രിയേറ്റീവ്?"

"ഏ? അതെ. അങ്ങനെ പറയാം."

"ഇവിടെ എത്രനാൾ ഉണ്ടാകും?"

"അത് നിങ്ങളൊക്കെ തീരുമാനിക്കുന്നതുപോലെ."

"അയ്യോ, അതെങ്ങനെ? ഞങ്ങൾ വളരെ അതിഥിമര്യാദക്കാരാണ് കേട്ടോ."

"എനിക്ക് അങ്ങനെ തോന്നിത്തുടങ്ങിയിട്ടുണ്ട്."

"എങ്കിൽ ഞങ്ങളുടെ നാടകക്യാംപിൽ വരണം. കുറച്ചുപേരെ പരിചയപ്പെടാമല്ലോ."

"കൂടുതൽ പേരെ പരിചയപ്പെടാൻ വയ്യ. ഇവിടെയിപ്പോൾ എനിക്ക് ജോസഫുമായും ലതികയുമായും മാത്രമാണ് പരിചയം. അത്രയും മതിയെന്നു തോന്നുന്നു."

"ഞാൻ പരിചയപ്പെടാൻ പറ്റിയ പാർട്ടിയാണെന്നു തോന്നുന്നുണ്ടോ?"

"വളരെ നല്ലത്. നല്ല അഭിപ്രായം."

"നന്ദി."

"എങ്കിലും മുകുന്ദൻ എവിടെനിന്നു വരുന്നു എന്ന് എനിക്കു പിടികിട്ടിയില്ല."

"വടക്കുനിന്ന്. പറഞ്ഞില്ലേ. കൂടുതൽ മെല്ലെ മെല്ലെ പറയാം"- മുകുന്ദൻ ബസ്സ്റ്റാൻഡിവ് ലതികയെ വിട്ട് ലോഡ്ജിലേക്കു നടന്നു.■

തുടരും

പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നു

ഡി സി ബുക്സ്
പ്രസിദ്ധീകരിക്കുന്ന ലോക ക്ലാസിക്

ഖലീൽ ജിബ്രാൻ കൃതികൾ

മലയാള പരിഭാഷ

"ടാഗോറിന്റെ ഗീതാഞ്ജലി കഴിഞ്ഞാൽ കിഴക്കൻ ദേശങ്ങൾ അത്ര മധുരമായ, സുന്ദരമായ ശബ്ദത്തിൽ ജിബ്രാന്റെ പ്രവാചകനിലൂടെ അല്ലാതെ സംസാരിച്ചിട്ടില്ല." -ജോർജ് റസ്സൽ

കൃതികൾ

The Earth Gods, Tears and Laughter, The Wanderer, Nymphs of the Valley, The Madman, Mirrors of the Soul, The Voice of the Master, Secrets of the Heart, Spirits Rebellious, The Broken Wings, The Prophet, Jesus: the Son of Man, A Tear and a Smile, The Forerunner, Sand and Foam, Between Night and Morn

എഡിറ്റർ: കെ. ജയകുമാർ
അഡൈസറി എഡിറ്റർ
ഡോ. കെ. അയ്യപ്പപ്പണിക്കർ

1000-ൽപരം പേജുകൾ,
ഡിമൈ 1/8 വലിപ്പം,
ഡീലക്സ് എഡിഷൻ

❑ മുഖവില: 400 രൂപ
❑ പ്രീ പബ്.സൗജന്യം ഒന്നിച്ച് 250 രൂപ
(തവണ 300 രൂപ (100 x 3))
❑ പ്രസിദ്ധീകരണം 2002 ആഗസ്റ്റ് 31
❑ വിതരണം 2002 സെപ്റ്റംബർ 15 മുതൽ

ഡി സി ബുക്സ് കറന്റ്ബുക്സ്
[illegible]
മണിഓർഡർ ഡ്രാഫ്റ്റ് ഡി സി ബുക്സ്,
ഗുഡ് ഷെപ്പേർഡ് സ്ട്രീറ്റ്, കോട്ടയം-1
ഫോൺ: 563114, 563226

E-mail: info@dcbooks.com
Website: www.dcbooks.com
Online Bookstore: www.dcbookstore.com

കാലമായയുക്തി

ടി.ഗോപിനാഥ്

പെരുവനം ദേശത്ത് ഒരില്ലത്ത് വേളിക ഴിച്ച മഹൻമൂസ്സിന് മറ്റൊരു രഹസ്യബന്ധവുമു ണ്ടായിരുന്നു. അന്തർജ്ജനത്തിനോടായിരുന്നില്ല ആന്തരമായ ആഭിമുഖ്യം. മിക്കവാറും എല്ലാ ദി വസങ്ങളിലും അത്താഴം കഴിക്കാൻ മറ്റേ ഭാര്യ യുടെ അടുത്തേയ്ക്ക് പോകും. ഈ ദുഃഖം താ ങ്ങാനാവാതെ അന്തർജ്ജനം രഹസ്യമായി ഒരു ദൈവജ്ഞനെ (ജ്യോത്സ്യനെ) സമീപിച്ച് ഉപ ദേശം തേടി. 'പെരുവനത്തെ അമ്പലത്തിൽ അലഞ്ഞുനടക്കുന്ന കാളക്കൂറ്റന്റെ കൊമ്പിൽനി ന്ന് മണ്ണെടുത്ത്, ആ മണ്ണുകൊണ്ട് ചില പ്രയോ ഗങ്ങൾ ചെയ്താൽ ഭർത്താവിനെ വശത്താക്കാം' എന്നായിരുന്നു ഉപദേശം.

ഇപ്പറഞ്ഞ മൃഗം, അമ്പലക്കൂറ്റൻ എന്ന അപ രനാമത്താൽ അറിയപ്പെട്ടിരുന്ന കാള, ഒരു അപ കടകാരിയായിരുന്നു. ആരുംതന്നെ അതിന്റെ അടുത്തൊന്നും ചെല്ലുവാൻ ധൈര്യപ്പെട്ടിരുന്നി ല്ല. അന്തർജ്ജനത്തിന് ആദ്യം എന്തെന്നില്ലാത്ത ഭയാശങ്കകളാണുണ്ടായത്. കാളക്കൂറ്റനെ സമീ പിക്കുവാൻതന്നെ വയ്യ. പിന്നെങ്ങനെ കൊമ്പിൽ നിന്നു മണ്ണെടുക്കും?

എങ്ങനെയും തന്റെ [illegible]ാധിച്ചേ അടങ്ങൂ എന്ന ദൃഢനിശ്ചയ[illegible]സാധി കാളയെ മെരുക്കാനുള്ള പരിപ[illegible]ാസു ത്രണം ചെയ്തു. പതിവായി ഇരട്ട[illegible] (പെ രുവനം ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ-ശി വൻ) ഓരോ കദളിപ്പഴം നിവേദിക്കാൻ നിശ്ച യിച്ചു. ഇതിൽ ആർക്കും സംശയം തോന്നില്ല ല്ലോ. നേദിച്ച കദളിപ്പഴം ഈ കാളക്കൂറ്റൻ കാ ണുന്ന സ്ഥലത്ത് നിലത്തിട്ട്, അന്തർജ്ജനം അകലെ മാറിനിൽക്കും. കാള പതുക്കെ നടന്നു വരുന്നു, കദളിപ്പഴം തിന്നുന്നു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അന്തർജ്ജനത്തിന്റെ വരവുംകാത്ത് അമ്പലക്കൂറ്റൻ തലയുയർത്തി നോക്കിനിൽക്കുന്നത് പതിവായി. ഇവരെക്കണ്ടാൽ കൂറ്റൻ പതുക്കെ ശബ്ദമുണ്ടാ ക്കുകയും ചെയ്യും. അതെ, 'ഇൺക്കംമുളൽ'ത ന്നെ. ആ സ്ത്രീ പതിവായി ഓരോ ചുവട് അടു ത്തുചെന്നു തുടങ്ങി. ക്രമേണ കൂറ്റനെ തൊടാ മെന്നായി, തലോടാറായി. ഒരു ദിവസം രണ്ടു കൊമ്പിലും പറ്റിപ്പിടിച്ചിരിക്കുന്ന മണ്ണ് അവർ ആത്മവിശ്വാസത്തോടെതന്നെ മാന്തിയെടുത്തു. അത്യന്തകൗതുകത്തോടെ, രഹസ്യമായിത്തന്നെ, ജ്യോത്സ്യ നെ സമീപിച്ചു.

വാട്ടിയ ഇലപ്പൊതിയിൽ കാളക്കൂറ്റന്റെ കൊ മ്പിലെ മണ്ണുകണ്ടപ്പോൾ ജ്യോത്സ്യൻ ഒന്നു ചി രിച്ചു. പിന്നെ ചോദിച്ചു: 'ഈ കാളക്കൂറ്റനെ മെ രുക്കാമെങ്കിൽ തിരുമേനിയേയും സ്നേഹപരി പ്രണങ്ങൾകൊണ്ട് മെരുക്കാൻ പറ്റില്ലേ?'

അന്തർജ്ജനം കൂടുതലൊന്നും ചോദിച്ചില്ല. മണ്ണിന്റെ പൊതി വലിച്ചെറിഞ്ഞ് ഇല്ലത്തേയ്ക്കു നടന്നു. മറ്റൊരു പെണ്ണിനോടാണ് ഭർത്താവിന് താല്പര്യം എന്ന ദുഃഖമൂലം അവർ സ്വതവേ ഭർ തൃപരിചരണത്തിൽ വിമുഖയായിരുന്നു. അന്ന് വൈകുന്നേരംതന്നെ അവർ 'ഒളിസേവ'യ്ക്കു പോകുമ്പോൾ 'വേട്ടമ്പൂരി' ഉപയോഗിക്കാറുള്ള, മഷിപുരണ്ട കറുത്ത പാനീസ് വിളക്ക് വെടു വെടുപ്പായി തുടച്ച് വെട്ടിത്തിളങ്ങുന്ന വിധത്തി ലാക്കിവച്ചു. നമ്പൂതിരിക്കതൊരു അത്ഭുതമായി രുന്നു. 'ആരേ ഈ വിളക്ക് തുടച്ചത്?' എന്നൊ രു ചോദ്യമുണ്ടായി. 'ഞാനേ' എന്ന സ്വപത്നി യുടെ ഉത്തരം അദ്ദേഹത്തെ അമ്പരപ്പിക്കുക തന്നെ ചെയ്തു. പിറ്റേ ദിവസം മുതൽ ഭർത്താ വിന്റെ ആവശ്യങ്ങൾ മുഴുവൻ കണ്ടറിഞ്ഞ്, ഇങ്ങോട്ടൊന്നും ആവശ്യപ്പെടാതെതന്നെ എല്ലാം ചെയ്തുകൊടുക്കുന്നതിൽ അന്തർജ്ജനം നി ഷ്കർഷയും ശുഷ്കാന്തിയും കാണിച്ചുതുടങ്ങി. നമ്പൂതിരിക്ക് ധർമ്മപത്നിയോട് സഹാനുഭൂതി യായി, സ്നേഹമായി. തന്റെ ഇതുവരെയുള്ള പെ രുമാറ്റത്തിൽ പശ്ചാത്താപമായി.

വൃഷളീബന്ധമുപേക്ഷിക്കാനും ധർമ്മപത്നി യെത്തന്നെ പ്രാണപ്രേയസിയായി അംഗീകരിക്കാ നും ഏറെ താമസമുണ്ടായില്ല. സ്നേഹത്തിന് കീഴ ടക്കാൻ വയ്യാത്തതായി ലോകത്തിലെന്തുണ്ട്?■

കവിത

ദൈവവും ഞാനും

ബാബു കോടംവേലിൽ

ഇപ്പോൾ
ദൈവവും ഞാനും
നിരന്തരകലഹത്തിലാണ്
കുഞ്ഞുകണ്ണുകളും
നേർത്ത വിരലും
പൂഴിമണ്ണ് പുരണ്ട
നനുത്ത പാദങ്ങളും
ഇമന്തിപ്പൂച്ചിരിയും
പൂച്ചക്കരച്ചിലുമായി
ദൈവമെപ്പോഴും
എന്നോടൊപ്പം.
ഇരുട്ടിൽ
അപകടമുണ്ടെന്നു ഞാൻ.
തലയാട്ടിക്കൊണ്ട്
ഇല്ലെന്നു ദൈവം.
വെള്ളത്തിൽ
പനിയുണ്ടെന്നു ഞാൻ
ഓവുവെള്ളത്തിൽ
ആവേശത്തോടെ
കിത്തം കളിച്ചുകൊണ്ട്
ഇല്ലെന്നു ദൈവം.
മണ്ണിൽ.
ചൊറിയുണ്ടെന്നു ഞാൻ
പൂഴിമണ്ണ് പൂത്തിരിപോലെ
ചിതറിത്തെറിപ്പിച്ചുകൊണ്ട്
ഇല്ലെന്നു ദൈവം.
വെയിലിൽ
തളർച്ചയുണ്ടെന്നു ഞാൻ.
സൂര്യനെ നോക്കി
ചങ്ങാത്തം ചൊല്ലിക്കൊണ്ട്
ഇല്ലെന്നു ദൈവം.
കാറ്റിൽ
ദുർഗന്ധമുണ്ടെന്നു ഞാൻ
കാറ്റിനുനേരെ
കൈപിടിച്ചു മണത്തുകൊണ്ട്
ഇല്ലെന്നു ദൈവം.
അമ്മയുടെ മുലയിൽ
ചോരയും നോവുമെന്ന് ഞാൻ.
അല്ല, പാലും സ്നേഹവുമെന്ന്
ദൈവം.
നഗ്നതയിൽ
നാണമെന്നു ഞാൻ.
അല്ല, വസന്തമെന്നു
ദൈവം.
ഇപ്പോൾ.
എന്നിൽനിന്ന്
കുതറിയിറങ്ങിയ
ദൈവം
തൊടിയിലെ
പുളിമരത്തിലിരുന്ന
ഓലഞ്ഞാലിയോട്
എന്തോ പറയുന്നു.
ആ കിളി
പിശാചിനെ നോക്കുമ്പോലെ
എന്നെ നോക്കി ചിലച്ചുകൊണ്ട്
പറന്നുപോകുന്നു■

ന്യൂഫ്രതീന്റെ കാനാപ്പുനങ്ങൾ



ധന്യാത്മകതയുടെ ചിത്രമെഴുത്തുകാരൻ

ആസ്ട്രിയക്കാരനായ ഗുസ്താവ് ക്ലിംന്റ് തുടക്കത്തിൽ ഒരു ഡെക്കറേറ്റീവ് ആർട്ടിസ്റ്റായിരുന്നു. തി യേറ്ററുകൾ മോടിപിടിപ്പിക്കുന്നതിൽ തുടങ്ങിയ അദ്ദേഹത്തിന്റെ കലാജീവിതം ക്രമേണ വികസ്വരമാ വുകയും അമൂർത്തതയിലേയ്ക്കു എത്തിച്ചേരുകയും ചെയ്തു. ചുംബനം, നിദ്ര, പ്രതീക്ഷ, മൃത്യു എന്നീ ശീർഷകങ്ങളിൽ അദ്ദേഹമെഴുതിയ പെയിന്റിംഗുകൾ ധന്യാത്മകമായ അന്തരീക്ഷം പൊതി ഞ്ഞുനിൽക്കുന്നവയാണ്. ജീവിതവും മരണവും തമ്മിലും ആഹ്ലാദവും ഭീതിയും തമ്മിലുമുള്ള നിരന്ത രമായ സംഘർഷം അനുഭവവേദ്യമാകുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ. വിയന്ന സെസേഷൻ എന്ന പേരിലറിയപ്പെടുന്ന ചിത്രകലാരീതിയുടെ ഉപജ്ഞാതാവുകൂടിയായിരുന്നു അദ്ദേഹം.

സാഹിത്യവാരഫലം: എം. കൃഷ്ണൻനായർ സ്പോർട്സ് പുസ്തകം ദൂരദർശനം

സാഹിത്യവാരഫലം

രാഷ്ട്രാന്തരീയ പ്രശസ്തിയുള്ള മെക്സിക്കൻ നോവലിസ്റ്റാണ് കാർലോസ് ഫ്വേൻതേസ് (Carlos Fuentes -b. 1928). അദ്ദേഹത്തിന്റെ പുതിയ നോവൽ പ്രസിദ്ധപ്പെട്ടത്തിയെന്ന് അറിഞ്ഞാൽ സഹൃദയർ അതിനുവേണ്ടി പരക്കം പായുന്നു. എത്ര വിലകൊടുത്തും അതു വാങ്ങുന്നു; വായിക്കുന്നു. പക്ഷേ ഈ ലേഖനമെഴുതുന്ന ആളിന് ഫ്വേൻതേസിന്റെ ചെറുകഥകളും നോവലുകളും ഇഷ്ടമല്ല. സാഹിത്യാഭിരുചിയുടെ സാർവലൗകികസ്വഭാവം -കത്തലിസിറ്റി- ഇല്ലാത്തതാണോ ആ ഇഷ്ടക്കേടിനു കാരണമെന്ന് ഞാൻ ആലോചിച്ചു നോക്കിയിട്ടുണ്ട്. അതല്ല. സാരാമാഗ്വിന്റെ നോവലുകൾ വായിച്ചു രസിക്കുന്ന എനിക്ക് അഭിരുചിയുടെ സങ്കുചിതത്വമില്ല; സാർവലൗകികസ്വഭാവമുണ്ട് താനും. ആ ചിന്തയോടെ ഞാൻ ഫ്വേൻതേസിന്റെ നോവലുകൾ വീണ്ടും നോക്കി. അദ്ദേഹത്തിന് കാലത്തിന്റെയും സ്ഥലത്തിന്റെയും പരിധികൾ ലംഘിക്കാനായിട്ടില്ല. അദ്ദേഹത്തിന്റെ 'ഔറ' എന്ന നീണ്ടകഥ നോക്കുക. ഫ്രാൻസിൽ വച്ചു മരിച്ച ഒരു മെക്സിക്കൻ ജനറലിന്റെ ജീവചരിത്രം സമ്പൂർണ്ണമാക്കാൻ അയാളുടെ ഭാര്യക്ക് ഒരെഴുത്തുകാരനെ വേണം. പരസ്യം കണ്ട് അയാൾ എത്തി. ആ വീട്ടിൽ ജനറലിന്റെ ഭാര്യക്കുപുറമേ ഔറ എന്ന സുന്ദരിയായ ചെറുപ്പക്കാരിയുമുണ്ട്. എഴുത്തുകാരനും അവളും നിശാവേളകളിൽ ഒരുമിച്ച് കിടന്നു. ഒടുവിൽ എഴുത്തുകാരൻ മനസ്സിലാക്കി വൃദ്ധയുടെ ചെറുപ്പത്തിലെ രൂപമാണ് ഔറയെന്ന്. താൻ ജനറലാണെന്നും. കഥ മുഴുവൻ ഞാൻ എഴുതുന്നില്ല. വൃദ്ധയുടെ ചുക്കിച്ചുളിഞ്ഞ കവിളിൽ എഴുത്തുകാരൻ ചുംബിക്കുമ്പോൾ കഥ അവസാനിക്കുന്നു. വിശ്വാസ്യത ഇല്ലാത്ത ഒരു ഭ്രമകല്പനയാണിത്. ഫ്വേൻതേസിന്റെ മറ്റു നോവലുകൾക്കും ഈ തദ്ദേശപരിധികളെ ലംഘിക്കാനാവുന്നില്ല. അദ്ദേഹത്തിന്റെ പുതിയ നോവലായ "The Years with Lawra Diaz" എന്നതിനും ഈ ദോഷമുണ്ട്.

കാർലോസ് ഫ്വേൻതേസ്



സങ്കീർണ്ണവും ഭീകരവുമായ മെക്സിക്കൻ ചരിത്രത്തെ ലോറ ദിയാസ് (Lawra Diaz) എന്ന സ്ത്രീയിലൂടെ ചിത്രീകരിക്കാനാണ് ഫ്വേൻതേസിന്റെ യത്നം. അന്തസ്സ്, അഭിമാനം ഇവയൊക്കെ ഉള്ളവളാണ് ലോറ. അത് പാരമ്പര്യസിദ്ധവുമാണ്. ലോറയുടെ മുത്തശ്ശി മെക്സിക്കോ സിറ്റിയിലേക്കു കതിരവണ്ടിയിൽ സഞ്ചരിക്കുകയായിരുന്ന 1860-നോട്ട് അടുപ്പിച്ച്. ഒരു കൂട്ടം കവർച്ചക്കാർ അവരുടെ മുൻപിലെത്തി. അവരുടെ നേതാവ് മുത്തശ്ശിയോടു പറഞ്ഞു. "നിങ്ങളുടെ മോതിരങ്ങൾ എനിക്കു തരൂ" അവരുടെ മറുപടി:- "വിരലുകൾ മുറിച്ചെടുക്കു അവ വേണമെങ്കിൽ" നേതാവിന്റെ കത്തികൊണ്ട് ഒറ്റ വെട്ട്. ആ സ്ത്രീയുടെ നാലുവിരലുകൾ അറ്റുപോയി. അതും വലതുകൈയുടെ വിരലുകൾ. അവർ ഇമ്മ ചിമ്മിയതുപോലുമില്ല. കൊള്ളക്കാരൻ തലയിൽ കെട്ടിയിരുന്ന ചുവന്ന തുണി അഴിച്ചുകൊടുത്തു ആ മുറിവ് കെട്ടാനായി. അയാൾ അവരുടെ നാലു വിരലുകളും തൊപ്പിക്കകത്ത് ഇട്ടു. പിന്നീട് അയാൾ തൊപ്പി തലയിൽ വച്ചപ്പോൾ മുഖത്തിലൂടെ രക്തമൊഴുകി. ഈ സംഭവം അറിഞ്ഞ ലോറ സ്വന്തം കഞ്ഞിക്കൈകളിലേക്ക് നോക്കി. അവൾ പിന്നീട് അവ ഉടുപ്പിനകത്ത് ഒളിച്ചുവച്ചു. അവിശ്വസനീയമായ സംഭവം. ഇതു റിയലിസമല്ല, മാജിക് റിയലിസമല്ല. ഏതോ ട്രിക്കിലൂടെ ഫ്വേൻതേസ് വായനക്കാരെ മലർത്തിയടിക്കുകയാണ്.

ലോറ യുവതിയായി രാഷ്ട്രവ്യവഹാര മണ്ഡലത്തിൽ പ്രവർത്തിക്കുമ്പോൾ പൊർഫീരിയോ ദീആസ് (Porfirio Diaz) ആയിരുന്നു മെക്സിക്കോയിലെ പ്രമുഖ രാജ്യതന്ത്രജ്ഞൻ. അയാൾ ഭരണാധികാരിയായി. അഴിമതി നിറഞ്ഞ ഭരണം. അതിനെതിരായി വിപ്ലവമുണ്ടായി. വിപ്ലവത്തിന്റെ നേതാവായി വന്നതു ഫ്രാൻസീസ്കോ മാദേറോ (Francesco Madero) അയാൾ 1911 തൊട്ട് 1913 വരെ പ്രസിഡന്റായിരുന്നു. മാദേറോയെ പ്രതിയോഗികൾ 1913-ൽ വെടിവച്ചുകൊന്നു. പൊർഫീരിയോ ദീആസിന്റെ ഡിക്റ്റേറ്റർഷിപ്പ് അവസാനിക്കാറായപ്പോൾ ലോറയുടെ അച്ഛന്റെ ആദ്യഭാര്യയിലെ മകൻ സാൻത്യാഗോ (Santiago) മാദേറോയുടെ അനുചരന്മാരാൽ വെടിവച്ചു കൊല്ലപ്പെട്ടു.

ലോറ, ഒർലാൻദോയുടെ ഭാര്യയായി. വിരസമായ ദാമ്പത്യജീവിതമായിരുന്നു അവരുടേത്. ഒർലാൻദോക്ക് ശേഷം വിപ്ലവകാരിയായ ഹ്വാൻ ഫ്രാൻസീസ്കോയെ ലോറ ഭർത്താവായി സ്വീകരിച്ചു. ഭർത്താവുണ്ടെങ്കിലും ലോറയ്ക്ക് റിപ്പബ്ളിക്കനായ മോറയുമായി ലൈംഗികബന്ധം.

ലോറയ്ക്ക് അറുപത് വയസ്സായി. അവൾ ഫോട്ടോഗ്രാഫിയിൽ യശസ്സാർജ്ജിക്കാൻ ശ്രമിക്കുമ്പോൾ ഫ്വേൻതേസിന്റെ വിരസമായ നോവൽ അവസാനിക്കുന്നു.

എന്തുകൊണ്ട് വിരസം? ചരിത്രത്തിന്റെയും വിപ്ലവത്തിന്റെയും പ്രതിനിധികളായ കഥാ[illegible] കവും ചരിത്രപരവും പരിവർത്ത[illegible] പ്രത്യക്ഷമാക്കി അനുവാച[illegible] ആനയിച്ചാലേ നോവൽ [illegible] രിക്കു. ഫ്വേൻതേസ് ചരിത്രാ[illegible] ളെയും കൃതഹസ്തതയോടെ ആ[illegible] ധാന കഥാപാത്രമായ ലോറയ്ക്ക അവയ[illegible] കഴിയുന്നില്ല.

നാലുവിരലുകൾ മുറിക്കാൻ അനുമതി നല്കു[illegible] യും അവ മുറിച്ചെടുത്ത് തൊപ്പിയിൽ ഇടുന്നതിന്റെ[illegible] വിശ്വാസ്യതയിലാണ് ഫ്വേൻതേസ് അഭിരമിക്കുന്നത്. "ഔറ"യിൽ അതുണ്ട്. അദ്ദേഹത്തിന്റെ മറ്റുള്ള നോവലുകളിലും അതു കാണാം. ഈ ലേഖകന്റെ ദൃഷ്ടിയിൽ ഈ നോവലിസ്റ്റ് ഇൻഫിരീയർ ആർടിസ്റ്റാണ്. ലാറ്റിനമേരിക്കൻ നോവലെന്ന് കേട്ടാൽ ചുവപ്പുകണ്ട നാടൻ കാളയെപ്പോലെ വിരണ്ടോടുന്നവർ നമ്മുടെ നാട്ടിൽ ഏറെയുണ്ട്. അവർക്കു ഞാൻ പറയുന്നതിനോടു യോജിക്കാൻ കഴിഞ്ഞില്ലെന്നു വരാം. സാരമില്ല. തോന്നുന്നതു പറയുന്നതിലാണല്ലോ വായനക്കാരന്റെ സത്യസന്ധതയിരിക്കുന്നത്.

(The Years with Lawra Diaz- Carlos Fuentes- Translated from the Spanish by Alfred Mac Adam- Bloomsbury- Pages 516- Indian price £ 4=99 (Rs 372-25))

മൂക്ക് പൊത്തുക

"കലാമൂല്യം എന്ന നിങ്ങൾക്കു തോന്നുന്ന രചനകളെ മാന്യമല്ലാത്ത ഭാഷയിൽ വിമർശിക്കുന്നതു ശരിയാണോ?" എന്നൊരു വായനക്കാരൻ ബോംബെയിൽ നിന്ന് എഴുതിച്ചോദിച്ചിരിക്കുന്നു. മാന്യന്മാർ എഴുതുന്ന കത്തുകൾക്കുപോലും മറുപടിയെഴുതാൻ എനിക്ക സമയമില്ല. അതിനാൽ മറുപടി എഴുതാറുമില്ല. അവരെ അപമാനിക്കുകയാണ് ഞാൻ. എങ്കിലും വേറെ മാർഗ്ഗമില്ല. മറുപടി എഴുതാൻ തുടങ്ങിയാൽ അതിനേ സമയം കാണുകയുള്ളു. കോളം മുടങ്ങുകയും ചെയ്യും. ബോംബെയിലെ എഴുത്തുകാരൻ മലയാളസാഹിത്യം മാത്രം വായിക്കുകയും മലയാള സിനിമ മാത്രം കാണുകയും ചെയ്യുന്ന ആളാണ് എന്നതു വ്യക്തം. അതുകൊണ്ടു കൂടിയാണ് ഞാൻ ആ മനുഷ്യന്റെ എഴുത്തു കീറി ചവറുകുട്ടയിലിട്ടത്. അദ്ദേഹം വിട്ടില്ല. പിന്നെയും കത്തയച്ചു. അത്യന്താധുനികർ നൃനപക്ഷമല്ലേ? നൃനപക്ഷഭർത്സനം മര്യാദകേടല്ലേ എന്നൊക്കെയാണ് കത്തിലെ ചോദ്യങ്ങൾ. ആ കത്തിനും മറുപടി അയയ്ക്കാതെ ഞാൻ എന്നോടുതന്നെ ചോദിച്ചു. സമുദായത്തിൽ ആഭാസന്മാർ, കൊലപാതകികൾ ഇവരൊക്കെയുണ്ട്. അവർ നൃനപക്ഷമാണ്. നൃനപക്ഷമായതുകൊണ്ട് നമുക്കു അവരെ പ്രോത്സാഹിപ്പിക്കാൻ കഴിയുമോ? സാഹിത്യത്തിലെ ഭ്രരിപക്ഷത്തിന്റെ പ്രതിനിധിയായിട്ടാണ് ഈ കോളമിസ്റ്റ് എഴുതുന്നത്. ആധുനികതയെ പരിലാളിക്കുന്നവർ നൃനപക്ഷമാണ്. അതിനെക്കുറിച്ച് ഒരു നല്ല വാക്കെങ്കിലും പറയാൻ പറ്റില്ല. പറഞ്ഞാൽ അതു് ധർമ്മമാർഗ്ഗത്തിൽ നിന്നുള്ള വ്യതിചലനമായി വരും. ഈ നൃനപക്ഷത്തിൽത്തന്നെ അതിന്റെ തത്ത്വചിന്തയോടു യോജിക്കാതെ ഒരു വിഭാഗം എഴുത്തുകാരുണ്ട്. അവരുടെ ജോലി പച്ചത്തെറി എഴുതുകയാണ് എന്നതത്രേ. ആ വിഭാഗത്തിൽ പെട്ടന്നു മലയാളം വാരികയിൽ 'പാഠഭേദം' എന്ന രചനയിലൂടെ കലാഹിംസ നടത്തിയ എസ്. ശ്രീകുമാർ. മനുഷ്യന്റെ ഉൽപാദന പ്രക്രിയ ക്ലാസ്സിൽ പഠിപ്പിച്ചു, പഠിപ്പിച്ച് ഒരു പെൺകുട്ടിയെ മാനഭംഗപ്പെടുത്തുന്ന ഒരധ്യാപകനെക്കുറിച്ചാണ് ഈ dreadful rubbish. ഭയജനകമായ ഇത്തരം മാ[illegible] ത്തീരും. ഉച്ച[illegible] തവസൂക്കളും ഇടാൻ നഗ്ന[illegible] ല ഷർട്ടികൾ വച്ചിട്ടുണ്ട്. മുക്ക പൊ[illegible] ടാണ്ഞാൻ അവയുടെ അടുത്തുകൂടെ നടക്കു[illegible] മലയാളം വാരികയിലെ ഈ "ചെറുകഥ" ഞാൻ [illegible] ത്തിക്കൊണ്ടാണ് വായിച്ചുതീർത്തത്.

[illegible]ം, ഉത്തരം

[illegible] ഏതു മനുഷ്യസ്വഭാവമാണ് ഏറ്റവും ഗർഹണീയം?"

"സൗജന്യം എന്ന രീതിയിൽ സ്ത്രീക്കും പുരുഷനും കൗതുകപ്രദങ്ങളായ വസ്തുക്കൾ കൊടുത്തു നോക്കുക. അവർ പുനരുപയോഗിച്ചു തങ്ങൾക്കവകാശപ്പെട്ടതാണ് എന്നു വിചാരിക്കും. ഒരു തവണ കൊടുത്തില്ലെങ്കിൽ നീരസം കാണിക്കും, ദേഷ്യപ്പെടും. ചിലപ്പോൾ തെറി പറഞ്ഞെന്നും വരും. (അവകാശമെന്ന പ്രയോഗിച്ചതു് മലയാളത്തിൽ പ്രയോഗിക്കുന്ന രീതിയിൽ)"

"വിപ്ലവകാരിയുടെ അന്ത്യം?"

"ഏതു വിപ്ലവകാരിയും ഒടുവിൽ സ്വേച്ഛാധികാരിയായി മാറും"

"ചുംബനം?"

"ഒരധമ പ്രക്രിയ. സ്ത്രീയെ പുരുഷൻ ചുംബിക്കുമ്പോൾ അയാൾക്ക ഉപ്പലിന്റെ നാറ്റം സഹിച്ചാൽ മതി. പുരുഷൻ പുരുഷനെ ചുംബിക്കുന്നതു അധമതമ പ്രക്രിയ. താടിരോമങ്ങൾ കത്തിക്കയറും ചുംബിക്കുന്നവന്റെ മുഖത്തു്. താടി വളർത്തിയ നേതാവിനെ വേറൊരു രാജ്യത്തെ നേതാവു് കെട്ടിപ്പിടിച്ചു ഉമ്മവയ്ക്കുന്നതിന്റെ ദൃശ്യം എന്നിൽ അറപ്പും വെറുപ്പും ഉണ്ടാക്കും"

"നിങ്ങൾ ചിരിക്കാറില്ല എന്നു കെ.ആർ. ഗൗരി എറണാകുളത്തു കൂടിയ ഒരു സമ്മേളനത്തിൽ പറയുന്നതു കേട്ടു. ശരിയാണോ?"

"കേരളം നരകമാണ്. നരകത്തിൽ ചിരിക്കാനൊക്കുമോ? ശ്രീമതി പറഞ്ഞതു ശരിയാണ്"

"നിങ്ങൾ പ്രാർത്ഥനയിൽ വിശ്വസിക്കുന്നുണ്ടോ?"

"ഇല്ല. ഒരുത്തനെ ചതിച്ചിട്ട് ഈശ്വരനോടു് മാപ്പുചോദിക്കുന്നതിൽ അർത്ഥമില്ല. ചതിച്ചാൽ അതിന്റെ reaction ഉണ്ടാകും. Every action has its reaction എന്നു നൂട്ടൻ പറഞ്ഞതു ശരി. പ്രാർത്ഥനയും പശ്ചാത്താപവും റിയാക്ഷൻ ഇല്ലാതാക്കില്ല. കർമ്മസിദ്ധാന്തത്തിലാണ് എന്റെ വിശ്വാസം"

"റെയിൽവേ സവാരിയെക്കുറിച്ച് എന്താണ് അഭിപ്രായം?"

"നാലുപേർ ഇരിക്കാവുന്ന സീറ്റിൽ എട്ടും ഒൻപതും ആളുകൾ ഇരിക്കേണ്ടിവരുന്ന രീതിയിൽ തീവണ്ടികൾ ഓടിക്കാനായി സംവിധാനം ഉണ്ടാക്കുന്നവർ പുരുഷന്മാർക്കു വൃഷണങ്ങൾ ഉണ്ടെന്ന് ഓർമ്മിക്കുന്നില്ല. തിരുവനന്തപുരത്തുനിന്നു കൊല്ലം വരെ യാത്ര ചെയ്യുന്നവന്റെ വൃഷണങ്ങൾ ഉടഞ്ഞുപോകും"

"നിങ്ങൾ പാട്ടുമോ?"

"പാട്ടും. പക്ഷേ കോളേജുകളിൽ മ്യൂസിക് പ്രൊഫെസർമാർ പാടുന്നതുപോലെയിരിക്കും അതു്. കാളകളേ അതു് ആസ്വദിക്കുകയുള്ളു"

"കേരളത്തിന്റെ ശാപമെന്താണ്?"

"ജ്യോത്സ്യന്മാർ കൂടിക്കൂടി വരുന്നു. ഒരു വിവാഹവും അവർ നടത്താൻ സമ്മതിക്കില്ല. ഇത്ര വയസ്സിൽ മരിക്കുമെന്നു് പറഞ്ഞു് ആളുകളെ പേ[illegible]

സാഹിത്യത്തിലെ ഭ്രരിപക്ഷത്തിന്റെ പ്രതിനിധിയായിട്ടാണ് ഈ കോളമിസ്റ്റ് എഴുതുന്നതു്. ആധുനികതയെ പരിലാളിക്കുന്നവർ നൃനപക്ഷമാണ്. അതിനെക്കുറിച്ച് ഒരു നല്ല വാക്കെങ്കിലും പറയാൻ പറ്റില്ല. പറഞ്ഞാൽ അതു് ധർമ്മമാർഗ്ഗത്തിൽ നിന്നുള്ള വ്യതിചലനമായി വരും.

കെ.ആർ. ഗൗരി

ജ്യോത്സ്യന്മാർ കൂടിക്കൂടി വരുന്നു. ഒരു വിവാഹവും അവർ നടത്താൻ സമ്മതിക്കില്ല. ഇത്ര വയസ്സിൽ മരിക്കുമെന്ന് പറഞ്ഞ് ആളുകളെ പേടിപ്പിക്കുന്നു അവർ.

ഞാൻ ആ ജാതകം തീയിലേക്കു എ... പ്പോൾ എൺപത്തു വയസ്സായി. ജ്യോത്സ്യം demonitarize ഉണ്ടാക്കുന്നു"

ചെറുത് സുന്ദരം

"Work expands so as to fill the time available for its completion" എന്ന പാർക്കിൻസൺ നിയമം പ്രഖ്യാതമാണ്. നിങ്ങൾക്കു വീട്ടിൽ പുസ്തകങ്ങൾ അടുക്കി അലമാരിയിൽ വയ്ക്കണമെങ്കിൽ അരമണിക്കൂർ കൊണ്ട് അതു ചെയ്യാം. ഒരു മാസം കൊണ്ടും അതു ചെയ്യാം. സമയത്തിൽ ഒതുങ്ങത്തക്കവിധത്തിൽ ജോലി വികസിക്കും. ഈജിപ്തിലെ അംബാസഡർ സർദാർ കെ.എം. പണിക്കരോടു ഞാൻ ചോദിച്ചു. "അങ്ങ് അംബാസഡർ. എത്ര 'ബിസി' ആയിരിക്കും അങ്ങെന്ന് എനിക്കറിയാം. എങ്കിലും ജിജ്ഞാസയാൽ ചോദിക്കുകയാണ്. സാഹിത്യപ്രവർത്തനങ്ങളുമുണ്ടല്ലോ അങ്ങയ്ക്ക്. ഇതിനു സമയം കണ്ടെത്തുന്നതു് എങ്ങനെ?" "The busiest man has time to spare എന്ന് അദ്ദേഹം മറുപടി നല്കി. എന്നിട്ട് അദ്ദേഹം എന്നോടു് ഒരു ചോദ്യം ചോദിച്ചു "നിങ്ങൾക്ക് ഈശ്വരവിശ്വാസമുണ്ടോ?" എന്റെ ഉത്തരത്തിൻ കാത്തുനില്ക്കാതെ അദ്ദേഹം തുടർന്നുപറഞ്ഞു. "ഞാൻ ദേവീക്ഷേത്രത്തിൽ പോയി ധ്യാനനിരതനായി കുറെനേരം നില്ക്കും. അതു mental concentration എനിക്കു നല്കും. അമ്പലത്തിൽ പോകാൻ വയ്യെങ്കിൽ ചുവരിൽ ഒരു വൃത്തം വരച്ച് അതിന്റെ നടുവിൽ ഒരു കത്തിട്ട് അതിനെ കുറെനേരം നോക്കിക്കൊണ്ടു നിന്നാൽ മതി. ആ ഏകാഗ്രത നിങ്ങൾക്ക് ധ്യാനം ചെയ്യും. എനിക്ക് ഈ ഏകാഗ്രതയുണ്ട്. അതുകൊണ്ടാണ് ഞാൻ അംബാസഡർ ജോലി നോക്കുന്നതും സാഹിത്യകൃതികൾ എഴുതുന്നതും."

ഈ ഏകാഗ്രതയുടെ കരുവുകൊണ്ടാണ് ഗൗതമൻ ദീർഘങ്ങളായ കഥകൾ രചിക്കുന്നത്. ഡോക്ടർ ലീലാവതി സുദീർഘങ്ങളായ പ്രബന്ധങ്ങൾ എഴുതുന്നതു്. രണ്ടുപേർക്കും മിതം ച സാരം ച വചോ ഹി വാഗ്മിതാ എന്ന സാരസ്യതരഹസ്യം അറിഞ്ഞുകൂടാ. ഗൗതമൻ 'ഭാഷാപോഷിണി'യിലെഴുതിയ 'സുഭദ്രമാർ' എന്ന കഥ വായിക്കുക. ഫ്രാസത്തിന്റെ ചാരുതയുണ്ടായിരുന്നെങ്കിൽ അതു ഉത്കൃഷ്ടമായ കഥയാകുമായിരുന്നു. ഭർത്താവിനെ അന്വേഷിച്ചു പോകുന്ന സ്ത്രീയെ സഹായിക്കാൻ ഒരാൾക്കു കഴിയാതെ വരുന്ന സംഭവം ഈ ദീർഘതയിലും നമ്മളെ സ്പർശിക്കുന്നു. വേണ്ടാത്ത വർണ്ണനകളും സംഭാഷണങ്ങളും ഒഴിവാക്കി പ്രതിപാദ്യവിഷയത്തെ കേന്ദ്രസ്ഥാനത്തു നിറുത്തി, ഏകാഗ്രതയോടെ ആഖ്യാനം നിർവഹിച്ചിരുന്നെങ്കിൽ വായനക്കാരന്റെ മനസ്സിൽ ഉത്കണ്ഠ സൃഷ്ടിക്കാമായിരുന്നു ഗൗതമന്. ഇപ്പോഴത്തെ നിലയിൽ അദ്ദേഹം വാവദൂകതയിൽ അഭിരമിക്കുന്നു എന്നേ പറയാനുള്ളൂ. ജി. ശങ്കരക്കുറുപ്പിന്റെ കോസ്മിക് വിഷനെക്കുറിച്ച് എഴുതിയാലും സച്ചിദാനന്ദന്റെ കുത്സിതമായ പദ്യത്തെക്കുറിച്ചെഴുതിയാലും ഡോക്ടർ ലീലാവതി വളരെപ്പറയുന്ന ശീലം കാണിക്കുന്നു. ശങ്കരക്കുറുപ്പിനെ വാഴ്ത്തുമ്പോൾ എങ്ങനെയാണ് സച്ചിദാനന്ദനെയും

ഈതാലോ കൽവീനോ

...നായ എനിക്ക് അമ്പരപ്പ്
...ാന്നൽ വായനക്കാരനുണ്ടാ
...ണ്ടതിലല്ല. തെങ്ങിൽക്കയറു
...ുമ്പനിന്ന് ഒരുഭാഗം ഉരിച്ചെ
...ിട്ടുകൊണ്ട് കയറുമല്ലോ. അ
...ാറ്റായ്പ്പ് എന്നുപറയും. അതു
...ൽ കയറാൻ ഒക്കുകില്ല. ശങ്കര
...ും അയ്യപ്പപ്പണിക്കർക്കും സുഗ
തകുമാരിക്കും ഒരേ സ്റ്റാറ്റസ്സ് ലീലാവതി ഉപയോഗിക്കരുതു്. ഹിമാലയത്തെക്കുറിച്ചെഴുതുമ്പോൾ ശ്രീമതി പത്തു പുറം എഴുതുന്നതു് മനസ്സിലാക്കാം. മൊട്ടസൂചിയെക്കുറിച്ചെഴുതുമ്പോഴും പത്തുപുറമോ അതിൽക്കൂടുതലോ എഴുതുന്നതു് മനസ്സിലാക്കുന്നതെങ്ങനെ? "കലയിലെ വൈരുപ്യത്തെക്കുറിച്ച് എഴുതാൻ ഒരുപാടു് ആളുകൾ ഉണ്ടു്, ഞാൻ അവയിലെ നന്മയെക്കുറിച്ചു് മാത്രം എഴുതുന്നു" എന്ന ലീലാവതി പലപ്പോഴും പറയാറുണ്ട്. ലോകത്തിൽ സുന്ദരികൾ കുറവു്. വൈരൂപ്യമുള്ള സ്ത്രീകളാണ് കൂടുതലും. അതുപോലെ രചനകളിൽ വൈരൂപ്യം മുന്നിട്ടു നില്ക്കുന്നു. സൗന്ദര്യം ന്യൂനപക്ഷത്തിനാണുള്ളതു്. വസ്തുത അങ്ങനെയിരിക്കെ ഞാൻ എല്ലാക്കൃതികളിലെയും നന്മയെ വാഴ്ത്തുന്നു എന്നു പറയുന്നതു് ഹിപൊക്രസി അല്ലേ?

പച്ചക്കുതിര

തിരുവനന്തപുരത്തു് ക്രൂരനായ ഒരുദ്യോഗസ്ഥനുണ്ടായിരുന്നു. ഉദ്യോഗസ്ഥന്റെ ഓഫീസിൽ കൻറ്റിൻജൻസി -Contingency- പണമുണ്ട്. ആകസ്മികമായി വരുന്ന ചെലവുകൾക്ക് ആ പണമെടുത്തു കൊടുക്കാൻ ഉദ്യോഗസ്ഥനു് അധികാരമുണ്ട്. ആ കൊടുക്കലിൽ സർക്കാർ ഇടപെടുകയില്ല. ന്യൂശംസതയുടെ പ്രതീകമായ ഉദ്യോഗസ്ഥൻ വീട്ടിലെ അഴുക്കുവസ്തുങ്ങൾ നനച്ചു വെളുപ്പിക്കാൻ അന്തസ്സുള്ള ഒരു യുവാവിനെ നിയമിച്ചു. അയാളുടെ ശംബളം കൻറ്റിൻജൻസിയിൽ നിന്നു്. ഒരു ദിവസം കൊച്ചമ്മയു്- ഉദ്യോഗസ്ഥന്റെ ഭാര്യയു്- വസ്തുങ്ങൾ വെളുത്തില്ല എന്നു തോന്നലുണ്ടായി. അവർ വസ്തുങ്ങളെടുത്തു് ദൂരെയെറിഞ്ഞു് അട്ടഹസിച്ചു 'വെളുത്തില്ല മുണ്ടുകളും മറ്റും. ഒന്നുകൂടെ അടിച്ചു നനച്ചു കൊണ്ടുവരു' (അലക്കുക എന്ന അർത്ഥത്തിൽ തിരുവനന്തപുരത്തുകാർ പറയുന്നതു് അടിച്ചുനനയ്ക്കുക എന്നാണു്) ആ 'മറ്റു' പ്രയോഗത്തിൽ ഉദ്യോഗസ്ഥന്റെ വീതിയാർന്ന കോണകവും ഉൾപ്പെടും. കൻറ്റിൻജൻസി പൂൺ വിനയത്തോടെ അറിയിച്ചു. "കൊച്ചമ്മാ, എന്നാലാവും വിധം ഞാൻ വെളുപ്പിക്കാൻ ശ്രമിച്ചു. ഇതുയേ വെളുക്കൂ." ഭാവിദിവാൻ കേശവദാസ് അരത്തമ്മപ്പിള്ളത്തങ്കച്ചിയുടെ പരിചാരകനായി അവരുടെ വീട്ടിൽ നില്ക്കുകയായിരുന്ന (ധർമ്മരാജാ എന്ന നോവൽ). കൈയിലിരുന്ന തവികൊണ്ടു് ബാലനായ പരിചാരകന്റെ തലയിൽ അവർ ആഞ്ഞടിച്ചിട്ടു് വീട്ടിനകത്തേക്കു കയറിപ്പോയി. തവി കൈയിലില്ലായിരുന്ന ഉദ്യോഗസ്ഥഭാര്യക്കു് അവർ അതിനാൽ കോപത്തോടുകൂടി കൈകൾ വിശി വീട്ടിനകത്തേക്കു തിടുക്കത്തിൽ നടന്നുപോയി. വൈകുന്നേരം ഭർത്താവു വന്നപ്പോൾ അവർ പൊടിപ്പും തൊങ്ങലും വച്ചു് അയാളോടു പരാതി പറഞ്ഞു. "അവനെ വിളിക്കു്" എന്നായി അങ്ങേർ. പഞ്ചപുച്ഛമടക്കി പൂൺ വന്നുനിന്നു. നീ നാളെ മുതൽ വരണ്ട. ഡിസ്മിസ് ചെയ്യിരിക്കുന്നു നിന്നെ" എന്നു് തൊണ്ട പൊട്ടുമാറു് ഉദ്യോഗസ്ഥൻ ആക്രോശിച്ചു. പാവം പൂൺ. പേരൂർക്കട ജങ്ഷനിലിരുന്ന തെണ്ടാൻ ഉടങ്ങി. ഞാൻ അയാൾക്കു രൂപ കൊടുക്കാനായി പേരൂർക്കടയിൽ പോകുമായിരുന്നു. ഒടുവിൽ പൂണുകൾ വ

...ിന്റെ ശരീരത്തിലാകെ. അതിഭയങ്കരമായ ...ും. ശ്വാസമെടുക്കാതെ ഞാൻ കുറ...നോവാ...
...ട മുൻപിൽ കനിഞ്ഞു് ഇടുമായ...സ്സു...
...കഴിഞ്ഞു് അയാളെ കാണാ...ക്കാം.
...വീട്ടുകാരി അഭിലഷിച്ചു...വരാ...
...തതുകൊണ്ടു് പൂണിനെ ...
...ഗ്രഹനെപ്പോലെ 'പച്ചക്കുതി...
...പിടിച്ച പ്രസാധനത്തിന്റെ അ...
...കരിക്കാത്തവരെ ശകാരിക്കുന്നു.
...ായി വന്നതു് നിർഭാഗ്യവശാൽ ചില്...
...ശേഷപ്രകടനങ്ങൾ മാത്രമായിരുന്നു" എ...
...ന്റെ ഉപാലംഭം. (ഭാഗ്യക്കേടു് എന്ന അർത്ഥ...
...ഭാഗ്യം എന്ന പ്രയോഗിക്കണം– ലേഖകൻ)
...കലാത്മകങ്ങളല്ല എന്ന പരോക്ഷമായിപ്പറഞ്ഞ...
...തിനെ വിദ്വേഷപ്രകടനമായി കാണുന്നതു് എഡിറ്റർക്കു...
വിദ്വേഷപ്രകടനമല്ലേ?

(എഡിറ്ററുടെ മറ്റു തെറ്റുകൾ. ബെൻയാമിൻ തെറ്റു്. ബെൻയാമീൻ ശരി. ഈറ്റാലോ കാൽവിനോ തെറ്റു്. ഈതാലോ കൽവീനോ ശരി. ത്രുപീകരിക്കപ്പെട്ടുക മുട്ടൻ തെറ്റു്. ത്രുപവത്കരിക്കുക ശരി.– ലേഖകൻ)

സ്വന്തമായ മുഴക്കോൽ വച്ചു് സാഹിത്യത്തെ അളക്കുന്ന എഡിറ്റർ monstrous mistake-ൽ പെട്ടിരിക്കുന്നു. നേരേ ചൊവ്വേ എഴുതുന്നവർ ഒഴിച്ചാൽ (സക്കറിയ അങ്ങനെയുള്ള ഒരെഴുത്തുകാരൻ) ശേഷമുള്ളവർ എല്ലാവരും പെടുയ്ക്കുകളാണു്.

കരച്ചിൽ

അവൻ മരിച്ചു. അവൾ കരഞ്ഞില്ല
അവൻ മരിച്ചു. എങ്കിലും അവൾ കരഞ്ഞില്ല
അവൻ മരിച്ചു. പക്ഷെ അവൾ കരഞ്ഞില്ല
അവൾ എന്തിനു കരയണം?

എന്നു് ഒരു കവിത!! 'പച്ചക്കുതിര'യുടെ പതിന്നാലാം പുറത്തു്. ഈ monstrosity രാവണന്റെ ലങ്കയിൽപ്പോലും കവിതയായി അംഗീകരിക്കപ്പെടുമോ? സാഹിത്യത്തെ സ്നേഹിക്കുന്നവർ, അക്ഷരമറിയാവുന്നവർ, അക്ഷരശത്രുക്കൾ ഇവരിൽ ആരെങ്കിലും ഈ വരികളെ കവിതയായി സ്വീകരിക്കുമോ? 'പച്ചക്കുതിര' എന്ന പ്രസാധനഭാസം കണ്ടു് ഞാൻ തേങ്ങുന്നു, ശപിക്കുന്നു. മലയാള സാഹിത്യത്തെ വ്യഭിചരിക്കുന്ന ഒരു പ്രസാധനമാണിതു്. (പക്ഷെ എന്നതു "കവി"യുടെ തെറ്റാകാം. അച്ചടിത്തെറ്റുമാകാം. 'പക്ഷേ' എന്നുവേണം. പക്ഷേ എന്നതു് സംസ്കൃതപ്രയോഗമാണു്. പക്ഷത്തിൽ എന്നു് അതിനർത്ഥം. സംസ്കൃത ഭാഷയിൽ ഹ്രസ്വമായ 'എ' ഇല്ല.)

നിരീക്ഷണങ്ങൾ

ഇതു വേനൽക്കാലമോ? മഴക്കാലമോ? ഏതു കാലമായാലും വലിയ മഴ പെയ്യുമ്പോൾ തുറന്നിട്ട ജന്നലിലൂടെ കുറ്റൻ വണ്ടു് ഞാനിരിക്കുന്ന മുറിയിൽ കടന്നുവന്നു ശബ്ദമുണ്ടാക്കും. തറയിൽ കൈ കൊണ്ടടിച്ചു് അതിനെ ഞാൻ താഴെ വീഴ്ത്തും. അപ്പോൾ ആയിരം കാലുകൾ മേലോട്ടാക്കി അവ ചലിപ്പിച്ചു വണ്ടുകിടക്കും. പുറംതിരിഞ്ഞുള്ള ആ കിടപ്പിൽ നിന്നു മാറി പഴയ രീതിയിലാകാൻ വണ്ടു് ശ്രമിക്കാറുണ്ടു്. ഏതു ശ്രമവും നിഷ്ഫലം. പക്ഷേ എന്നിക്കതിനെ ചവിട്ടിക്കൊല്ലാൻ മനസ്സു് സമ്മതം തരാറില്ല. ശബ്ദം അസഹനീയമാണെങ്കിൽ റ്റംബ്ളർ എടുത്തു ഞാൻ അതിനെ മൂടിവയ്ക്കും. കാലത്തു് ജോലിക്കാരൻ അടിച്ചുവാരാൻ വരുമ്പോൾ വണ്ടിനെ പുത്തെറിയും. നിസ്സ

ലോകത്തിൽ സുന്ദരികൾ കുറവു് വൈരൂപ്യമുള്ള സ്ത്രീകളാണ് കൂടുതലും. അതുപോലെ രചനകളിൽ വൈരൂപ്യം മുന്നിട്ടു നില്ക്കുന്നു. സൗന്ദര്യം ന്യൂനപക്ഷത്തിനാണുള്ളതു്.

2. ഞാൻ മലയാളനാടു വാരികയിൽ എഴുതിക്കൊണ്ടിരുന്ന കാലം. അതിൽ അച്ചടിച്ചുവന്ന ഒരാധുനിക കവിതയുടെ അർത്ഥം എനിക്കു തീരെ മനസ്സിലായില്ല. പത്രാധിപരോടു ചോദിച്ചു് (വി.ബി.സി. നായരല്ല ആ പത്രാധിപർ) മനസ്സിലാക്കാമെന്ന തീരുമാനിച്ചു് അദ്ദേഹത്തെ റ്റെലിഫോണിൽ വിളിച്ചു. 'I don't understand it myself' എന്നായിരുന്നു മറുപടി. അതുപോലെ അതുപോലെ അദ്ദേഹം കാണിച്ചു വാരികകളിൽ വരുന്ന എല്ലാ അത്യാധുനിക കവിതകളുടെയും സ്ഥിതി ഇതാണ്. പത്രാധിപർക്കു മനസ്സിലായിട്ടല്ല അദ്ദേഹമവ പ്രസിദ്ധപ്പെടുത്തുന്നതു്. നിരൂപകർ അത്തരം കവിതകൾ അപഗ്രഥിച്ചു പ്രബന്ധങ്ങൾ എഴുതുന്നതു് പിന്നെങ്ങനെ എന്ന ചോദ്യമുണ്ടാകാം. നിരൂപകൻ കവിയോടുതന്നെ ചോദിക്കും കവിതയുടെ അർത്ഥമെന്തെന്നു്. കവി അതു വിശദീകരിക്കും. അതു പകർത്തിവയ്ക്കുകയാണു് നിരൂപകൻ. അങ്ങനെയുമുണ്ടു് സാഹിത്യത്തിലെ ഹിപൊക്രസി.

3. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ബുദ്ധിശക്തിയെ ഞാൻ ആദരിക്കുന്നു. ഞാൻ അതുകൊണ്ടു് അദ്ദേഹവുമായി റ്റെലിഫോണിൽ സംസാരിക്കാറുണ്ടു്. ഏതു വിഷയത്തെക്കുറിച്ചു പറഞ്ഞാലും ബാലചന്ദ്രനു് ഒറിജിനൽ ആശയങ്ങൾ കാണും ആവിഷ്കരിക്കാൻ. അവ എനിക്കു് ആഹ്ലാദമരുളും.

രണ്ടു ദിവസം മുൻപു് ഞാൻ അദ്ദേഹത്തോടു റ്റെലിഫോണിൽ സംസാരിച്ചു അപ്പോൾ അദ്ദേഹം ഒരു യഥാർത്ഥസംഭവത്തെക്കുറിച്ചു പറഞ്ഞു. ഹിമാലയപർവ്വതത്തിന്റെ അടുത്തുനിന്നു് ബാലചന്ദ്രൻ കപിലവാസ്തുവിലേക്കു നടക്കുകയായിരുന്നു. മാർഗ്ഗമധ്യേ അദ്ദേഹത്തിനു് അഭ്യസ്തവിദ്യനായ ഒരു കൂട്ടുകാരനെ കിട്ടി. സംസാരിച്ചു രസിച്ചു് അവർ നടന്നപ്പോൾ ബാലചന്ദ്രനു വല്ലാത്ത ദാഹം. വഴിവക്കിൽ ജീർണ്ണിച്ച കുടിൽ. അവർ അതിന്റെ മുൻപിൽ നിന്നു. ബാലചന്ദ്രന്റെ കൂട്ടുകാരൻ ഏതോ ഭാഷയിൽ വെള്ളം ചോദിച്ചു മറുപടി അതേ ഭാഷയിലുണ്ടായി. 'വെള്ളമില്ല' എന്നു പതേ ഭാഷയിലുണ്ടായി. ബാലചന്ദ്രനും. ബാറഞ്ഞു് കൂട്ടുകാരൻ നടന്നു. ബാലചന്ദ്രനും. ബാലചന്ദ്രൻ നീരസത്തോടെ പറഞ്ഞു– "കുറച്ചു വെള്ളം ചോദിച്ചിട്ട് 'ഇല്ല' എന്നു പറഞ്ഞു ആ സ്ത്രീ. ഇതെന്തൊരു നാട്ടു!" കൂട്ടുകാരൻ ബാലചന്ദ്രനെ അറിയിച്ചു "അവർ വെള്ളമില്ല എന്നല്ല പറഞ്ഞതു്. വസ്തുമില്ലാത്തതുകൊണ്ടു് കുടിലിനു പുറത്തേക്കു വരാൻ ഒക്കുകില്ലെന്നാണു്.""

ലക്ഷക്കണക്കിനു രൂപ ചെലവാക്കി താമസസ്ഥലങ്ങൾ മോടി പിടിപ്പിക്കുകയും പുതിയ കാറുകൾ വാങ്ങി സഞ്ചരിക്കുകയും ചെയ്യുന്നവർ ഈ സംഭവത്തെക്കുറിച്ചു് ഒന്നാലോചിച്ചു നോക്കണമെന്നാണു് എന്റെ അഭ്യർത്ഥന.

കാഫ്കാ



വാക്കുകൾ: ജീവിതത്തിന്റെ ആട്ടപ്രകാരം

വി.എം.വിനയകുമാർ

നിഘണ്ടുവിന്റെ രൂപത്തിൽ എഴുതിയ നോവൽ

ഡിക്ഷ്ണറി ഓഫ് ദി ഖസാർസ്
എ ലെക്സിക്കൺ നോവൽ
മിലോറാഡ് പാവിക്
വിന്റേജ് ഇന്റർനാഷണൽ, ന്യൂയോർക്ക്
വില 15 ഡോളർ

നോവൽ എന്ന സാഹിത്യരൂപത്തിന് വിസ്മയകരമായ പരിണാമങ്ങളുണ്ടായിട്ടുണ്ട്. ഉന്മേഷമുള്ളതും ഉദാരവുമായ ഒരു വായന അനുഭവത്തിന്റെ ആഘോഷമെന്നു വിളിക്കപ്പെടുന്ന 'ഖസാറുകളുടെ നിഘണ്ടു' എന്ന നോവൽ അതിന്റെ ഘടനാപരമായ പുതുമകൊണ്ടും ബിംബാവലിയുടെ ഹാസ്യാത്മകമായ ഉല്പന്നമതിത്വംകൊണ്ടും ശ്രദ്ധേയമാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. സെർബോ ക്രയേഷ്യൻ ഭാഷയിൽ മിലോറാഡ് പാവിക്കാണ് ഈ നോവൽ രചിച്ചിരിക്കുന്നത്. ഒരു നിഘണ്ടുവിന്റെ രൂപത്തിൽ എഴുതപ്പെട്ടിരിക്കുന്ന നോവൽ മികവുള്ള കഥാപാത്രങ്ങളെക്കൊണ്ടും രസകരമായ സംഭവങ്ങളെക്കൊണ്ടും നിറഞ്ഞിരിക്കുന്നു.

ഏഴും ഒൻപതും നൂറ്റാണ്ടുകൾക്കിടയിൽ ട്രാൻസിൽവേനിയക്കപ്പുറത്ത് നിവസിച്ചിരുന്ന ഒരു ജനസമൂഹമാണ് ഖസാറുകൾ. ആൺപതിപ്പ്, പെൺപതിപ്പ് എന്നീ രണ്ട് രീതികളിൽ രചിക്കപ്പെട്ടിരിക്കുന്ന നോവലിന്റെ പരസ്പരവ്യത്യാസം 17 വരികൾ മാത്രമാണ്. നോവലിൽ നമ്മുടെ പരമ്പരാഗത വിശ്വാസങ്ങളെ അട്ടിമറിക്കുന്ന ഒരുപാട് സംഗതികൾ ആഖ്യാനം ചെയ്യപ്പെടുന്നു. ജീവിച്ചിരിക്കുന്നവരും മരിച്ചവരും തമ്മിലുള്ള പ്രണയത്തിന്റെ ചിത്രീകരണമുണ്ട്. മറ്റുള്ളവരുടെ സ്വപ്നങ്ങളിലേയ്ക്കു കടന്നുചെല്ലാനാവുന്ന ഒരുകൂട്ടം പുരോഹിതന്മാരെ നാം ഇവിടെ കണ്ടുമുട്ടുന്നു. സ്വപ്നവ്യാഖ്യാനമെന്നത് നോവലിന്റെ പ്രമേയത്തിൽ വളരെ പ്രാധാന്യമുള്ള ഒരു കാര്യമായിത്തീരുന്നു. ഖസാറുകളുടെ രാജാവ് കണ്ട ഒരു സ്വപ്നത്തെ വ്യാഖ്യാനിക്കുന്നതിനായാണ് ക്രിസ്ത്യൻ, ഇസ്ലാമിക് ജൂതപണ്ഡിതന്മാരെ വിളിക്കുന്നതും ഖസാറുകളുടെ മതപരിവർത്തനത്തിലേയ്ക്ക് അത് നയിക്കുന്നതും.

ചുവന്ന പുസ്തകം, പച്ചപുസ്തകം, മഞ്ഞ പുസ്തകം എന്നീ മൂന്ന് ഖണ്ഡങ്ങൾ അടങ്ങുന്നതാണ് 'ഖസാറുകളുടെ നിഘണ്ടു'. ഈ പുസ്തകങ്ങളിൽ ഖസാർ പ്രശ്നത്തെ സംബന്ധിച്ചുള്ള ക്രിസ്ത്യൻ, ഇസ്ലാമിക്, ഹീബ്രു സ്രോതസ്സുകൾ യഥാക്രമമായി ആലേഖനം ചെയ്യപ്പെടുന്ന നോവലിനെ നമുക്ക് ആദ്യമുതൽ അന്ത്യംവരെയുള്ള സാധാരണമട്ടിലുള്ള വായനയ്ക്ക് വിധേയമാക്കാം. ഒരു നിഘണ്ടു നോക്കുന്നതുപോലെ നമുക്ക് താല്പര്യമുള്ള വാക്കുകൾ മാത്രമായി വേണമെങ്കിലും നോക്കാം. കൂടുതൽ അവധാനതാപൂർണ്ണമായ വായന നോവലിന്റെ മൂന്നു പുസ്തകങ്ങൾ തമ്മിലുള്ള ഗാഢമായ പരസ്പരബന്ധത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. നോവൽ വായനയെന്ന തികച്ചും സർഗ്ഗാത്മകമായ പ്രക്രിയയുടെ സങ്കീർണ്ണതയിലേയ്ക്ക് ഇത് നമ്മെ നയിക്കുകയാണ്. വാക്കുകൾ അടങ്ങുന്ന ഒരു പുസ്തകത്തെ നോവലിസ്റ്റ് നമ്മുടെ മുൻപാകെ അവതരിപ്പിക്കുന്നു. വായനക്കാരാണ് മൂലഘടകങ്ങളെ കൂട്ടിയോജിപ്പിച്ച് നോവലിനെ ഒരു സമഗ്രാനുഭവമാക്കി മാറ്റുന്നത്. (ഒരു നോവലിൽ നോവലിസ്റ്റ് പ്രമേയത്തിന്റെ അവ്യക്തമായ രൂപരേഖകൾ കോറിയിടുക മാത്രമേ ചെയ്യുന്നുള്ളു. അവയ്ക്ക് സുവ്യക്തമായ ആകൃതിയും പ്രകൃതിയും നൽകുന്നത് വായനക്കാരാണ്. നോവലിസ്റ്റ് നമ്മെ വഴികാട്ടുക മാത്രമാണ് ചെയ്യുന്നത്. നോവലിസ്റ്റ് അവതരിപ്പിക്കുന്ന കാര്യങ്ങളെ അതേപോലെ സ്വീകരിക്കുന്ന വായനക്കാരൻ എന്ന സങ്കല്പം കാലഹരണപ്പെട്ടുപോയിരിക്കുന്നു.)

വായനയുടെ സർഗ്ഗാത്മകതയെപ്പറ്റി നമ്മെ ഏറെ ചിന്തിപ്പിക്കാൻ കഴിവുള്ള നോവലാണ് 'ഖസാറുകളുടെ നിഘണ്ടു'. നോവലിസ്റ്റിന്റെ സമ്പന്നമാണ് നോവലിൽ ആവിഷ്കരിക്കപ്പെടുന്നത്. (ലോകത്തിലെ മികച്ച നോവലുകൾക്കെല്ലാം സമ്പന്നതയുടെ പേരിലായ ഒരു ഭാവമാണുള്ളതെന്ന് നമുക്ക് പറയുവാൻ സാധിക്കും. വസ്തുനിഷ്ഠമായ തലത്തെ പിൻതള്ളിക്കൊണ്ട് ഒരു സമ്പന്നാത്മകതലം മികച്ച നോവലിൽ ഉയർന്നുവരുന്നു.) ഖസാറുകളുടെ മതപരിവർത്തനത്തെക്കുറിച്ചുള്ള കുറേയേറെ വസ്തുതകൾ അക്ഷരമാലാക്രമത്തിൽ നോവലിന്റെ മൂന്ന് പുസ്തകങ്ങളിൽ വിന്യസിക്കപ്പെടുന്നു. ഒരേ പേരുതന്നെ മൂന്ന് പുസ്തകങ്ങളിലും വിന്യസിക്കപ്പെടുന്നുണ്ട്. ക്രിസ്ത്യൻ, മുസ്ലിം, ജൂത സാംസ്കാരിക വ്യത്യാസങ്ങളും ഇവിടെ നിഴലിക്കുന്നു.

വിഷലിപ്തമായ ഒരു 'ഖസാറുകളുടെ നിഘണ്ടു'വിന്റെ കോപ്പിയെപ്പറ്റിയുള്ള പരാമർശമുണ്ട്. കണ്ണാടികൾ ഉപയോഗിച്ചുകൊണ്ടുള്ള ആത്മഹത്യയെപ്പറ്റിയുള്ള സൂചനയും നോവലിലുണ്ട്. വായനക്കാരന്റെ കൗതുകമുണർത്തുന്ന പല കാര്യങ്ങളും നോവലിൽ ഒരുക്കിവയ്ക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നു. ബൗദ്ധികതയുടെയും ഉല്പന്നമതിത്വത്തിന്റെയും ഒരു മികച്ച മാതൃകയെന്ന രീതിയിലാണ് നോവൽ നമ്മെ ആകർഷിക്കുന്നത്. (നോവൽ അടിസ്ഥാനപരമായി ഒരു ദാർശനിക ലോകവീക്ഷണമാണ്. എന്നാൽ 'ഖസാറുകളുടെ നിഘണ്ടു'വിൽ ഒരു ദാർശനികവീക്ഷണം മിലോറാഡ് പാവിക് അവതരിപ്പിക്കുന്നു എന്നു പറയാൻ സാധിക്കുകയില്ല. നോവൽരചനയെ കഥപറച്ചിലായി മാത്രം കാണുന്ന നമ്മുടെ താഴ്ന്നതരം ആസ്വാദനശീലത്തെ 'ഖസാറുകളുടെ നിഘണ്ടു' ഞെട്ടിക്കുകതന്നെ ചെയ്യുമെന്ന് പറയാതെ വയ്യ.)

നോവലിന്റെ പരമ്പരാഗതമായ ഘടനയെ തകിടംമറിച്ചുകൊണ്ട്, നോവൽരചനയുടെ അഭൂതപൂർവ്വകമായ തലങ്ങളിലേയ്ക്കുള്ള കടന്നുകയറ്റം എന്ന രീതിയിലാണ് ഈ നോവൽ നമ്മുടെ ശ്രദ്ധയാകർഷിക്കുന്നത്. നമ്മുടെ യാഥാർത്ഥ്യബോധത്തെ പുനർസൃഷ്ടിച്ചുകൊണ്ട് നോവൽ മുന്നേറുന്നു. നോവൽ വായനയുടെ ക്രമത്തെത്തന്നെ ഈ നോവൽ ചോദ്യം ചെയ്യുന്നു. പുസ്തകത്തിന്റെ ഒന്നാംപേജ് മുതൽ അവസാനംവരെ ക്രമമായി

നടത്തേണ്ട ഒന്നാണോ വായനയെന്ന് ഇവിടെ[illegible]
ശ്യം ഉണ്ടാകുന്നു. ഒരു നിഘണ്ടുവിന്റെ ഉപ[illegible]
മായി ചെയ്യാവുന്ന ഒന്നാണോ നോവൽവായന[illegible]
ഭിമുഖീകരിക്കുന്നു. ആഴത്തിൽ വായിക്കുമ്പോൾ നിഘണ്ടു[illegible]
കൾ തമ്മിലുള്ള പരസ്പരബന്ധം തെളിഞ്ഞുവരുന്നു. [illegible]
രവുമുള്ള പാഠാന്തരങ്ങൾക്ക് അവഗണിക്കാനാവാത്ത[illegible]
ളുടെ നിഘണ്ടു'. നോവലിന്റെ രൂപത്തിലും [illegible]
ത്രത്തിലും പുതുമകൾ അവതരിപ്പിച്ചുകൊണ്ട് [illegible]
രൂപസാദ്ധ്യതകളിലേയ്ക്ക് ഈ [illegible]
ദാർശനികമായ ഒരു സവിശേഷതയിലേയ്ക്ക് [illegible]
നവീകരിക്കാനൊന്നും നോവലിസ്റ്റിനു കഴിഞ്ഞില്ല. [illegible]
സംബന്ധിച്ചുള്ള നമ്മുടെ പരമ്പരാഗത സങ്കല്പങ്ങ[illegible]
തകർത്തെറിയുന്നത്.

'കടന്നുകയറുന്നവന് കനി' എന്നു പറയാറുള്ളത് ഖസാറുകളുടെ നിഘണ്ടുവിനെ സംബന്ധിച്ച് സാർത്ഥകമായിത്തീരുന്നു. അന്വേഷണത്തിന്റെ അളവ് കൂടുന്തോറും കണ്ടെത്തലിന്റെ വൈപുല്യവും വർദ്ധിച്ചുകൊണ്ടിരിക്കും. ഭാഗ്യവാനായ അന്വേഷകൻ ഈ നോവലിൽ അടങ്ങിയിരിക്കുന്ന പേരുകളുടെ എല്ലാ പരസ്പരബന്ധങ്ങളും കരങ്ങളിലൊതുക്കും. ഒരു പുസ്തകത്തിൽ അവതരിപ്പിക്കപ്പെടുന്ന ഒരു പേരിന് മറ്റൊരു പുസ്തകത്തിലെ പേരുമായി ബന്ധമുണ്ടായിവരുന്നു. വ്യക്തികൾ തമ്മിൽ പ്രാഥമികതലത്തിൽ നമുക്ക് അചിന്ത്യമായ രീതിയിൽ എങ്ങനെയൊക്കെ ബന്ധങ്ങളുണ്ടാകാം എന്ന് നാം അത്ഭുതപ്പെട്ടുപോകുന്നു. ക്രിസ്ത്യൻ-ഇസ്ലാമിക്- ജൂഡായിക് സംസ്കാരങ്ങൾ ഇഴചേർന്നുവന്ന് ഒരു സാംസ്കാരിക സമന്വയത്തിന് ചിലപ്പോൾ കളമൊരുങ്ങുകയും ചെയ്യുന്നു.

വായനക്കാരനെ സംബന്ധിച്ച് പൊതുവായ ഒരു ധാരണയുണ്ട്. ഭാവനയെന്നത് എഴുത്തുകാരന്റെ സാമ്രാജ്യത്തിലുള്ള ഒരു കാര്യമാണെന്നും അതുതന്നെ സംബന്ധിക്കുന്നതല്ലെന്നും വായനക്കാരൻ ചിന്തിക്കുന്നു. ഒരു നിഘണ്ടുവിന്റെ കാര്യത്തിലാകുമ്പോൾ ഈ ചിന്ത കൂടുതൽ ശക്തമാകുന്നു. അതിനാൽ തന്റെ വായനയുടെ രീതി മാറ്റാൻ ഒരു ശ്രമവും വായനക്കാരൻ നടത്തുകയുമില്ല.

ഡോബ് മാനസ് പതിപ്പാണ് ഈ നോവലിന്റെ ആദ്യപതിപ്പായി പരയപ്പെടുന്നത്. ആദ്യനിഘണ്ടുകാരനും വർത്തമാനകാല നിഘണ്ടുകാരനും ഉള്ളതുപോലെ നോവൽ പുതിയ എഴുത്തുകാരെയും തുടർച്ചക്കാരെയും ആർജ്ജിക്കുന്നു. നോവലിന് അനന്തമായ വായനാസാദ്ധ്യതകൾ ഉണ്ടായിവരുന്നു. ഒരു പദപ്രശ്നത്തിന്റെയോ വിശുദ്ധ ഗ്രന്ഥത്തിന്റെയോ തലത്തിലേയ്ക്ക് നോവൽ രൂപാന്തരം പ്രാപിക്കുന്ന അവസരങ്ങളുണ്ട്. നോവലിന്റെ പാഠത്തിൽ മിലോറോഡ് പാവിക് കാണിക്കുന്ന കൺകെട്ടുവിദ്യ വ്യക്തിചിത്രങ്ങളുടെയും സംഭവങ്ങളുടെയും സഹായത്താൽ നിലനിറുത്തപ്പെടുന്നു.

ഒരു നിയതമായ സമയക്രമത്തെ അനാവശ്യമാക്കി മാറ്റുന്ന രീതിയിലാണ് നോവൽ രചിക്കപ്പെട്ടിരിക്കുന്നത്. ഒരു റൂബിക്സ് ക്യൂബിനെപ്പോലെ നോവലിനെ അനന്തമായ രീതിയിൽ വിന്യസിക്കുവാൻ വായനക്കാരന് അവസരം നൽകപ്പെടുന്നു. ഓരോ വായനക്കാരനും നോവലിനെ അവനവനിഷ്ടപ്പെടുന്നതുപോലെ ഒരുക്കിയെടുക്കുകയാണ് ചെയ്യുന്നത്. ഒരു കണ്ണാടിയിലെന്നതുപോലെ അതിനുമുൻപാകെ വയ്ക്കുന്ന സംഗതികൾ പ്രതിഫലിച്ചുകാണപ്പെടുന്നു. 'ഖസാറുകളുടെ നിഘണ്ടു'വിൽ ഈ കണ്ണാടിയുടെ ആവർത്തനരീതിയും കാണാനാവുന്നുണ്ട്. ഈ നോവലിനെ പൂർണ്ണരൂപത്തിൽ വായിക്കണമെന്നുപോലുമില്ല. ഒരു നിഘണ്ടുവിലെപോലെ ഒരു ഭാഗം മാത്രമെടുത്ത് അവസാനിപ്പിക്കാം. കൂടുതൽ കടന്നുകയറുന്തോറും നോവലിന്റെ ഘടകങ്ങളുടെ കൂടുതൽ പരസ്പരബന്ധങ്ങൾ അനാവൃതമാകുന്നു.

വായനയുടെ സർഗ്ഗാത്മകമായ തലങ്ങൾ അനാവരണം ചെയ്യുന്ന രീതിയിലാണ് 'ഖസാറുകളുടെ നിഘണ്ടു' രചിക്കപ്പെട്ടിരിക്കുന്നത്. വായന ശ്രമകരവും സർഗാത്മകമായി മാറുകയാണിവിടെ. നിർവ്യക്തികമായ വാർത്താസ്വീകരണത്തിനപ്പുറം നോവൽവായന സൃഷ്ടിപരമായ തലത്തിലേയ്ക്ക് കടക്കുന്നു. ഓരോ വായനക്കാരനും നോവലിന്റെ ഘടകങ്ങളെ സ്വതന്ത്രമായ രൂപത്തിൽ കൂട്ടിയിണക്കി തന്റേതായ രീതിയിൽ നോവലിനെ സൃഷ്ടിക്കുന്നു. നോവലിലൊരിടത്ത് നോവലിലുള്ള താല്പര്യത്തിന്റെ പുനർജ്ജീവനത്തെപ്പറ്റി ഇങ്ങനെ പറയുന്നു: "ഒരു ചങ്ങലയ്ക്കിട്ട കുരങ്ങി

ഇരുട്ടിന്റെ മറനീക്കുന്ന നോവൽ

എം.കെ.സാനു

കൈയൊതുക്കമുള്ള ഒരെഴുത്തുകാരന്റെ വ്യക്തിത്വം തെളിഞ്ഞുകിടക്കുന്ന കൃതി

ഇരുട്ട് ഒന്നിനെയും മറയ്ക്കുന്നില്ല
കെ.സുധാകരൻ
കറന്റ് ബുക്സ്,കോട്ടയം
വില 40 രൂപ

"ആ രാത്രി. അതിനും ചില ചിട്ടകളുണ്ട്. ചിട്ടകൾ തെറ്റുന്നതിൽ അപകടമുണ്ടോ?"

ഈ വാക്യങ്ങളാണ് 'ഇരുട്ട് ഒന്നിനെയും മറയ്ക്കുന്നില്ല' എന്ന നോവലിലെ ആദ്യഖണ്ഡിക. തുടർന്നുള്ള വിവരണത്തിന് ഇതൊരാമുഖം മാത്രം.

'ചിട്ടകൾ' തെറ്റുന്നതിന്റെ വിവരണമാണത്. വരൻ ഐ.എ.എസ് ഉദ്യോഗസ്ഥനാണെന്നോർക്കണം. മന്ത്രി കാറപകടത്തിൽപ്പെട്ടെന്നു കേട്ടാൽ അങ്ങോട്ടു പോകാതിരിക്കാൻ പറ്റുമോ? പ്രഥമരാത്രിയെന്നു പറഞ്ഞൊഴിയാനൊക്കുകയില്ല. മന്ത്രിയെ കാണാൻ തിടുക്കത്തിൽ പോകണമെന്ന് അമ്മയും അച്ഛനും നിർബന്ധിക്കുകയും ചെയ്തു.

മണിയറയിൽ വധു ഒറ്റയ്ക്കായി. അവളുടെ മനസ്സിലൂടെ പലതും കടന്നുപോയി. സ്വപ്നങ്ങളും പ്രതീക്ഷകളും സ്മരണകളും പരാതികളും മറ്റും. ഒന്നാം ഖണ്ഡത്തിന്റെ അവസാനഭാഗം നോക്കൂ.

"സാവധാനം അവൾ കണ്ണു തുറന്നു. അവൾ ഒറ്റയ്ക്കാണ്. മണിയറ വാതിലടഞ്ഞുകിടക്കുന്നു.

"അവളെ തഴുകുന്നത് നിയോൺ വെളിച്ചം മാത്രം. അതിനാണെങ്കിൽ പരിഹാസത്തിന്റെ നിറം."

ആദ്യരാത്രിയിൽ മാത്രമല്ല. തുടർന്നുള്ള രാത്രികളിലും ചിട്ടകൾ തെറ്റുന്നു. അവയങ്ങനെ തെറ്റുന്നതുമൂലം 'അപകടം' സംഭവിക്കുന്നുണ്ടോ? ഇല്ല. എന്നാൽ, ഒന്നും സംഭവിക്കുന്നില്ലെന്ന് പറയാനാവില്ല. മുഖ്യകഥാപാത്രമായ പാർവ്വതിയുടെ മനസ്സിലാണ് അവയേറെയും സംഭവിക്കുന്നതെന്നു മാത്രം.

വിവാഹിതയായെങ്കിലും എപ്പോഴും ഏകാകിനിയായി കഴിയുക എന്നതാണ് പാർവ്വതിയുടെ വിധി. സ്വഭാവവിലക്ഷണതകളും സാഹചര്യങ്ങളും ചേർന്നുണ്ടാക്കുന്ന അവസ്ഥകളെയാണ് വിധി എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. പാർവ്വതിയെപ്പോലെ അറിവും സംസ്കാരവും ഉന്മേഷകരമായ വിക്ഷണവുമുള്ള ഒരു യുവതിക്ക് ദുസ്സഹമായ ഒരവസ്ഥയാണത്. കോളേജദ്ധ്യാപികയായ അവൾ കൂട്ടുകാരികളുമായി മികച്ച സൗഹൃദമാണ് പുലർത്തിയത്. അവർ വിനോദത്തിനായി പറയുന്ന ചാടുവാക്കുകളിൽ പലപ്പോഴും ലൈംഗികവികാരസ്പർശിയായ ഫലിതങ്ങളുണ്ട്. സംഗീതവും സാഹിത്യവും ആസ്വദിക്കുന്നതിൽ അവൾ ഉയർന്ന നിലവാരം പുലർത്തുന്നു. ഇപ്രകാരമൊരു യുവതിക്ക് ലഭിച്ചത് വികാരപരമായി വളർച്ചപ്രാപിക്കാത്ത ഒരു ഭർത്താവിനെയാണ്. മാതാപിതാക്കളുടെ കർക്കശമായ നിയന്ത്രണത്തിൽ അയാളിലെ സഹജവാസനകളധികവും മുരടിച്ചുപോയിരിക്കുന്നു. ഐ.എ.എസ് ഉദ്യോഗസ്ഥനാക്കാൻവേണ്ടി അയാൾക്ക് അവർ നൽകിയ യാന്ത്രികമായ ശിക്ഷണം രണ്ടാം പ്രകൃതമായി മാറുകയും ചെയ്തു. പാർവ്വതിയുടെ മാദകമായ വിലാസഭംഗികൾക്ക് അയാളിൽ സുപ്തമായിരിക്കുന്ന സഹജവാസനകളെ ഉണർത്താനായില്ല.

ഈ സാഹചര്യത്തോട് പാർവ്വതി എങ്ങനെ പ്രതികരിക്കുന്നു? ഇതാണ് നോവലിലെ മുഖ്യമായ പ്രമേയം. താനാർജ്ജിച്ച സംസ്കാരത്തിന്റെ സംയമനത്തോടെയല്ലാതെ അവൾ ഒരു വാക്കുപോലും പറയുന്നില്ല. ഭർത്താവായ വിജയന്റെ പരിമിതികൾ അവളറിയുന്നു. സഹതാപത്തോടെ അയാളെ സമീപിക്കുകയും ചെയ്യുന്നു. പക്ഷേ, കപടസദാചാരത്തിന്റെ

മറയ്ക്കുന്നില്ല, എന്ന [illegible]

[illegible] കാട്ടുകള്ളത്തരമായിരിക്കും [illegible]

[illegible] വസ്തുതാവിവരണത്തിന്റെ മൃതകോശങ്ങൾ തെല്ലുമില്ലെന്നു [illegible] അത്ഭുതകരമെന്നെയാണ്. ചിലപ്പോൾ യഥാർത്ഥ്യങ്ങൾ സ്വപ്നങ്ങൾക്കു മാറുന്ന സന്ദർഭങ്ങളുമുണ്ട്. അവ ആലോചനാമൃതങ്ങളാണ്.

ഇതിവൃത്തത്തിന്റെ പശ്ചാത്തലത്തിൽ കേരളരാജ്യവും ചില പ്രത്യേക സ്ഥലങ്ങളും തെളിമയോടെ വർത്തിക്കുന്നത് ഏതു വായനക്കാരനും തെളിമയോടെ കാണാനാകുമെന്നാണ് എന്റെ വിശ്വാസം. നോവലിന്റെ ആന്തരിക്വിസ്തൃതിയെയാണ് അത് വെളിവാക്കുന്നത്.

ആകെ നൂറുപേജ് തികയാത്ത നോവലിനെ രണ്ടു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. രണ്ടാം ഭാഗം തുടങ്ങുന്നത് "വിജയനെ സ്പെഷ്യൽ ഓഫീസർ ഫോർ ഫോറസ്റ്റ് അഫയേഴ്സ് എന്ന ഒരു പുതിയ തസ്തികയിൽ നിയമിച്ചു" എന്ന വാക്യത്തോടെയാണ്. 'കാനനരാഷ്ട്രീയം' അതോടെ കടന്നുവരുന്നു. ആദ്യഭാഗത്ത് പാർവ്വതിയുടെ പ്രതീക്ഷാഭംഗം അതിന്റെ തരളതയോടെ അറിയുന്ന ആസ്വാദകന് ഈ വാക്യം വായിക്കുമ്പോൾ നീരസം തോന്നാതിരിക്കുകയില്ല. പക്ഷേ, ആ നീരസം നിമിഷനേരംകൊണ്ട് നീങ്ങിപ്പോകുന്ന രീതിയിലാണ് ആഖ്യാനം ചലിക്കുന്നത്. അസാധാരണമായ ധൈര്യമില്ലാതെ ഒരെഴുത്തുകാരന് ഇപ്രകാരമൊരു വ്യതിയാനത്തിന് മുതിരുക സാദ്ധ്യമല്ല. പൊരുത്തപ്പെടാത്തതിനെ പൊരുത്തപ്പെടുത്തുക എന്ന പരീക്ഷണത്തിലാണ് ഇവിടെ നോവലിസ്റ്റ് ഏർപ്പെടുന്നത്. പരാജയപ്പെട്ടാൽപോലും അതിൽ സാഹസികതയുടെ മേന്മയുണ്ടാകും. അതിൽ വിജയിക്കുന്നു എന്നതോ? അഭിനന്ദനാർഹമായ കലാവൈഭവത്തിന്റെ തെളിവും. നോവലിന്റെ സമഗ്രമായ ഘടനയിൽപോലും വ്യത്യസ്തതയാർന്ന ഒരു ശില്പബോധമാണ് ആധിപത്യം ചെലുത്തിയിട്ടുള്ളത്.

ഭാഷയ്ക്ക് നോവലിലുള്ള പ്രാധാന്യമെന്തെന്ന് വാചാലമായി വിളംബരം ചെയ്യുന്ന പല ഭാഗങ്ങളും ഈ കൃതിയിൽ കാണാം. ഉപഹാസത്തിന്റെ സ്വരവിശേഷമുണർത്തുന്ന പദനിബന്ധന പലയിടങ്ങളിലുമുണ്ട്. സൂക്ഷ്മഭാവങ്ങൾക്ക് സ്ഥൂലരൂപം നൽകുന്ന പദവിന്യാസങ്ങളും കുറവല്ല. വാക്കുകൾ അവിടെ പ്രതികങ്ങളായി മാറുന്നു. ഭാവഗീതത്തിലെന്നപോലെ. (ഒന്നാം ഭാഗം ആറാം ഖണ്ഡത്തിലെ അവസാനഖണ്ഡിക ഒരുദാഹരണം മാത്രം.) സംഭാഷണമാകട്ടെ. ചടുലമാകുന്നതോടൊപ്പം സ്വഭാവവ്യഞ്ജകവുമാണ്. (ക്ലാസിക്കുകളിലെ പ്രയോഗവിശേഷങ്ങൾ ഭാഷയുടെ ചാരുതയേറ്റുന്നതായി കാണാം.)

ആകത്തുകയിൽ 'ഇരുട്ട് ഒന്നിനെയും മറയ്ക്കുന്നില്ല' എന്ന നോവൽ വ്യത്യസ്തതയുള്ള ഒരു കലാസൃഷ്ടിയായിട്ടാണ് എനിക്കനുഭവപ്പെട്ടത്. കൈയൊതുക്കമുള്ള ഒരെഴുത്തുകാരന്റെ വ്യക്തിത്വം ഇതിലൂടെ തെളിഞ്ഞുവരുന്നു.



ലെക്ചേഴ്സ് ഓൺ ആയുർവേദ
എഡിറ്റർ: കെ.ജി.പൗലോസ്
ദി ആര്യവൈദ്യശാല, കോട്ടയ്ക്കൽ
വില: 240 രൂപ

ആയുർവേദത്തിന്റെ സുഗന്ധം

കോട്ടയ്ക്കൽ ആര്യവൈദ്യശാലാ ഗ്രന്ഥപരമ്പരയിലെ അമ്പതാമത്തെ ഗ്രന്ഥമായി പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഗ്രന്ഥം ആയുർവേദത്തിന്റെ ചരിത്രപരവും സിദ്ധാന്തപരവുമായ മേഖലകൾ അപഗ്രഥിക്കുന്ന ലേഖനങ്ങളാൽ സമ്പന്നമാണ്. സ്വാമി രംഗനാഥാനന്ദ, കെ.എൻ.പണിക്കർ, എം.എസ്.വല്യത്താൻ തുടങ്ങി വിവിധ മേഖലകളിലെ പ്രഗത്ഭർ ശ്രദ്ധാപൂർവ്വം എഴുതിയ ലേഖനങ്ങളുടെ സമാഹാരം എന്ന പ്രാധാന്യം ഈ ഗ്രന്ഥത്തിനുണ്ട്. ആയുർവേദത്തിന്റെ ചരിത്രവും തത്ത്വശാസ്ത്രവും, പാരമ്പര്യ ചികിത്സാരീതി, ശസ്ത്രക്രിയ, യോഗ, വർത്തമാനകാല പ്രസക്തി തുടങ്ങി വിവിധ മേഖലകൾ ഈ പഠനങ്ങൾക്ക് വിഷയമാകുന്നുണ്ട്. കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ സ്ഥാപകനും അനുഗൃഹീത വൈദ്യനുമായിരുന്ന വൈദ്യരത്നം പി.എസ്.വാരിയരെക്കുറിച്ചുള്ള അനുസ്മരണങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്. ഏതു നിലയ്ക്കും സാർത്ഥകമായൊരു സംരംഭമാണിത്.

ഒരു ഗാന്ധിയൻ കമ്മ്യൂണിസ്റ്റിന്റെ ഓർമ്മകൾ
കെ.മാധവൻ
ക്രിയേറ്റീവ് ആർട്സ് ആൻഡ് കൾച്ചറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി ലി.
തിരുവനന്തപുരം
വില 150 രൂപ

ദേശീയ പ്രസ്ഥാനത്തിലൂടെ പൊതുരംഗത്തേയ്ക്ക് കടന്നുവന്ന് കമ്മ്യൂണിസ്റ്റായി പരിവർത്തനപ്പെട്ട കെ.മാധവന്റെ ഓർമ്മകൾ. മലബാറിലെ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ ചലനങ്ങൾപോലും ഈ ഓർമ്മകളുടെ ഭാഗമായി പ്രത്യക്ഷപ്പെടുന്നു. പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നതിനുശേഷം സി.പി.ഐയിൽ തുടർന്ന മാധവൻ. സി.പി.എം നേതൃത്വം എത്രമാത്രം ജനാധിപത്യവിരുദ്ധമായിട്ടാണ് സി.പി.ഐ പ്രവർത്തകരെ നേരിട്ടത് എന്നും വിശദീകരിക്കുന്നുണ്ട്. ഉത്തരകേരളത്തിലെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഊടും പാവും മനസ്സിലാക്കുന്നതിന് ഈ പുസ്തകത്തിന്റെ വായന പ്രയോജനം ചെയ്യും.

എന്റെ ശ്രീകോവിൽ
സി.വി.കുഞ്ഞുരാമൻ
കൗമുദി പബ്ലിക് റിലേഷൻസ്
വില 30 രൂപ

ചരിത്രം. സാഹിത്യം. പത്ര പ്രവർത്തനം തുടങ്ങി വ്യത്യസ്ത മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച സി.വി.കുഞ്ഞുരാമൻ സരസഗദ്യകാരൻ എന്ന നിലയിൽ ഏറെ പ്രശസ്തനായിരുന്നു. അദ്ദേഹം രചിച്ച നോവലിന്റെ പുതിയ പതിപ്പാണിത്. 'എന്റെ ശ്രീകോവിൽ ഒരു നോവലായിരിക്കുമ്പോൾതന്നെ ചരിത്രത്തെക്കുറിച്ചുള്ള അനുമാനത്തിന് വഴിനൽകുന്ന ജ്ഞാനസാഹിത്യവുമാണ്' എന്ന് ഈ പതിപ്പിന്റെ അവതാരികയിൽ കെ.പി. അപ്പൻ എഴുതിയിട്ടുണ്ട്. സി.വി.കുഞ്ഞുരാമനെക്കുറിച്ചോ ഈ നോവലിനെക്കുറിച്ചോ തർക്കമൊന്നുമില്ലാത്തവർക്കുപോലും കേവലം മുപ്പത്തിയാറു പേജുള്ള ഈ നോവലിനൊപ്പം പതിനാറു പേജ് പരസ്യം ചേർക്കുകയും എന്നിട്ടും പുസ്തകത്തിന് 30 രൂപ വിലയിടുകയും ചെയ്ത പ്രവൃത്തിയോട് യോജിക്കാൻ കഴിയില്ല. സി.വി.കുഞ്ഞുരാമന്റെ പേര് ഉപയോഗിച്ച് പണമുണ്ടാക്കുന്നു എന്ന് ഇതിന്റെ അണിയറശില്പികളെക്കുറിച്ച് ആരെങ്കിലും പരാതി പറഞ്ഞാൽ അത് അടിസ്ഥാനരഹിതമാകുമോ? ഇതിൽനിന്നുള്ള വ്യത്യാസം കാര്യത്തിന് ഉപയോഗിക്കുന്നതിനെക്കുറിച്ചാണ് ഈ ഗ്രന്ഥകാരന്റെ അഭിപ്രായം. വിശദീകരിക്കുന്നുണ്ട്. പൊതുരംഗത്തുള്ളവർക്കും എന്ന് ഹാഷിംരാജയതിരിക്കുമ്പോൾ.

ആത്മാവിലെ നേരുകൾ
സെഡ് എം.മുഴൂർ
കറന്റ് ബുക്സ്
വില 125 രൂപ

അമേരിക്കയിൽ പ്രസിദ്ധീകരിക്കുന്ന 'മലയാളപത്രം' എന്ന പ്രസിദ്ധീകരണത്തിൽ പ്രസിദ്ധീകരിച്ച പ്രതിവാരക്കുറിപ്പുകളുടെ സമാഹാരം. സമകാലിക ജീവിതത്തിലെ സമസ്യകളെ അപഗ്രഥിക്കാൻ ശ്രമിക്കുകയാണ് ഗ്രന്ഥകാരൻ.

സൈക്കിൾ
സമരൻ തറയിൽ
നിശാഗന്ധി പ്രസിദ്ധീകരണം
വില 75 രൂപ

ഭൂമി ആകാശത്തോളം വരില്ല. മണൽ. കെണി. നമുക്ക് നാണിക്കാം തുടങ്ങി പതിനാറു കഥകൾ. പ്രവാസജീവിതത്തിന്റെ തീക്ഷ്ണതയോടെ നാടും പ്രകൃതിയും പ്രത്യക്ഷപ്പെടുന്ന കഥകളാണ് ഇവയിൽ പലതും. ഒപ്പം നീതിനിഷേധിക്കപ്പെടുന്നവരുടെ ജീവിതത്തെക്കുറിച്ചുള്ള ഉത്കണ്ഠകളും ഈ കഥകളിലുണ്ട്.



കുറ്റാന്വേഷകന്റെ ഡയറിക്കുറിപ്പുകൾ
കെ.ടി.മൈക്കിൾ
കറന്റ് ബുക്സ്
വില 70 രൂപ

റിട്ടയേർഡ് ഐ.പി.എസ് ഉദ്യോഗസ്ഥനായ കെ.ടി.മൈക്കിൾ തന്റെ കുറ്റാന്വേഷണാനുഭവങ്ങൾ പങ്കുവയ്ക്കുന്ന പുസ്തകം. പതിനേഴ് ലേഖനങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. കൊലപാതകവും കവർച്ചയുമുൾപ്പെടെ കേരളത്തെ നടുക്കിയ ചില കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് ഗ്രന്ഥകാരൻ അവലംബിച്ച അന്വേഷണ സമ്പ്രദായങ്ങൾ വിശദീകരിക്കുന്നവയാണ് ലേഖനങ്ങളെല്ലാം. പരായണക്ഷമമാണ് ഈ അനുഭവവിവരണങ്ങൾ.



ഒരു ജാതി ഒരു ദൈവം
ടി.മുഹമ്മദ്
ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്
വില 10 രൂപ

'ഭാരതീയസംസ്കൃതിയുടെ തായ്വേരുകൾ സസൂക്ഷ്മം പരിശോധിച്ച്. അവ ഏകദൈവത്വത്തിലും സെമിറ്റിക് പ്രവാചകന്മാരുടെ പ്രബോധനസന്ദേശങ്ങളിലുമാണ് ചെന്നെത്തിനിൽക്കുന്നതെന്ന് സമർത്ഥിക്കുകയാണ് പണ്ഡിതനും ഗവേഷകനുമായ ഗ്രന്ഥകാരൻ' എന്ന് പ്രസാധകക്കുറിപ്പിൽ പറയുന്നു. ഭാരതീയ സംസ്കൃതിക്ക് സെമിറ്റിക് മതങ്ങളേക്കാൾ പഴക്കമുണ്ടെന്നുള്ള കാര്യം പ്രസാധകർ മറന്നുപോയെന്നു തോന്നുന്നു.

നിയമസമീക്ഷ
എഡിറ്റർ:
അഡ്വ. ഡി.ബി.ബിനു
നിയമസമീക്ഷ.
കൊച്ചി-18
വില 60 രൂപ

നിയമകാര്യങ്ങളിൽ പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന നിയമസമീക്ഷയുടെ വാർഷികപ്പതിപ്പ്. പോട്ടോയെക്കുറിച്ചാണ് ഈ പ്രത്യേക പതിപ്പ് തയ്യാറാക്കിയിരിക്കുന്നത്. ബി.ആർ.പി. ഭാസ്കർ. ജസ്റ്റിസ് കെ.സുകുമാരൻ. പ്രൊഫ. നൈനാൻകോശി. അഡ്വ. വി.കെ.സത്യവാൻ നായർ. ഡോ. കെ.എൻ. ചന്ദ്രശേഖരൻപിള്ള തുടങ്ങി നിരവധി പ്രമുഖർ ഈ ലക്കത്തിൽ അണിനിരക്കുന്നുണ്ട്. പോട്ടോയുടെ നിയമപരവും നീതിപരവുമായ സവിശേഷതകൾ വ്യത്യസ്തവീക്ഷണകോണുകളിൽനിന്ന് സമീപിക്കുകയാണ് ലേഖകർ.

ആരുംകേൾക്കാത്ത ചിറകടി
അലാസിൻ ബുക്സ്.
കൊച്ചി-18
വില 35 രൂപ

പന്ത്രണ്ടുകഥകളുടെ സമാഹാരം. ഏറെക്കുറെ പുതിയ കഥാകൃത്തുക്കൾതന്നെ. രചനയിൽ ഇനിയും ഏറെ മുന്നോട്ടു പോകാനുണ്ടെന്ന് കഥാകൃത്തുക്കളെ ഓർമ്മിപ്പിക്കുന്നവയാണ് ഈ കഥകൾ. അവതാരിക കെ.എം.റോയ്.



ഇരുമ്പുമറകളുമാകാം
ഈ ലോകകപ്പിന്റെ
ഭാഗധേയങ്ങളെ
നിർണ്ണയിക്കുക

രവി മേനോൻ

ഇത് മിഡ്ഫീൽഡ് ലോകകപ്പ്

പരസ്പരം കണ്ണടുത്താൽ കണ്ടുകൂടാത്ത രണ്ടു ലോകോത്തര താരങ്ങൾ- ഫുട്ബോളിൽ മിഡ് ഫീൽഡ് മേധാവിത്വത്തിന്റെ ഐതിഹാസികഗാഥ തുടങ്ങുന്നത് ഈ അപൂർവ്വ ജോഡിയിൽ നിന്നാണ്.

ഒരാൾ രാജകുടുംബാംഗം; ആർമി ഓഫീസർ. മറ്റേയാൾ മോണ്ടി വിഡിയോയിലെ ചേരിയിൽ കയ്യുക്കും തോന്ന്യാസവുമായി ചെറുപ്പം കഴിച്ചു കൂട്ടിയ അസ്സൽ അലവലാതി- ബൂർഷ്വയായ അൽവാരോ ഗെസ്റ്റിഡോയും പട്ടിണിപ്പാവങ്ങളുടെ പ്രതിനിധിയായ ലോറൻസോ ഫെർണാണ്ടസും കളിച്ചത് ഒരേ ടീമിൽ. അടുത്തടുത്ത പൊസിഷനുകളിൽ.

സോഷ്യലിസവും വർഗ്ഗസമത്വവും പന്തുകളിയിൽ നടപ്പായിട്ടില്ലായിരുന്ന കാലമായിരുന്നു അതെന്നോർക്കണം. 1930-ലെ ആദ്യ ലോകകപ്പിൽ ഉറുഗ്വേയുടെ മധ്യനിരയിൽ ഇടതും വലതുമായി കളിച്ച ഇരുവരും, കളിക്കളത്തിനു പുറത്തെ ഈഗോപ്രശ്നങ്ങളും വൈരാഗ്യവും ഏതായാലും കളിയിൽ കൊണ്ടുവരാൻ മുതിർന്നില്ല. മിഡ്ഫീൽഡിലെ ഈ കിടിലൻ കോംബിനേഷന്റെ മികവിലാണ് ഉറുഗ്വേ ചരിത്രപ്രസിദ്ധമായ ആദ്യത്തെ ലോകകപ്പ് വിജയം മെനഞ്ഞെടുത്തത്.

'ഇരുമ്പുമറ' (ലാ കോസ്റ്റലോ മെറ്റാലിക്ക) എന്നാണ് ഉറുഗ്വേ ക്യാപ്റ്റൻ ജോസ് നസാസി തന്റെ മധ്യനിരയെ സ്നേഹപൂർവ്വം വിളിച്ചുപോന്നത്. പത്തു പതിനഞ്ചുവർഷം കൂടി കഴിഞ്ഞ് രണ്ടാം ലോകമഹായുദ്ധത്തിനിടെ വിൻസ്റ്റൺ ചർച്ചിൽമാറ്റിയെന്നത് മറ്റൊരു കഥ.

സത്യത്തിൽ ഉറുഗ്വേയുടെ 'ഇരുമ്പുമറ'യാണ് ഫുട്ബോളിൽ മിഡ്ഫീൽഡർമാരുടെ പ്രസക്തിയും പ്രാധാന്യവും ആദ്യമായി ലോകത്തിനു കാണിച്ചുകൊടുത്തത്. അതുവരെ മുന്നേറ്റനിരയ്ക്ക് അമിതമായ ഊന്നൽ നൽകിക്കൊണ്ടുള്ള ശൈലികൾക്കായിരുന്നു കോച്ചുകൾക്കിടയിൽ പ്രിയം. ആദ്യകാലത്ത് നിലവിലുണ്ടായിരുന്ന 2-3-5 ശൈലിയിലും, 1920-കളിൽ ആഴ്സണലിന്റെ 'ലഡ്ഡിഡ് ബെക്ക്ഹാം കോച്ചിനോടൊപ്പം

ഇന്റി' കോച്ച് ഹെർബർട്ട് ചാപ്മാൻ അവതരിപ്പിച്ച ത്രീബാക്ക് സമ്പ്രദായത്തിലും മിഡ്ഫീൽഡർമാർക്ക് പരിമിതമായ റോളുകളേ ഉണ്ടായിരുന്നുള്ളൂ.

പിൽക്കാലത്ത്. 1950-കളിൽ ഹംഗറിയും തൊട്ടുപിന്നാലെ ബ്രസീലും 4-2-4 ശൈലിയുമായി രംഗത്തുവന്നപ്പോഴും, ആക്രമണനിരയുടെ നിഴലിൽ ഒതുങ്ങിപ്പോകുവാനായിരുന്നു ഹാഫ് ബാക്കുകൾക്ക് യോഗം. ദിദിയും സിറ്റോയുമടങ്ങിയ മിഡ്ഫീൽഡ് ബ്രസീലിന് ഒരു നാലംഗ മധ്യനിരയുടെ ഗുണം ചെയ്തിരുന്നുവെന്നത് മറക്കുന്നില്ല.

പക്ഷേ, 1958-ലെ ലോകകപ്പ് ഫൈനലിൽ, സ്വീഡനെതിരെ ബ്രസീലിന്റെ 4-2-4 ശൈലി വിലപ്പോയില്ല. അപകടം നേരത്തേ മണത്തറിഞ്ഞ കോച്ച് വിൻസന്റ് ഫിയോള, ഇടതു വിംഗർ മരിയോ സഗാലോയെ മുന്നേറ്റനിരയിൽ നിന്നും ഹാഫ്ലൈനിലേക്ക് പിൻവലിച്ചതോടെ, ഫലത്തിൽ ബ്രസീൽ 4-3-3-ലേക്ക് ചുവടു മാറ്റുകയായിരുന്നു. ബ്രസീലിയൻ ഫുട്ബോളിൽ മിഡ്ഫീൽഡ് ജനറൽമാരുടെ യുഗം കിക്കോഫ് ചെയ്യപ്പെട്ടതും അന്നുതന്നെ.

മധ്യനിര

കൊറിയയിലും ജപ്പാനിലുമായി നടക്കുന്ന അടുത്ത ലോകകപ്പ്. മിഡ് ഫീൽഡർമാരുടേതായിരിക്കുമെന്ന് വിദഗ്ദ്ധർ പ്രവചിക്കുന്നു. മറ്റെന്നത്തേക്കാൾ. മധ്യനിരയിലെ കൊളോസസ്സുകൾ മത്സരങ്ങളുടെ ഭാഗധേയങ്ങൾ നിർണ്ണയിക്കുന്ന

ത്. ലോകകപ്പിൽ പങ്കെടുക്കുന്ന
യും താരനിരയിലൂടെ കണ്ണോടിച്ച
കൃതിയിലേറെയും ലോകക്ലാസ്സ് മിഡ്ഫീ
ാരായിരിക്കും.
നദിൻ സിദെയ്ൻ, ലൂയി ഫിഗോ, ഡേ
ബെക്കാം, യുവാൻ സെബാസ്റ്റ്യൻ, വെ
ർ, ഫ്രാൻസെസ്കോ ടോട്ടി, റോയ്കീൻ
സ്റ്റിൻ ഒകോച്ച, ഹിദെതോഷി നകാത
ൽ ബല്ലാക്ക്, സ്റ്റീവ് മക്മാനൻ, റിവാൾ
ഡോ, ഡെനിൽസൺ... അങ്ങനെ പോകുന്നു
നിര. നിർവ്വചനങ്ങൾക്കപ്പുറത്താണ് ആധു
നിക ഫുട്ബോളിൽ മീഡിയോയുടെ റോൾ. ഏറെ
സമയം ഡീപ് ഡിഫെൻസിലേക്ക്- ഇറങ്ങിവരി
കയും അറ്റാക്കിന്റെ കേന്ദ്രബിന്ദുവായി വർത്തി
ക്കുകയും ചെയ്യുക. ഇരു വിംഗുകളിലും ഒരേ
പോലെ സാന്നിദ്ധ്യമറിയിക്കുക. മുന്നേറ്റനിരയി
ലെ കൂട്ടുകാർക്ക് പന്ത് എത്തിച്ചുകൊടുക്കുന്ന
തോടൊപ്പം, വേണ്ട സമയത്ത് വേണ്ട പൊസി
ഷനുകളിൽ പാസുകൾ സ്വീകരിക്കാനായി കാ
ത്തുനിൽക്കുക. പന്തു നിയന്ത്രണത്തിലില്ലാത്ത
സന്ദർഭങ്ങളിൽ പ്രവചനാതീതമായ മൂവ്മെന്റു
കളിലൂടെ എതിരാളികളെ ആശയക്കുഴപ്പത്തിലാ
ക്കുക. കണ്ണിൽ ചോരയില്ലാത്ത ടാക്ലിംഗിന് സദാ
സന്നദ്ധനായിരിക്കുക. പ്രതിസന്ധിഘട്ടങ്ങളിൽ
ടീമിനൊന്നടങ്കം ആത്മവിശ്വാസം പകരുക-
അങ്ങനെ എണ്ണമറ്റ ദൗത്യങ്ങൾ. "നിങ്ങളുടെ മ
ധ്യനിരയിൽ ആരൊക്കെയുണ്ടെന്നു കേൾക്കട്ടെ.
ടീമിന്റെ മൊത്തം നിലവാരം എത്രയുണ്ടെന്നു
ഞാൻ പറയാം", വെയിൽസിന്റെയും മാഞ്ചസ്റ്റർ
യുണൈറ്റഡിന്റെയും ആദരണീയനായ റൈറ്റ്
ഔട്ട് ബില്ലി മെറിഡിത്ത് ഒരിക്കൽ പറഞ്ഞു.
ഇന്നും പ്രസക്തമാണീ വാക്കുകൾ.

സിദെയ്ൻ നേതൃത്വം നൽകുന്ന ഫ്രഞ്ച് മധ്യ

മൈക്കൽ ബല്ലാക്ക്

ലൂയി ഫിഗോ

ലൂടെ സിദെയ്ൻ വലയിലെത്തിച്ചപ്പോൾ ഗോൾ

ഗോളുകൾ

എങ്കിലും ഗോളുകൾ- നയനമനോഹരമായ ക്ലാസിക് ഗോളുകൾ- സ്കോർ ചെയ്യുന്നതിൽ സ്ട്രൈനിക്ക് തെല്ലും പിന്നിലല്ല സിദെയ്ന്റെ സ്ഥാനം. യൂറോപ്യൻ ചാമ്പ്യൻസ് കപ്പ് ഫൈനലിൽ ബെയർ ലെവർക്യൂസനെതി ര റയൽ മാഡ്രിഡിന് വിജയം നേടിക്കൊടുത്ത ആ സൂപ്പർ ഗോൾ ഓർമ്മയില്ലേ? ഇടതു വിംഗിൽ നിന്ന് റോബർട്ടോ കാർലോസ് ഉയർത്തിയിട്ട ക്രോസ്, പതിനെട്ടു വാര ദൂരെനിന്നും പന്ത് നിലം തൊടും മുമ്പ് ഒരു ഇടംകാലൻ വോളിയി

ലോകഫുട്ബോൾ മത്സരം അരങ്ങേറുന്ന സപ്പോറോ ഡോം എന്ന പ്രമുഖ സ്റ്റേഡിയം സാങ്കേതികരംഗത്തെ ഒരു മഹാത്ഭുതമാണ്. 42,831 പേർക്ക് ഇരുന്ന് മത്സരം കാണാവുന്ന ഈ സ്റ്റേഡിയം എയർകണ്ടീഷൻ ചെയ്തിരിക്കുന്നു; ശൈത്യകാലത്ത് ചൂടും. ഗ്രീഷ്മകാലത്ത് തണുപ്പും നൽകുന്നവിധം. ഈ സ്റ്റേഡിയത്തിന്റെ സവിശേഷത അതിലെ പിച്ചാണ്. കളി ദിവസം മാത്രമേ ഇത് സ്റ്റേഡിയത്തിൽ കൊണ്ടുവരൂ. തൊണ്ണൂറു മീറ്റർ വിസ്താരമുള്ള കവാടത്തിലൂടെയായിരിക്കും ചലിക്കുന്ന ഈ പിച്ച് സ്റ്റേഡിയത്തിലെത്തിക്കുന്നത്. ബഹിരാകാശ നൗകയുടെ രൂപമാണ് ഈ സ്റ്റേഡിയത്തിന്റേത്.



ഫൈനൽ മത്സരവേദിയായ 70,000 പേർക്കിരിക്കാ

യോകഹാമ സ്റ്റേഡിയം

കീപ്പർ ഹാൻസ് ജോർഗ്ബട്ടിന് അന്തംവിട്ടു നോക്കിനിൽക്കാനേ കഴിഞ്ഞുള്ളൂ.

അതാണ് സിദെയ്ൻ. അവിശ്വസനീയ ഗോളുകളുടെ ഉസ്താദ്. ഏത് അസാദ്ധ്യമായ ആംഗിളുകളിൽ നിന്നും പന്ത് കൃത്യമായി വലയിലെത്തിക്കാനുള്ള പാടവത്തിൽ. തന്റെ ആരാധനാപാത്രമായ ഉറുഗ്വേയൻ സൂപ്പർതാരം എൻസോ ഫ്രാൻസെസ്കോയെപ്പോലും കടത്തിവെട്ടും ഈ മുപ്പതുകാരൻ.

ലാളിത്യവും താളാത്മകതയുമാണ് സിദെയ്ന്റെ കളിയുടെ മുഖമുദ്ര. പക്ഷേ, വെറോണിന്റെ ശൈലി അതല്ല. കുറെക്കൂടി വന്യമായ, പരുക്കൻ അടവുകളിൽ അധിഷ്ഠിതമായ മിഡ്ഫീൽഡ് ഗെയിമാണ് ഈ അർജന്റീനക്കാരന്റേത്. ഒരു ഐന്ദ്രജാലികനെപ്പോലെ കണ്ണഞ്ചിക്കുന്ന വേഗതയിൽ ഡ്രിബിൾ ചെയ്യുകൊണ്ട് എതിരാളികളെ അമ്പരപ്പിക്കാനും ഒരളവുവരെ പേടിപ്പെടുത്താനും കഴിവുണ്ട് തെക്കേ അമേരിക്കക്കാർ 'കൊച്ചു മന്ത്രവാദി' (ലാ ബ്രുജീറ്റാ) എന്നു സ്നേഹപൂർവ്വം വിളിക്കുന്ന ഈ 24-കാരന്.

വെറോണിന്റെ വലംകാലിന് ഒരു ലജന്ററി പരിവേഷം തന്നെയുണ്ട്. 30 വാര ദൂരെനിന്നു പോലുമുള്ള ഫ്രീ കിക്കുകൾ ഗോളാക്കിമാറ്റാൻ ഈ 'വജ്രായുധം' വെറോണിനെ സഹായിക്കുന്നു. അക്കാര്യത്തിൽ സിദെയ്നെപ്പോലും കടത്തിവെട്ടും വെറോൺ. വലംകൈയിൽ ചെഗുവേരയുടെ ചിത്രം പച്ചകുത്തിയിട്ടുള്ള ഈ മിഡ്ഫീൽഡ് ചക്രവർത്തിയിൽ നിന്നും ഒരു 'വിപ്ലവ'ത്തിൽ കുറഞ്ഞ ഒന്നും അർജന്റീന പ്രതീക്ഷിക്കുന്നില്ല.

വെറോൺ

ബെക്കാം ഒരു ചോദ്യചിഹ്നം

ഡേവിഡ് ബെക്കാമിന്റെ ഏറ്റവും ഉന്നതമായ ഫോം ലോകകപ്പിൽ കാണാനാകുമോ എന്ന ആശങ്ക ഇന്നിയും ഒടുങ്ങിയിട്ടില്ല. ആൽദോ ഡൂഷറുടെ കടുത്ത ടാക്ലിങ്ങിനിരയായി കളിക്കളത്തിൽ നിന്ന് ആഴ്ചകളോളം മാറിനിൽക്കേണ്ടിവന്നുവെങ്കിലും, കൊറിയയിലും ജപ്പാനിലും 'ബെക്ക്സി'ന്റെ മാജിക് കാണാമെന്നുതന്നെയാണ് ഇംഗ്ലീഷുകാർ വിശ്വസിക്കുന്നത്. മക് മാനനും ഷോൾസിനുമൊപ്പം മധ്യനിരയ്ക്ക് കരുത്തേകാൻ ബെക്കാം എത്തിച്ചേരാതെ പോയാൽ ഈ ഇംഗ്ലണ്ട് ടീം 'രാജകുമാരനില്ലാത്ത ഹാംലറ്റ്' പോലെ ശൂഷ്കമായി മാറുമെന്ന് കോച്ച് എറിക്സൺ പോലും ഭയപ്പെടുന്നു.

മധ്യനിരയുടെ വലതുഭാഗത്ത് ബെക്കാമിന്റെ കാലിൽനിന്നു പുറപ്പെടുന്ന കണിശമായ പാസുകളാണ്. യോഗ്യതാറൗണ്ടിലുടനീളം ഇംഗ്ലണ്ടിന്റെ ഭാഗധേയങ്ങൾ നിർണ്ണയിച്ചു

പ്രാന്നത്. ഇംഗ്ലണ്ടിനെ ഒടുവിൽ ഫൈനൽ റൗണ്ടിലെത്തിച്ചതുപോലും. ഗ്രീസിനെതിരെ 30 വാര അകലെനിന്നും ബെക്കാം തൊടുത്ത ഹൃദയഹാരിയായ ഫ്രീ കിക്കായിരുന്നുവെന്നോർക്കുക.

ബ്രസീലിയൻ പട

ബെക്കാമിനോളം അനിശ്ചിതത്വമില്ല റിവാൾഡോയുടെ കാര്യത്തിൽ ബ്രസീലിന്. പരിക്കിൽ നിന്നു വിമുക്തനായി ഈ ലോകോത്തര മിഡ്ഫീൽഡർ ലോകകപ്പിൽ കളിക്കുമെന്ന കാര്യം ഏതാണ്ട് ഉറപ്പായിക്കഴിഞ്ഞു. റിവാൾഡോയും ഡെനിൽസണും എമേഴ്സണുമുൾപ്പെട്ട ബ്രസീലിയൻ മധ്യനിര. എൺപതുകളിലെ സീക്കോ-ഫാൽക്കാവോ-സോക്രട്ടീസ് സഖ്യത്തെ കടത്തിവെട്ടുമെന്നു പ്രവചിക്കുന്നത് കടന്ന കൈയായിരിക്കും. എങ്കിലും അങ്ങനെ വിശ്വസിക്കാനാണ് ബ്രസീലിയൻ കോച്ച് ലൂയി ഫിലിപ്പ് സ്കോളാരിക്ക് ഇഷ്ടം. "എന്റെ സ്വപ്നത്തിൽ പെലെപോലും ഒരു ചക്രവർത്തിയല്ല", സ്കോളാരി ഈയിടെ പറഞ്ഞു. പട്ടിണിയിലും തീരാത്ത ദാരിദ്ര്യത്തിലും മുങ്ങിയ ബാല്യമായിരുന്നു റിവാൾഡോയുടേത്. പോഷകാഹാരക്കുറവു മൂലം കുട്ടിക്കാലത്ത് പല്ലുകൾ മുഴുവൻ കൊഴിഞ്ഞുപോയ ഒരു ചരിത്രമുണ്ട് ഈ സൂപ്പർതാരത്തിന്. ഇന്നിപ്പോൾ ബ്രസീലിയൻ ഫുട്ബോളിന് 'പല്ലും നഖവും' നൽകുന്നത് റിവാൾഡോയുടെ ശോഷിച്ച കാലുകളാണെന്നത് വിരോധാഭാസമായി തോന്നാം. പക്ഷേ, അതാണ് സത്യം.

1966-ൽ യൂസേബിയോ എന്നപോലെ 2002-ൽ ലൂയി ഫിഗോ പോർച്ചുഗലിന്റെ രക്ഷകനാകുമെന്ന്. കോച്ച് അന്റോണിയോ ഒളിവേര

കപ്പ്

...നും എഴുതി
...നാവാത്തവിധം ഒ
...ച്ച
...ർ
...രി

അർജന്റീനയാണ എന്റെ ടീം. 198... ...രു സുഹൃത്തിന്റെ ചായക്കടയിലെ ബ്ലാക്ക് ആൻഡ് വൈറ്റ് ടി.വിയിൽ ശ്യാമതനും മെലിഞ്ഞുപൂച്ച കണ്ട നാളുകൾ മുതൽ എന്റെ മനസ്സിൽ സ്ഥാനം പിടിച്ച ടീമാണ് അർജന്റീന. പരിക്കിൽ നിന്നു വിമുക്തനായി ബാറ്റിസ്റ്റൂട്ട കളിക്കാനിരങ്ങുമെന്നാണ് എന്റെ പ്രതീക്ഷ. "ബാറ്റിഗോൾ" എന്റെ പ്രിയതാരങ്ങളിലൊരാളാണ.

ശ്യാം ഥാപ്പ

കടലാസിൽ ഫ്രാൻസാണ് കേമന്മാർ. എന്തുകൊണ്ടും സന്തുലിതമായ ടീമാണ് അവരുടേത്. പക്ഷേ, ഇതിലും സന്തുലിതവും ശക്തവുമായ ടീമുകൾ ലോകകപ്പിൽ അട്ടിമറിയ്ക്കു കീഴടങ്ങിയിട്ടുണ്ടെന്ന് ഓർക്കുക. ബ്രസീൽ ആയിരിക്കും ഈ ലോകകപ്പിലെ 'അത്ഭുത ടീം' എന്നെനിക്കു തോന്നുന്നു. റൊണാൾഡോ-റിവാൾഡോ-റൊണാൾഡിഞ്ഞോ കൂട്ടുകെട്ട് ഫോമിലെത്തുകയാണെങ്കിൽ ബ്രസീലിനെ തടയാൻ ആർക്കും കഴിഞ്ഞെന്നു വരില്ല. ഒരിക്കലും ആർക്കും എഴുതിത്തള്ളാനാവില്ലാത്ത ടീമാണ് ബ്രസീൽ.

പാപ്പച്ചൻ

ഫ്രാൻസ് കപ്പ് നേടുമെന്നാണ് കൂടുതൽ പേരും പ്രതീക്ഷിക്കുന്നതെന്നു തോന്നുന്നു. പക്ഷേ, അത്രത്തോളം ഗംഭീര ടീമാണോ ഫ്രാൻസ്? എനിക്ക് സംശയമുണ്ട്. സിദാനെ എല്ലാവരും പൂകഴ്ത്തുന്നുണ്ടെങ്കിലും, എനിക്ക് അയാൾ അത്ര കേമനാണെന്നു തോന്നിയിട്ടില്ല. ഡ്രിബ്ലിങ്ങിൽ സിദാൻ മറ്റു പലരുമായും തട്ടിച്ചുനോക്കുമ്പോൾ മോശമാണ്. പന്തടക്കവും കുറവ്. ബെക്കാമിനെപ്പോലൊരു അനുഗൃഹീത താരവുമായി സിദാനെ താരതമ്യപ്പെടുത്താനാവില്ല.

ബെക്കാമിന്റെയും ഓവന്റെയും മികവിൽ ഇംഗ്ലണ്ട് കപ്പ് നേടുമെന്നാണ് എന്റെ പ്രതീക്ഷ. ജർമ്മനി, ഇംഗ്ലണ്ട്, അർജന്റീന എന്നിവർക്കൊപ്പം കാമറൂണും സെമിയിലെത്തിയേക്കും.

സുർജിത് സെൻഗുപ്ത

എന്റെ ബുദ്ധി ഫ്രാൻസിനൊപ്പമാണ്, ഹൃദയം ബ്രസീലിനൊപ്പവും. കണക്കുകൾ പരിശോധിക്കുമ്പോൾ ഫ്രാൻസിനുതന്നെയാണ് മുൻതൂക്കം. പക്ഷേ എന്റെ മനസ്സു പറയുന്നു, ബ്രസീൽ ജയിക്കണമെന്ന്. ബ്രസീലില്ലാത്ത ഒരു ലോകകപ്പ് സെമിഫൈനലിനെക്കുറിച്ച് സങ്കല്പിക്കാൻ പോലുമാവില്ല എനിക്ക്. ഇഷ്ടപ്പെട്ട മറ്റൊരു ടീം അർജന്റീനയാണ്.

ടി.കെ. ചാത്തുണ്ണി (കോച്ച്)

ഫ്രാൻസോ അർജന്റീനയോ കപ്പ് നേടുമെന്നാണ് ഇപ്പോഴത്തെ നിലയ്ക്ക് പ്രതീക്ഷിക്കേണ്ടത്. ഇരു ടീമുകളും കഴിഞ്ഞ കുറെ മാസങ്ങളായി ഉന്നത ഫോമിലാണ്. ബെക്കാം കളിക്കുകയാണെങ്കിൽ ഇംഗ്ലണ്ടിനും സാദ്ധ്യതയുണ്ട്.

ജോപോൾ അഞ്ചേരി

ജപ്പാൻ ലോകകപ്പിന്റെ ഫൈനലിലെത്തുമെന്നു ഞാൻ പ്രവചിക്കുമ്പോൾ ആരും ചിരിക്കരുത്. എല്ലാ പ്രവചനങ്ങളെയും അട്ടിമറിക്കാനുള്ള കഴിവ് ജപ്പാനുണ്ട്. നകാതയെപ്പോലുള്ള താരങ്ങൾ, യൂറോപ്യൻ ലീഗുകളിൽ മിന്നിത്തിളങ്ങുന്നവരാണ്. മാത്രമല്ല, കാലാവസ്ഥ അവർക്ക് അനുകൂലമായ ഘടകമാണുതാനും. ഫൈനലിൽ ഇംഗ്ലണ്ട് ജപ്പാനെ കീഴടക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു- അല്ലെങ്കിൽ മോഹിക്കുന്നു.



ഇറ്റ

മഴനൃത്തത്തെ ചാനലുകാർ സമീപിച്ച രീതികളെപ്പറ്റി

പ്രവചിക്കുന്നു. ലിസ്ബണിന്റെ പ്രാന്തപ്രദേശങ്ങളിലെ ചളിക്കളങ്ങളിൽ പന്തുതട്ടി വളർന്ന ഫിഗോയെക്കുറിച്ച് ഒരു കഥയുണ്ട്. അലസമായി ചുമലിലേക്ക് വീണുകിടന്ന നീണ്ട മുടിയുമായി കളിക്കാനെത്തിയ ഫിഗോയെ തടഞ്ഞുനിർത്തി, സ്പോർട്ടിങ് ലിസ്ബന്റെ കോച്ച് ബോബി റോബ്സൺ ഒരിക്കൽ പറഞ്ഞു: "പോയി മുടിവെട്ടിവാ. ഇത് ഫാഷൻ ഷോ അല്ല. ഫുട്ബോളാണ്."

തിരിച്ചുപോലും പതറാതെ 'കൊച്ച്' ഫിഗോ പറഞ്ഞു: "സർ, ജോർജ്ജ് ബെസ്റ്റിനുമുണ്ടായിരുന്നില്ലേ നീണ്ട തലമുടി?"

ഫിഗോയുടെ നിഷ്കളങ്കമായ കണ്ണുകളിലേക്ക് ഉറ്റുനോക്കി റോബ്സൺ പറഞ്ഞു: "ആദ്യം ബെസ്റ്റിനെപ്പോലെ കളിക്കാൻ ശ്രമിക്കുക. എന്നിട്ടാവാം മുടിവളർത്തൽ."

അന്ന്, ആ നിമിഷം ഫിഗോ തീരുമാനിക്കുകയായിരുന്നു, താൻ ഒരിക്കൽ ബെസ്റ്റിനെപ്പോലെ 'ഡ്രീം ഫുട്ബോൾ' കളിക്കുമെന്ന്. പക്ഷേ, കളിയിൽ ലോകനിലവാരത്തിലേക്ക് കുതിച്ചുയർന്നപ്പോഴേയ്ക്കും നീണ്ട തലമുടിയോടുള്ള ഫിഗോയുടെ ഭ്രമം തീർന്നിരുന്നു. ഇന്ന് ഫുട്ബോൾ, ഫുട്ബോൾ മാത്രമാണ് ഫിഗോയുടെ സപ്നങ്ങളിൽ.

ബാഴ്സലോണയ്ക്കുവേണ്ടി കളിച്ചുകൊണ്ടിരിക്കെ കോച്ച് യോഹാൻ ക്രൈഫ് ഫിഗോയെ വലതു വിംഗറുടെ റോളിൽ പരീക്ഷിച്ചു. നോ

ഇറ്റാലിയൻ ഒന്നാം ഡിവിഷൻ ലീഗിൽ കളിച്ച പരിചയസമ്പത്തുമായാണ് ഹിദേതോഷി നകാത, ജപ്പാന്റെ മധ്യനിരയ്ക്ക് കരുത്തുപകരുക. 185 ലക്ഷം പൗണ്ടിന് പാർമയുമായി കരാറൊപ്പുവച്ച നകാത, ഏഷ്യൻ ഫുട്ബോൾ ചരിത്രത്തിലെ എക്കാലത്തെയും ഏറ്റവും വലിയ താരമായി ജ്വലിച്ചുയർന്നുകഴിഞ്ഞു. കൃത്യതയാർന്ന ക്രോസുകളും ഹെഡ്ഡറുകളുമാണ് നകാതയുടെ മിഡ് ഫീൽഡ് ഗെയിമിന്റെ മുഖമുദ്രകൾ.

ബെക്കൻ ബോവറുടെയും ബോൺഹോഫിന്റെയും ഓവറാത്തിന്റെയും പാരമ്പര്യം ജർമ്മനിയുടെ മിഡ്ഫീൽഡിൽ മൈക്കൽ ബല്ലാക്ക് കാത്തുസൂക്ഷിക്കുമോ? കോച്ച് റൂഡിവോളറുടെ മുന്നിലുള്ള ഏറ്റവും വലിയ സമസ്യ അതാണ്. 26-കാരൻ ബല്ലാക്കായിരുന്നു. ആറു ഗോളോടെ യോഗ്യതാറൗണ്ടിൽ ജർമ്മനിയുടെ മികച്ച സ്കോറർ. പരിക്കേറ്റ ബയേൺ മ്യൂണിക്ക് താരം മെഹ്മറ്റ് ഷോളിന്റെ അഭാവത്തിൽ, മധ്യനിരയിലെ പ്ലേമേക്കറുടെ റോൾ ഏറെക്കുറെ ഏകനായി നിർവഹിക്കേണ്ടിവരും. ബല്ലാക്കിന്.

മിഡ് ഫീൽഡിലെ സൂപ്പർ താരങ്ങളുടെ നിര ഇവിടെയെങ്ങും അവസാനിക്കുന്നില്ല. റോയ് കീനിലൂടെ (അയർലണ്ട്). ഒർട്ടേഗയിലൂടെ (അർജന്റീന). വിൽ മോട്സിലൂടെ (ബൽജിയം), ലീതെയിലൂടെ (ചൈന). പ്രോസിനെക്കിയിലൂടെ (ക്രൊയേഷ്യ), ജെൻസനിലൂടെ (ഡെന്മാർക്ക്), മാഗ്നസ് സ്വൻസനിലൂടെ (സ്വീഡൻ) അതങ്ങനെ നീളുകയാണ്.

മേയ് 31-ന് സോൾ വേൾഡ് കപ്പ് സ്റ്റേഡിയത്തിൽ തുടങ്ങി ജൂൺ 30-ന് യോക്കോഹോമ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ അവസാനിക്കുന്നതിനിടെ, ലോകകപ്പ് എത്രയെത്ര സൂപ്പർ താരങ്ങൾക്ക് ജന്മം നൽകുമെന്നതും, എത്ര വിഗ്രഹങ്ങൾ തച്ചുതകർക്കുമെന്നതും കണ്ടറിയേണ്ട കാര്യങ്ങളാണ്. കണക്കുകൂട്ടലുകളും പ്രവചനങ്ങളും കാറ്റിൽ പറത്തുന്ന പാരമ്പര്യമാണ് ലോകകപ്പിനുള്ളത്. ആ പാരമ്പര്യം തന്നെ, ലോകകപ്പിന്റെ ഏറ്റവും വലിയ ആകർഷണീയതയും.

കേബിൾ ടി.വിയുടെ ആരംഭകാലത്ത് നമ്മെ അത്ഭുതപ്പെടുത്തിയിരുന്ന, ഞെട്ടിപ്പിച്ചിരുന്ന, ലജ്ജിപ്പിച്ചിരുന്ന പല കാഴ്ചകളും ഇന്ന് നമുക്ക് സ്വാഭാവികമായി കഴിഞ്ഞിട്ടുണ്ട്. എം.ടി.വിയിലെ ഗാനചിത്രീകരണങ്ങളും ലെയ്റ്റ് നൈറ്റ് മ്യൂസിക് ചാനലുകളിലെ ദൃശ്യങ്ങളും മലയാളി സമൂഹത്തെ വല്ലാതെ അസ്വസ്ഥമാക്കിയിരുന്നു. പക്ഷേ പുതുമകൾക്കുവേണ്ടി എന്നും തുടിക്കുന്ന കാംപസുകൾ ആ ചടുലമായ ചുവടുവയ്പുകളെയും, ശരീരത്തിന്റെ ആടി ഉലയലുകളെയും. മിന്നിമറയുന്ന ദൃശ്യതാളത്തെയും, നാടോടിനൃത്തങ്ങളുടെ ചലനങ്ങളുമായി ഇഴുകിച്ചേർത്തു. യുവസംസ്കാരത്തെ ഉപരിപ്ലവമെന്നും ആഴക്കാഴ്ചകളില്ലാത്തതെന്നും പാരമ്പര്യ ബോധമില്ലാത്തതെന്നും മറ്റും പറഞ്ഞ് നാം വിമർശിച്ചു. ഈ ചെത്തു ഡാൻസുകൾക്കിടയിലൂടെയും എഴുപതുകളുടെ ഹാങ്ങോവറുമായി അലയുന്ന യുവാക്കളുമുണ്ടെന്ന് നാമറിഞ്ഞിരിക്കണം.

കഴിഞ്ഞ പത്തുവർഷം കൊണ്ട് കാംപസിന്റെ ആസ്വാദന സംസ്കാരത്തിന് വൻമാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ആദ്യം ഉത്കണ്ഠയും പ്രതിഷേധവും പ്രകടിപ്പിച്ചിരുന്ന മാദ്ധ്യമ വ്യവസായങ്ങൾ പോലും ഇന്ന് അവർ നടത്തുന്ന കലാമേളകളിൽ സിനിമാറ്റിക് ഡാൻസിന് മഹത്തായ ഒരു സ്ഥാനം നൽകുന്നു. ഈ കുത്തൊഴുക്കിൽ ക്ലാസ്സിക്കൽ നൃത്തരൂപങ്ങളുടെ സ്ഥാനം യുവജനോത്സവ വേദികളിലേക്കു മാത്രമായി ചുരുങ്ങി. ഈ പ്രവണതകൾക്ക് പ്രോത്സാഹനം നൽകിയതിൽ ടെലിവിഷന്റെ പങ്ക് ചെറുതല്ല. ഇതിനെ രൂക്ഷമായി വിമർശിക്കുമ്പോഴും ഇത് സെക്സ് ടൂറിസമാണെന്ന് നമുക്ക് പറയുവാൻ കഴിയുമോ? നമ്മുടെ സാംസ്കാരിക ചിന്തകളിൽ വന്നിട്ടുള്ള ആശയക്കുഴപ്പങ്ങളുടെ ഉദാഹരണങ്ങളിൽ ഒന്നാണോ സൂര്യ ടി.വി നൽകിയ ഈ വിശേഷണം?

മഴനൃത്തം

കൊച്ചിയ്ക്കടുത്തുള്ള ദ്വീപുകളിലൊന്നിൽ നടന്ന ഒരു റെയ്ൻ ഡാൻസായിരുന്നു വാർത്ത. മഴയിൽ നനഞ്ഞു കുതിർന്ന് ഒരു സംഘം യുവ

എന്റെ സെൻസേഷ

ജ്ഞാനി

തീയുവാക്കൾ ആനന്ദനൃത്തം ചവിട്ടുന്നു. അവരുടെ ശരീരങ്ങൾ ആപാദചൂഡം വസ്ത്രം കൊണ്ട് മറയ്ക്കപ്പെട്ടിരിക്കുന്നു. ഏതൊരു കോളേജ് ഓഡിറ്റോറിയത്തിലും ചില വിശേഷദിവസങ്ങളിൽ ഇന്ന് കാണാറുള്ള ആഹ്ലാദപ്രകടനങ്ങൾക്കുപരിയായി ഒന്നും ഇവിടെ കാണാൻ കഴിഞ്ഞില്ല. പിന്നെയുള്ള ദൃശ്യം ഒരു വൈദികൻ നൃത്തം ആസ്വദിക്കുന്നവരുടെ ഇടയിലൂടെ ഒരു കോപ്പ പിടിച്ച് നടക്കുന്നതാണ്. വൈദികന്റെ പങ്കാളിത്തത്തെയും സൂര്യ ടി.വി വിചാരണ ചെയ്യുന്നുണ്ട്. വാർത്തയ്ക്കൊപ്പം സാമൂഹ്യപ്രവർത്തകരുടെ, ഫെമിനിസ്റ്റുകളുടെ പ്രതികരണങ്ങളും. ഈ ദൃശ്യം കണ്ടിട്ടാണോ അവർ പ്രതികരിക്കുന്നതെന്ന് പ്രേക്ഷകർക്കറിഞ്ഞുകൂടാ. അവർ സംസാരിക്കുന്നത് സെക്സ് ടൂറിസത്തെക്കുറിച്ചാണ്. സൂര്യയിലെ ദൃശ്യങ്ങളെക്കുറിച്ചാവണമെന്നില്ല. രണ്ട് പരസ്പരബന്ധമില്ലാത്ത ദൃശ്യങ്ങളെ കൂട്ടിച്ചേർത്ത് മൂന്നാമതൊരു അർത്ഥം ഇങ്ങനെയും സൃഷ്ടിക്കാം!

'സെക്സ് ടൂറിസം' എന്ന വിശേഷണമാണ് ഈ നൃത്തത്തിന് കൊടുക്കുന്നതെങ്കിൽ സൂര്യ ടി.വിയടക്കമുള്ള ചാനലുകളെ. ആ ചാനലുകളെ സൈരമായി വിഹരിക്കുവാൻ അനുവദിക്കുന്ന ഈ കേരള നാഗരികതയെ മുഴുവൻ വിചാരണ ചെയ്യേണ്ടിവരും. യുവതീയുവാക്കൾക്കിടയിൽ സർവസാധാരണമായിക്കഴിഞ്ഞ, ഇന്ന് വൃദ്ധജനങ്ങൾ പോലും കണ്ടാസ്വദിക്കുന്ന നൃത്തരംഗങ്ങളെ നമുക്ക് വിട്ടുകളയുക. ശരിയായ സെക്സ് ടൂറിസത്തിന്റെ നിരാളിപ്പിടുത്തങ്ങൾ എവിടെയാണെന്നറിയാൻ ശ്രമിക്കുക. അതിന് ദുർഘടമായ, അന്വേഷണാത്മകമായ പത്രപ്രവർത്തനങ്ങൾ വേണ്ടിവരും. അല്ലാതെ കുറുക്കുവഴികൾ തേടി അപകടകരമായ സെൻസേഷണലിസത്തിനും സെൻസർഷിപ്പിനും വഴിയൊരുക്കരുത്.

ഏറ്റുമുട്ടൽ

ഏഷ്യാനെറ്റിന്റെ 'കണ്ണാടി'യിൽ സൂര്യാ വാർത്തയ്ക്കൊരു വിയോജനക്കുറിപ്പ് കണ്ടു. ഈ വിയോജിപ്പുകളിൽ ചാനൽ യുദ്ധങ്ങളുടെ പ്രതിഫലനം കാണാമെങ്കിലും അത്തരം ക്രിയാത്മക ഏറ്റുമുട്ടലുകളാണ് നമുക്കിന്നാവശ്യം. കസ്റ്റഡിസത്തെക്കുറിച്ചുള്ള ധാരണയെയും വൈദികവൃത്തിയെപ്പറ്റി നാം പുലർത്തുന്ന സങ്കല്പത്തെയുമാണ് കണ്ണാടി വിമർശിച്ചത്. സക്കറിയുടെ നിരീക്ഷണങ്ങൾ വിമർശനത്തിന് കൂടുതൽ മൂർച്ച നൽകി. വൈദികർ നടത്തുന്ന പല കോളേജുകളിലെയും ആഘോഷങ്ങളിൽ അവർ പങ്കെടുക്കാറുണ്ട്. അതിൽ കവിഞ്ഞൊരർത്ഥം ഇവിടെയുണ്ടോ എന്ന ചോദ്യം പല പ്രേക്ഷകരുടെയും ഉള്ളിലുണ്ട്. സൂര്യയിൽ സംപ്രേഷണം ചെയ്ത ദൃശ്യങ്ങൾ അവരുന്നയിച്ച ആരോപണങ്ങളെ ന്യായീകരിക്കുന്നില്ല. വിപുലമായ ദൃശ്യശേഖരത്തിന്റെ, വലിയൊരു വാർത്തയുടെ ചെറിയൊരിതൾ മാത്രമാണ് നാം കണ്ടതെങ്കിൽ മുഴുവൻ വാർത്തയും വള്ളിപുള്ളി വിടാതെ കാണിക്കുക. ചില സൗകര്യപ്രദമായ നിർവ്വചനങ്ങളിലും ധാരണകളിലും കുരുങ്ങിക്കിടക്കാതെ, നിരന്തരം ആത്മപരിശോധനയും വീണ്ടുവിചാരവും ആവശ്യപ്പെടുന്ന ഒന്നാണ് അർത്ഥവത്തായ സാമൂഹ്യജീവിതം. അതിനു വേണ്ടിയായിരിക്കണം മാദ്ധ്യമങ്ങളുടെ ഇടപെടലുകളും.

വനിതാ കമ്മീഷൻ പിരിച്ചുവിട്ട സാഹചര്യത്തിൽ എന്നും ആരോപണങ്ങൾക്കും പ്രത്യാരോപണങ്ങൾക്കും കുറ്റപ്പെടുത്തലുകൾക്കും സ്കോപ്പുണ്ട്. ഇല്ലെങ്കിൽ സാദ്ധ്യത ഞങ്ങളുണ്ടാക്കും എന്ന മട്ടിലാണ് ടി.വി വാർത്തകൾ. ഇവിടെയും സൂര്യ തന്നെയാണ് പ്രതിക്കൂട്ടിൽ. ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങളെ അപലപിക്കുന്നതിൽ ചാനലുകൾ കാണിക്കുന്ന ശുഷ്കാന്തി ശ്രദ്ധേയമാണ്. പക്ഷേ വിവാദങ്ങളെ ജ്വലിപ്പിച്ചു നിർത്തുവാനുള്ള ആകാംക്ഷ അനാരോഗ്യകരമാണെന്ന് നിശ്ചയം. പിരിച്ചുവിടലിന്റെ പശ്ചാത്തലത്തിൽ ജസ്റ്റിസ് ശ്രീദേവിയുടെ ഏതൊരു അഭിപ്രായപ്രകടനവും ചാനലുകൾക്ക് വിലപ്പെട്ടതാണ്. പക്ഷേ അവർ ഉദ്ദേശിക്കാത്ത അർത്ഥം അവരുടെ വാക്കുകൾക്ക് നൽകുമ്പോൾ അതത്ര ആശാവഹമല്ല. അതവർക്കുപോലും സഹായമാവുകയില്ല. ജഡ്ജിയുടെ വാക്കുകളെ വാർത്ത അവതാരക ചുരുക്കുന്നതിങ്ങനെ- ഇനി മുതൽ സ്ത്രീയുടെ അവകാശപ്ര

പ. പിന്നിട്ടി
ഐഡന്റിറ്റിയായി
പൂർവ്വവിദ്യാർത്ഥി
മാശിന് നൽകുന്ന
ആ വേഷമായി. വന്നുവന്ന്
മാഗസിൻ അറിയാത്തവർപോലും മാഷിന്
സമ്മാനിക്കാൻ തുടങ്ങി. അടുത്ത
അഞ്ഞാറെ കാ
ണ്ടാം. ഇടുത്തിരിക്കുന്ന നിറ്റ് അയച്ചുകൊടുക്കാനും കോട്ടമുണ്ടാക്കുന്ന രീതികൾ ഒഴിവാക്കുക.

മുഖംമൂടിക്കു പിന്നിൽ

ടെലി-പരിപാടികളുടെ ഉള്ളടക്കം പോലെതന്നെ പ്രധാനമാണ് അവതാരകരുടെ വ്യക്തിത്വവും സംഭാഷണ ചാരുതയും. വെറും അവതരണത്തിലൂടെ മാത്രം സ്വയം താരങ്ങളായി മാറുന്നവർ കുറവാണ്. ഓപ്ര വിൻഫ്രി അവരിലൊരാളാണ്. സിമി ഗാരേവാളാണ് മറ്റൊരാൾ. ഉന്നതങ്ങളിലെത്തിയവരെ മാത്രമേ സിമി ഇന്റർവ്യൂ ചെയ്യാറുള്ളൂ. ഓരോ വ്യക്തിയുടെയും പ്രതിച്ഛായയ്ക്കു പിന്നിലെ, താരപരിവേഷത്തിനു പിന്നിലെ പാവം മനുഷ്യനിലേക്ക് എത്തിനോക്കുകയാണവർ. ഏതൊരാളെയും ഏറ്റവും വേണ്ടപ്പെട്ടവളാണെന്ന് തോന്നിപ്പിക്കുന്ന ഒന്നാണ് സിമിയുടെ വശ്യമനോഹരമായ ആതിഥേയത്വം. അതിഥിയുടെ ഓർമ്മകളിലേക്ക് അവരൊത്ത് ഊളിയിടാനുള്ള ഉത്സാഹം. അവർ വേദനിക്കുമ്പോൾ ഒപ്പം വേദനിച്ചും സന്തോഷിക്കുമ്പോൾ ഒപ്പം ചിരിച്ചും കുസൃതി പറയുമ്പോൾ ലജ്ജ കലർന്ന പുഞ്ചിരി പൊഴിച്ചും സിമി അവതരണത്തിന് ലഹരി പകരുന്നു. ശിലയുമലിയുന്ന ആ പ്രസന്നമായ സാന്നിദ്ധ്യത്തിനു മുന്നിൽ ജ്യോലളിത പോലും തന്റെ പൊയ്മുഖം അഴിച്ചുവച്ചു. നിലപാടുകളിൽ എത്രതന്നെ വിയോജിപ്പുകളുണ്ടെങ്കിലും ഏതൊരു മൂടുപടത്തിനും പിന്നിലെ ശൈശവം, ബാല്യം, കൗമാരം, വൈകാരിക അരക്ഷിതത്വം എന്നിവ പുറത്തു വരുമ്പോൾ അവിടെ വ്യത്യാസങ്ങൾ അലിഞ്ഞില്ലാതാകുന്നു. രാഷ്ട്രീയക്കാരിയുടെ മുഖംമൂടിയുടെ പിന്നിലെ ഒരുപാട് അരക്ഷിതത്വങ്ങൾ അനുഭവിക്കുന്ന ഒരു സ്ത്രീയെ അനാവരണം ചെയ്തതിന്, ജ്യോലളിതയെക്കൊണ്ട് അവരുടെ ഇഷ്ടഗാനം പാടിപ്പിച്ചതിന്, അവർക്കൊപ്പം പാടിയതിന്, അവർതന്നെ സിമിയെ അനുമോദിച്ചു. ഒപ്പം പല പ്രേക്ഷകരും.



ഹരിതശോഭയുടെ ഇന്ദ്രൻ

ഡോ. രാജൻ ചുങ്കത്ത്

പ്രകൃതിസ്നേഹത്തിന്റെ വഴികളിലൂടെ ഒരു സഫലയാത്ര

സ്നേഹത്തിന്റെ നിറമെന്താണ്?

പച്ച. ഇലകളുടെ പച്ചനിറം. ശരിക്കുപറഞ്ഞാൽ ശോഭീന്ദ്രൻമാഷിന്റെ നീളൻപട്ടാളക്കുപ്പായത്തിന്റെ നിറം.

സ്നേഹത്തിന്റെ നിറം എങ്ങനെ കണ്ടെത്തി?

ശോഭീന്ദ്രൻ മാഷിന്റെ ബൈക്കിന്റെ പുറകിലിരുന്ന് കോഴിക്കോട്ടങ്ങാടിയിലൂടെ ഒന്ന് സഞ്ചരിക്കൂ. അപ്പോൾ നിങ്ങൾക്ക് സ്നേഹം കാണാം. എതിരെവരുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ മുഖത്ത്, അവരുടെ രക്ഷിതാക്കളുടെ ചുണ്ടിൽ, വീട്ടമ്മമാരുടെ മനസ്സിൽ, വഴിയോരക്കച്ചവടക്കാരുടെ കുശലാന്വേഷണത്തിൽ എല്ലാം നിങ്ങൾക്ക് സ്നേഹത്തിന്റെ തിരയിളക്കം കാണാം.

ശോഭീന്ദ്രൻ മാഷ് ഇവർക്കെന്താണ് പകരം നൽകാറുള്ളത്?

സ്നേഹം. സ്നേഹം മാത്രം. പുഴപോലെ ഒടുങ്ങാത്ത സ്നേഹം. അത് വഴിയോരത്തും കോളേജ് കാമ്പസുകളിലും മാഷ് നട്ടുവളർത്തിയ പതിനായിരത്തോളം തണൽമരങ്ങളുടെ രൂപത്തിലാവാം, കോർപ്പറേഷൻ റോഡുകളിൽ രൂപംകൊണ്ട ചതിക്കുഴികൾ അടപ്പിച്ചുകൊണ്ടാകാം. ഞെളിയൻപറമ്പിൽ തള്ളുന്ന മാലിന്യക്കൂമ്പാരത്തിനെതിരെ പ്രതികരിച്ചുകൊണ്ടാവാം. മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനങ്ങളിലൂടെയാവാം.

കക്കോടി തെലൊംപറമ്പത്ത് നാരായണന്റെയും എരഞ്ഞിപ്പാലം അംബുജാക്ഷി അമ്മയുടെയും മകനായി 1947 ഏപ്രിൽ മൂന്നാം തീയതിയാണ് ജനനം. കക്കോടി സർക്കാർ പ്രൈമറി സ്കൂളിലും, ചേളന്നൂർ എ.കെ.ആർ.എച്ച്.എസിലുമായി സ്കൂൾവിദ്യാഭ്യാസം. കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽനിന്ന് സാമ്പത്തികശാസ്ത്രത്തിൽ ബിരുദവും ഗുരുവായൂരപ്പൻ കോളേജിൽനിന്ന് ബിരുദാനന്തരബിരുദവും. എഴുപതുകളുടെ ആരംഭത്തിൽ കോഴിക്കോട്ടുനിന്നും ഇറങ്ങിയിരുന്ന 'വിപ്ലവം' ദിനപത്രത്തിന്റെ സഹപത്രാധിപരായിക്കൊണ്ടാണ് ശോഭീന്ദ്രൻമാഷിന്റെ ഔദ്യോഗിക ജീവിതാരംഭം. പി.പി. ഉമ്മർകോയയായിരുന്നു വിപ്ലവത്തിന്റെ പത്രാധിപർ. മുല്ലപ്പള്ളി രാമചന്ദ്രൻ. മൂടാടി ദാമോദരൻ എന്നിവർ സഹപ്രവർത്തകർ.

പത്രപ്രവർത്തനത്തിനിടയിലാണ് മാഷിന് ഐ.എ.എസ് മോഹമുണ്ടായത്. ഐ.എ.എസ് പരീക്ഷയെഴുതാൻ ബാംഗ്ലൂരിൽ പോയ ശോഭീ

ന്ദ്രിന് അവിടെയങ്ങ് ഇഷ്ടമായി. [illegible] എസ് ലഭിച്ചില്ലെങ്കിലും കർണ്ണാടകയിലെ തുമൂർഗ്ഗ എന്ന സ്ഥലത്ത് ഒരു സർക്കാർ കോളേജിൽ അദ്ധ്യാപകനായി ജോലി ലഭിച്ചു. [illegible] രുപോലെ മനോഹരമായിരുന്നു ചിത്രദുർഗ. ആ ഗ്രാമത്തിലെ ജീവിതമാണ് മാഷ് പുതുതായി തുടുപ്പിച്ചതും, വൃക്ഷങ്ങളുടെയും പൂച്ചെടികളുടെയും ആരാധകനാക്കിയതും. രണ്ടുവർഷത്തിനുശേഷം ഒരു 'ദസറ' അവധിക്ക് നാട്ടിലെത്തിയപ്പോൾ കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ എക്കണോമിക്സ് ലക്ചററായി നിയമനം ലഭിച്ചു. നീണ്ട 26 വർഷത്തെ സേവനം അവസാനിപ്പിച്ച് ഏപ്രിൽ 30ന് മാഷ് ഗുരുവായൂരപ്പൻ കോളേജിന്റെ പടിയിറങ്ങി.

ഈശ്വരവിശ്വാസിയാണോ എന്ന ചോദ്യത്തിന് കമ്മേഴ്സ്യൽ ഈശ്വരന്മാരിൽ വിശ്വാസമില്ലെന്നായിരുന്നു ശോഭീന്ദ്രൻമാഷിന്റെ മറുപടി. 'ഞാൻ ഈ പ്രപഞ്ചശക്തിയിൽ വിശ്വസിക്കുന്നു. ഈശ്വരൻ എന്നിൽ ഉള്ളതുകൊണ്ടാണ് ഞാൻ ജീവിച്ചിരിക്കുന്നത്. ഈ ജീവനാണ് ദൈവം. ഈ ജീവനാണ് നമ്മെ പ്രകൃതിയുമായി ബന്ധിപ്പിക്കുന്നത്. വേനലിൽ ദാഹിച്ചുവരണ്ടുകിടക്കുന്ന ചെടിക്ക് അല്പം വെള്ളം ഒഴിച്ചുകൊടുത്താൽ അതിന്റെ സന്തോഷം നിമിഷങ്ങൾക്കകം നമുക്ക് നേരിട്ട് കാണാൻ കഴിയും. ഏത് ദൈവത്തെ വിളിച്ച് പ്രാർത്ഥിക്കുന്നതിലും വലിയ അനുഭൂതി എനിക്ക് ലഭിക്കുന്നത് അപ്പോഴാണ്'.

ഒരു വലിയ കൽക്കുന്നായിരുന്നു നൂറ് ഏക്രയോളം വരുന്ന ഗുരുവായൂരപ്പൻ കോളേജ് കാമ്പസ്. ഒരു പാടപോലെ അവിടവിടെയായി ഇത്തിരി മണ്ണ് മാത്രം. ആ കുന്നിന്മേലാണ് ശോഭീന്ദ്രൻമാഷും കുട്ടികളും ചേർന്ന് അയ്യായിരത്തിലധികം മരങ്ങൾ വച്ചുപിടിപ്പിച്ചത്. വലിയ കൽക്കുഴികളിൽ പുറമെനിന്ന് ലോറിയിൽ മണ്ണടിച്ച് മരം നട്ടു. വർഷങ്ങളോളം നടത്തിയ അദ്ധ്വാനത്തിന്റെ കണക്കെടുത്താൽ അവിടെ ഇതിനകം വൻകാടുതന്നെ ആകേണ്ടതാണ്. പക്ഷേ, ആയില്ല. കുട്ടികൾ അദ്ധ്വാനിച്ച് കൊണ്ടുവന്നിട്ട മണ്ണ് കുറേയൊക്കെ മഴയിൽ ഒലിച്ചുപോയി. കൊടുംവേനലിൽ അനേകം ചെടികൾ ഉണങ്ങിക്കരിഞ്ഞുപോയി. എങ്കിലും ഇന്ന് അവിടെ അവശേഷിക്കുന്ന ഒറ്റപ്പെട്ട ശിതളച്ചാർത്തുകൾ ശോഭീന്ദ്രൻമാഷിനോട് കടപ്പെട്ടിരിക്കുന്നു.

ഇതിനുപുറമെയാണ് കോഴിക്കോടിന്റെ പല ഭാഗങ്ങളിലായി മാഷ് നട്ടുവളർത്തിയ പതിനായിരത്തോളം മരങ്ങൾ. വെസ്റ്റ്ഹിൽ- മീഞ്ചന്ത ബൈപാസിനിരുവശത്തും വളർന്നുനിൽക്കുന്ന തണൽമരങ്ങളത്രയും മാഷും കുട്ടികളും ചേർന്ന് നട്ടുപിടിപ്പിച്ചവയാണ്. ഇന്ന് വാട്ടർ അതോറിറ്റിക്കാരും, ടെലിഫോൺകാരും പല പേരിൽ വഴിയോരം കീറിമുറിച്ച് ആ മരങ്ങളെ ഉണക്കുമ്പോൾ മാഷ് ദുഃഖിതനാകും. രോഗിയായ മക്കളെക്കുറിച്ച് വ്യാകുലനാകുന്ന അച്ഛനെപ്പോലെ.

തികച്ചും അനൗപചാരികമായിട്ടാണ് 1986-ൽ മാഷ് ഗുരുവായൂരപ്പൻ കോളേജിൽ 'കൃാമ്പസ് റിസർച്ച് സെന്റർ' എന്ന പേരിൽ ഒരു പഠനകേന്ദ്രം ആരംഭിച്ചത്. കോളേജിലെ മുഴുവൻ വിദ്യാർത്ഥികൾക്കും, സ്റ്റാഫ് അംഗങ്ങൾക്കും ഒന്നിക്കാൻ ഒരു വേദി. അക്കാദമിക് ഗവേഷണങ്ങൾക്കുപരി [illegible] പച്ച [illegible] ഷം മാ[illegible] ഐ[illegible] [illegible] അപ്പോൾ പട്ടാളക്കാരായ പൂർവ്വവിദ്യാർത്ഥി[illegible] പരിചയക്കാരുമെല്ലാം മാഷിന് നൽകിയ [illegible] ാപഹാരം ആ വേഷമായി. വന്നുവഴി[illegible] [illegible]ത്തവർപോലും മാഷിനെ ആ വേ[illegible] [illegible]ാൻ തുടങ്ങി. അടുത്തകാലത്ത് ഏതോ അജ്ഞാതൻ ആറ് മിലിട്ടറി ഷർട്ടുകൾ ദുബായിൽനിന്ന് മാഷിന് അയച്ചുകൊടുത്തത്രെ. ഈ വേഷം ധരിക്കുന്ന മറ്റൊരാൾ: ശോഭീന്ദ്രൻ മാഷിന്റെ സുഹൃത്ത് അബ്രഹാം ബൻഹർ ആണ്. ഇപ്പോൾ 'ഹരിതസേന'യുടെ യൂണിഫോം എന്ന നിലയ്ക്ക് ആ വേഷം വളർന്നിരിക്കുന്നു. പ്രകൃതിസ്നേഹത്തിന്റെയും അച്ചടക്കത്തിന്റെയും പ്രതീകമെന്നോണം.

1982-ൽ ആയിരുന്നു ശോഭീന്ദ്രൻമാഷിന്റെ വിവാഹം. ഭാര്യ പത്മജ. ചേളന്നൂർ എസ്.എൻ. കോളേജിൽ എക്കണോമിക്സ് പ്രൊഫസർ. രണ്ട് മക്കൾ. മൂത്ത മകൾ ബോധികൃഷ്ണ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിനി. മകൻ ധ്യാൻ ദേവ് പത്താംക്ലാസിൽ. ■

പ്രവർത്തനം [illegible] ചിത്രങ്ങളിലേയ്ക്കും വളർന്നു. അതിന്റെ [illegible] ണ് ക്യാമ്പസിലെ ശില്പങ്ങളും, 15 വർഷമായി നടത്തിവരുന്ന എ.സി.കെ. രാജു സ്മാരക ആർട്ട് ക്യാമ്പും. ശില്പപരമ്പരയിലെ അവസാനത്തേതാണ് 'വായനാശില്പം' എന്ന പേരിലറിയപ്പെടുന്ന വിളക്കിനരുകിലിരുന്ന് ലോകത്തെ വായിച്ചറിയുന്ന പെൺകുട്ടിയുടെ ശില്പം. 30 അടി ഉയരവും മുൻഭാഗം ഒരു ഓപ്പൺ എയർ സ്റ്റേജും അകം ആർട്ട് ഗാലറിയുമായി രൂപകല്പന ചെയ്ത ഇന്ത്യയിലെ ഏറ്റവും വലിയ ഈ ക്യാമ്പസ് ശില്പം അടുത്തുതന്നെ രാഷ്ട്രത്തിന് സമർപ്പിക്കും.

കോഴിക്കോട് നഗരപരിധിയിലെ ഓടകൾക്കുമുകളിലെ സ്ലാബുകൾ പൊട്ടി രൂപംകൊണ്ട അപായകരമായ 'ചതിക്കുഴി'കളുടെ സർവ്വേ നടത്തിക്കൊണ്ടാണ് ഗവേഷണകേന്ദ്രം കോളേജിനു പുറത്തുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. നൂറോളം വിദ്യാർത്ഥികൾ കോർപ്പറേഷൻ പ്രദേശമാകെ സഞ്ചരിച്ച് 14 ദിവസംകൊണ്ട് ആയിരത്തിലധികം ചതിക്കുഴികൾ കണ്ടെത്തി. അവർ കണ്ടെത്തിയ ഏറ്റവും അപായകരമായ അഞ്ഞൂറ് കുഴികളുടെ സ്ഥാനം അടയാളപ്പെടുത്തിയ മാപ്പ് സഹിതം അധികാരികൾക്ക് റിപ്പോർട്ട് സമർപ്പിച്ചു. അധികാരികളുടെ ഭാഗത്തുനിന്ന് കാര്യമായ നടപടികളൊന്നും ഉണ്ടാകാതെ വന്നപ്പോൾ പരിമിതമായ ഫണ്ട് ഉപയോഗിച്ച് കുട്ടികൾതന്നെ അവയിൽ പലതും നേരെയാക്കി.

ഇതിനുശേഷമാണ് മറ്റു കോളേജുകളിലെ കുട്ടികളുമായുള്ള ബന്ധം ശക്തമാക്കാൻ 1998-ൽ 'സിറ്റി റിസർച്ച് സെന്റർ' ആരംഭിച്ചത്. സോഷ്യൽ ഇഷ്യൂകളിലേയ്ക്ക് വിദ്യാർത്ഥികളുടെ പ്രതികരണശേഷി തിരിച്ചുവിടാൻ പാകത്തിൽ ഒരു സംഘടന. അതിന്റെ പ്രവർത്തനഫലമാണ് അശ്ലീലസിനിമാ പോസ്റ്ററുകൾക്കെതിരെയുള്ള ബോധവത്കരണം, ഞെളിയൻപറമ്പ് പ്രക്ഷോഭം, വന്യമൃഗങ്ങൾക്കുവേണ്ടി തോൽപ്പെട്ടിയിലും മുത്തങ്ങയിലും കുഴിച്ച കുളങ്ങൾ, നൂൽപ്പുഴയിലെയും മുത്തങ്ങയിലെയും ചെക്ക്ഡാമുകൾ. ഈ പ്രവർത്തനങ്ങളിൽ 'ഹരിതസേന', 'മനുഷ്യാവകാശ സംരക്ഷണഫോറം' തുടങ്ങി സമാനസ്വഭാവമുള്ള സംഘടനകളുടെ സഹായസഹകരണങ്ങൾ മാഷിന് ലഭിച്ചു.

ഫിഡൽ കാസ്ട്രോയെ അനുസ്മരിപ്പിക്കുന്ന

WE HAVE ON OUR SHELVES
BOOKS / MAGS ON
Novels
Astrology
Biography
Business Management
Children's Books
Classics
Computer
Cookery
Fashion
Film
Health / Self-help
History
Malayalam
Philosophy
Photography
Play/Poetry
Psychology
Religion
Science, etc...
ELOOR
LENDING LIBRARIES
Kiliparamba Lane, Off Link Road, Kozhikode, Ph:703472; Press Club Road, Ernakulam, Ph : 363539; Spencer-Vanrose Road, Thiruvananthapuram,Ph: 326926; Bangalore Ph: 5591408;Chennai, Ph : 8282876, Calcutta Ph: 4402842
OPEN ON ALL DAYS NOW



റവന്യു വകുപ്പിലെ ഉദ്യോഗസ്ഥൻ. ബാലസാഹിത്യരചനയിലൂടെ സാഹിത്യരംഗത്തെത്തി. കുട്ടികൾക്കായി നൂറിലധികം കഥകൾ. കവിതകൾ. പന്ത്രണ്ടു നോവലുകൾ എന്നിവ രചിച്ചു. 'ആരോ തുഴയുന്ന തോണി', 'ഒരിക്കൽ ഒരാൾച്ചുവട്ടിൽ' എന്നിവ പ്രധാന കൃതികൾ.

ജയിക്കുന്നവനെ തല്യയിലേറ്റുന്ന സമൂഹം പരാജയപ്പെടുന്നവനെ തിയാനോ കാരണം അവലോകനം ചെയ്യാനോ തയ്യാറാകുന്നില്ല.

മുസമയങ്ങൾ ചാനലുകൾക്കും വിനോദങ്ങൾക്കും മാത്രമായി വിഗിക്കുന്നവർ വെറും കാഴ്ചക്കാരായി അവശേഷിക്കും. പകുയ്മെങ്കിലും വിജ്ഞാനസമ്പാദനത്തിനുപയോഗിച്ചാൽ എന്തെങ്കിലും നേടാൻ കഴിയും.

ഓരോ ജോലിയും ഓരോ പരീക്ഷണമായെടുക്കാനും പുതിയ മേഖലകളെയും അവസരങ്ങളെയും സാദ്ധ്യതകളെയും കണ്ടെത്താനുള്ള വഴിയായി കാണാനും കഴിയണം.

നാം അറിയുന്നതിനേക്കാൾ അറിയാത്ത കാര്യങ്ങളാണ് ലോകത്തിലധികവും. അനുഭവങ്ങളിൽനിന്നുമാത്രം ആവശ്യമായവ ലഭിക്കുന്നില്ല. വായനയിലൂടെ മാത്രമേ ഒരളവിലെങ്കിലും പരിഹാരം നേടാനാവുകയുള്ളു.

ആഡംബരത്തിനും പൊങ്ങച്ചത്തിനും ദൈവികകാര്യങ്ങൾക്കും ആയിരങ്ങൾ എറിയുന്നവർ ഒരിറ്റു കഞ്ഞിക്ക് കൈനീട്ടുന്നവനെ പുച്ഛിക്കുന്നു.

ജീവിതത്തിന് രൂപവും ഭാവവും ഉണ്ടാകണമെങ്കിൽ ചില ആദർശങ്ങളിൽ ഉറച്ചുനിൽക്കണം. ആദർശങ്ങളില്ലാത്തവർ അലസരാണ്.

വിപുലമായ യാത്രയിലൂടെയും ഉന്നതവ്യക്തികളുമായുള്ള സഹവർത്തിത്വത്തിലൂടെയും ലഭിക്കുന്ന അനുഭവങ്ങളും പാഠങ്ങളും അനേകനാൾ പച്ചപിടിച്ചുനിൽക്കും.

മത്സരപ്പരീക്ഷയെഴുതുമ്പോഴും ക്യൂവിൽ നിൽക്കുമ്പോഴും മറ്റുള്ളവരെല്ലാം നമ്മുടെ ശത്രുക്കളാണ്.

പണത്തേക്കാൾ വിലപ്പെട്ടത് സ്വഭാവമാണ്. പണം നല്ലവനെ മാത്രം സഹായിക്കുകയും മറ്റുള്ളവരെ ദുഷ്ടന്മാരാക്കുകയും ചെയ്യുന്നു.

ഒരു അവിവാഹിതയുടെ ഏറ്റവും വലിയ സ്വപ്നം അനുരൂപനായ ഒരു വരനെ ലഭിക്കുക എന്നതാണ്. വരനെ ലഭിച്ചാൽ അവൾക്ക് പിന്നെ വേണ്ടാത്തതൊന്നുമില്ല. ബൽസാക്കിന്റെ ഈ അഭിപ്രായം ഇന്നത്തെ ലോകത്തിലെ മിക്ക മനുഷ്യർക്കും ചേരും.

നാം ജീവിതത്തിൽ നിന്നും എന്തെങ്കിലും പഠിക്കുന്നുണ്ടോ? സംസ്ക്കാര സമ്പന്നമായ ഒരു പൈതൃകം അവകാശപ്പെടാൻ നമുക്ക് എന്താണ് യോഗ്യത? ഏതൊരു സമൂഹത്തെയും രൂപപ്പെടുത്തുന്നത് ആ സമൂഹത്തിന്റെ കണ്ണീർ ഏറ്റുവാങ്ങുന്നവരാണെന്ന യാഥാർത്ഥ്യം നാം മറക്കുകയാണോ? യാത്രയ്ക്കിടയിൽ എന്ന ഈ പംക്തിക്ക് എന്നെ പ്രേരിപ്പിച്ചത് സദാ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഈ ചോദ്യങ്ങളാണ്. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ പുകൾപെറ്റ പലരുമായും കത്തിടപാടു നടത്തി. പ്രതികരണം തികച്ചും ആശാജനകമായിരുന്നു. അവരുടെ പ്രതികരണമാണ് ഈ പംക്തി

സമ്പാദകൻ: ടി. എൻ. ജയചന്ദ്രൻ